ശ്രീ

# പുരുഷസൂക്താദി

# മന്ത്രരത്നാർത്ഥപ്രകാശികാ

ബ്രഹ്മവിദ്വരിഷ്ഠ ശ്രീമദ്രാമചന്ദ്രയതീന്ദ്രാ-
ന്തേവാസിനാ ന്യായവ്യാകരണ
ശാസ്ത്രാഭിജ്ഞേന ശേഖരി-
പുരഗ്രാമീണേന ബ്രഹ്മശ്രീ
ശേഷശാസ്ത്രിണാ
പ്രചാരിതാ.

THE SCHOLAR PRESS,
**PALGHAT**

**1931**

ശ്രീ

# പുരുഷസൂക്താദി
# മന്ത്രരത്നാർത്ഥപ്രകാശികാ


ബ്രഹ്മവിദ്വരിഷ്ഠശ്രീമദ്രാമചന്ദ്രയതീന്ദ്രാന്തേവാസിനാ
ന്യായവ്യാകരണശാസ്ത്രാഭിജ്ഞേന ശേഖരി-
പുരഗ്രാമീണേന ബ്രഹ്മശ്രീയുത
ശേഷശാസ്ത്രിണാ
പ്രചാരിതാ.



THE SCHOLAR PRESS,
PALGHAT.

1931

*Glazed Edition }*
*Price 12as. }*

*Postage Extra.*

OB23

# ശ്രീരാമജയം.

പാലക്കാട് ശെഖരീപുരം ബ്രഹ്മശ്രീ ശേഷുശാസ്ത്രി കഠ സന്ധ്യാവന്ദനം, സമിദാധാനം, ഔപാസനം മുതലായ നിത്യകമ്മങ്ങളെ സംബന്ധിച്ച മന്ത്രങ്ങളേയും, ആ കമ്മങ്ങഠ അനുഷ്ഠിക്കേണ്ടുന്ന ക്രമങ്ങളേയും, മേൽപറഞ്ഞ മന്ത്രാത്ഥങ്ങളേയും ശ്രദ്ധാളുക്കളായ ബ്രാഹ്മണൎക്കു ഉപയോഗമാകുംവണ്ണം വേദഭാഷ്യങ്ങളേയും, അനേക സ്മൃതികളേയും, പുരാണങ്ങളേയും മററും പരിശോധിച്ച് എഴുതീട്ടുള്ള ഈ ഗ്രന്ഥത്തെ വായിച്ചു കേട്ടതിൽ അതു ലോകോപകാരമായിത്തീരും എന്ന് നല്ലവണ്ണം ബോദ്ധ്യം വന്നിരിക്കുന്നു. ജ്ഞാതപാനുഷ്ഠാനം ഫലവത്തായിരിക്കും എന്നുള്ളതിന്നു സംശയമില്ല. അപൂൎവ്വമായ പല വിഷയങ്ങളും ഈ ഗ്രന്ഥത്തിൽ ഉണ്ട്. പ്രായേണ സംസ്കൃതപരിചയമില്ലാത്ത ബ്രാഹ്മണരാണ് അധികം. അവൎക്കു ഈ പുസ്തകം വളരെ ഉപകാരമായിരിക്കും. പ്രതിദിനവും അത്യാവശ്യമായിട്ടുള്ള വിഷയങ്ങളാണ് ഇതിലടങ്ങിട്ടുള്ളത്. ശാസ്ത്രികളുടെ പരിശ്രമം സഫലമായിത്തീരും എന്നുള്ളതിന്നു സംശയമില്ല. കൎമ്മാനുഷ്ഠാനത്തിൽ ശ്രദ്ധയില്ലാത്തവൎക്കു ഇതിലുള്ള വിഷയങ്ങഠ മനസ്സിലായാൽ കൎമ്മശ്രദ്ധ ഉണ്ടാകും എന്ന് തീൎച്ചയായി പറയാം.

ശാസ്ത്രികഠ നല്ല പണ്ഡിതനായതുകൊണ്ട് വിഷയങ്ങളെ വേണ്ടവിധം മനസ്സിലാക്കി എല്ലാവൎക്കും മനസ്സി

ലാകത്തക്കവിധം ഭാഷയിൽ എഴുതീട്ടുണ്ട്. ഇത്ര വിഷയങ്ങൾ അടങ്ങിയ പുസ്തകം ദുർല്ലഭം തന്നെ. അവരവരുടെ ഗുണത്തെ മാത്രം ചിന്തിക്കുന്ന ആളുകളും ഈ പുസ്തകം വായിക്കാതെ ഇരിക്കരുതു. ശാസ്ത്രികൾ പരോപകാരത്തെ ഉദ്ദേശിച്ച് ചെയ്യുതായ ഈ ശ്രമം ഈശ്വരാനുകൂലം കൊണ്ട് സഫലമായിതീരട്ടെ. ശാസ്ത്രികൾ കേവലം ധനികനല്ലാത്തതുകൊണ്ട് സജ്ജനങ്ങൾ അദ്ദേഹത്തിന്നു തക്ക ദ്രവ്യസഹായം ചെയ്യുന്നതു ഈശ്വരസമ്മതമായിരിക്കും.

ശുഭമസ്തു

ദിവാൻ ബഹദൂർ
ടി. ആർ. രാമചന്ദ്രയ്യർ,
അഡ്വൊകെററ്.

0823

## പുരുഷസൂക്തമുഖോപന്യാസഗത വിഷയാഃ.


| | ഭാഗഃ |
|---|---|
| പുരുഷസൂക്തസ്യൌൽകർഷപ്രതിപാദകവചനാനി | 1 |
| തദ്വചനാനാം താല്പര്യാണി ... | 2 |
| പുരുഷസൂക്തസ്യ സർവ്വസിദ്ധിപ്രദത്വകഥനം | 7 |
| പുത്രാർത്ഥിനാ കർത്തവ്യപുരുഷസൂക്തഹോമവിധിഃ | 7 |
| സന്താനഗോപാലമന്ത്രഃ ... ... | 8 |
| സങ്കല്പഃ കരന്യാസഹൃദയന്യാസക്രമഃ ... | 9 |
| സംഹൃതിസൃഷ്ടിസ്ഥിതിന്യാസാഃ ... | 10 |
| വിഷ്ണോഃ ആവാഹനാദിപൂജാക്രമഃ ... | 12 |
| പുരുഷസൂക്തഹോമക്രമഃ ... | 13 |


## പുരുഷസൂക്താദിമന്ത്രാണാംവിഷയസൂചികാ


| | |
|---|---|
| നാരായണാനുവാകാർത്ഥഃ ... | 1 |
| ഉത്തരനാരായണാനുവാകാർത്ഥഃ ... | 21 |
| മഹാനാരായണാനുവാകാർത്ഥഃ ... | 26 |
| പുരുഷസൂക്തഋഗ്വിധാനപൂജാവിധിഃ ... | 34 |
| ശ്രീസൂക്തപുരുഷസൂക്താഭ്യാം പൂജാക്രമഃ | 36 |
| വൈഷ്ണവമന്ത്രാണാം അർത്ഥാഃ ... | 39 |
| ശ്രീസൂക്തമുഖോപന്യാസഃ ... | 44 |
| ശ്രീസൂക്താംഗന്യാസകരന്യാസക്രമഃ ... | 47 |
| ശ്രീസൂക്തേനലക്ഷ്മീപൂജാദിക്രമഃ ... | 48 |
| ശ്രീസൂക്തഋചാം പ്രത്യൃചം ജപഫലാനി | 49 |
| നിരുക്തകാരോക്തഫലസ്തുതിഃ ... | 50 |
| ശ്രീസൂക്തപ്രഥമവർഗ്ഗമന്ത്രാർത്ഥാഃ ... | 53 |

| വിഷയാഃ | ഭാഗഃ |
|---|---|
| ദ്വിതീയവൎഗ്ഗമന്ത്രാൎത്ഥാഃ ... ... | 58 |
| തൃതീയവൎഗ്ഗമന്ത്രാൎത്ഥാഃ ... ... | 62 |
| കനകധാരാസ്തവരത്നമുഖോപന്യാസഃ ... | 69 |
| കനകധാരാസ്തവരത്നാൎത്ഥഃ ... | 71 |
| മഹാലക്ഷ്മ്യാഃ അഷ്ടോത്തരശതനാമാവലിഃ | 82 |
| ഔപാസനവിധിഃ ... ... | 86 |
| ഹോമയോഗ്യസമില്ലക്ഷണം ... | 88 |
| അഗ്നേഃ ജിഹ്വാസ്ഥാനാനി ... | 89 |
| വ്യാസാദിവചനാനാം താല്പൎയ്യാണി ... | 90 |
| ഔപാസനപ്രയോഗക്രമഃ ... | 97 |
| ഋഗ്വേദിനാം അഗ്നിപ്രാൎത്ഥനാമന്ത്രഃ ... | 99 |
| ഔപാസനമന്ത്രാൎത്ഥഃ ... ... | 100 |
| സമിദാധാനമന്ത്രാൎത്ഥഃ ... ... | 115 |
| ശ്രുത്യുക്തബ്രഹ്മയജ്ഞവിധിഃ ... | 127 |
| സ്മൃത്യുക്തബ്രഹ്മയജ്ഞവിധിഃ ... | 131 |
| ബ്രഹ്മയജ്ഞവിധിവചനാനാംതാല്പൎയ്യാണി | 133 |
| ബ്രഹ്മയജ്ഞക്രമഃ തൎപ്പണക്രമശ്ച ... | 137 |
| ബ്രഹ്മയജ്ഞമന്ത്രാൎത്ഥഃ ... ... | 140 |
| യജ്ഞോപവീതധാരണമന്ത്രഃ ... | 144 |
| ഭോജനാനന്തരംജപ്യമന്ത്രഃ ... | 145 |

## മുഖോപന്യാസഃ

ശൌനകഃ.

ശ്രുതിഷു പ്രബലാ മന്ത്രാഃ തേഷ്വപ്യദ്ധ്യാത്മവാദിനഃ
തത്രാപി പൌരുഷം സൂക്തം നതസ്മാദപിദ്യതെ പരം.

കൂൎമ്മപുരാണെ.

ന വിഷ്ണ്വാരാധനാൽപുണ്യം വിദ്യതെ കൎമ്മവൈദികം
തസ്മാദനാദിമദ്ധ്യാന്തം നിത്യമാരാധയേദ്ധരിം.
തദ്വിഷ്ണോരിതി മന്ത്രേണ സൂക്തേന പുരുഷേണതു
നൈതാഭ്യാം സദൃശൊ മന്ത്രാ വേദേഷൂക്തശ്ചതുൎഷ്വപി.
സഹസ്രശീൎഷാദി സൂക്തം ത്രിവാരംച ദിനെ ദിനെ
വിഷ്ണ്വാദിസൎവ്വദേവാനാം സൎവ്വാൎച്ചനഫലം ലഭേൽ.
ബ്രഹ്മയജ്ഞെ ജപംത്സൂക്തം പൌരുഷം ചിന്തയൻഹരിം
സഃസൎവ്വാംസ്തു ജപേദ്വേദാൻ സാംഗോപാംഗാൻ ദ്വിജോ
ത്തമഃ.

പ്രായശ്ചിത്തെ ജപെ ചൈവ വിഷ്ണോരാരാധനേപിച
മോക്ഷെ വശ്യേഗ്ന്യുപസ്ഥാനെ സുപുത്രപ്രാപണെ തഥാ
സൎവ്വകൎമ്മഫലാവാപ്ത്യൌ ആരോഗ്യെ മൃത്യുനാശനെ
ഏതേഷ്വന്യേഷ്വപിദം സൂക്തം മുനയൊ വിനിയുഞ്ജതെ.

വിഷ്ണുരപി.

സ്നാതഃ പവിത്രപാണിഃ യഥാശക്തിജപേൽ വിശേഷതഃ
സാവിത്രീം പുരുഷസൂക്തംച നൈതാഭ്യാം സദൃശമസ്തീതി'

വ്യാസഃ.

യോന്നചാന്നം ദ്വിജം മൎത്ത്യഃ ഹതവാനൎത്ഥലോഭതഃ
സ ജപേൽ പൌരുഷം സൂക്തംജലസ്ഥശ്ചിന്തയൻഹരിം.

തദൈവ ബ്രഹ്മഹത്യായാഃ മുച്യതെ നാത്ര സംശയഃ
ജപ്ത്വാതു പൌരുഷം സൂക്തം മുച്യതെ ഗുരുതല്പഗഃ.

സംവത്തഃ.

ഷണ്മാസം പഞ്ചമാസംവാ നിയതൊ നിയതാശനഃ
ജപ്ത്വാതു പൌരുഷംസൂക്തം മുച്യതെ സൎവ്വപാതകൈഃ.

യോഗവാസിഷ്ഠേ.

സംസാരാന്മോക്ഷമിച്ഛൻ യഃ സസന്ത്യജ്യേഷണാത്രയം
സൎവ്വദാ പൌരുഷംസൂക്തം മനസൈവ ജപേൽശ്ശുചിഃ.
പുരുഷസ്യ ഹരേസ്സൂക്തം സൎവ്വപാപപ്രണാശനം
യസ്തു പൌരുഷസൂക്തസ്യ ജാനാത്യൎത്ഥം യഥാതഥം.
സജന്മനിഹ മുക്തഃസ്യാൽ പുരുഷേഷു ച ദൎശനാൽ.

താല്പൎയ്യം. മന്ത്രം ഉപനിഷത്ത് എന്നിങ്ങിനെ രണ്ടു പ്രകാരമായ വേദങ്ങളിൽവെച്ച ഉപനിഷത്തുകൾക്കാകുന്നു പ്രാധാന്യമുള്ളതെന്നും, ഉപനിഷത്തുകളിൽവെച്ച പുരുഷസൂക്തത്തിന്നാകുന്നു പ്രാധാന്യമുള്ളതെന്നും കൂൎമ്മപുരാണത്തിൽ പറഞ്ഞിരിക്കുന്നു. വിഷ്ണ്വാരാധനത്തേക്കാൾ പുണ്യമായ വൈദികകൎമ്മാവു വേറെ ഇല്ലെന്നും അതിനാൽ 'തദ്വിഷ്ണോഃ' എന്ന മന്ത്രംകൊണ്ടൊ പുരുഷസൂക്തം കൊണ്ടൊ അനാദിയായ വിഷ്ണുവെ നിത്യം ആരാധിക്കേണമെന്നും, ഈ രണ്ടു മന്ത്രങ്ങൾക്കു തുല്യമായ വേറെ മന്ത്രം നാലുവേദങ്ങളിലും പറയപ്പെട്ടിട്ടില്ലെന്നും, ദിവസേന മൂന്നു പ്രാവശ്യം പുരുഷസൂക്തത്തെ ജപം ചെയ്യുന്ന ബ്രാഹ്മണൻ വിഷ്ണു മുതലായ എല്ലാ ദേവന്മാരേയും പൂജിച്ചതായ ഫലത്തെ പ്രാപിക്കുന്നു എന്നും പറഞ്ഞിരിക്കുന്നു. ദിവ

സേന ചെയ്യേണ്ടതായ പഞ്ചമഹായജ്ഞത്തിൽ ഒന്നായ ബ്രഹ്മയജ്ഞത്തിൽ യാതൊരുത്തൻ വിഷ്ണുവെ ധ്യാനിച്ചു കൊണ്ടു പുരുഷസൂക്തത്തെ ജപിക്കുന്നുവൊ അവൻ സാംഗോപാംഗമായ സകല വേദങ്ങളേയും പാരായണം ചെയ്യുവനായി ഭവിക്കുന്നു എന്നു മനുവചനം. പ്രായശ്ചിത്തത്തിലും, ജപത്തിലും, വിഷ്ണ്വാരാധനത്തിലും, മോക്ഷത്തിലും, വശ്യത്തിലും, അഗ്ന്യുപസ്ഥാനത്തിലും, സുപുത്രപ്രാപ്തിയിലും, സകലകർമ്മഫലാവാപ്തിയിലും, ആരോഗ്യത്തിലും, മൃത്യുനാശത്തിലും പുരുഷസൂക്തത്തെ മുനികൾ വിനിയോഗപ്പെടുത്തിയിരിക്കുന്നു എന്നു ശൌനകവചനം, സ്നാനം ചെയ്തു കയ്യിൽ പവിത്രം ധരിച്ചു വിശേഷിച്ചു ഗായത്രിയേയും പുരുഷസൂക്തത്തേയും യഥാശക്തി ജപിക്കേണ്ടതാണെന്നും, ഈ രണ്ടു മന്ത്രങ്ങൾക്കു തുല്യമായ മന്ത്രം വേറെ ഇല്ലെന്നും വിഷ്ണുവചനം. യാതൊരുത്തൻ അത്ഥാതുരനായിട്ട് സാംഗാദ്ധ്യായിയായ ബ്രാഹ്മണോത്തമനെ വധിച്ചുപോയൊ അവൻ 'ഞാൻ നിരപരാധിയായ ബ്രാഹ്മണോത്തമനെ ദ്രവ്യനിമിത്തം വധിച്ചുപോയല്ലൊ. അതുനിമിത്തം നമുക്കു എന്തൊരു നരകമാണു അനുഭവിക്കേണ്ടിവരുന്നതു' എന്നു ഭയപ്പെട്ടു പശ്ചാത്താപം വന്നതിൽ പിന്നെ ജലത്തിൽ നിന്നുകൊണ്ടു ഭഗവൽസ്മരണയോടുകൂടി പുരുഷസൂക്തത്തെ ജപിച്ചാൽ തൽക്ഷണം തന്നെ അവൻ ബ്രഹ്മഹത്യാമഹാപാപത്തിൽനിന്നു മുക്തനായിത്തീരുന്നു എന്നു ബോധായന വചനം. നിയതാശനനായി നിയമത്തോടുകൂടെ അഞ്ചൊ ആറൊ മാസം പുരുഷസൂക്തത്തെ ജപം ചെയ്യുന്നവൻ സർവ്വപാപങ്ങളിൽനിന്നു

മുക്തനായിത്തിരുന്നു. 'അച്ച്വിതം സ്യാജ്ജഗദിദം' എന്നു പാദ്മ പുരാണത്തിൽ പറഞ്ഞപ്രകാരം യാതൊരുത്തൻ പുരുഷസൂക്ത ഋക്കുകളാൽ ശ്രീമന്നാരായണനെ ഉദ്ദേശിച്ചു ഷോഡശോപചാര പൂജ ചെയ്യുന്നുവൊ അവൻ സകല ദേവതകളേയും ആരാധിച്ചവനായിത്തിരുന്നു. സംസാരത്തിൽനിന്നു മോക്ഷത്തെ ഇച്ഛിക്കുന്ന യാതൊരുത്തൻ അൎത്ഥേഷണ പുത്രേഷണ ദാരേഷണ എന്ന ഏഷണാത്രയത്തെ ത്യജിച്ച് ശുദ്ധനായി എപ്പോഴും മനസ്സുകൊണ്ടുതന്നെ പുരുഷസൂക്തത്തെ ജപിക്കുന്നുവൊ അവൻ ഈ സംസാരത്തിന്നു കാരണമായ പുണ്യപാപങ്ങളെ വിട്ട് നിരതിശയാനന്ദാനുഭവാത്മകമായ മോക്ഷത്തെ പ്രാപിക്കുമെന്നും യോഗവാസിഷ്ഠത്തിൽ പറഞ്ഞിരിക്കുന്നു. യാതൊരുത്തൻ പക്ഷപാതംകൂടാതെ പുരുഷസൂക്തത്തിന്റെ അൎത്ഥത്തെ ഭക്തിയോടുകൂടെ അനുസന്ധാനം ചെയ്യുന്നുവൊ അവൻ ഈ സംസാരത്തിൽ വിരക്തനായിട്ട് സാൎവ്വകാലം പരമാത്മാവിനേത്തന്നെ ധ്യാനം ചെയ്തുകൊണ്ടും ഒരു പ്രാണിയിങ്കലും ദ്വേഷബുദ്ധിയില്ലാതെ സകല വസ്തുക്കളേയും പരമാത്മസ്വരൂപമായറിഞ്ഞു പരമാനന്ദത്തെ അനുഭവിച്ചുകൊണ്ടിരിക്കുമെന്നും മററും ശൌനകാദി ഋഷികൾ പുരുഷസൂക്തത്തിന്റെ മാഹാത്മ്യത്തേയും അതിൽ പ്രതിപാദിച്ചതായ ദേവതയുടെ മഹിമയേയും ഉൽഘോഷിച്ചു പറഞ്ഞിരിക്കുന്നതിനാൽ സകല വേദവേദാന്തങ്ങളിൽവെച്ചു പുരുഷസൂക്തമഹാമന്ത്രംതന്നെ പ്രധാനമെന്നു സിദ്ധമാകുന്നു. അതിനാൽ ശാസ്ത്രങ്ങളേയും ശിഷ്ടസമ്പ്രദായങ്ങളേയും അനുസരിച്ചു പുരുഷസൂക്തമഹാ

മന്ത്രത്തിൻെറ പ്രതിപദാൎത്ഥതാല്പൎയ്യങ്ങളെ കേരളഭാഷയിൽ എഴുതുവാനാരംഭിക്കുന്നു. ഈ കലിയുഗത്തിൽ പലെ കാരണങ്ങളാൽ അവരവരുടെ ശാഖാക്രമമായി വേദാദ്ധ്യയനം ചെയ്വാൻ സാധിച്ചിട്ടില്ലെങ്കിലും ഈ പുരുഷസൂക്തമഹാമന്ത്രത്തെ മാത്രമെങ്കിലും ബ്രാഹ്മണൻ അൎത്ഥാനുസന്ധാനത്തോടുകൂടി നിത്യം പാരായണം ചെയ്ത് അതിനാൽ ഭഗവദനുഗ്രഹത്തെ പ്രാപിച്ച് തദ്വാരാ ഐഹികാമുഷ്മികങ്ങളായ സകലക്ഷേമങ്ങളേയും പ്രാപിക്കുവാൻ പ്രാൎത്ഥിക്കുന്നു.

എസ്. വി. ശേഷുശാസ്ത്രികൾ.

# പുരുഷസൂക്ത ജപഹോമവിധാനം.

ഒന്നാമത്തെ നാരായണാനുവാകത്തിൽ 'പുരി ശേത ഇതി പുരുഷഃ' സർവ്വപ്രാണികളുടെ ഹൃദയമാകുന്ന ഗുഹയിൽ ശയിക്കുന്നവൻ അല്ലെങ്കിൽ 'പുരാ ഉഷതീതി പുരുഷഃ' എല്ലാററിന്നും മുമ്പിൽ വസിക്കുന്നവൻ എന്ന പുരുഷപദവ്യുൽപത്തികൊണ്ടു സർവ്വാന്തര്യാമിയെന്നും സർവ്വജഗൽകാരണഭൂതനെന്നും അർത്ഥം സിദ്ധിക്കുന്നതിനാൽ അത്യന്തം മാഹാത്മ്യമുള്ള ശ്രീമന്നാരായണനെ പ്രതിപാദിക്കുന്ന 'സഹസ്രശീർഷാ' എന്നു തുടങ്ങി 'സാദ്ധ്യാസ്സന്തി ദേവാഃ' എന്നതുവരെയുള്ള വൈദിക മന്ത്രങ്ങൾക്കു പുരുഷസൂക്തം എന്ന പേര് സാധിക്കപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ ഉത്തരനാരായണാനുവാകത്തിൽ ഹ്രീദേവിയും ലക്ഷ്മീദേവിയും ശ്രീമന്നാരായണൻെറ പത്നികളാണെന്നും അവരോടുകൂടെ നാരായണനെ ഉപാസിക്കുന്നവൻ സകല ക്ഷേമത്തെ പ്രാപിക്കുമെന്നുപദേശിക്കപ്പെട്ടിരിക്കുന്നു.

മൂന്നാമത്തെ മഹാനാരായണാനുവാകത്തിൽ ഉപാസ്യനായ ഭഗവാൻെറ കല്യാണഗുണങ്ങളും, ആ ഭഗവാനെ ഉപാസിക്കേണ്ടുന്ന ക്രമങ്ങളും, ആ ഭഗവദ്വിഷയമായ രഹസ്യങ്ങളും മററും ഉപദേശിക്കപ്പെട്ടിരിക്കുന്നു. അതിൽ പുരുഷസൂക്ത വിഷയമായ സനൽകുമാരസംഹിത മുതലായ ഗ്രന്ഥങ്ങളിൽ ഉപദേശിക്കപ്പെട്ടിരിക്കുന്ന ചില വിശേഷങ്ങളെ താഴെ എഴുതുന്നു.

"പൂർവ്വം സനൽകുമാരേണ പൃഷ്ടോ വിഷ്ണുസ്സനാതനഃ
ഉക്തവാൻ പൌരുഷം ഹോമവിധാനം കാമദം നൃണാം.
വസിഷ്ഠായോദിതം തേന ചാത്രയേ സോബ്രവീദിദം
ബോധായനായതേനോക്തം സ സ്വശിഷ്യേഭ്യ ഉക്തവാൻ
വക്ഷ്യാമി തദഹം പുണ്യം ശൃണുദ്ധ്വം മുനിസത്തമാഃ
പുത്രപ്രദമപുത്രാണാം ജയദം ജയകാമിനാം.
ശ്രീദം ശ്രീകാമിനാം പുംസാം രാജ്യദം രാജ്യകാമിനാം
ധാന്യദം ധാന്യകാമാനാം കീർത്തിദം കീർത്തികാമിനാം.
മുക്തിദം മുക്തികാമാനാം ഭുക്തിദം ഭുക്തികാമിനാം
ബഹുനാ കിമിഹോക്തേന സർവ്വസിദ്ധിപ്രദം നൃണാം."

സനൽകുമാരനാൽ പ്രശ്നം ചെയ്യപ്പെട്ട നാരായണൻ പുത്രൻ, ജയം, സമ്പത്ത്, രാജ്യം, ധാന്യം, കീർത്തി, ഭുക്തി, മുക്തി മുതലായ സർവ്വഫലത്തേയും തരുവാൻ ശക്തിയുള്ള ശ്രീ പുരുഷസൂക്തഹോമവിധാനത്തെ ഉപദേശിച്ചു.

പുത്രാർത്ഥി ചെയ്യേണ്ടുന്ന പുരുഷസൂക്തഹോമവിധി.

ശുക്ലപക്ഷപ്രഥമയിൽ ആരംഭിച്ച് കൃഷ്ണപക്ഷപ്രഥമ വരെ 16 ദിവസങ്ങളിൽ ഓരോ ദിവസവും പുരുഷസൂക്തത്തിലുള്ള 16 ഋക്കുകളെ ജപിച്ച് പായസംകൊണ്ട് 1000 ആഹുതിചെയ്യേണ്ടതും, അല്ലെങ്കിൽ 12 ദിവസം അതല്ലെങ്കിൽ 6 ദിവസമെങ്കിലും ഹോമം ചെയ്യേണ്ടതാണ്. ഈ ഹോമം ചെയ്യാൻ തുടങ്ങുന്നതിന്നുമുമ്പ് സന്താനഗോപാലമന്ത്രോപദേശം വാങ്ങേണ്ടതുമാകുന്നു.

## ശ്രീ സന്താനഗോപാലമന്ത്രഃ

'അസ്യ ശ്രീസന്താനഗോപാലകൃഷ്ണമഹാമന്ത്രസ്യ ആനന്ദനാരദാദി ഋഷയഃ; അനുഷ്ടുപ് ഛന്ദഃ; സന്താന ഗോപാലകൃഷ്ണോ ദേവതാ. അം, ആം, ബീജം; ഇം, ഈം, ശക്തിഃ; ഉം, ഊം, കീലകം; സന്താനഗോപാലകൃഷ്ണപ്ര സാദസിദ്ധ്യത്ഥേ ജപെ വിനിയോഗഃ. അം, ആം, ഇത്യാ ദിനാ ഹൃദയാദിന്യാസഃ ധ്യാനം:—

പാണൌ പായസഭക്തമാഹിതരസംബിഭ്രന്മുദാ ദക്ഷിണെ
സവ്യെ ശാരദപൂണ്ണചന്ദ്രധവളം ഹയ്യംഗവിനം ദധൽ
കണ്ഠെ കല്പിതപുണ്ഡരീകനഖമപ്യുദ്ദാമകാഞ്ചിം വഹൻ
ദേവൊ ദിവ്യദിഗംബരൊദിശതുനഃ പുത്രംയശോദാശിശുഃ

മൂലമന്ത്രഃ:—

"ദേവകീസുത ഗോവിന്ദ വാസുദേവ ജഗൽപതെ
ദേഹി മെ തനയം കൃഷ്ണ ത്വാമഹം ശരണം ഗതഃ
ദേവദേവ ജഗന്നാഥ ഗോത്രവൃദ്ധികര പ്രഭോ
ദേഹി മെ തനയം ശീഘ്രമായുഷ്മന്തം യശസ്വിനം."

അനന്തരം അനുജ്ഞാം കൃത്വാ ശുഭെ ശോഭനെ തിഥൌ നക്ഷത്രെ രാശൌ ജാതസ്യ മമ ധമ്മപത്ന്യാശ്ച ആവയോഃ ഇഹ ജന്മനി ജന്മാന്തരസഹസ്രെ വാ ജ്ഞാനാ ജ്ഞാനകൃതസന്താനപ്രതിബന്ധകീഭൂതാനാം, ഗുരുദ്വേഷണ, ബാലഘാതന, ബാലതാഡന, ബാലതജ്ജന, ഗോവത്സവിയോജന, പരഹൃൽക്ലേശകരണ, പ്രാണ്ഡ്യംഡഭേദന, അഷ്ടകാദ്യകരണ, അന്യസുതവിദ്വേഷണ, മൃഗശാബഹനന, ഗഭ്ധ്വംസനാദ്യനെകാദശദുരിതാനാം നി

വൃത്തിദ്വാരാ ആയുഷ്മത്സുരൂപ സുഗുണാനേകസുപുത്രാവാപ്ത്യർത്ഥം ശ്രീഭൂമിസമേത ശ്രീമഹാവിഷ്ണുപ്രസാദസിദ്ധ്യർത്ഥം ഏഭിർബ്ബ്രാഹ്മണൈസ്സഹ സനൽകുമാരോക്തപ്രകാരേണ ആചാര്യമുഖേന ഋത്വിങ്മുഖേന ച പുരുഷസൂക്തജപഹോമകർമ്മ കരിഷ്യേ. എന്നു സങ്കല്പിച്ച് ആചാര്യാദിവരണം ചെയ്തതിൽപിന്നെ ആചാര്യൻ തന്റെ ദേഹത്തിൽ പുരുഷസൂക്തമന്ത്രംകൊണ്ടു സംഹാരസൃഷ്ടിസ്ഥിതിന്യാസങ്ങളെ ചെയ്യേണ്ടതാകുന്നു.

അസ്യ ശ്രീപുരുഷസൂക്തന്യാസമഹാമന്ത്രസ്യ അന്തര്യാമീ ഭഗവാന്നാരായണ ഋഷിഃ, ആദ്യസ്യ പഞ്ചദശർച്ചസ്യ അനുഷ്ടുപ് ഛന്ദഃ, അന്ത്യായാസ്ത്രിഷ്ടുപ് ഛന്ദഃ, ശ്രീഭൂമീസമേതശ്രീമഹാവിഷ്ണുർദേവതാ. പുരുഷ ഏവേതി ബീജം; നാന്യഃ പന്ഥാ ഇതി ശക്തിഃ; യജ്ഞേന യജ്ഞമിതി കീലകം; ശ്രീഭൂമീസമേത ശ്രീമഹാവിഷ്ണു പ്രസാദസിദ്ധ്യർത്ഥേ പുരുഷസൂക്തന്യാസമഹാമന്ത്രജപെ വിനിയോഗഃ. അതൊ ദേവാ അവന്തു നൊ യതൊ വിഷ്ണുർവ്വിചക്രമെ; പൃഥിവ്യാസ്സപ്തധാമഭിഃ. ഓം ഭൂഃ, പുരുഷായ അംഗുഷ്ഠാഭ്യാം നമഃ. ഇദം വിഷ്ണുർവ്വിചക്രമെ ത്രേധാ നിദധെ പദം; സമൂഢമസ്യ പാഗ്ംസുരെ. ഓം ഭുവഃ, മഹാപുരുഷായ തർജ്ജനീഭ്യാം നമഃ. ത്രീണി പദാ വിചക്രമെ വിഷ്ണുർഗ്ഗോപാ അദാഭ്യഃ; അതൊ ധർമ്മാണി ധാരയൻ. ഓം സുവഃ, ബ്രഹ്മപുരുഷായ മദ്ധ്യമാഭ്യാം നമഃ. വിഷ്ണോഃ കർമ്മാണി പശ്യത യതൊ വ്രതാനി പസ്പശെ; ഇന്ദ്രസ്യ യുജ്യസ്സഖാ. ഓം മഹഃ, വിഷ്ണുപുരുഷായ അനാമികാഭ്യാം നമഃ. തദ്വിഷ്ണോഃ പരമം പദം സദാ പശ്യന്തി സൂരയഃ; ദിവീവ ചക്ഷുരാതതം. ഓം ജനഃ, രുദ്രപുരുഷായ കനി

ഷ്ഠികാഭ്യാം നമഃ. തദ്വിപ്രാസൊ വിപന്യവൊ ജാഗൃവാ ഗ്ംസസ്സമിന്ധതെ; വിഷ്ണോൎയ്യൽപരമം പദം. ഓം തപസ്സത്യം, സൎവ്വപുരുഷായ കരതലകരപൃഷ്ഠാഭ്യാം നമഃ. ഏവം ഹൃദയാദിന്ന്യാസഃ. ധ്യാനം:—

ഗോക്ഷീരാഭം പുണ്ഡരീകായതാക്ഷം
ചക്രാബ്ജാഭ്യാം ശംഖകൌമോദകീഭ്യാം
ശ്രീഭൂമിഭ്യാമച്ചിതം യോഗപീഠെ
ധ്യായേദ്ദേവം പൂജയേൽപൌരുഷേണ.

പഞ്ചോപചാരാൻ കൃത്വാ—സംഹൃതിന്ന്യാസം കുൎയ്യാൽ.

## അഥ സംഹൃതിന്ന്യാസഃ.

സഹസ്ര.........ദശാംഗുലം; വാമകരെ. പുരുഷ...... അതിരോഹതി; ദക്ഷിണകരെ. ഏതാവാൻ.........അമൃതം ദിവി; വാമചരണെ. ത്രിപാദൂൎദ്ധ്വഃ.........അഭി; ദക്ഷിണചരണെ. തസ്മാൽ.........പുരഃ; വാമജാനുനി. യൽപുരുഷേണ.........ഹവിഃ; ദക്ഷിണജാനുനി. തം യജ്ഞം......... ഋഷയശ്ച യെ; വാമോരൌ. തസ്മാദ്യജ്ഞാൽ......ശ്ചയെ; ദക്ഷിണോരൌ തസ്മാദ്യജ്ഞാത്സൎവ്വഹുതഃ......അജായത; നാഭൌ. തസ്മാദശ്വാ......അജാവയഃ; ഹൃദയെ. യൽ പുരുഷം......ഉച്യേതെ; കണ്ഠെ. ബ്രാഹ്മണൊ......അജായത; വാമാംസെ. ചന്ദ്രമാ......അജായത; ദക്ഷിണാംസെ. നാഭ്യാ......അകല്പയൻ; വദനെ. സപ്താ......പശൂം; അക്ഷ്ണോഃ. യജ്ഞേന......സന്തിദേവാഃ; ശിരസി. ഓം നമൊ നാരായണായ.

## അഥ സൃഷ്ടിന്ന്യാസഃ.

സഹസ്രശീൎഷാ........അത്യതിഷ്ഠദ്ദശാംഗുലം—ശിരസി. പുരുഷഏവേദം...........യദന്നേനാതിരോഹതി—

അക്ഷ്ണോഃ. ഏതാവാനസ്യ........ത്രിപാദസ്യാമൃതം ദി വി—വദനെ. ത്രിപാദൂർദ്ധ്വ......സാശനാനശനെഅഭി— ദക്ഷിണാംസെ. തസ്മാദ്വിരാഡജായത.........അഥോപുരഃ —വാമാംസെ. യൽപുരുഷേണ ഹവിഷാ......ശരദ്ധവിഃ —കണ്ഠെ. തം യജ്ഞം ബർഹിഷി.........സാദ്ധ്യാ ഋഷയ ശ്ചയെ—ഹൃദയെ. തസ്മാദ്യജ്ഞാത്സർവ്വഹുതഃ......ഗ്രാമ്യാ ശ്ചയെ—നാഭൌ. തസ്മാൽ.........യജുസ്തസ്മാദജായത— ദക്ഷിണോരൌ. തസ്മാദശ്വാ അജായന്ത......അജാവയഃ വാമോരൌ. യൽപുരുഷം......പാദാവുച്യേതെ—ദക്ഷിണ ജാനുനി. ബ്രാഹ്മണോസ്യ........ശൂദ്രോ അജായത—വാ മജാനുനി. ചന്ദ്രമാ......പ്രാണാദ്വായുരജായത—ദക്ഷിണ ചരണെ. നാഭ്യാ ആസീൽ......ലോകാഗ്ം അകല്പയൻ വാമചരണെ. സപ്താസ്യാസൻ......പുരുഷം പശും—ദ ക്ഷിണകരെ. യജ്ഞേന......ദേവാഃ—വാമകരെ. ഓംന മോ നാരായണായ.

അഥ സ്ഥിതിന്യാസഃ

സഹസ്രശീർഷാ......ദശാംഗുലം—നാഭൌ. പുരുഷ ഏവേദം......അതിരോഹതി—ദക്ഷിണോരൌ. ഏതാവാ നസ്യ......അമൃതം ദിവി—വാമോരൌ. ത്രിപാദൂർദ്ധ്വ...... സാശനാനശനെ അഭി—ദക്ഷിണജാനുനി. തസ്മാദ്വിരാ ഡജായത......അഥോപുരഃ—വാമജാനുനി. യൽപുരുഷേ ണ......ശരദ്ധവിഃ—ദക്ഷിണചരണെ. തം യജ്ഞം......... ഋഷയശ്ചയെ—വാമചരണെ. തസ്മാദ്യജ്ഞാൽ......ഗ്രാമ്യാ ശ്ചയെ—ദക്ഷിണകരെ. തസ്മാദ്യജ്ഞാൽ...... യജുസ്തസ്മാ ദജായത—വാമകരെ. തസ്മാദശ്വാഃ......അജാവയഃ—ശി രസി. യൽപുരുഷം......പാദാവുച്യേതെ—അക്ഷ്ണോഃ.

ബ്രാഹ്മണോസ്യ.....ശൂദ്രോ അജായത—വദനെ. ചന്ദ്രമാ മനസഃ......വായുരജായത—ദക്ഷിണാംസെ. നാഭ്യാഃ...... അകല്പയൻ—വാമാംസെ. സപ്താസ്യാസൻ......പുരുഷം പശും—കണ്ഠെ. യജ്ഞേന......സന്തിദേവാഃ—ഹൃദയെ. ഓംനമോ നാരായണായ.

"വാമാദ്യംഗം കരചരണജാന്തുരുയുഗ്മേഷു നാഭൌ
ഹൃൽകണ്ഠാംസദ്വിതയ വദനാക്ഷ്യുത്തമാംഗേഷു മന്ത്രീ
പുംസസ്സൂക്തെന്ന്യസതു മനുഭിസ്സംഹൃതൌ ശീർഷപൂർവ്വം
സൃഷ്ടൌ നാഭിപ്രഭൃതി ഹൃദയാന്തം സ്ഥിതൌ ച ക്രമേണ."

(ഇതി ശൌനകവചനം)

പിന്നെ ബ്രഹ്മവരണം മുതൽ മുഖാന്തംവരെ ചെയ്തു ഹോമകുണ്ഡത്തിൻെറ മുൻഭാഗത്തുവെച്ചിട്ടുള്ള കലശത്തിൽ ശ്രീഭൂമീസമേത നാരായണപ്രതിമയെ സ്ഥാപിച്ച് അതിൽ ആദ്യത്തെ ഋക്കിനെ ജപിച്ച് 'ശ്രീ ഭൂമീസമേതം മഹാവിഷ്ണുമാവാഹയാമി' എന്നു ആവാഹനം ചെയ്തതിൽ പിന്നെ പ്രാണപ്രതിഷ്ഠയേയും ചെയ്ത് രണ്ടാമത്തെ ഋക്കു കൊണ്ടു ആസനത്തേയും, മൂന്നാമത്തെ ഋക്കുകൊണ്ടു പാദ്യത്തേയും, നാലാമത്തെ ഋക്കുകൊണ്ടു അർഘ്യത്തേയും, അഞ്ചാമത്തെ ഋക്കുകൊണ്ടു ആചമനത്തേയും, ആറാമത്തെ ഋക്കുകൊണ്ടു സ്നാനത്തേയും, ഏഴാമത്തെ ഋക്കുകൊണ്ടു വസ്ത്രത്തേയും, എട്ടാമത്തെ ഋക്കുകൊണ്ടു ഉപവീതത്തേയും, ഒമ്പതാമത്തെ ഋക്കുകൊണ്ടു ഗന്ധത്തേയും, പത്താമത്തെ ഋക്കുകൊണ്ടു പുഷ്പത്തേയും, പതിനൊന്നാമത്തെ ഋക്കുകൊണ്ടു ധൂപത്തേയും, പന്ത്രണ്ടാമത്തെ ഋക്കു കൊണ്ടു ദീപത്തേയും, പതിമൂന്നാമത്തെ ഋക്കുകൊണ്ടു

നൈവേദ്യത്തേയും, പതിനാലാമത്തെ ഋക്കുകൊണ്ടു മന്ത്ര പുഷ്പത്തേയും, പതിനഞ്ചാമത്തെ ഋക്കുകൊണ്ടു പ്രദക്ഷിണ ത്തേയും സമൎപ്പണം ചെയ്യതിൽപിന്നെ യജമാനൻ പത്നി ഇവൎക്കും മുൻ പറഞ്ഞ പ്രകാരം സംഹൃത്യൽപത്തിസ്ഥി തിന്യാസങ്ങളെ ചെയ്യിപ്പിച്ച് നീളമുള്ള വാഴയിലയിൽ പശുവിൻവെണ്ണനെയ്യ്കൊണ്ട് ത്രികോണയന്ത്രമെഴുതി അതിൽ ഒരു വെള്ളിക്കിണ്ണത്തിൽ സാളഗ്രാമത്തെവെച്ച് പത്നിസമേതനായ യജമാനനെക്കൊണ്ടു ശ്രീഭൂമീസമേത മഹാവിഷ്ണുപൂജയെ മുമ്പുപറഞ്ഞപ്രകാരം ചെയ്യിപ്പിക്കേ ണം. പിന്നെ ആചാൎയ്യൻ അഗ്നിയിൽ മഹാവിഷ്ണുവെ ആവാഹനംചെയ്തു് പുരുഷസൂക്തമന്ത്രംകൊണ്ടു 16 ഉപ ചാരങ്ങളെ ചെയ്തു് 16 ഋക്കുകളെക്കൊണ്ട് 16ആജ്യാഹു തിചെയ്യേണ്ടതാകുന്നു. പിന്നെ അവദാന ധൎമ്മപ്രകാരം ചരുവെ എടുത്തുകൊണ്ടു 16 ഋക്കുകളാൽ 16 പ്രാവശ്യം അന്നഹോമം ചെയ്യേണ്ടതും, പിന്നെ ആ സംഖ്യ ആജ്യാ ഹുതി ചെയ്യേണ്ടതും, അതിന്നുശേഷം അഗ്നിയുടെ തെക്കു ഭാഗത്തിൽ പ്രാഗഗ്രങ്ങളായി ദൎഭങ്ങളെ രണ്ടായി പിരിച്ചു വെച്ച്, ഒരു അശ്വത്ഥസമിത്തിനെ എടുത്തു പുരുഷസൂ ക്തത്തിൻെറ ആദ്യത്തെ ഋക്കിനെ ജപിച്ചു അഗ്നിയിൽ ഹോമം ചെയ്തു് മുമ്പു രണ്ടായി പിരിച്ചു പരിസ്തരിക്കപ്പെട്ട തെക്കുഭാഗത്തിലുള്ള ദൎഭത്തിൽ ആദ്യത്തെ മന്ത്രംകൊണ്ടു ഒരു അശ്വത്ഥത്തിൻെറ ഇലയെ വെക്കേണ്ടതും, ഇപ്രകാ രംതന്നെ രണ്ടാമത്തെ ഋക്കിനെ ജപിച്ചു ഒരു സമിത്തിനെ ഹോമം ചെയ്തു് ആ മന്ത്രംകൊണ്ടുതന്നെ വേറൊരു അ ശ്വത്ഥത്തിന്നിലയെ മുമ്പുവെച്ച ദൎഭത്തിൽതന്നെ വെക്കേ ണ്ടതും, ഇപ്രകാരം 8 ഋക്കുകളേക്കൊണ്ടു 8 സമിത്തുകളെ

ഹോമംചെയ്ത് 8 അശ്വത്ഥത്തിന്നിലകളെ തെക്കുഭാഗത്തിലുള്ള ദർഭത്തിൽ വെച്ചതിൽപിന്നെ ഒമ്പതാമത്തെ ഋക്കുമുതൽ 8 ഋക്കുകളെക്കൊണ്ടു മുമ്പു ചെയ്തപ്രകാരം സമിത്തുകൊണ്ടു ഹോമംചെയ്ത്, ഓരോ ഋക്കുകൊണ്ടു മുമ്പു ചെയ്തപോലെതന്നെ അശ്വത്ഥത്തിന്റെ ഓരോ ഇലകളെ മുമ്പു വെച്ചിട്ടുള്ള ദർഭത്തിന്റെ വടക്കുഭാഗത്തിലുള്ള ദർഭത്തിൽ വെക്കേണ്ടതും, പിന്നെ 16 ഋക്കുകളേയും ജപിച്ച് ഓരോ ഋക്കിന്നും ഓരോ പ്രാവശ്യവീതം 16 പ്രാവശ്യം ആജ്യാഹുതിചെയ്ത് ഹോമംചെയ്യപ്പെട്ട ആജ്യശേഷംകൊണ്ടു മുമ്പു വെക്കപ്പെട്ട 16 അശ്വത്ഥത്തിന്നിലകളേയും ക്രമപ്രകാരം ഉപസ്തരണം ചെയ്തതിൽപിന്നെ പായസത്തെ കയ്യിൽ എടുത്തുംകൊണ്ടു ആദ്യത്തെ ഋക്കിനെ ജപിച്ച്, പകുതിഭാഗം ഹോമംചെയ്ത്, ബാക്കി പകുതിയെ ആദ്യംവെക്കപ്പെട്ട അശ്വത്ഥത്തിന്നിലയിൽ പിന്നേയും ആദ്യത്തെ ഋക്കിനെ ജപിച്ചു വെക്കേണ്ടതും, രണ്ടാമത്തെ ഋക്കിനെ ജപിച്ചു മുമ്പുപോലെ ഹോമം ചെയ്ത്, പിന്നേയും രണ്ടാമത്തെ ഋക്കിനെ ജപിച്ച് ബാക്കിയെ രണ്ടാമതായി വെക്കപ്പെട്ട അശ്വത്ഥത്തിന്നിലയിൽ വെക്കേണ്ടതും. ഇപ്രകാരംതന്നെ ബാക്കി 14 ഋക്കുകളാലും ഹോമം ചെയ്ത്, പായസത്തെ അശ്വത്ഥത്തിന്നിലകളിൽ ക്രമമായി വെക്കേണ്ടതും, പായസഹോമപ്രകാരംതന്നെ ആജ്യാഹുതികളേയുംചെയ്ത് ഋക്കുകളെ ജപിച്ചുകൊണ്ടുതന്നെ മുമ്പുവെച്ച പായസങ്ങളിൽ ക്രമപ്രകാരം അഭിഘാരം ചെയ്യേണ്ടതും, പിന്നെ വേറെ 16 അശ്വത്ഥത്തിന്നിലകളെ എടുത്തു ക്രമമായി ഋക്കുകളെജപിച്ച് മുമ്പു വെക്കപ്പെട്ട ക്രമത്തെ അനുസരിച്ച് ആച്ഛാദനം ചെയ്യേണ്ടതുമാകു

ന്നു. പിന്നെ ആചാര്യൻ ഋത്വിക്കുകളോടുകൂടെ പുരുഷസൂക്തത്തെ 63 പ്രാവശ്യം പ്രത്യേകം ഓരോ ഋക്കിന്നും ഓരോ ആവൃത്തിവീതം 1008 പ്രാവശ്യം ഹോമം ചെയ്യേണ്ടതും, പിന്നെ സ്വിഷ്ടകൃത്തെ ചെയ്ത് ക്രമപ്രകാരം ഹോമത്തെ സമാപിക്കേണ്ടതാകുന്നു.

അനന്തരം കുംഭം പ്രതിമ ഇവകളിൽ ആവാഹനം ചെയ്യപ്പെട്ട ദേവതകളെ പുനഃപൂജചെയ്തു, യജ്ഞേന യജ്ഞം എന്ന ഋക്കുകൊണ്ടു ഉദ്വാസനം ചെയ്യേണ്ടതും ആകുന്നു. എന്നാൽ പ്രതിമയിൽ ആവാഹനം ചെയ്യപ്പെട്ട ദേവതയെ മാത്രം ഉദ്വാസനം ചെയ്യരുതു. പിന്നെ പ്രതിമാദാനം ഗോദാനം മുതലായ ദാനങ്ങളെ ചെയ്ത് ഋത്വിക്കുകൾക്കും ആചാര്യന്നും തന്റെ ശക്ത്യനുസാരം വിത്തശാഠ്യം കൂടാതെ യജമാനൻ ദക്ഷിണ ചെയ്യേണ്ടതുമാകുന്നു.

പിന്നെ പുരുഷസൂക്തത്തിന്റെ ഒന്നാമത്തെ ഋക്കിനെ ജപിച്ച്, ഒന്നാമത്തെ അശ്വത്ഥത്തിന്നിലയിൽ വെക്കപ്പെട്ട പായസത്തെ പതിയെ പ്രാശിപ്പിച്ച്, ആ ഋക്കിനേത്തന്നെ ജപിച്ച് കുംഭത്തിലുള്ള തീർത്ഥത്തേയും സേവിപ്പിക്കണം. ഇപ്രകാരംതന്നെ അതാതു ഋക്കുകളെ ജപിച്ച്, അതാതു പായസത്തെ പ്രാശനം ചെയ്യിപ്പിച്ച്, അതാതു ഋക്കുകളെ ജപിച്ച് തീർത്ഥത്തേയും പ്രാശനം ചെയ്യിപ്പിക്കേണ്ടതുമാകുന്നു. പിന്നെ യന്ത്രിത നവനീതത്തേയും പ്രാശനം ചെയ്യിപ്പിക്കേണ്ടതുമാണ്. അനന്തരം ബ്രാഹ്മണരിൽനിന്നു ആശീർവ്വാദത്തെ ഗ്രഹിച്ച് ബ്രാഹ്മണഭോജനത്തേയും യഥാശക്തി നടത്തേണ്ടതുമാകുന്നു.

ഇപ്രകാരം ചെയ്താൽ പുത്രസന്താനം നിശ്ചയമായി ഉണ്ടാകുമെന്നു ശ്രുതിസ്മൃതികളിൽ വ്യക്തമായി പറയപ്പെട്ടിരിക്കുന്നു.

ഭഗവൽപ്രസാദമൊന്നിനെ മാത്രം പ്രാൎത്ഥിക്കുന്നവൻ അഷ്ടാക്ഷരമന്ത്രത്തെ ആചാൎയ്യനിങ്കൽനിന്നു സമ്പ്രദായപ്രകാരം ഉപദേശം വാങ്ങേണ്ടതും, പിന്നെ ഭഗവത്സാന്നിദ്ധ്യത്തോടുകൂടിയ സാളഗ്രാമം മുതലായ മൂൎത്തികളിൽ ഈ പുരുഷസൂക്തത്തിലുള്ള 16 ഋക്കുകളേക്കൊണ്ടു 16 ഉപചാരങ്ങളെ ചെയ്തു പ്രതിദിനം പൂജചെയ്തുവരേണ്ടതും, അതിനോടുകൂടെ വിഷ്ണുസഹസ്രനാമം ഭഗവൽഗീത മുതലായതുകളെ പാരായണം ചെയ്യേണ്ടതും മുഖ്യാവശ്യമാകുന്നു. ഇപ്രകാരം ചെയ്തുവന്നാൽ ഈ ജന്മാവിങ്കൽ സകലക്ഷേമങ്ങളെ പ്രാപിച്ച് ഒടുവിൽ ഭഗവല്ലോകത്തേയും പ്രാപിക്കും എന്നു ശാസ്ത്രങ്ങൾ ഉൽഘോഷിക്കുന്നതിനാൽ ഭഗവൽപ്രസാദത്തിന്നു മുഖ്യകാരണവും എല്ലാ ആസ്തികന്മാരാലും അനുഷ്ഠേയമായ ഈ പുരുഷസൂക്തമഹാമന്ത്രത്തെ 'യദേവ വിദ്യയാ കരോതി ശ്രദ്ധയാ......തദേവ വീൎയ്യവത്തരം ഭവതി' യാതൊരു കൎമ്മാവിനെ അൎത്ഥാനുസന്ധാനത്തോടും ശ്രദ്ധയോടുംകൂടെ ചെയ്യുന്നുവൊ ആ കൎമ്മാവുതന്നെ അധികഫലപ്രദമായി ഭവിക്കുന്നു എന്ന ശ്രുതിവചനപ്രകാരം അൎത്ഥാനുസന്ധാനത്തോടുകൂടെ പാരായണം ചെയ്തുവരുന്നവൻ സകലവിധ ശ്രേയസ്സിനെ പ്രാപിക്കുമെന്നുള്ളതും തീൎച്ചതന്നെ.

ഓം



നമസ്ത്രിമൂർത്തയെ.

# പുരുഷസൂക്ത മന്ത്രാർത്ഥദീപികാ

"സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷസ്സഹസ്രപാൽ
സഭൂമിം വിശ്വതൊ വൃത്വാ അത്യതിഷ്ഠദ്ദശാംഗുലം."

പ്രതിപദാർത്ഥഃ. സഹസ്രശീർഷാ=അനേകം ശിരസ്സുകളോടുകൂടിയവനും, സഹസ്രാക്ഷഃ=അനേകം നേത്രങ്ങളോടുകൂടിയവനും, സഹസ്രപാൽ=അനേകം പാദങ്ങളോടുകൂടിയ, സഃ=വേദപ്രസിദ്ധനായ ആ, പുരുഷഃ=ശ്രീമന്നാരായണൻ, ഭൂമിം=ഭൂലോകത്തെ, വിശ്വതഃ=നാലുഭാഗത്തിലും, വൃത്വാ=വ്യാപിച്ച്, ദശാംഗുലം=പത്തംഗുല

പ്രമാണമായ ബ്രഹ്മാണ്ഡത്തെ, അത്യതിഷ്ഠൽ=അതിക്രമിച്ചു സ്ഥിതിചെയ്തു.

താല്പര്യം. ഈ അനുവാകത്തിന്നും മേലനുവാകത്തിന്നും നാരായണമെന്നു പേർ. നാരായണൻ എന്ന ഒരു ഋഷി തപസ്സുചെയ്തു ഭഗവദനുഗ്രഹത്തെ പ്രാപിച്ച് സ്വരം വർണ്ണം ഒന്നും തെററാതെ ഈ രണ്ടനുവാകത്തെ ആദ്യം അറിഞ്ഞതിനാൽ നാരായണം എന്നു ഇതിന്നു പേർ സിദ്ധിച്ചു. അതുമാത്രമല്ല, ജഗൽകാരണനായ നാരായണനെ ഇതിൽ പ്രതിപാദിക്കുന്നതിനാലും നാരായണം എന്നു പേർ സിദ്ധമാകുന്നു. സകലപ്രാണികളോടു കൂടിയ ബ്രഹ്മാണ്ഡദേഹമായിട്ടുള്ള വിരാട്പുരുഷനെ ഇവിടെ പുരുഷപദത്താൽ പ്രതിപാദിച്ചിരിക്കുന്നു. ഇവിടെ സഹസ്രം എന്നതിന്നു ആയിരം എന്നു സംഖ്യയല്ല അർത്ഥം. അതിന്നു അനേകമെന്നാകുന്നു. അനേകശിരസ്സ്, അനേകനേത്രം, അനേകപാദം ഇതുകളോടുകൂടിയവനും, എല്ലാപ്രാണികളും ഈ വിരാട്പുരുഷൻെറ ശരീരത്തിലുൾപ്പെട്ടിരിക്കുന്നതിനാൽ ആ അവയവങ്ങളെല്ലാം ഇദ്ദേഹത്തിൻെറ അവയവങ്ങളാകുന്നു. ആ വിരാട്പുരുഷൻ അണ്ഡസ്വരൂപമായ ഭൂമിയെ മുട്ടാകെ വ്യാപിച്ച് പത്തംഗുലം അതിക്രമിച്ചിരുന്നു. ഇവിടേയും പത്ത് എന്നതിന്നു അനേകം എന്നാകുന്നു അർത്ഥം. ഈ അണ്ഡത്തിന്നു പുറത്തും പാലിൽ നെയ്യ് എന്നപോലെ എങ്ങും വ്യാപിച്ചിരുന്നു എന്നു താല്പര്യം.

"പുരുഷ ഏവേദഗ്ം സർവ്വം യൽഭൂതം യച്ച ഭവ്യം.
ഉതാമൃതത്വസ്യേശാനഃ യദന്നേനാതിരോഹതി."

ഇദം=ഈ കാണുന്ന ജഗത്തും, യൽ=യാതൊരു ജഗത്ത്, ഭൂതം=കഴിഞ്ഞ കല്പത്തിലുണ്ടായിരുന്നുവൊ, യൽ=യാതൊരു ജഗത്ത്, ഭവ്യംച=ഭാവികല്പത്തിലുണ്ടാകുവാൻ പോകുന്നുവൊ, (തൽ=അതു), സൎവ്വം=എല്ലാം, പുരുഷ ഏവ-പുരുഷൻതന്നെ (നാരായണൻതന്നെ), ഉത=പിന്നേയും, അമൃതത്വസ്യ=മോക്ഷത്തിന്നു (ദേവത്വത്തിന്നു), ഈശാനഃ=ഈശ്വരൻ, യൽ=യാതൊരു കാരണത്താൽ, സഃ=ആ ആദിനാരായണൻ, അന്നേന=പ്രാണികളുടെ കൎമ്മാവെ നിമിത്തമാക്കിക്കൊണ്ടു, അതിരോഹതി=തന്റെ കാരണാവസ്ഥയെ വിട്ട് ജഗദ്രൂപമായ കാൎയ്യാവസ്ഥയെ പ്രാപിക്കുന്നുവൊ.

ഭൂതഭവിഷ്യദ്വൎത്തമാനകാലങ്ങളിലുള്ള ജഗത്തെല്ലാം വിരാട്പുരുഷൻതന്നെ. ഈ കല്പത്തിലുള്ള പ്രാണികളുടെ അവയവങ്ങൾ വിരാട്പുരുഷന്നു അവയവങ്ങളാകുന്നതുപോലെ കഴിഞ്ഞ കല്പത്തിലുള്ള പ്രാണികളുടെ അവയവങ്ങളും, ഭാവികല്പത്തിലുള്ള പ്രാണികളുടെ അവയവങ്ങളും, വിരാട്പുരുഷന്റെ അവയവങ്ങൾ എന്നു താല്പൎയ്യം. പിന്നേയും ഈ വിരാട്പുരുഷൻ ദേവത്വത്തിന്നു സ്വാമിയാകുന്നു. ബ്രഹ്മാ ഇന്ദ്രൻ മുതലായ സ്ഥാനങ്ങളെ പ്രാപിക്കേണമെങ്കിൽ ഈ വിരാട്പുരുഷനെ ആശ്രയിച്ചാലെ അതാതു സ്ഥാനം കിട്ടുകയുള്ളു എന്നും ഈ വിരാട്പുരുഷൻ ജീവാത്മാക്കളുടെ പുണ്യപാപങ്ങൾക്കു തക്കതായ ഫലങ്ങളെ അവൎക്കു കൊടുപ്പാൻവേണ്ടി തന്റെ സ്വസ്വരൂപത്തെ വിട്ട് ഈ ജഗത്സ്വരൂപമായിരിക്കുന്നതിനാൽ ഈ ജഗത്ത് വാസ്തവമല്ല. എങ്ങിനെ എന്നാൽ ഒരു സ്വൎണ്ണക്കട്ട കുണ്ഡലം മുതലായ ആഭ

രണരൂപമായി വികാരത്തെ പ്രാപിച്ചാൽ ആ കുണ്ഡലം മുതലായവകൾ തൻെറ പരിണാമത്തിന്നു മുമ്പും പിമ്പും കാണാത്തതിനാൽ അവകളെ വാസ്തവമാണെന്നു പറവാൻ പാടില്ല. അവകൾക്കു കാരണമായ സ്വൎണ്ണംതന്നെ കാലത്രയത്തിലുംകാണുന്നു. അതിനാൽ ആ സ്വൎണ്ണം തന്നെ വാസ്തവമാകുന്നതുപോലെ ഈ ജഗത്ത് മുമ്പില്ലാത്തതും ഇപ്പോൾ കാണുന്നതും കാലാന്തരത്തിൽ നശിക്കുന്നതുമായതിനാൽ വാസ്തവമല്ല. വിരാട്പുരുഷൻെറ സ്വസ്വരൂപം കാലത്രയത്തിലുമുള്ളതിനാൽ അതു ഒന്നുതന്നെ വാസ്തവമായിരിക്കുന്നു എന്നു താല്പൎയ്യം.

"ഏതാവാനസ്യ മഹിമാ അതൊജ്യായാംശ്ച പൂരുഷഃ
പാദോസ്യ വിശ്വാ ഭൂതാനി ത്രിപാദസ്യാമൃതം ദിവി."

ഏതാവാൻ=മൂന്നു കാലത്തിലുമുള്ള ജഗൽപരിമാണം എത്രയുണ്ടൊ ഇതെല്ലാം, അസ്യ=ഈ നാരായണൻെറ, മഹിമാ=സാമൎത്ഥ്യവിശേഷം, പൂരുഷശ്ച=നാരായണനാകട്ടെ, അതഃ=ഈ കാൎയ്യജഗത്തിനേക്കാൾ, ജ്യായാൻ-വാസ്തവത്തിൽ ശ്രേഷ്ഠൻ, വിശ്വാ=സകലമായ, ഭൂതാനി=പ്രാണിസമൂഹങ്ങളും, അസ്യ=ഈ നാരായണൻെറ, പാദഃ-നാലിൽ ഒരംശമാകുന്നു, അസ്യ=ഈ നാരായണൻെറ, ത്രിപാൽ=ബാക്കി മൂന്നംശം, അമൃതം=നാശമില്ലാത്തതായിട്ട്, ദിവി=സ്വയംപ്രകാശരൂപമായ പരമപദത്തിൽ, (വൎത്തതെ=ഇരിക്കുന്നു).

അതീതാനാഗതവൎത്തമാനമായിരിക്കുന്ന ഈ ജഗത്ത് എത്രമാത്രമുണ്ടായിരിക്കുന്നുവൊ അതൊട്ടാകെ ഈ പുരുഷൻെറ മഹിമാ എന്നാൽ സാമൎത്ഥ്യം. അതിനാൽ

ഇതു വാസ്തവമല്ല. വാസ്തവം പുരുഷസ്വരൂപം ഒന്നുതന്നെ. തന്റെ സാമൎത്ഥ്യസ്വരൂപമായ ഈ ജഗത്തേക്കാൾ ആ പുരുഷൻ ഏററവും ശ്രേഷ്ഠൻ. ഇതിനേത്തന്നെ മേൽ വ്യക്തമായിപറയുന്നു. പുരുഷന്റെ സാമൎത്ഥ്യരൂപമായ മൂന്നു കാലങ്ങളിലുള്ള പ്രാണികൾ പുരുഷന്റെ നാലിൽ ഒരംശമാകുന്നു. ഉൽകൃഷ്ടമായ മൂന്നുഭാഗം പുരുഷന്റെ സ്വസ്വരൂപമാകുന്നു. അതിന്നു നാശമില്ല. ആ സ്വരൂപം സ്വപ്രകാശരൂപമായിരിക്കുന്നു. എന്നാൽ വേദത്തിൽ 'സത്യം ജ്ഞാനമനന്തം ബ്രഹ്മ' എന്നു പരബ്രഹ്മത്തെ അപരിച്ഛിന്നമായി പറഞ്ഞിരിക്കുമ്പോൾ ഇവിടെ നാലുഭാഗമാക്കി പറയുന്നത് യുക്തമല്ലെങ്കിലും വികാരശൂന്യമായ ബ്രഹ്മസ്വരൂപാംശം അധികമെന്നും അതിനേക്കാൾ വികാരത്തെ പ്രാപിച്ച ഈ ജഗദ്രൂപമായ അംശം അല്പമെന്നറിയേണ്ടതാണെന്നു മാത്രമെ താല്പൎയ്യമുള്ളു.

"ത്രിപാദൂൎദ്ധ്വ ഉദൈൽപുരുഷഃ പാദോസ്യേഹാഭവാൽപുനഃ
തതൊ വിഷ്വങ് വ്യക്രാമൽ സാശനാനശനെ അഭി."

പുരുഷഃ=ശ്രീമന്നാരായണൻ, ത്രിപാൽ=അപരിച്ഛിന്നനായിട്ട്, ഊൎദ്ധ്വ=പ്രകൃതികാൎയ്യമായ പ്രപഞ്ചത്തിന്നുമേലെ, ഉദൈൽ=പ്രപഞ്ചസംബന്ധം കൂടാതെ സ്ഥിതിചെയ്തു, അസ്യ-ഈ നാരായണന്റെ, പാദഃ=ഒരംശമായതു, ഇഹ=പ്രകൃതിയിൽ, പുനഃ=പിന്നെയും പിന്നെയും, അഭവാൽ=അവതരിക്കുന്നു, തതഃ=അനന്തരം, സാശനാനശനെ അഭി=ജീവൻ ജഡം ഇവകളെ ലക്ഷീകരിച്ച്, വിഷ്വങ്=ദേവതിൎയ്യഗാദിരൂപമായി, വ്യക്രാമൽ=വ്യാപിച്ചുനില്ക്കുന്നു.

ഈ വിരാട്പുരുഷനു സംസാരബന്ധമില്ലാത്ത അധികാംശം യാതൊന്നു ഇരിക്കുന്നുവോ അതു ഏററവും അപ്രമേയമാകുന്നു. നാലാമത്തെ ഭാഗമായതു അജ്ഞാനത്താലുണ്ടായ ഈ സംസാരത്തിൽ മായയാൽ മറയ്ക്കപ്പെട്ട് ജനനമരണങ്ങളോടുകൂടിയതായിരിക്കുന്നു. സാശനം—ഭോജനം മുതലായ വ്യവഹാരങ്ങളോടുകൂടിയ ജീവൻ. അനശനം—അതില്ലാത്ത വൃക്ഷം മുതലായ ജഡവസ്തു. പശു മനുഷ്യൻ മുതലായ ചേതനങ്ങൾ, പർവ്വതം വൃക്ഷം മുതലായ അചേതന വസ്തുക്കൾ എന്നിങ്ങിനേയുള്ള ചേതനാചേതനവസ്തുക്കളേക്കൊണ്ട് ലോകം യാതൊരു പ്രകാരം പൂർണ്ണമായിത്തീരുന്നുവൊ അപ്രകാരം താൻതന്നെ അതാതു പലതരരൂപങ്ങളെ ധരിച്ചുംകൊണ്ടു ലോകത്തിൽ വ്യാപിച്ചിരിക്കുന്നു.

"തസ്മാദ്വിരാഡജായത വിരാജൊ അധിപൂരുഷഃ
സജാതൊ അത്യരിച്യത പശ്ചാത്ഭൂമിമഥൊ പുരഃ."

തസ്മാൽ=ആ ആദിനാരായണങ്കൽനിന്നു, വിരാട്=ബ്രഹ്മാണ്ഡത്തെ ദേഹമായി ധരിക്കുന്ന ഹിരണ്യഗർഭൻ, അജായത=ഉണ്ടായി, പൂരുഷഃ=ആദിപുരുഷൻ, വിരാജൊ അധി=ബ്രഹ്മാണ്ഡദേഹാഭിമാനിയാകുന്നു, ജാതഃ=ഉണ്ടായ, സഃ=ആ വിരാട്പുരുഷൻ, അത്യരിച്യത=ദേവതിര്യ്യഗാദിരൂപേണ ഏററവും പ്രകാശിച്ചു, പശ്ചാൽ=ദേവസൃഷ്ടിക്കുശേഷം, ഭൂമിം=ഭൂമിയെ, (സസർജ്ജ=സൃഷ്ടിച്ചു), അഥൊ=ഭൂസൃഷ്ടിക്കുശേഷം, പുരഃ=ജീവശരീരങ്ങളെയും, (സസർജ്ജ=സൃഷ്ടിച്ചു).

കഴിഞ്ഞ ഋക്കിൽ ആദിനാരായണൻ ജഗത്തിനെ വ്യാപിച്ച് സ്ഥിതിചെയ്യു എന്നു പറഞ്ഞു. ഈ ഋക്കു അതിനേത്തന്നെ സ്പഷ്ടപ്പെടുത്തുന്നു. ആ ആദിപുരുഷങ്കൽ നിന്ന് വിരാട് ഉണ്ടായി. അതായതു ദേവമനുഷ്യപശുപക്ഷിമുതലായ പലെ പ്രകാരമായും, അതിലും ബ്രാഹ്മണൻ ശൂദ്രൻ മുതലായ പലെ ഭേദങ്ങളോടും, അതിലും ധനികൻ ദരിദ്രൻ വിദ്വാൻ മൂഢൻ ബലവാൻ ദുർബ്ബലൻ മുതലായ അനേക ഭേദങ്ങളോടുകൂടിയ പ്രാണികളാലും, കല്ല് ജലം മരം മണ്ണ് മുതലായ പലപ്രകാരമായും, അതിലും മേരു ഗംഗാ കല്പവൃക്ഷം സ്വൎണ്ണം ഇപ്രകാരമുള്ള പല അചേതനങ്ങളാലും നിറഞ്ഞു വിചിത്രമായി കാണുന്നു ബ്രഹ്മാണ്ഡം. ആ ബ്രഹ്മാണ്ഡത്തെ ആധാരമാക്കി ആ ദേഹത്തിന്നു അഭിമാനിയായ ഒരു ദേഹമുണ്ടായി. യാതൊരു പരമാത്മാവ് വേദങ്ങളാൽ പ്രതിപാദിക്കപ്പെട്ടുവൊ ആ പരമാത്മാവുതന്നെ തൻെറ മായയാൽ ആശ്ചൎയ്യമായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മാണ്ഡത്തെ സൃഷ്ടിച്ച് അതിനെ തൻെറ ദേഹമാക്കി ആ ബ്രഹ്മാണ്ഡത്തിൽതന്നെ ജീവസ്വരൂപിയായിത്തീൎന്നു എന്നുതാല്പൎയ്യം. ഇതു അഥൎവ്വണവേദത്തിൽ 'സ വാ ഏഷ ഭൂതാനീന്ദ്രിയാണി വിരാജം ദേവതാഃ കോശാംശ്ച സൃഷ്ട്വാ പ്രവിശ്യാമൂഢോ മൂഢ ഇവ വ്യവഹരന്നാസ്തേ മായയൈവ' എന്ന ശ്രുതിയാൽ പറയപ്പെട്ടിരിക്കുന്നു. ബ്രഹ്മാണ്ഡത്തിൽ ജീവസ്വരൂപിയായി ഭവിച്ചതിന്നുശേഷം താൻതന്നെ ദേവമനുഷ്യാദികളായി ഭവിച്ച് ഭൂമിയെ സൃഷ്ടിച്ചു. അനന്തരം ജീവാത്മാക്കൾക്കു ശരീരങ്ങളേയും സൃഷ്ടിച്ചു.

"യൽപുരുഷേണ ഹവിഷാ ദേവാ യജ്ഞമതന്വത
വസന്തോ അസ്യാസീദാജ്യം ഗ്രീഷ്മഇധ്മശ്ശരദ്ധവിഃ."

ദേവാഃ-ദേവന്മാർ, യൽ-എപ്പോൾ, പുരുഷേണ-പുരുഷസ്വരൂപമായിരിക്കുന്ന, ഹവിഷാ-ഹവിസ്സിനാൽ, യജ്ഞം-ധ്യാനരൂപമായ യജ്ഞത്തിനെ, അതന്വത-ചെയ്യുവോ അപ്പോൾ, അസ്യ-ഈ ധ്യാനയജ്ഞത്തിന്നു, വസന്തഃ-വസന്തഋതു, ആജ്യം-നെയ്യായി, ആസീൽ-ഭവിച്ചു, ഗ്രീഷ്മഃ-ഗ്രീഷ്മഋതു, ഇധ്മഃ-സമിത്തായി, ആസീൽ-ഭവിച്ചു, ശരൽ-ശരദൃതു, ഹവിഃ-ഹവിസ്സായി, ആസീൽ-ഭവിച്ചു.

മുൻപറഞ്ഞ ക്രമപ്രകാരം ദേവശരീരത്തെ സൃഷ്ടിച്ചതിന്നുശേഷം ആ ദേവന്മാർ മേൽ സൃഷ്ടിക്കു സാധനമായ ഒരു യാഗത്തെ ആരംഭിച്ചു. അപ്പോൾ യാഗത്തിനുവേണ്ടുന്ന നെയ്യ് സമിത്ത് ഹവിസ്സ് മുതലായ സാധനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തതിനാൽ വിരാട് പുരുഷനേത്തന്നെ ആ യാഗത്തിൽ ഹവിസ്സായി സങ്കല്പിച്ച് ആ വിരാട് പുരുഷരൂപമായ ഹവിസ്സുകൊണ്ടു മാനസയാഗത്തെ ചെയ്തു. ജഗത്തുമുഴുവനും വിരാട് സ്വരൂപമാകയാൽ ആദ്യം വിരാട് പുരുഷനെ സാമാന്യഹവിസ്സായി സങ്കല്പിച്ചതിന്നുശേഷം വസന്തം ഗ്രീഷ്മം ശരത് എന്നിവകളെ നെയ്യ് സമിത്ത് പുരോഡാശം എന്നിങ്ങിനെ വിശേഷഹവിസ്സുകളായി കല്പിച്ചു. എന്നാൽ ഈ യാഗത്തിന്നു വസന്തം തന്നെ ആജ്യമായി ഭവിച്ചു. അതിനേത്തന്നെ ദേവന്മാർ ആജ്യമായി സങ്കല്പിച്ചു എന്നു താല്പര്യം. അപ്രകാരം ഗ്രീഷ്മ ഋതുതന്നെ ഇധ്മമായി ഭവിച്ചു. അതിനേത്തന്നെ

ഇധ്മമായി സങ്കല്പിച്ചു എന്നും അപ്രകാരം ശരദ്ഋതു ഹവിസ്സായി ഭവിച്ചു. അതിനെത്തന്നെ ദേവന്മാർ പുരോഡാശാദി ഹവിസ്സായി സങ്കല്പിച്ചു എന്നും ഇപ്രകാരം മുമ്പു പുരുഷനെ സാമാന്യഹവിസ്സായി സങ്കല്പിച്ചതിന്നു ശേഷം വസന്താദികളെ ആജ്യാദിവിശേഷഹവിസ്സായി സങ്കല്പിച്ചു എന്നു താല്പൎയ്യം.

"സപ്താസ്യാസൻ പരിധയഃ ത്രിസ്സപ്ത സമിധഃ കൃതാഃ
ദേവാ യദ്യജ്ഞംതന്വാനാഃ അബദ്ധ്നൻപുരുഷംപശും."

അസ്യ- ഈ മാനസികയാഗത്തിന്നു, സപ്ത-ഗായത്രി മുതലായ ഏഴു ഛന്ദസ്സുകൾ, പരിധയഃ-പരിസ്തരണരൂപസമിത്തുകളായി, ആസൻ=ഭവിച്ചു, ത്രിസ്സപ്ത-ഇരുപത്തൊന്നുകൾ, സമിധഃ-സമിത്തുകളായി, കൃതാഃ-ചെയ്യപ്പെട്ടു, ദേവാഃ-ദേവന്മാർ, യൽ-യാതൊരു, യജ്ഞം-മാനസയജ്ഞത്തെ, തന്വാനാഃ-ചെയ്യുകൊണ്ടു, പുരുഷം-വിരാട്പുരുഷനെ, പശും-ഹോമപശുവായി, അബദ്ധ്നൻ-യൂപത്തിൽ ബന്ധിച്ചു.

ആ യാഗത്തിൽ ഗായത്രി മുതലായ ഏഴു ഛന്ദസ്സുകളെ പരിധികളായും 'ദ്വാദശമാസാഃ പഞ്ചൎത്തവസ്ത്രയ ഇമെ ലോകാ അസാവാദിത്യ ഏകവിംശഃ' എന്ന ശ്രുതിപ്രകാരം മേടം മുതൽ 12മാസങ്ങൾ, വസന്തം മുതൽ 5 ഋതുക്കൾ, 3 ലോകങ്ങൾ, സൂൎയ്യൻ എന്നീ പ്രസിദ്ധങ്ങളായ 21 പദാൎത്ഥങ്ങളെ 21 സമിത്തുകളായി സങ്കല്പിച്ച്, പുലസ്ത്യൻ പുലഹൻ മുതലായ പ്രജാപതികൾ, ശരീരാന്തഃസഞ്ചാരിയായ പ്രാണൻ, ഇന്ദ്രിയാഭിമാനിദേവതകൾ ഇവർ മാനസയജ്ഞത്തെ ചെയ്യുന്നവരായിട്ട് ആ യാഗ

ത്തിൽ വിരാട്പുരുഷനേത്തന്നെ യാഗപശുവായി ഭാവി ച്ചു എന്ന ഈ അൎത്ഥംതന്നെ മുമ്പു 'പുരുഷേണ ഹവിഷാ' എന്നതുകൊണ്ടും പറയപ്പെട്ടിരിക്കുന്നു.

"തം യജ്ഞം ബൎഹിഷി പ്രൌക്ഷൻ പുരുഷം ജാതമഗ്രതഃ തേന ദേവാ അയജന്ത സാദ്ധ്യാ ഋഷയശ്ച യെ."

അഗ്രതഃ-ആദ്യമായി, ജാതം-ഉണ്ടായവനും, യ ജ്ഞം-ഹോമംചെയ്യാൻ യോഗ്യനായ, തം-പശുവായി ഭാ വിച്ച് യൂപത്തിൽ കെട്ടപ്പെട്ട ആ, പുരുഷം-വിരാട്പുരു ഷനെ, ബൎഹിഷി-മാനസയാഗത്തിൽ, പ്രൌക്ഷൻ-പ്രോ ക്ഷിച്ചു, തേന-ആ പുരുഷരൂപപശുവിനാൽ, സാദ്ധ്യാഃ-സൃഷ്ടിസാധനയോഗ്യന്മാരായ പ്രജാപതി മുതലായ, ദേ വാഃ-ദേവന്മാരും, യെ-യാവചിലർ, ഋഷയഃ-മന്ത്രദ്രഷ്ടാ ക്കന്മാരായ ഋഷികളൊ, (തെ-അവരെല്ലാവരും), അയജ ന്ത-യാഗംചെയ്തു.

യജ്ഞപശുവായി ഭാവിച്ച് യൂപത്തിൽ കെട്ടപ്പെട്ട സകല സൃഷ്ടിക്കുമുമ്പുള്ള ആ വിരാട്പുരുഷനെ തങ്ങൾ ചെയ്യുന്ന മാനസയാഗത്തിൽ ഉപയോഗിപ്പാൻവേണ്ടി സംസ്കാരരൂപമായ പ്രോക്ഷണത്തെ ചെയ്തു. അനന്തരം സൃഷ്ടിക്കു ഉപയോഗങ്ങളായ സാധനങ്ങളോടുകൂടി ദക്ഷൻ മുതലായ പ്രജാപതികൾ മുഖ്യപ്രാണൻ ഇവരും, ഇവ രാൽ ചെയ്യപ്പെടുന്ന സൃഷ്ടിക്കു അനുകൂലികളും, തങ്ങളുടെ തപസ്സുകൊണ്ടു പരമാത്മാവിനെ സന്തോഷിപ്പിച്ച് ആ പരമാത്മാവിങ്കൽനിന്നു സൃഷ്ടിക്കു ഉപയോഗങ്ങളായ വേ ദമന്ത്രങ്ങളെ പ്രാപിച്ച ഋഷികളും പ്രോക്ഷണം ചെയ്തു

പ്പെട്ട വിരാട്പുരുഷരൂപമായ പശുവിനെ മാനസയജ്ഞത്തിൽ ഹോമം ചെയ്തു.

"തസ്മാദ്യജ്ഞാത്സവ്വഹുതഃ സംഭൃതം പൃഷദാജ്യം
പശൂന്താംശ്ചക്രേ വായവ്യാൻ ആരണ്യാൻ ഗ്രാമ്യാശ്ചയെ."

സവ്വഹുതഃ-സവ്വാത്മകനായ പുരുഷൻ ഹോമദ്രവ്യമായിട്ടുള്ള, തസ്മാൽ-ആ പൂവ്വോക്ത മാനസമായ, യജ്ഞാൽ-യാഗത്തിൽനിന്നു, പൃഷദാജ്യം-തയിർ നെയ്യ് മുതലായ ഭോഗ്യവസ്തുസമൂഹം (ജഗൽകാരണഭൂതമായ വിശ്വം), സംഭൃതം-സമ്പാദിക്കപ്പെട്ടു (സൃഷ്ടിക്കപ്പെട്ടു), താൻ-ആ യജ്ഞസാധനങ്ങളായും, വായവ്യാൻ-വായുമാഗ്ഗത്തിൽ സഞ്ചരിക്കുന്നവകളായും, ആരണ്യാൻ-കാട്ടിൽ സഞ്ചരിക്കുന്നവകളുമായ, പശൂൻ-പശുക്കളെ, ചക്രെ-സൃഷ്ടിച്ചു, യെ-യാവചില, ഗ്രാമ്യാശ്ച=ഗ്രാമത്തിലിരിക്കുന്ന മൃഗങ്ങളുണ്ടോ, താംശ്ച-അവകളേയും, ചക്രെ-സൃഷ്ടിച്ചു.

സകലപദാത്ഥസ്വരൂപമായ പരമാത്മാവു യാതൊരു യാഗത്തിൽ ആഹ്വാനം ചെയ്യപ്പെടുന്നുവൊ ആ യാഗത്തിന്നു സവ്വഹുത് എന്നു പേർ. പരമാത്മാവെ ഉദ്ദേശിച്ചു ഹോമം ചെയ്യപ്പെടുന്ന ആ മാനസയാഗത്തിൽനിന്നു തയിർ നെയ്യ് മുതലായ ഭോഗ്യവസ്തുക്കൾ ഉണ്ടായി. വായുദൈവതങ്ങളായും ലോകപ്രസിദ്ധങ്ങളുമായ പശുക്കളെ വിരാട്പുരുഷൻ സൃഷ്ടിച്ചു. അപ്രകാരം കാട്ടിൽ സഞ്ചരിക്കുന്ന രണ്ടു കുളമ്പുകളോടുകൂടിയ മൃഗങ്ങളേയും, ഗ്രാമത്തിൽ സഞ്ചരിക്കുന്ന കുതിര മുതലായതുകളെയും സൃഷ്ടിച്ചു. 'വായവസ്ഥേത്യാഹ', 'വായുവ്വാ അന്തരിക്ഷസ്യാദ്ധ്യ

ക്ഷഃ', 'അന്തരിക്ഷദേവത്യാഃ ഖലുവൈ പശവഃ വായവ ഏ്യവൈനാൻ പരിദദാതി' എന്നതുകൊണ്ട് പശുക്കൾ ക്കു അന്തരിക്ഷം ദേവതയായിരിക്കുന്നതിനാൽ വായുദൈവത്യങ്ങൾ എ്യന്നു പറയുന്നു. അതു എങ്ങിനെ എന്നാൽ പശുക്കളുടെ ദേവതയായ അന്തരിക്ഷത്തിന്നു വായു ദേവതയായതിനാൽ വായുതന്നെ പശുക്കൾക്കു ദേവതയെന്നും ഈ ശ്രുതികൊണ്ടു പറയപ്പെട്ടിരിക്കുന്നു.

"തസ്മാദ്യജ്ഞാത്സർവ്വഹുതഃ ഋചസ്സാമാനി ജജ്ഞിരെ
ഛന്ദാഗ്ംസി ജജ്ഞിരെ തസ്മാൽ യജുസ്തസ്മാദജായത."

സർവ്വഹുതഃ-സർവ്വാത്മകനായ പുരുഷൻ ഹോമദ്രവ്യമായിട്ടുള്ള, തസ്മാൽ-അപ്രകാരം പ്രസിദ്ധമായ, യജ്ഞാൽ-മാനസയാഗത്തിൽനിന്നു, ഋചഃ-ഋഗ്വേദങ്ങളും, സാമാനി-സാമവേദങ്ങളും, ജജ്ഞിരെ-ഉണ്ടായി, തസ്മാൽ-ആ മാനസയാഗത്തിൽനിന്നു (വിരാട്പുരുഷനികൽനിന്നു), ഛന്ദാംസി-ഗായത്ര്യാദി ഛന്ദസ്സുകൾ, ജജ്ഞിരെ-ഉണ്ടായി, തസ്മാൽ-ആ മാനസയാഗത്തിൽനിന്നു, യജുഃ-യജുർവ്വേദം, അജായത-ഉണ്ടായി.

സർവ്വാത്മകനായ പുരുഷൻ യാതൊരു യജ്ഞത്തിൽ ഹോമിക്കപ്പെടുന്നുവൊ (ധ്യാനിക്കപ്പെടുന്നുവൊ) അതിനെ സർവ്വഹുത്ത് എന്നു പറയുന്നു. ആ സർവ്വഹുത്ത് എന്ന യാഗത്തിൽ ദേവന്മാരാൽ പശുവായി ഭാവിക്കപ്പെട്ട വിരാട്പുരുഷനികൽനിന്നു ഋഗ്വേദം, യജുർവ്വേദം, സാമവേദം, ത്രിഷ്ടുപ് മുതലായ ഛന്ദസ്സു എന്നിവ ഉണ്ടായി. ശേഷം സ്പഷ്ടം.

"തസ്മാദശ്വാ അജായന്ത യെ കെ ചോഭയാദതഃ
ഗാവോഹ ജജ്ഞിരെ തസ്മാൽ തസ്മാജ്ജാതാ അജാവയഃ."

തസ്മാൽ=ആ യജ്ഞപുരുഷനിങ്കൽനിന്നു, അശ്വാഃ= കുതിരകഠം, അജായന്ത=ഉണ്ടായി, ഉഭയാദതഃ=രണ്ടുഭാഗത്തും പല്ലുകളോടുകൂടിയ, യെ കെച=യാതൊരു മൃഗങ്ങളുണ്ടോ അവകളും, ഗാവോഹ=യജ്ഞത്തിന്നുപയോഗമായ പശുക്കളും, തസ്മാൽ=ആ യാഗത്തിൽനിന്നു, ജജ്ഞിരെ= ഉണ്ടായി, തസ്മാൽ-ആ യാഗത്തിൽനിന്നു, അജാവയഃ= കോലാടു ചെമ്മരിയാടു മുതലായവകളും ജാതാഃ=ഉണ്ടായി.

കുതിരകളും, ഒരു ഭാഗത്തിൽ പല്ലുകളോടുകൂടിയ പശുക്കളും, ഇരുഭാഗങ്ങളിലും പല്ലുകളോടുകൂടിയ കഴുതമുതലായ മൃഗങ്ങളും, യാഗത്തിൽ യാതൊരു പശുക്കളുടെ തയിർപാലുകഠം ഉപയോഗപ്പെടുത്തേണ്ടതൊ ആ പശുക്കളും, ആടുകളും, ഗരുഡൻ മുതലായ പക്ഷികളും ആ വിരാട് പുരുഷനിങ്കൽനിന്നുണ്ടായി.

"യൽപുരുഷം വ്യദധുഃ കതിധാ വ്യകല്പയൻ
മുഖം കിമസ്യ കൌ ബാഹൂ കാവൂരൂപാദാവുച്യേതെ."

യൽ=എപ്പോഠം, പുരുഷം=വിരാട് പുരുഷനെ, വ്യദധുഃ=പശുവായി ചെയ്യുവൊ, (തദാ=അപ്പോഠം), കതിധാ=എത്രവിധമായി, വ്യകല്പയൻ=മനസ്സങ്കല്പത്താൽ സൃഷ്ടിച്ചു, അസ്യ=ഈ വിരാട്പുരുഷൻെറ, മുഖം=മുഖം, കിം=എതൊന്നായി, ആസീൽ=ഭവിച്ചു, ബാഹൂ=കൈകഠ, കൌ=എതുകളായി, ഉച്യേതെ=പറയപ്പെടുന്നു, ഊരൂ=തുടകഠ, കൌ=എതുകളായി, ഉച്യേതെ=പറയപ്പെട്ടു

ന്നു, പാദൌ=കാലുകൾ, കൌ=ഏതുകളായി ഉച്യേതെ=
പറയപ്പെടുന്നു.

യാഗത്തിന്നു കർത്താക്കന്മാരായ ബ്രാഹ്മണൻ മുതലായവരുടെ സൃഷ്ടിയെ മേൽ പറയുന്നു. അതിനെ പ്രശ്നോത്തരരൂപമായി പറവാൻവേണ്ടി ആദ്യം പ്രശ്നം ചെയ്യുന്നു. ദേവന്മാർ മാനസയാഗത്തിൽ പുരുഷനെ പശുവായി കല്പിച്ചപ്പോൾ പുരുഷൻെറ അവയവങ്ങൾ എതുവിധമായി കല്പിക്കപ്പെട്ടു. ഏതേതു അവയവങ്ങളിൽനിന്നു ഏതേതു പദാൎത്ഥങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നു സാമാന്യപ്രശ്നം ചെയ്തു. മേൽ വിശേഷമായി പ്രശ്നം ചെയ്യപ്പെടുന്നു. മുഖം, കൈ, തുട, കാൽ ഇവകൾ ഏതേതു പദാൎത്ഥങ്ങളായി ഭവിച്ചു. ഈ അവയവങ്ങളിൽനിന്നു എവർ ഉണ്ടായി എന്നു പ്രശ്നത്തിൻെറ താല്പൎയ്യം.

"ബ്രാഹ്മണോസ്യ മുഖമാസിൽ ബാഹൂരാജന്യഃ കൃതഃ
ഊരൂ തദസ്യയദ്വൈശ്യഃ പദ്ഭ്യാം ശൂദ്രോഅജായത."

അസ്യ-ഈ വിരാട്പുരുഷൻെറ, മുഖം-മുഖമായി, ബ്രാഹ്മണഃ-ബ്രാഹ്മണൻ, ആസിൽ-ഭവിച്ചു, ബാഹൂ-ബാഹുക്കളായി, രാജന്യഃ-ക്ഷത്രിയൻ, കൃതഃ-ചെയ്യപ്പെട്ടു, യൽ-യാതൊരു, ഊരൂ-തുടകളൊ, തൽ-അതുകളായി, വൈശ്യഃ-വൈശ്യൻ, (കൃതഃ-ചെയ്യപ്പെട്ടു), പദ്ഭ്യാം-പാദങ്ങളിൽനിന്നു, ശൂദ്രഃ-ശൂദ്രൻ, അജായത-ഉണ്ടായി.

ഉത്തരം പറയുന്നു. ഈ വിരാട്പുരുഷൻെറ മുഖം ബ്രാഹ്മണനായി ഭവിച്ചു. എന്നാൽ ബ്രാഹ്മണൻ ഈ വിരാട്മുഖത്തിൽനിന്നുണ്ടായി എന്നൎത്ഥം. ഇപ്രകാരം

കൈ തുട കാൽ ഇതുകളിൽനിന്നു ക്രമമായി ക്ഷത്രിയ വൈശ്യശൂദ്രന്മാർ ഉണ്ടായി. വിരാട്പുരുഷന്റെ മുഖാദികളിൽനിന്നു ബ്രാഹ്മണാദികളുടെ ഉൽപത്തി യജുസ്സംഹിതയിൽ ഏഴാം കാണ്ഡത്തിൽ പ്രഥമപ്രശ്നത്തിൽ പ്രഥമാനുവാകത്തിൽ 'പ്രജാപതിരകാമയത പ്രജായേയേതി സമുഖതസ്ത്രിവൃതം നിരമിമീത' എന്ന ദിക്കിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നതിനാൽ ഇവിടേയുള്ള പ്രശ്നോത്തരവാക്യങ്ങൾക്കും ഇതുതന്നേയാണത്ഥമെന്നു അറിയേണ്ടതാണു.

"ചന്ദ്രമാ മനസൊ ജാതഃ ചക്ഷോസ്സൂയ്യോ അജായത
മുഖാദിന്ദ്രശ്ചാഗ്നിശ്ച പ്രാണാദ്വായുരജായത."

മനസഃ=മനസ്സിൽനിന്നു, ചന്ദ്രമാഃ=ചന്ദ്രൻ, ജാതഃ=ഉണ്ടായി, ചക്ഷോഃ=കണ്ണിൽനിന്നു, സൂയ്യഃ=സൂയ്യൻ, അജായത=ഉണ്ടായി, മുഖാൽ=മുഖത്തിൽനിന്നു, ഇന്ദ്രശ്ച=ഇന്ദ്രനും, അഗ്നിശ്ച=അഗ്നിയും, (അജായേതാം=ഉണ്ടായി), പ്രാണാൽ=പ്രാണനിൽനിന്നു, വായുഃ=വായു, അജായത=ഉണ്ടായി.

സവ്വലോകത്തിന്നും ഉപകാരമായ സൃഷ്ടിയെ പറയുന്നു. വിരാട്പുരുഷന്റെ മനസ്സിൽനിന്നു ലോകത്തിൽ എല്ലാവക്കും സന്തോഷത്തെ ചെയ്യുന്ന ചന്ദ്രൻ ഉണ്ടായി. കണ്ണിൽനിന്നു ലോകത്തിലുള്ള അന്ധകാരത്തെ നീക്കി സകലവസ്തുക്കളെ പ്രകാശിപ്പിക്കുന്ന സൂയ്യൻ ഉണ്ടായി. മുഖത്തിൽനിന്നു ഇന്ദ്രനും അഗ്നിയും ഉണ്ടായി. പ്രാണനിൽനിന്നു സവ്വപ്രാണികളുടെ ജീവനത്തിന്നു ഹേതുവായ വായു ഉണ്ടായി.

"നാഭ്യാ ആസീദന്തരിക്ഷം ശീർഷ്ണോദ്യൗസ്സമവർത്തത
പദ്ഭ്യാം ഭൂമിർദിശഃ ശ്രോത്രാൽ തഥാ ലോകാഗ്ം അകല്പ
യൻ."

നാഭ്യാഃ-നാഭിയിൽനിന്നു, അന്തരിക്ഷം-ആകാശം, ആസീൽ-ഉണ്ടായി, ശീർഷ്ണഃ-ശിരസ്സിൽനിന്നു, ദ്യൗഃ-സ്വർഗ്ഗലോകം, സമവർത്തത-സമ്യക്കാകുംവണ്ണം ഉണ്ടായി, പദ്ഭ്യാം-കാലുകളിൽനിന്നു, ഭൂമിഃ-ഭൂലോകം, ആസീൽ-ഉണ്ടായി, ശ്രോത്രാൽ-ചെവിയിൽനിന്നു, ദിശഃ-ദിക്കുകഠം, ആസൻ-ഉണ്ടായി, തഥാ-അപ്രകാരം, ലോകാൻ-ലോകങ്ങളെ, അകല്പയൻ-സൃഷ്ടിച്ചു.

വിരാട്പുരുഷൻെറ നാഭിയിൽനിന്നു ആകാശവും ശിരസ്സിൽനിന്നു സ്വർഗ്ഗലോകവും ഉണ്ടായി. സ്വർഗ്ഗലോകത്തെ പറഞ്ഞത്—സ്വർഗ്ഗലോകംമുതൽ സത്യലോകംവരെ മേൽഭാഗത്തിലുള്ള എല്ലാ ലോകങ്ങളും എന്നു താല്പര്യം.കാലുകളിൽനിന്നു ഭൂലോകമുണ്ടായി. ഇവിടേയും ഭൂലോകത്തെ പറഞ്ഞത്—ഭൂലോകംമുതൽ പാതാളംവരേയുള്ള ലോകങ്ങഠം എന്നു താല്പര്യമാകുന്നു. ശ്രോത്രത്തിൽനിന്നു ദിക്കുകളും ഉണ്ടായി. ഇന്ദ്രൻ മുതലായ ദേവന്മാർ വിരാട്പുരുഷനിങ്കൽനിന്നു യാതൊരു പ്രകാരം ഉണ്ടായൊ അപ്രകാരം പ്രാണൻ ഇന്ദ്രിയം മുതലായ ദേവന്മാർ അന്തരിക്ഷം സ്വർഗ്ഗം മുതലായ ലോകങ്ങളെ വിരാട്പുരുഷൻെറ നാഭി മുതലായ അവയവങ്ങളിൽനിന്നു സൃഷ്ടിച്ചു എന്നു താല്പര്യം.

"വേദാഹമേതം പുരുഷം മഹാന്തം
ആദിത്യവൎണ്ണം തമസസ്തു പാരെ
സൎവ്വാണി രൂപാണി വിചിത്യ ധീരഃ
നാമാനി കൃത്വാഭിവദന്യദാസ്തേ."

യൽ=യാതൊരുപരമാത്മാവു, സൎവ്വാണി=സമസ്തങ്ങളായ്, രൂപാണി=ദേവമനുഷ്യാദിശരീരങ്ങളെ, വിചിത്യ=വിശേഷമായി പ്രാപിച്ച്, നാമാനി=ദേവമനുഷ്യാദി നാമാക്കളെ, കൃത്വാ=ചെയ്തുകൊണ്ടു, അഭിവദൻ=ആ നാമങ്ങളേക്കൊണ്ടു പലവിധത്തിൽ വ്യവഹരിച്ചുകൊണ്ടും, ആസ്തേ=സ്ഥിതിചെയ്യുവൊ, മഹാന്തം=ശ്രേഷ്ഠനായും, തമസഃ=മൂലപ്രകൃതിക്കു, പാരെ=മേലായി സ്ഥിതിചെയ്യുന്നവനും, ആദിത്യവൎണ്ണം=സൂൎയ്യനെപ്പോലെ പ്രകാശിക്കുന്ന എതം=ഈ, പുരുഷം=ആദിനാരായണനെ, ധീരഃ=മനൊനിഗ്രഹംചെയ്യപ്പെട്ടുകൊണ്ടു, അഹം=അഹം പദത്തിന്നു അൎത്ഥമായിരിക്കുന്ന ഈ ഞാൻ, വേദ=ധ്യാനംകൊണ്ടു എപ്പോഴും അറിയുന്നു. (അനുഭവിക്കുന്നു).

ഈ അനുവാകത്തിൽ പരമപുരുഷൻെറ അനുഗ്രഹത്തെ പ്രാപിച്ച നാരായണൻ എന്ന ഋഷി ധ്യാനത്താൽ വിരാട്പുരുഷനെ സാക്ഷാൽകരിച്ച സമ്പ്രദായത്തെ പറയുന്നു. യാതൊരു വിരാട്പുരുഷൻ ദേവനെന്നും മനുഷ്യനെന്നും പശുവെന്നും പക്ഷിയെന്നും പറയപ്പെടുന്ന അനേകപ്രാണികളുടെ ശരീരത്തെ സൃഷ്ടിച്ച് അതിന്നു ദേവൻ മനുഷ്യൻ പശു പക്ഷി മുതലായ പേരുകളേയും കല്പിച്ച് ആ പേരുകൾ ലോകത്തിൽ പ്രസിദ്ധമാകുവാൻവേണ്ടി താൻ അതുകളെ ആദ്യം വ്യവഹരിച്ചുകൊണ്ടി

രുന്നുവൊ അപ്രകാരമുള്ള സകലഗുണങ്ങളോടുകൂടിയവനായി സൂൎയ്യനെപ്പോലെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന വിരാട് പുരുഷനെ ഞാൻ സാക്ഷാൽകാരം ചെയ്യുന്നു. ആ പുരുഷൻ പ്രകൃതിയിൽനിന്നു പൃഥക്കായിരിക്കുന്നു. അതിനാൽ ഒരു ഗുരുവെ ആശ്രയിക്കാതേയും ശാസ്ത്രത്തെ അധികരിക്കാതേയുമുള്ള മൂഢന്മാൎക്കു ആ വിരാട് പുരുഷൻെറ സാക്ഷാൽകാരാനുഭവം ഉണ്ടാവുന്നതല്ല.

"ധാതാ പുരസ്താദ്യമുദാജഹാര
ശക്രഃ പ്രവിദ്വാൻ പ്രദിശശ്ചതസ്രഃ
തമേവം വിദ്വാനമൃത ഇഹ ഭവതി
നാന്യഃ പന്ഥാ അയനായ വിദ്യതെ."

യം-യാതൊരു വിരാട് പുരുഷനെ, പുരസ്താൽ-മുമ്പു, ധാതാ-ബ്രഹ്മാവു, ഉദാജഹാര-ധ്യാനികൾക്കുവേണ്ടി പ്രകാശിപ്പിച്ചുവൊ, ചതസ്രഃ പ്രദിശഃ-നാലു ദിക്കുകളിലുമുള്ള എല്ലാ പ്രാണികളേയും, പ്രവിദ്വാൻ-നന്നായി അറിഞ്ഞുകൊണ്ടു, ശക്രഃ-ഇന്ദ്രൻ, യം-യാതൊരു വിരാട് പുരുഷനെ, ഉദാജഹാര-പ്രകാശപ്പെടുത്തിയൊ, തം-ആ വിരാട് പുരുഷരൂപത്തെ, ഏവം-ഇപ്രകാരം, വിദ്വാൻ-അറിയുന്നവൻ (സാക്ഷാൽകരിക്കുന്നവൻ), ഇഹ-ഈ ജന്മത്തിൽതന്നെ, അമൃതഃ-മുക്തനായി (മരണധൎമ്മമില്ലാത്തവനായി), ഭവതി-ഭവിക്കുന്നു, അയനായ-മോക്ഷത്തിന്നായ്ക്കൊണ്ടു, അന്യഃ-വേറെ ഒരു, പന്ഥാഃ-വഴി, നവിദ്യതെ-ഇരിക്കുന്നില്ല.

ബ്രഹ്മാവു ഈ വിരാട് പുരുഷൻെറ സ്വരൂപത്തെ എല്ലാവരും അറിഞ്ഞു ധ്യാനിപ്പാൻവേണ്ടി പ്രകാശിപ്പി

ച്ചു. പ്രദിശശ്ചതസ്രഃ=എല്ലാദിക്കുകളിലുമുള്ള പ്രാണികളെ, പ്രവിദ്വാൻ=നല്ലവണ്ണം അറിഞ്ഞ, ശക്രഃ=ഇന്ദ്രൻ സകലപ്രാണികളുടെ ദുഃഖാവസ്ഥയെ കണ്ടു അവരിൽ ദയയോടുകൂടി അവരുടെ മോക്ഷത്തിന്നായി ഈ വിരാട്പുരുഷന്റെ സ്വരൂപത്തെ എല്ലാവൎക്കും അറിയത്തക്കവണ്ണം പ്രകാശിപ്പിച്ചു. ആ വിരാട്പുരുഷനെ മുൻപറഞ്ഞപ്രകാരം യാതൊരുത്തൻ അറിയുന്നുവൊ അവൻ ഈ ജന്മത്തിൽതന്നെ മുക്തനായിത്തീരുന്നു. എപ്പോൾ 'ഞാൻ=വിരാട്പുരുഷൻ' എന്നു ജീവാത്മസ്വരൂപവും പരമാത്മസ്വരൂപവും ഒന്നാണെന്നറിയുന്നുവൊ അപ്പോൾ തന്റെ ശരീരം മുതലായവകളിൽ ആത്മഭ്രാന്തി പോയി ജ്ഞാനിയായിത്തീൎന്നു മുമ്പു ആത്മാവായി വിചാരിച്ചിരുന്ന ശരീരം നശിച്ചാലും തന്നെ നശിച്ചതായി വിചാരിക്കുകയില്ല. മോക്ഷത്തിന്നു ഇപ്രകാരമുള്ള വിരാട് പുരുഷന്റെ സാക്ഷാൽകാരമൊഴിച്ച് വേറെ മാൎഗ്ഗമില്ല. ധൎമ്മാത്ഥകാമങ്ങൾ മോക്ഷത്തിന്നു കാരണമല്ലെന്നു പറഞ്ഞിരിക്കുന്നതിനാൽ അദ്വൈതജ്ഞാനം ഒന്നുതന്നെ മോക്ഷത്തിന്നു സാധനമെന്നു താല്പൎയ്യം.

"യജ്ഞേന യജ്ഞമയജന്ത ദേവാഃ
താനി ധൎമ്മാണി പ്രഥമാന്യാസൻ
തേഹ നാകം മഹിമാനസ്സചന്തെ
യത്ര പൂൎവ്വേ സാദ്ധ്യാസ്സന്തിദേവാഃ."

ദേവാഃ-പ്രജാപതി പ്രാണരൂപന്മാരായ ദേവന്മാർ, യജ്ഞേന-പൂൎവ്വോക്ത മനസ്സങ്കല്പംകൊണ്ടു, യജ്ഞം-യജ്ഞപുരുഷനെ, അയജന്ത-ധ്യാനിച്ചു, താനി-ആ, ധൎമ്മാണി-

ജഗദ്രൂപവികാരങ്ങളായ യാഗധമ്മങ്ങാം, പ്രഥമാനി-മുഖ്യങ്ങളായി, ആസൻ-ഭവിച്ചു, യത്ര-യാതൊരു വിരാട് പ്രാപ്തിരൂപമായ പരമപദത്തിൽ, പൂൎവ്വേ-പ്രാചീനന്മാരായ, സാദ്ധ്യാഃ-വിരാഡുപാസകന്മാരായ, ദേവാഃ-ദേവന്മാർ, സന്തി-വസിക്കുന്നുവോ, തം നാകം-ആ പരമപദത്തെ, തെ-അപ്രകാരം ധ്യാനം ചെയ്യുന്ന, മഹിമാനഃ-വിരാഡുപാസകന്മാരായ മഹാന്മാർ, സചന്തെ-പ്രാപിക്കുന്നു.

ഈ അനുവാകത്തിൻെറ അൎത്ഥത്തെ ചുരുക്കമായി പറയുന്നു ഈ മന്ത്രം. പ്രാണൻ മുതലായ ദേവന്മാർ മുമ്പുപറയപ്പെട്ട മാനസയാഗംകൊണ്ടു വിരാട്പുരുഷനെ ധ്യാനിച്ചു. ഇപ്രകാരം ജഗത്ത് വികാരത്തെ പ്രാപിക്കുവാൻ കാരണമായും പ്രസിദ്ധമായും മുഖ്യമായും ഉള്ള ഭൂതപഞ്ചകം ഉണ്ടായി. യാതൊരു വിരാട്സ്വരൂപത്തിൽ ഭഗവത്ഭക്തിയോടുകൂടിയ മഹാന്മാർ വസിക്കുന്നുവൊ (ഭഗവാനിങ്കൽ ഭക്തിയോടുകൂടി ഏതൊരു വിരാട്സ്വരൂപത്തെ മഹാന്മാർ പ്രാപിച്ചുവൊ) ആ വിരാട്സ്വരൂപമായ സ്വൎഗ്ഗത്തിനെ വിരാട്സ്വരൂപോപാസകന്മാർ പ്രാപിക്കുന്നു. ഈ മന്ത്രത്തിൽ ആദ്യത്തെ പകുതികൊണ്ടു ഈ അനുവാകത്തിൽ പറഞ്ഞ സൃഷ്ടിക്രമവും, രണ്ടാമത്തെ പകുതികൊണ്ടു 'വേദാഹം' എന്ന മന്ത്രത്തിൽപറഞ്ഞ ഭഗവദുപാസനയും അതിൻെറ ഫലവും പറയപ്പെട്ടു.

## അഥ ഉത്താനാരായണാനുവാകഃ

"അദ്ഭ്യസ്സംഭൂതഃ പൃഥിവ്യൈ രസാച്ച
വിശ്വകർമ്മണസ്സമവർത്തതാധി
തസ്യ ത്വഷ്ടാ വിദധദ്രൂപമേതി
തൽപുരുഷസ്യ വിശ്വമാജാനമഗ്രേ."

സഃ-ആ വിരാട്, അദ്ഭ്യഃ-ജലത്തിൽനിന്നും, പൃഥിവ്യൈ-ഭൂമിയുടെ സംബന്ധിയായ, രസാച്ച-സാരമായ രസത്തിൽനിന്നും, സംഭൂതഃ-ചരാചരപ്രപഞ്ചരൂപമായി ഭവിച്ചു, യഃ-യാതൊരു വിരാട്പുരുഷൻ, വിശ്വകർമ്മണഃ-സർവ്വേശ്വരനികൽനിന്നു, അധി-മുമ്പിൽ, സമവർത്തത്-ഉണ്ടായൊ, ത്വഷ്ടാ-ജഗൽകർത്താവായ സർവ്വേശ്വരൻ, തസ്യ-ആ അണ്ഡാഭിമാനിപുരുഷന്നു, രൂപം-14ലോകങ്ങളായ സ്വരൂപത്തെ, വിദധൽ-ചെയ്യുന്നവനായി, ഏതി-പ്രവൃത്തിച്ചു, പുരുഷസ്യ-വിരാട്പുരുഷന്റെ, തൽ-ആ, വിശ്വം-ദേവമനുഷ്യാദിരൂപമായ സകല ജഗത്തും, അഗ്രെ-വ്യഷ്ടിക്കു മുമ്പിൽ, ആജാനം-സമഷ്ടിരൂപമായുണ്ടായി.

വിരാട് എന്നു പറയപ്പെടുന്ന ബ്രഹ്മാണ്ഡമായതു ജലംകൊണ്ടും ഭൂമികൊണ്ടും ഉണ്ടായി. അതിൽ കഠിനമായ ഭാഗം ഭൂമിയും, മൃദുവായ ഭാഗം ജലമായും ചേന്നു അണ്ഡമായിത്തീന്നു. ആ അണ്ഡം സർവ്വേശ്വരനാൽ ഉണ്ടായി. സർവ്വേശ്വരൻ എന്നവൻ ബ്രഹ്മാണ്ഡത്തിന്നു അഭിമാനിപുരുഷൻ. ആ സർവ്വേശ്വരൻ അണ്ഡത്തിലുള്ള 14 ലോകങ്ങളിൽ അതാതു പ്രാണികളുടെ കർമ്മഫലങ്ങളെ

അനുഭവിപ്പാൻ തക്കതായ ദേവമനുഷ്യാൻ മുതലായ 84ലക്ഷം ജീവരാശികളെയും സൃഷ്ടിച്ചു എന്നും ഇതിനാൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

"വേദാഹമേതം പുരുഷം മഹാന്തം
ആദിത്യവൎണ്ണം തമസഃ പരസ്താൽ
തമേവം വിദ്വാനമൃത ഇഹ ഭവതി
നാന്യഃ പന്ഥാ വിദ്യതേയനായ."

ഏതം-ഈ, മഹാന്തം-മഹാനായിരിക്കുന്നവനും, ആദിത്യവൎണ്ണം-സൂൎയ്യൻെറ കാന്തിപോലേയുള്ള കാന്തിയോടുകൂടിയവനും, തമസഃ-മൂലപ്രകൃതിക്കു, പരസ്താൽ-മേലായിരിക്കുന്ന, പുരുഷം-പരമാത്മാവെ, അഹം-ഞാൻ, വേദ-അറിയുന്നു, തം-ആ പരമാത്മാവിനെ, ഏവം-ഇപ്രകാരം, വിദ്വാൻ-അറിയുന്നവൻ, ഇഹ-ഈ ജന്മത്തിൽ, അമൃതഃ-മുക്തനായി, ഭവതി-ഭവിക്കുന്നു, അയനായ-മോക്ഷത്തിന്നായ്ക്കൊണ്ടു, അന്യഃ-വേറെ ഒരു, പന്ഥാഃ-മാൎഗ്ഗം, ന വിദ്യതെ-ഇല്ല.

ബ്രഹ്മാണ്ഡംമുതൽ നമ്മുടെ ശരീരംവരേയുള്ള സകല ജഗത്തിന്നു കാരണമായും മൂലപ്രകൃതിക്കു മേലായി സ്ഥിതിചെയ്യുന്നവനും, ശുദ്ധസത്വമയനായും, സൂൎയ്യകോടിപ്രകാശമുള്ളവനുമായ പരമപുരുഷനെ ഞാൻ അറിയുന്നു. ഇപ്രകാരം അറിയുന്നവൻ ഈ ജന്മത്തിൽതന്നെ മോക്ഷത്തെ പ്രാപിക്കുന്നു. ഈ പരമാത്മാവിൻെറ ഉപാസന ഒന്നുകൊണ്ടല്ലാതെ മോക്ഷത്തിന്നു വേറെ ഒരു ഉപായവുമില്ലെന്നു താല്പൎയ്യം.

"പ്രജാപതിശ്ചരതി ഗർഭേ അന്തഃ
അജായമാനോ ബഹുധാ വിജായതെ
തസ്യ ധീരാഃ പരിജാനന്തി യോനിം
മരീചീനാം പദമിച്ഛന്തി വേധസഃ."

. പ്രജാപതിഃ=സർവ്വപ്രപഞ്ചകാരണഭൂതനായ പരമാത്മാവു, അന്തർഗർഭേ=ബ്രഹ്മാണ്ഡത്തിന്നുള്ളിൽ, ചരതി=ദിവ്യമംഗളരൂപധാരിയായി സഞ്ചരിക്കുന്നു, സഃ=ആ പരമാത്മാവു, അജായമാനഃ=വസ്തുതഃ ഉൽപത്തി ഇല്ലാത്തവനായാലും, ബഹുധാ=പലെ പ്രകാരമായി, വിജായതെ=അവതരിക്കുന്നു, തസ്യ=ആ പരമാത്മാവിൻെറ, യോനിം=അവതാരകാരണത്തെ, ധീരാഃ=മനോനിഗ്രഹംചെയ്യ ബുദ്ധിമാന്മാർ, പരിജാനന്തി=നല്ലവണ്ണം അറിയുന്നു, വേധസഃ=സൃഷ്ടികർത്താക്കന്മാർ, (തമേവ=ആ പരമാത്മാവിനെ ത്തന്നെ, ഉപാസ്യ=ഉപാസിച്ച്), മരീചീനാം=മരീചിമുതലായ ഋഷികളുടെ, പദം=സ്ഥാനത്തെ, ഇച്ഛന്തി=ഇച്ഛിക്കുന്നു.

ബ്രഹ്മാണ്ഡത്തിന്നഭിമാനിയായ പുരുഷൻ ബ്രഹ്മാണ്ഡത്തിന്നു ദേവമനുഷ്യാദിശരീരങ്ങളെ പരിഗ്രഹിച്ച സഞ്ചരിക്കുന്നു. അദ്ദേഹത്തിൻെറ സ്വരൂപം ജ്ഞാനാനന്ദസ്വരൂപമാകയാൽ ഉൽപത്തിയില്ലെങ്കിലും മായയെ സ്വീകരിച്ച് അനേകരൂപമായി ജനിക്കുന്നു. അദ്ദേഹത്തിൻെറ വാസ്തവസ്വരൂപത്തെ ജ്ഞാനികൾ അറിയുന്നു. അവാന്തരസൃഷ്ടികർത്താക്കന്മാർ ഈ ആദിനാരായണനെ സേവിച്ചുതന്നെ സൃഷ്ടികർത്താക്കന്മാരായി ഭവിക്കുന്നു.

"യൊ ദേവേഭ്യ ആതപതി
യൊ ദേവാനാം പുരോഹിതഃ
പൂൎവ്വൊ യൊ ദേവേഭ്യൊ ജാതഃ
നമൊ രുചായ ബ്രാഹ്മയെ."

യഃ=യാതൊരു നാരായണൻ, ദേവേഭ്യഃ=ദേവന്മാൎക്കു വേണ്ടി, ആതപതി=അതാതുസമയം ആവിൎഭവിക്കുന്നുവൊ, യഃ=യാതൊരു പരമാത്മാവു, ദേവാനാം=നിത്യസൂരികൾക്കു, പുരോഹിതഃ=ആചാൎയ്യനാകുന്നുവൊ, യഃ=യാതൊരു പരമാത്മാവു, ദേവേഭ്യഃ=നിത്യസൂരികളേക്കാൾ, പൂൎവ്വഃ=ആദ്യം, ജാതഃ=ഉണ്ടായ ഹിരണ്യഗൎഭരൂപനായി ഭവിച്ചുവൊ, രുചായ=സ്വപ്രകാശരൂപനായി, ബ്രാഹ്മയെ=വേദാന്തപ്രതിപാദ്യനായ, (തസ്മൈ=ആ പരമാത്മാവിന്നായ്ക്കൊണ്ടു), നമഃ=നമസ്കാരം.

യാതൊരു സൎവ്വേശ്വരൻ ദേവന്മാരുടെ ഹൃദയത്തിൽ പ്രവേശിച്ചു ദേവതയായി പ്രകാശിക്കുന്നുവൊ; എവൻ ബൃഹസ്പതിയായിരിക്കുന്നുവൊ; എവൻ ദേവതകൾക്കു പ്രധാനനായ ബ്രഹ്മാവായിരിക്കുന്നുവൊ ആ സ്വയംപ്രകാശസ്വരൂപമായ തേജസ്സിന്നു നമസ്കാരം.

"രുചം ബ്രാഹ്മം ജനയന്തഃ
ദേവാ അഗ്രെ തദബ്രുവൻ
യസ്ത്വൈവം ബ്രാഹ്മണൊ വിദ്യാൽ
തസ്യ ദേവാ അസൻവശെ."

ബ്രാഹ്മം-ബ്രഹ്മസംബന്ധിയായ, രുചം-കാന്തിയെ, ജനയന്തഃ-ജനിപ്പിച്ചുകൊണ്ടു, ദേവാഃ-ദേവന്മാർ, അഗ്രെ-സൃഷ്ട്യാദിയിൽ, തൽ-ആ നമഃ എന്ന ശബ്ദത്തെ,

അബ്രുവൻ-ഉച്ചരിച്ചു, (ഹെ പരമാത്മൻ!-അല്ലയൊ പരമാത്മാവെ!), യഃ-യാതൊരു, ബ്രാഹ്മണഃ-ബ്രഹ്മോപാസകൻ, ഏവം-ഇപ്രകാരം, ത്വാ-അങ്ങയെ, വിദ്യാൽ-അനുസന്ധാനം ചെയ്യുന്നുവൊ (അറിയുന്നുവൊ), തസ്യ-അവൻെറ, വശെ-സ്വാധീനത്തിൽ, ദേവാഃ-ബ്രഹ്മാദിദേവന്മാർ, അസൻ-ഭവിക്കുന്നു.

സൃഷ്ടികാലത്തിൽ ദേവന്മാർ ബ്രഹ്മസ്വരൂപത്തെ അറിഞ്ഞു ആ ബ്രഹ്മസ്വരൂപത്തെ സംബോധനപ്പെട്ടുത്തി പറയുന്നു. അല്ലയൊ പരമാത്മാവെ! അങ്ങയുടെ വാസ്തവസ്വരൂപത്തെ ഏവൻ അറിയുന്നുവൊ അവൻെറ അധീനത്തിൽ ബ്രഹ്മാദിദേവന്മാർ ഇരിക്കും. അതിനാൽ അങ്ങയുടെ ഉപാസനാമഹിമയെ പറയുവാനാരാൽ സാധിക്കുമെന്നു താല്പര്യം.

"ഹ്രീശ്ചതെ ലക്ഷ്മീശ്ച പത്ന്യൌ അഹോരാത്രെ പാശ്വെ
നക്ഷത്രാണിരൂപം അശ്വിനൌ വ്യാത്തം
ഇഷ്ടം മനിഷാണ അമും മനിഷാണ സവ്വം മനിഷാണ."

ഹെ പരമാത്മൻ!, ഹ്രീശ്ച=ലജ്ജാഭിമാനിദേവതയും, ലക്ഷ്മീശ്ച=ഐശ്വയ്യാഭിമാനിദേവതയും, തെ=അങ്ങയ്ക്കു, പത്ന്യൌ=ഭായ്യകൾ, അഹോരാത്രെ=പകലും രാത്രിയും, പാശ്വെ=അങ്ങയുടെ ശരീരത്തിന്നു രണ്ടു ഭാഗങ്ങളായിരിക്കുന്നു, നക്ഷത്രാണി=നക്ഷത്രങ്ങൾ, രൂപം=അങ്ങയ്ക്കു ശരീരങ്ങളായും, അശ്വിനൌ=അശ്വിനീദേവന്മാർ, വ്യാത്തം=പ്രസന്നമുഖമായും ഇരിക്കുന്നു, ഇഷ്ടം=അഭീഷ്ടത്തെ, മനിഷാണ=തരണെ, അമും=ഈ ലോകത്തിൽ ഉണ്ടായ പശുധനം മുതലായവയേയും, മനിഷാണ=തരണെ, സവ്വം=എല്ലാററിനേയും, മനിഷാണ=തന്നു അനുഗ്രഹിക്കണെ.

## അഥ മഹാനാരായണാനുവാകഃ

ഇതിന്നു മുമ്പുള്ള ദശമാനുവാകത്തിൽ ദഹരവിദ്യ യാൽ ധ്യാനിക്കപ്പെടുന്ന ദേവൻ നാരായണനാണെന്നു പറയപ്പെട്ടു. ഈ അനുവാകത്തിൽ എല്ലാ വിദ്യകളിലും ശിവൻ ശംഭു പരബ്രഹ്മം പരംജ്യോതി പരതത്വം പര മാത്മാ മുതലായ ശബ്ദങ്ങളാൽ പ്രതിപാദിക്കപ്പെട്ട ദേവ തയും നാരായണൻതന്നെ എന്നു 'സഹസ്രശീർഷം ദേവം' എന്ന അനുവാകംകൊണ്ടു സാധിക്കുന്നു.

"സഹസ്രശീർഷം ദേവം വിശ്വാക്ഷം വിശ്വശംഭുവം
വിശ്വം നാരായണം ദേവമക്ഷരം പരമം പദം."

നാരായണം=നാരായണനെ, സഹസ്രശീർഷം= അനേകം ശിരസ്സുകളോടുകൂടിയവനായും, ദേവം=സ്വപ്ര കാശനായും, വിശ്വാക്ഷം=എല്ലാ വസ്തുക്കളെ ദർശിക്കുന്ന വനായും, വിശ്വശംഭുവം=എല്ലാററിന്നും ക്ഷേമത്തെ ചെ യ്യുന്നവനായും, വിശ്വം=സകല ജഗദ്രൂപനായും, ദേവം= എല്ലാ ദേവതകൾ അംഗമായിട്ടുള്ളവനായും, അക്ഷരം= നാശമില്ലാത്തവനായും, (സർവ്വവ്യാപിയായും) പരമം=എ ല്ലാററിന്നും കാരണഭൂതനായും, പദം=ആശ്രയണീയനായും, (ധ്യായേൽ=ധ്യാനം ചെയ്യണം.)

"വിശ്വതഃ പരമാന്നിത്യം വിശ്വം നാരായണꣳ ഹരിം
വിശ്വമേവേദം പുരുഷസ്തദ്വിശ്വമുപജീവതി."

(ഭഗവന്തം-പരമപുരുഷനെ), വിശ്വതഃ പരമാൽ- ജഡരൂപമായ ജഗത്തിനേക്കാൾ ഉൽകൃഷ്ടനായും, നിത്യം- നാശമില്ലാത്തവനായും, വിശ്വം-സർവ്വാത്മകനായും, നാ

രായണം-സകലജീവാന്തൎയ്യാമിയായും, ഹരിം-തന്നെ ഉപാസിക്കുന്നവന്റെ പാപത്തെ ഹരിക്കുന്നവനായും, ഇദം-പ്രത്യക്ഷാദിപ്രമാണങ്ങളാൽ അറിയപ്പെടുന്ന, (യൽ-യാതൊരു), വിശ്വം-പ്രപഞ്ചമിരിക്കുന്നുവൊ, തൽ വിശ്വമേവ-ആ ജഗത്തിനെത്തന്നെ, പുരുഷഃ-പുരുഷപദവാച്യനായ നാരായണൻ, ഉപജീവതി-ആശ്രയിക്കുന്നു എന്നും, ധ്യായേൽ-ധ്യാനം ചെയ്യണം.

"പതിംവിശ്വസ്യാത്മേശ്വരഗ്ംശാശ്വതഗ്ംശിവമച്യുതം
നാരായണം മഹാജ്ഞേയം വിശ്വാത്മാനം പരായണം."

നാരായണം-നാരായണനെ, വിശ്വസ്യ-പ്രപഞ്ചത്തിന്നു, പതിം-നായകനായും, ആത്മേശ്വരം-എല്ലാജീവങ്ങൾക്കു നായകനായും, ശാശ്വതം=ജനനമരണമില്ലാത്തവനായും, ശിവം-മംഗളരൂപിയായും, അച്യുതം-ഭക്തന്മാരെ ഉപേക്ഷിക്കാത്തവനായും, മഹാജ്ഞേയം-അറിയേണ്ടുന്ന തത്വങ്ങളിൽ മുഖ്യനായും, വിശ്വാത്മാനം-ചേതനാചേതനരൂപമായ ജഗത്ത് ശരീരമായിട്ടുള്ളവനായും, പരായണം-പരമപ്രാപ്യനായും, (ധ്യായേൽ-ധ്യാനംചെയ്യണം.)

"നാരായണപരൊ ജ്യോതിരാത്മാ നാരായണഃപരഃ
നാരായണപരം ബ്രഹ്മ തത്വന്നാരായണഃപരഃ
നാരായണപരൊ ധ്യാതാ ധ്യാനം നാരായണഃപരഃ."

നാരായണപരഃ=നാരായണനെ പരമായി വിചാരിക്കുന്നവൻ, പരഃ-ഉൽകൃഷ്ടൻ, ജ്യോതിഃ-തേജസ്സും, നാരായണഃ-നാരായണൻതന്നെ, ആത്മാ-പരമാത്മാവും, നാരായണഃ-നാരായണൻതന്നെ, നാരായണപരം-നാരാ

യണാത്മകമായ, ബ്രഹ്മ-പരബ്രഹ്മംതന്നെ, തത്വം-വാസ്തവം, പരഃ-പരമാത്മാവും, നാരായണഃ-നാരായണൻതന്നെ, നാരായണപരഃ-നാരായണനെ ഉൽകൃഷ്ടമായി വിചാരിക്കുന്ന, ധ്യാതാ-ധ്യാനംചെയ്യുന്നവൻതന്നെ, പരഃ-ശ്രേഷ്ഠൻ, ധ്യാനം-ധ്യാനവിഷയവും, നാരായണഃ-നാരായണൻതന്നെ.

"യച്ച കിഞ്ചിജ്ജഗത്സർവ്വം ദൃശ്യതെ ശ്രൂയതേപിവാ
അന്തർബഹിശ്ച തത്സർവ്വം വ്യാപ്യ നാരായണഃസ്ഥിതഃ."

സർവ്വം-സമസ്തമായ, ജഗൽ-ലോകവും, യച്ചകിഞ്ചിൽ-മററുള്ള എല്ലാ വസ്തുവും, ദൃശ്യതെ-പ്രത്യക്ഷമായി കാണപ്പെടുന്നുവൊ, ശ്രൂയതേപിവാ-ശബ്ദത്താൽ അറിയപ്പെടുന്നുവൊ, തത്സർവ്വം-അതെല്ലാററിനെയും, നാരായണഃ-നാരായണൻ, അന്തഃ-അകത്തും, ബഹിശ്ച-പുറത്തും, വ്യാപ്യ-വ്യാപിച്ച്, സ്ഥിതഃ-സ്ഥിതിചെയ്യുന്നു.

"അനന്തമവ്യയം കവിഗ്ം സമുദ്രേന്തം വിശ്വശംഭുവം
പദ്മകോശപ്രതീകാശഗ്ം ഹൃദയം ചാപ്യധൊമുഖം."

"അധൊ നിഷ്ട്യാ വിതസ്ത്യാന്തെ നാഭ്യാമുപരിതിഷ്ഠതി
ജ്വാലമാലാകുലം ഭാതി വിശ്വസ്യായതനം മഹൽ."

അനന്തം=ത്രിവിധപരിച്ഛേദശൂന്യനായും, അവ്യയം=നാശമില്ലാത്തവനായും, കവിം=സർവ്വജ്ഞനായും, സമുദ്രെ=സംസാരസാഗരത്തിൻെറ, അന്തം=അവസാനനായും, വിശ്വശംഭുവം=സംസാരസുഖത്തിന്നു കാരണമായുമിരിക്കുന്ന, നാരായണം=നാരായണനെ, (ധ്യായേൽ=ധ്യാനംചെയ്യണം), നിഷ്ട്യാഃ=കഴുത്തിലുള്ള എല്ലിന്നു, അധഃ=കീഴ

ഭാഗത്തിലും, നാഭ്യാഃ=നാഭിക്കു, ഉപരി=മേൽഭാഗത്തിലും, വിതസ്ത്യാന്തെ=12 വിരൽപ്രമാണത്തിൻെറ അവസാനത്തിൽ, പത്മകോശപ്രതീകാശം=8 ദളമുള്ള താമരപുഷ്പത്തിന്നു തുല്യമായും, അധോമുഖം=തലകീഴായുമിരിക്കുന്ന, ഹൃദയംചാപി=ഹൃദയമെന്ന മാംസപിണ്ഡവും, തിഷ്ഠതി=ഇരിക്കുന്നു, (തത്ര=ആ ഹൃൽപുണ്ഡരീകമദ്ധ്യത്തിൽ), വിശ്വസ്യ=ബ്രഹ്മാണ്ഡത്തിന്നു, ആയതനം=ഇരിപ്പിടമായും, ജ്വാലമാലാകുലം = പ്രകാശപരമ്പരകളോടുകൂടിയതുമായ, മഹൽ=പരമാത്മവസ്തുവായത്, ഭാതി=പ്രകാശിക്കുന്നു.

"സന്തതം ശിലാഭിസ്തുലംബത്യാകോശസന്നിഭം
തസ്യാന്തെ സുഷിരം സൂക്ഷ്മംതസ്മിംത്സർവ്വംപ്രതിഷ്ഠിതം."

കോശസന്നിഭം=താമരമൊട്ടിന്നു തുല്യമായ, (ഹൃദയംതു=ഹൃദയമൊ എന്നാൽ), ശിലാഭിഃ=ഞരമ്പുകളാൽ, സന്തതം=സാർവ്വകാലവും, ആലംബതി=ശരീരമദ്ധ്യത്തിൽ തൂങ്ങുന്നു, തസ്യ=ആ ഹൃദയത്തിൻെറ, അന്തെ=മദ്ധ്യത്തിൽ, സൂക്ഷ്മം=അല്പമായ, സുഷിരം=ദ്വാരം, (തിഷ്ഠതി=ഇരിക്കുന്നു), തസ്മിൻ=ആ ദ്വാരത്തിൽ, സർവ്വം=എല്ലാ ജഗത്തും, പ്രതിഷ്ഠിതം-ആശ്രയിച്ചുകൊണ്ടിരിക്കുന്നു.

"തസ്യ മദ്ധ്യെ മഹാനഗ്നിർവ്വിശ്വാർച്ചിർവ്വിശ്വതോമുഖഃ
സോഗ്രഭുഗ്വിഭജൻ തിഷ്ഠന്നാഹാരമജരഃ കവിഃ
തിര്യ്യഗൂർദ്ധ്വമധശ്ശായി രശ്മയസ്തസ്യ സന്തതാ."

തസ്യ-ആ സുഷുമ്നാനാഡിയുടെ, മദ്ധ്യെ-നടുവിൽ, വിശ്വാർച്ചിഃ-എല്ലാസ്ഥലത്തും വ്യാപിക്കുന്ന ജ്വാലയോടുകൂടിയതായും, വിശ്വതോമുഖഃ-എല്ലാസ്ഥലത്തുമുള്ള

നാഡികളിൽ പ്രകാശിക്കുന്നതായും, അഗ്രഭുക്-ആഹാരത്തെ മുമ്പു ഭക്ഷിക്കുന്നതായും, ആഹാരം-താൻ ഭക്ഷിച്ച ആഹാരത്തെ, വിഭജൻ-ശരീരം മുഴുവനും വ്യാപിപ്പിക്കുന്നതായും, തിഷ്ഠൻ-ഭുക്തമായ ആഹാരത്തെ ജീൎണ്ണപ്പെടുത്തിക്കൊണ്ടു സ്ഥിതിചെയ്യുന്നതായും, (സ്വയം-താൻ), അജരഃ-ജീൎണ്ണമാവാത്തതായും, (അത ഏവ-അതു ഹേതുവായിത്തന്നെ), കവിഃ-അധിക സാമൎത്ഥ്യമുള്ളതായും, മഹാൻ-വലുതായുമിരിക്കുന്ന, അഗ്നിഃ-വൈശ്വാനരാഗ്നി, വൎത്തതെ-ഇരിക്കുന്നു, (കിംച-പിന്നേയും), തസ്യ-ആ അഗ്നിയുടെ, രശ്മയഃ-കിരണങ്ങൾ, തിൎയ്യഗൂൎദ്ധ്വമധശ്ശായീ-വിലങ്ങത്തും മേലും കീഴും വ്യാപിക്കുന്നതായി, സന്തതാ-എങ്ങും സ്ഥിതിചെയ്യുന്നു.

"സന്താപയതി സ്വംദേഹമാപാദതലമസ്തകഃ
തസ്യ മദ്ധ്യേ വഹ്നിശിഖാഅണീയോൎദ്ധ്വാവ്യവസ്ഥിതഃ."

(സഃ-ആ അഗ്നി), ആപാദതലമസ്തകഃ-കാലടിമുതൽ ശിരസ്സുവരേയുള്ള, സ്വം-തന്റെ, ദേഹം-ശരീരത്തെ, സന്താപയതി-ചൂടുപിടിപ്പിക്കുന്നു, തസ്യ-ആ അഗ്നിയുടെ, മദ്ധ്യേ-നടുവിൽ, അണീയഃ-ഏററവും സൂക്ഷ്മമായ, വഹ്നിശിഖാ-അഗ്നിജ്വാലയായത്, ഊൎദ്ധ്വാ-സുഷുമ്നാനാഡിമാൎഗ്ഗമായി ബ്രഹ്മരന്ധ്രംവരെ ചെല്ലുന്നതായും, വ്യവസ്ഥിതാ-വ്യവസ്ഥചെയ്യപ്പെടുന്നു.

"നീലതോയദമദ്ധ്യസ്ഥാ വിദ്യുല്ലേഖേവ ഭാസ്വരാ
നീവാരശൂകവത്തന്വീ പീതാഭാസ്വത്യണൂപമാ."

(സാ-ആ വഹ്നിശിഖാ), നീലതോയദമദ്ധ്യസ്ഥാ-നീലമേഘത്തിന്റെ മദ്ധ്യത്തിൽ ഇരിക്കുന്ന, വിദ്യുല്ലേഖേ

വ–മിന്നൽപിളൎപ്പുപോലെ, ഭാസ്വരാ–പ്രകാശിക്കുന്നതായും, നീവാരശൂകവൽ–നെല്ലിന്റെ അഗ്രംപോലെ, തന്വീ–ചെറുതായും, പീതാ–സ്വൎണ്ണനിറമുള്ളതായും, ഭാസ്വതി–പ്രകാശമുള്ളതായും, അണൂപമാ–പ്രസിദ്ധമായ അണുവസ്തുവിന്നു ഉപമിക്കത്തക്കതായും, (അസ്തി–ഇരിക്കുന്നു)

"തസ്യാശ്ശിഖായാ മദ്ധ്യേ പരമാത്മാ വ്യവസ്ഥിതഃ
സബ്രഹ്മസശിവസ്സഹരിസ്സേന്ദ്രസ്സോക്ഷരഃപരമസ്സ്വരാട്."

തസ്യാഃ–ആ, ശിഖായാഃ–അഗ്നിജ്വാലയുടെ, മദ്ധ്യേ–മദ്ധ്യത്തിൽ, പരമാത്മാ–സൎവ്വാന്തൎയ്യാമിയായ നാരായണൻ, വ്യവസ്ഥിതഃ–ഉപാസകന്മാരെ അനുഗ്രഹിപ്പാനായി സ്ഥിതിചെയ്യുന്നു, സഃ–ആ പരമാത്മാവുതന്നെ, ബ്രഹ്മ–ചതുൎമ്മുഖൻ, സഃ–ആ പരമാത്മാവുതന്നെ, ശിവഃ–ശിവൻ, സഃ–ആപരമാത്മാവുതന്നെ, ഹരിഃ–ഭക്തന്മാരുടെ ദുഃഖത്തെ തീൎപ്പാൻ അതാതു സമയത്തിൽ രാമകൃഷ്ണാദിരൂപമായി അവതരിക്കുന്ന വിഷ്ണു, സഃ–ആ പരമാത്മാവുതന്നെ, ഇന്ദ്രഃ–ത്രൈലോക്യാധിപതിയായ ഇന്ദ്രൻ, സഃ–ആ പരമാത്മാവുതന്നെ, അക്ഷരഃ–അക്ഷരപദപ്രതിപാദ്യൻ, പരമഃ–പ്രകൃതിസംബന്ധത്തോടുകൂടാത്തവൻ, സ്വരാട്–പാരതന്ത്ര്യമില്ലാത്തവൻ (കൎമ്മത്തിന്നു വശപ്പെടാത്തവൻ)

താല്പൎയ്യം. അനേകം ശിരസ്സുകളോടുകൂടിയവനായി സ്വപ്രകാശനായി എല്ലാവസ്തുക്കളെ ദൎശിക്കുന്നവനായി എല്ലാററിന്നും ക്ഷേമത്തെ കൊടുക്കുന്നവനായി എല്ലാ വസ്തുക്കൾക്കാത്മാവായാലും ആ വസ്തുക്കളുടെ ദോഷങ്ങളോടുകൂടാത്തവനായി നാശമില്ലാത്തവനായി സൎവ്വോൽകൃഷ്ട

നായി യജമാനനായിരിക്കുന്നതും നാരായണൻതന്നെ. എല്ലാത്തേക്കാൾ ഉൽകൃഷ്ടനായി ഉൽപത്തിയില്ലാത്തവനായി സർവ്വവസ്തുരൂപിയായി സർവ്വപ്രാണികൾക്കു പ്രാപ്യനായി ആ പ്രാപ്യത്തിന്നു പ്രാപകനായിരിക്കുന്നവനും മഹാവിഷ്ണുതന്നെ. ഈ കാണുന്ന പ്രപഞ്ചമെല്ലാം ആ മഹാപുരുഷൻതന്നെ. അവൻ സർവ്വാന്തര്യാമിയായതിനാൽ പ്രപഞ്ചം മുഴുവനും അവനെ പ്രാപിച്ചു ജീവിക്കുന്നു. ജഗൽപതിയായി സകല ആത്മാക്കൾക്കു നായകനായി ജനനമരണമില്ലാത്തവനായി ശിവനെന്നു പറയപ്പെടുന്നവനായി തന്നെ ശരണം പ്രാപിച്ചവരെ ഉപേക്ഷിക്കാത്തവനായി പ്രത്യേകം അറിയേണ്ടവനായി എല്ലാററിന്നും ആത്മാവായി പ്രാപ്യസ്ഥാനനായിരിക്കുന്നവനും നാരായണൻതന്നെ. പരബ്രഹ്മവും നാരായണൻതന്നെ. ഉൽകൃഷ്ടമായ തേജസ്സും നാരായണൻതന്നെ. വാസ്തവാൎത്ഥവും നാരായണൻതന്നെ. ആത്മാവും നാരായണൻതന്നെ. ധ്യാനവും നാരായണൻതന്നെ. ഈ ലോകത്തിൽ യാതൊന്നു കാണപ്പെടുന്നുവൊ അല്ലെങ്കിൽ കേൾക്കപ്പെടുന്നുവൊ ആ എല്ലാ പദാൎത്ഥത്തേയും അകത്തും പുറത്തും വ്യാപിച്ച് നാരായണൻ സ്ഥിതിചെയ്യുന്നു. അനന്തനെന്നു പേരോടുകൂടിയവനും നാശമില്ലാത്തവനും എല്ലാ ശബ്ദങ്ങളെ ഉച്ചരിക്കുന്നവനും സമുദ്രമദ്ധ്യത്തിൽ വസിക്കുന്നവനും എല്ലാററിന്നും നന്മയെ ചെയ്യുന്നവനും നാരായണൻതന്നെ. കഴുത്തിന്നു കീഴ്പ്പോട്ടും നാഭിക്കു മേല്പോട്ടും 12 അംഗുലപ്രമാണത്തിൽ താമരമൊട്ടുപോലെയിരിക്കുന്നതും തലകീഴായിരിക്കുന്നതുമാകുന്നു ഹൃദയം. ആഹൃദയത്തെ

ലോകത്തിന്നാത്മാവായ നാരായണന്നു മുഖ്യവാസസ്ഥാന മായറിയേണ്ടതാണ്. അല്പം വികസിച്ച താമരമൊട്ടിന്നു തുല്യമായ ആ ഹൃദയം എപ്പോഴും ഞരമ്പുകളോടു തൂങ്ങുന്നു. ആ ഹൃദയമദ്ധ്യത്തിൽ സൂക്ഷ്മമായ ദ്വാരം ഇരിക്കുന്നു. ആ ദ്വാരത്തിൽ സർവ്വേശ്വരൻ വസിക്കുന്നു. എങ്ങും വ്യാപിക്കുന്ന ജ്വാലയോടുകൂടിയവനായി നാലുഭാഗത്തിലുമുള്ള നാഡികളിൽ പ്രകാശിക്കുന്നവനായി ബലവാനായ ജാഠരാഗ്നി ആ ഹൃദയത്തിൻെറ നടുവിൽ ഇരിക്കുന്നു. ആ അഗ്നി ജരയില്ലാത്തവനും സദാ ജ്വലിച്ചുകൊണ്ടു ഭക്ഷിക്കപ്പെടുന്നതിനെ ദേഹമെങ്ങും വ്യാപിപ്പിച്ചുകൊണ്ടു മുമ്പിൽ താൻ ഭക്ഷിക്കുന്നു. തൻെറ ശരീരത്തെ കാലടി മുതൽ ശിരസ്സുവരെ തപിപ്പിക്കുന്നു. ആ അഗ്നിയുടെ മദ്ധ്യത്തിൽ കൃശയായി ഉന്മുഖയായിരിക്കുന്ന അഗ്നിജ്വാല ഇരിക്കുന്നു. ആ ജ്വാല കറുത്ത മേഘത്തിൻെറ മദ്ധ്യത്തിലിരിക്കുന്ന പ്രകാശത്തോടുകൂടിയ മിന്നൽപിളൎപ്പുപോലെയിരിക്കുന്നതായും നെല്ലിൻെറ അഗ്രംപോലെ സൂക്ഷ്മയായും സ്വയംപ്രകാശരൂപയായും ഭവിക്കുന്നു. ആ അഗ്നിജ്വാലയുടെ മദ്ധ്യത്തിൽ പരമാത്മാവു സ്ഥിതിചെയ്യുന്നു. ആ പരമാത്മാവു ബ്രഹ്മാവിന്നന്തൎയ്യാമി. അവൻ ശിവന്നു അന്തൎയ്യാമി. അവൻ ഹരിക്കു അന്തൎയ്യാമി. അവൻ ഇന്ദ്രന്നു അന്തൎയ്യാമി. അവൻ നാശമില്ലാത്തവനും ഉൽകൃഷ്ടനും കൎമ്മത്തിന്നു വശപ്പെടാത്തവനുമാകുന്നു. ജഗൽകാരണമായ വസ്തുതന്നെ മോക്ഷപ്രാപ്തിക്കായി ഉപാസന ചെയ്യേണ്ടതാണെന്നുപറഞ്ഞ് അതാതു വിദ്യകളിൽ ശംഭു ഇന്ദ്രൻ നാരായണൻ അക്ഷരം ഇപ്രകാരമുള്ള ശബ്ദങ്ങളാൽ ഉപാസിക്കേണ്ടതായ വസ്തുവിനെ പറഞ്ഞതിനാൽ

ഇവരിൽ ജഗൽകൎത്താവു ആരാകുന്നു? ആരെ ഉപാസിക്കേണം? എന്നാൽ ശംഭു ഇന്ദ്രൻ മുതലായ ശബ്ദങ്ങളാൽ പ്രതിപാദ്യൻ നാരായണൻതന്നെ. ആ നാരായണൻതന്നെ ജഗൽകാരണം. ആ നാരായണനെത്തന്നേയാണു മുമുക്ഷുക്കൾ ഉപാസിക്കേണ്ടതു. അതാതു വിദ്യകളിൽ നാമാന്തരങ്ങളാൽ നാരായണൻതന്നെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഈ അനുവാകത്തിൽ പറയുന്ന നാരായണൻതന്നെ വിശ്വമെന്നും നാരായണനാൽ വിശ്വം സൃഷ്ടിക്കപ്പെട്ടു രക്ഷിക്കപ്പെടുന്നതിനാൽ നാരായണനേത്തന്നെ വിശ്വമെന്നു പറയുന്നു. നാരായണൻതന്നെ ബ്രഹ്മാ ഇന്ദ്രൻ മുതലായ സകലദേവന്മാൎക്കു കാരണനായി അവൎക്കന്തൎയ്യാമിയായി പ്രാപ്യപ്രാപകനായുമിരിക്കുന്നതിനാൽ ശ്രീമന്നാരായണൻതന്നെ സൎവ്വോത്തമൻ സൎവ്വോപാസ്യൻ എന്നു താല്പൎയ്യം.

ഇതി മഹാനാരായണാനുവാകഃ.

## പുരുഷസൂക്തപൂജാവിധാനം

ചന്ദ്രികാമാധവീയാദൌ

"പൌരുഷേണതു സൂക്തേന തതോ വിഷ്ണും സമൎച്ചയേൽ
ഋഗ്വേദേ പൌരുഷം സൂക്തം ഷോഡശൎച്ചമുദീരിതം

അഷ്ടാംഗേൗ ഹൃദയേ സൂൎയ്യേ സ്ഥണ്ഡിലേ പ്രതിമാസുച
ഷട്സ്വേതേഷു ഹരേസ്സമ്യഗൎച്ചനം മുനിഭിഃ സ്മൃതം.

ഹവിഷാഗ്നൌ ജലെ പുഷ്പൈഃ ധ്യാനേന ഹൃദയെ ഹരിം
അൎച്ചന്തി സൂരയൊ നിത്യം ജപേന രവിമണ്ഡലെ.
സാളഗ്രാമെ ച ചക്രാങ്കെ പടെ മൃദ്രാസു ദേവതാഃ
പൂജനീയാ ഹിരണ്യേഷു രത്നഗോബ്രാഹ്മണേഷു ച.
യാം കാംചിദ്ദേവതാം കശ്ചിൽ ആരാധയിതുമിച്ഛതി
സസൎവ്വോപായയത്നേന ബ്രാഹ്മണാൻഗാശ്ചതോഷയേൽ.
വിപ്രാണാം വപുരാശ്രിത്യ സൎവ്വാസ്തിഷ്ഠന്തി ദേവതാഃ
അതസ്തത്രൈവ താഃ പൂജ്യാഃ അലാഭെ പ്രതിമാദിഷു."

ഋഗ്വേദത്തിൽ പുരുഷസൂക്തത്തെ 16 ഋക്കുകളായി പറഞ്ഞിരിക്കുന്നു. ആ 16 ഋക്കുകളെക്കൊണ്ടു വിഷ്ണുവെ സമൎച്ചനം ചെയ്യണം. ജലത്തിലും അഗ്നിയിലും ഹൃദയത്തിലും സൂൎയ്യനിലും പത്മത്തിലും പ്രതിമയിലും ഈ ആറുകളിൽ വിഷ്ണുപൂജ വിധിച്ചിരിക്കുന്നു. അഗ്നിയിൽ ഹവിസ്സുകൊണ്ടും, ജലത്തിൽ പുഷ്പംകൊണ്ടും, ഹൃദയത്തിൽ ധ്യാനംകൊണ്ടും, ആദിത്യനിൽ ജപംകൊണ്ടും വിദ്വാന്മാർ ഹരിപൂജയെ നിത്യം ചെയ്യുന്നു. ചക്രാങ്കത്തോടു കൂടിയ സാളഗ്രാമത്തിലും, പടത്തിലും, മൃദ്കല്ലിലും ഹിരണ്യം രത്നം ഗോവ് ബ്രാഹ്മണൻ ഇവകളിൽ ദേവതകളെ പൂജിക്കേണ്ടതാകുന്നു. ഇവകൾ എല്ലാ ദേവതകളുടെ പൂജക്കു അൎഹങ്ങളാകുന്നു. ഒരുവൻ ഏതെങ്കിലും ഒരു ദേവതയെ ആരാധിപ്പാൻ ഇച്ഛിക്കുന്നുവെങ്കിൽ അവൻ പ്രയത്നപ്പെട്ടും ബ്രാഹ്മണരേയും പശുക്കളേയും സന്തോഷിപ്പിക്കേണ്ടതാകുന്നു. ഗോബ്രാഹ്മണരുടെ ദേഹത്തെ ആശ്രയിച്ച് സൎവ്വദേവതകളും സ്ഥിതിചെയ്യുന്നു എന്നുപറഞ്ഞിരിക്കുന്നതിനാൽ ആ ഗോബ്രാഹ്മണരിൽതന്നെ ദേവതാ

പൂജ മുഖ്യമാകുന്നു. തദലാഭത്തിങ്കലാണു പ്രതിമാദിക ളിൽ പൂജ വിധിച്ചിരിക്കുന്നത്.

പൂജാമന്ത്രക്രമഃ

"സഹസ്രശീർഷേതി ഋചാ ധ്യാനമാവാഹനം ഹരേഃ
ആസനം പുരുഷ ഏവേദം ഏതയച്ചാ പ്രദാപയേൽ.
ഏതാവാനിതി പാദ്യം സ്യാൽ ത്രിപാദർഘ്യം പ്രദാപയേൽ
തസ്മാദ്വിരാഡാചമനം സ്നാനം യൽപുരുഷേണച.
തം യജ്ഞമിതി വസ്ത്രം സ്യാൽ തസ്മാദ്യജ്ഞോപവീതകം
തസ്മാദ്യജ്ഞാദിതി ഋചാ സുഗന്ധം ച സമർപ്പയേൽ.
തസ്മാദശ്വാ ഇതി ഋചാ പുഷ്പാണി പരികല്പയേൽ.
യൽപുരുഷമിതി ധൂപം സ്യാൽബ്രാഹ്മണോസ്യേതിദീപകം
ചന്ദ്രമാ ഇതി നൈവേദ്യം നാഭ്യാ ആസീത്സുമാഞ്ജലിം.
സപ്താസ്യാസന്നിതി ഋചാ പ്രദക്ഷിണനമസ്കൃതീ
യജ്ഞേനയജ്ഞമിതി ഋചോദ്വാപനമാചരേൽ.
ഏവം ഷോഡശഋഗ്ഭിശ്ച തഥൈവോപചരേദ്ധരിം
പുനഃ ഷോഡശഭിർമ്മന്ത്രൈഃ ദദ്യാൽപുഷ്പാണി ഷോഡശ.
തച്ച സർവ്വം ജപേന്നിത്യം പൌരുഷം സൂക്തമുത്തമം.
ഷണ്മാസാത്സിദ്ധിമാപ്നോതി ഹ്യേവമേവ സമർച്ചയൻ.
സംവത്സരേണ തേനൈവ സായുജ്യമധിഗച്ഛതി."

ശ്രീസൂക്തഷോഡശഋക്കുകളോടുകൂടെ പുരുഷസൂക്ത ഷോഡശഋക്കുകളാൽ ലക്ഷ്മീനാരായണപൂജാക്രമത്തെ വിവരിക്കുന്നു.

സഹസ്രശീർഷാ......ഹിരണ്യവർണ്ണാം എന്ന ഋക്കു കളാൽ ലക്ഷ്മീനാരായണൻെറ ധ്യാനാവാഹനവും, പുരു

ഷ ഏവേദം......താം മ ആവഹ എന്ന ഋക്കുകളാൽ ആസനവും, ഏതാവാനസ്യ......അശ്വപൂർവ്വാം എന്ന ഋക്കുകളാൽ പാദ്യവും, ത്രിപാദൂർദ്ധ്വഃ......കാം സോസ്മിതാം എന്ന ഋക്കുകളാൽ അർഘ്യവും, തസ്മാദ്വിരാട്........ചന്ദ്രാം പ്രഭാസാം എന്ന ഋക്കുകളാൽ ആചമനവും, യൽപുരുഷേണ......ആദിത്യവർണ്ണേ എന്ന ഋക്കുകളാൽ സ്നാനവും, തം യജ്ഞം......ഉപൈതുമാം എന്ന ഋക്കുകളാൽ വസ്ത്രവും, തസ്മാദ്യജ്ഞാത്സർവ്വഹുതസ്സംഭൃതം......ക്ഷുൽപിപാസാം എന്ന ഋക്കുകളാൽ ഉപവീതവും, തസ്മാദ്യജ്ഞാത്സർവ്വഹുത ഋചഃ........ഗന്ധദ്വാരാം എന്ന ഋക്കുകളാൽ ഗന്ധവും, തസ്മാദശ്വാഃ......മനസഃകാമം എന്ന ഋക്കുകളാൽ പുഷ്പങ്ങളും, യൽപുരുഷം......കർദ്ദമേന എന്ന ഋക്കുകളാൽ ധൂപവും, ബ്രാഹ്മണോസ്യ......ആപഃസ്സൃജന്തു എന്ന ഋക്കുകളാൽ ദീപവും, ചന്ദ്രമാഃ......ആർദ്രാം യഃകരിണീം എന്ന ഋക്കുകളാൽ നൈവേദ്യവും, നാഭ്യാ ആസീൽ........ആർദ്രാം പുഷ്കരിണീം എന്ന ഋക്കുകളാൽ പുഷ്പാഞ്ജലിയും, സപ്താസ്യാസൻ......താം മ ആവഹ എന്ന ഋക്കുകളാൽ പ്രദക്ഷിണനമസ്കാരങ്ങളും, യജ്ഞേനയജ്ഞം........പത്മപ്രിയെ എന്ന ഋക്കുകളാൽ ഉദ്യാപനവും ചെയ്യേണ്ടതാകുന്നു. പിന്നെ 16 ഋക്കുകളെക്കൊണ്ടു 16 പ്രാവശ്യം പുഷ്പാഞ്ജലികളേയും ചെയ്തു ഉൽകൃഷ്ടമായ പുരുഷസൂക്തത്തെ മുഴുവനും ജപിക്കേണ്ടതാണ്. ഇപ്രകാരം പൂജിക്കുന്നവൻ 6 മാസംകൊണ്ടു മന്ത്രസിദ്ധിയെ പ്രാപിച്ച് ഒരു സംവത്സരംകൊണ്ടു വിഷ്ണുസായൂജ്യത്തെ പ്രാപിക്കുന്നു.

യോഗയാജ്ഞവല്ക്യഃ.

"ജപകാലെ നഭാഷേത വ്രതഹോമാദികേഷുച
യദി വാഗ്യമലോപഃസ്യാൽ ജപാദിഷു കദാചന.
വ്യാഹരേദ്വൈഷ്ണവം മന്ത്രം സ്മരേദ്വാ വിഷ്ണുമവ്യയം
തദ്വിഷ്ണോരിതി മന്ത്രോയം സ്മൎത്തവ്യഃ സൎവ്വകൎമ്മസു.
ഗായത്രീ വൈഷ്ണവീഹ്യേഷാ പ്രോക്തേദം വിഷ്ണുരിത്യപി"

പ്രജാപതിഃ.

"പ്രമാദാൽ കുൎവ്വതാം കൎമ്മ പ്രച്യവേതാധ്വരേഷു യൽ
സ്മരണാദേവ തദ്വിഷ്ണോഃ സമ്പൂൎണ്ണം സ്യാദിതി ശ്രുതിഃ."

താല്പൎയ്യം. ജപം വ്രതം ഹോമം മുതലായവ ചെയ്യുന്ന കാലത്തിൽ ലൌകികവാക്കിനെ സംസാരിക്കരുതെന്നും, ഒരു സമയം തന്മദ്ധ്യത്തിൽ സംസാരിച്ചുപോയാൽ മേൽപറയുന്ന വൈഷ്ണവമന്ത്രത്തെ ഉച്ചരിക്കുകയൊ വിഷ്ണുവെ സ്മരിക്കുകയൊ ചെയ്യേണ്ടതാണെന്നും, സകല ശ്രൌതസ്മാൎത്താദികൎമ്മങ്ങളുടെ മദ്ധ്യത്തിൽ സംസാരിക്കേണ്ടിവന്നുപോയാൽ 'തദ്വിഷ്ണോഃ' എന്ന മന്ത്രം സ്മരിക്കേണ്ടതാണെന്നും, ഈ മന്ത്രം ഗായത്രീഛന്ദസ്സായതിനാലും ഗായത്രീ വൈഷ്ണവമായതിനാലും ഈ മന്ത്രജപത്തേയും പ്രായശ്ചിത്തമായി വിധിച്ചിരിക്കുന്നു. യാഗാദിപ്രകൃതകൎമ്മാവിങ്കൽ മനസ്സിനെ വെക്കാതെ വിഷയാന്തരത്തിൽ മനസ്സിനെ നിൎത്തി ചെയ്യുന്നവരുടെ യാതൊരു കൎമ്മാവു നഷ്ടപ്രായമായിത്തീരുന്നുവൊ ആ കൎമ്മാവു 'തദ്വിഷ്ണോഃ' എന്ന മന്ത്രോച്ചാരണം ഹേതുവായിട്ട് സമ്പൂൎണ്ണതയെ പ്രാപിക്കുന്നുവെന്നും മറ്റും യാജ്ഞവല്ക്യൻ മുതലായവരുടെ വചനം

ഹേതുവായിട്ട് മന്ത്രലോപക്രിയാലോപന്യൂനാതിരേകവാഗിവർജ്ജന വിസ്മൃതി വിദ്ധ്യപരാധാദി സകല ദോഷപ്രായശ്ചിത്തത്തേന വിധിക്കപ്പെട്ടതായ വ്യാഹൃതിത്രയം വൈഷ്ണവമന്ത്രം ഇതുകളിൽ വ്യാഹൃത്യൎത്ഥം ഗായത്രീജപപ്രകരണത്തിൽ പറഞ്ഞു കഴിഞ്ഞതിനാൽ വൈഷ്ണവമന്ത്രാൎത്ഥങ്ങളെ താഴെ എഴുതുവാനാരംഭിക്കുന്നു. ഈ മന്ത്രങ്ങളിൽ ലിംഗവിഭക്തി വചനവ്യത്യയങ്ങൾ ഛാന്ദസത്വാത്സമാധേയങ്ങളാകുന്നു.

## വൈഷ്ണവമന്ത്രാഃ

"അതൊ ദേവാ അവന്തുനൊ യതൊ വിഷ്ണുൎവ്വിചക്രമെ പൃഥിവ്യാഃ സപ്ത ധാമഭിഃ."

വിഷ്ണുഃ=നാരായണൻ, സപ്ത=ഏഴു, ധാമഭിഃ=ഗായത്ര്യാദി ഛന്ദസ്സുകളാൽ, യതഃ=യാതൊരു, പൃഥിവ്യാഃ=ഭൂപ്രദേശത്തിൽനിന്നു, വിചക്രമെ=വിവിധമായ പാദക്രമണത്തെ ചെയ്തുവൊ, അതഃ=ഈ ഭൂപ്രദേശത്തിൽനിന്നു, നഃ=ഞങ്ങളെ, ദേവാഃ=ദേവന്മാർ, അവന്തു=രക്ഷിക്കട്ടെ.

വിഷ്ണുവിന്നു പൃഥിവ്യാദിലോകങ്ങളിൽ ഗായത്ര്യാദി ഛന്ദസ്സുകളാൽ ജയത്തെ തൈത്തിരീയന്മാർ പറയുന്നു. 'വിഷ്ണുമുഖാ വൈ ദേവാഃ ഛന്ദോഭിരിമാല്ലോകാനനപജയ്യമഭ്യജയൻ' ഇതി. വിഷ്ണുവിൻെറ ത്രിവിക്രമാവതാരത്തിൽ മൂന്നടി വെപ്പിന്നു പൃഥിവി ആദികാരണമാകുന്നു. ഭൂമിയിങ്കൽനിന്നു രക്ഷണം എന്നാൽ ഭൂലോകത്തിൽ വസിക്കുന്ന ജനങ്ങളുടെ പാപനിവാരണമെന്നു താല്പൎയ്യമാകുന്നു.

ദശപൂൎണ്ണമാസേഷ്ടികളുടെ പ്രായശ്ചിത്തഹോമത്തിങ്കലും ആത്ത്യം ഈ മന്ത്രത്തെ വിനിയോഗിച്ചിരിക്കുന്നു.

"ഇദം വിഷ്ണുൎവ്വിചക്രമെ ത്രേധാ നിദധെ പദം സമൂഢമസ്യ പാംസുരെ"

വിഷ്ണുഃ=ത്രിവിക്രമാവതാരിയായ പരമാത്മാവു, ഇദം=ഈ കാണുന്ന എല്ലാ ജഗത്തിനെ ഉദ്ദേശിച്ച്, വിചക്രമെ=വിശേഷമായി പാദന്ന്യാസം ചെയ്തുവൊ അപ്പോൾ, ത്രേധാ=മൂന്നു പ്രകാരമായിട്ട്, പദം=തന്റെ കാലിനെ, നിദധെ=വെച്ചു, അസ്യ=ഈ വിഷ്ണുവിന്റെ, പാംസുരെ=പൂഴിയൊടുകൂടിയ പാദസ്ഥാനത്തിൽ, സമൂഢം=ഈ എല്ലാ ജഗത്തും സംമൃക്കാകുംവണ്ണം അന്തൎഭവിച്ചു.

ഗാൎഹപത്യം ആഹവനീയം എന്നു പേരായ രണ്ടു അഗ്നികളുടെ മദ്ധ്യത്തിൽ ശ്വാവു കടന്നാൽ ഈ മന്ത്രം കൊണ്ടുതന്നെ ശ്വാവു നടന്ന സ്ഥാനങ്ങളിൽ ഭസ്മാവിനെ പ്രക്ഷേപിക്കണം എന്നു വിദ്ധ്യപരാധമെന്ന ഭാഗത്തിൽ പറയപ്പെട്ടിരിക്കുന്നു. 'ഭസ്മനാ ശുനഃപദം പ്രതിവപേൽ ഇദം വിഷ്ണുൎവ്വിചക്രമ' ഇതി. 'ത്രേധാ നിദധെ പദം' എന്ന ദിക്കിൽ പൃഥിവിയിലും അന്തരിക്ഷത്തിലും സ്വൎഗ്ഗത്തിലും എന്നും ഭൂമിയിൽ അഗ്നിരൂപമായും, അന്തരിക്ഷത്തിൽ വിദ്യുദ്രൂപമായും, സ്വൎഗ്ഗത്തിൽ സൂൎയ്യരൂപമായും ആ പദം സ്ഥിതിചെയ്യുന്നു എന്നു താല്പൎയ്യം. ഈ അൎത്ഥത്തെത്തന്നെ 'ത്രേധാ വിഷ്ണുരുരുഗായൊ വിചക്രമെ മഹീം ദിവം പൃഥിവീമന്തരിക്ഷം' എന്ന ശ്രുതിയും സ്പഷ്ടപ്പെടുത്തുന്നു. ഏററവും കീൎത്തിമാനായ വിഷ്ണു വലുതായ ഭൂമിയേയും സ്വൎഗ്ഗത്തേയും ആകാശത്തേയും മൂന്നുപ്രകാരമായി ആക്രമിച്ചു എന്നാകുന്നു ശ്രുതിയുടെ താല്പൎയ്യം.

"ത്രീണി പദാ വിചക്രമെ വിഷ്ണുൎഗോപാ അദാഭ്യഃ അ തൊ ധൎമ്മാണി ധാരയൻ."

അദാഭ്യഃ=ആരാലും ഹിംസിപ്പാൻ കഴിയാത്തവനും, ഗോപാഃ=എല്ലാ ജഗത്തിന്റെ രക്ഷകനുമായ, വിഷ്ണുഃ=മ ഹാവിഷ്ണു, അതഃ=ഈ പൃഥിവ്യാദി സ്ഥാനങ്ങളിൽ, ത്രീ ണിപദാ=മൂന്നു അടികളെ, വിചക്രമെ=വിശേഷമായി ക്രമണംചെയ്തു (എന്തുചെയ്തുകൊണ്ട്?), ധൎമ്മാണി=അഗ്നി ഹോത്രം മുതലായതുകളെ, ധാരയൻ=വൎദ്ധിപ്പിച്ചുകൊണ്ടു.

ആരാലും ഉപദ്രവിപ്പാൻ കഴിയാത്തവനും ജഗദ്രക്ഷ കനുമായ വിഷ്ണു അഗ്നിഹോത്രം മുതലായ കൎമ്മങ്ങളെ വ ൎദ്ധിപ്പിച്ചുകൊണ്ടു ഭൂമി മുതലായ സ്ഥാനങ്ങളിൽ മൂന്നടി വെപ്പുകളെ ചെയ്തു എന്നു താല്പൎയ്യം.

"വിഷ്ണോഃ കൎമ്മാണി പശ്യത യതൊ വ്രതാനി പസ്പശെ ഇന്ദ്രസ്യ യുജ്യഃ സഖാ."

(ഹെ ഋത്വിഗാദയഃ= അല്ലയൊ ഋത്വിക്ക് മുതലായ വരെ), വിഷ്ണോഃ=വിഷ്ണുവിന്റെ, കൎമ്മാണി=പാലനം മുത ലായതുകളെ, പശ്യത=കണ്ടാലും, യതഃ=യാതൊരു വിഷ്ണു വിന്റെ അനുഗ്രഹത്താൽ, വ്രതാനി=അഗ്നിഹോത്രം മുത ലായവകളെ, പസ്പശെ=എല്ലാ യജമാനനും അനുഷ്ഠിക്കു ന്നുവൊ അപ്രകാരമുള്ള വിഷ്ണു, ഇന്ദ്രസ്യ=ഇന്ദ്രന്റെ, യു ജ്യഃ=അനുകൂലനായ, സഖാ=സഖാവായി ഭവിക്കുന്നു.

വിഷ്ണു ഇന്ദ്രന്റെ അനുകൂലനാണെന്നുള്ളതു 'തൊഷ്ടാ ഹത പുത്രഃ' എന്ന അനുവാകത്തിൽ 'അഥ വൈ തൎഹി വിഷ്ണുഃ' എന്നുള്ള മന്ത്രംകൊണ്ടു തൈത്തിരീയന്മാർ വിസ്ത

രിച്ചു പറഞ്ഞിരിക്കുന്നു. യാതൊരു വിഷ്ണുവിന്റെ അനുഗ്രഹത്താൽ എല്ലാ യജമാനന്മാരും അഗ്നിഹോത്രം മുതലായ കൎമ്മങ്ങളെ യഥോക്തമായനുഷ്ഠിക്കുന്നുവൊ അങ്ങിനെയുള്ള വിഷ്ണുവിന്റെ പാലനം മുതലായ കൎമ്മങ്ങളെ അല്ലയൊ ഋത്വിങ്ങ്മുതലായവരെ നിങ്ങൾ കണ്ടാലും.

"തദ്വിഷ്ണോഃ പരമം പദഗ്ം സദാ പശ്യന്തി സൂരയഃ ദിവീവ ചക്ഷുരാതതം."

സൂരയഃ=വിദ്വാന്മാരായ ഋത്വിങ്ങ്മുതലായവർ, വിഷ്ണോഃ=വിഷ്ണുവിന്റെ, പരമം=ഉൽകൃഷ്ടമായും, തൽ=ശാസ്ത്രപ്രസിദ്ധമായ, പദം=സ്വൎഗ്ഗസ്ഥാനത്തെ ശാസ്ത്രജ്ഞാനംകൊണ്ടു, സദാ=എല്ലായ്പോഴും, പശ്യന്തി=കാണുന്നു, ദിവി=ആകാശത്തിൽ, ആതതം=നാലുഭാഗത്തിലും വ്യാപിച്ചിരിക്കുന്നതിനെ, ചക്ഷുഃ ഇവ=ചക്ഷുസ്സ് (സ്പഷ്ടമായി കാണുന്നതുപോലെ).

ആകാശത്തിൽ നാലുഭാഗത്തും വ്യാപിച്ചിരിക്കുന്ന വസ്തുവിനെ ചക്ഷുസ്സ് വ്യക്തമായി കാണുന്നതുപോലെ വിദ്വാന്മാരായ ഋത്വിങ്ങ് മുതലായവർ വിഷ്ണുവിന്റെ ഉൽകൃഷ്ടമായും ശാസ്ത്രപ്രസിദ്ധമായുമുള്ള ആ സ്വൎഗ്ഗസ്ഥാനത്തെ ശാസ്ത്രജ്ഞാനംകൊണ്ടു എല്ലായ്പോഴും കാണുന്നു.

"തദ്വിപ്രാസൊ വിപന്യവൊ ജാഗൃവാഗ്ംസഃ സമിന്ധതെ വിഷ്ണോൎയ്യൽ പരമം പദം."

വിഷ്ണോഃ=വിഷ്ണുവിന്റെ, യൽ=യാതൊരു പൂൎവ്വോക്തമായ, പരമം=ഉൽകൃഷ്ടമായ, പദം=സ്ഥാനം ഇരിക്കുന്നുവൊ, തൽ=ആ സ്ഥാനത്തെ, വിപന്യവഃ=വിശേഷ

മായി സ്തുതിക്കുന്നവരും, ജാഗൃവാംസഃ=ശബ്ദാൎത്ഥങ്ങളിൽ ജാഗ്രതയോടുകൂടിയ, വിപ്രാസഃ=മേധാവികൾ, സമിന്ധതെ= സമ്യക്കാകുംവണ്ണം പ്രകാശിപ്പിക്കുന്നു.

പൂൎവ്വോക്തവും ഉൽകൃഷ്ടവുമായ വിഷ്ണുവിൻെറ യാതൊരു വൈകുണ്ഠം എന്ന സ്ഥാനം ഇരിക്കുന്നുവൊ ആ സ്ഥാനത്തെ വിശേഷമായി സ്തുതിക്കുന്നവരും ശബ്ദാൎത്ഥങ്ങളിൽ പ്രത്യേകം ദൃഷ്ടിവെക്കുന്നവരുമായ മേധാവികൾ സമ്യക്കാകുംവണ്ണം പ്രകാശിപ്പിക്കുന്നു.

ഇതി വൈഷ്ണവമന്ത്രാൎത്ഥദീപികാ സമാപ്താ.

# ശ്രീസൂക്തം

## മുഖന്യാസഃ

സൎവ്വ ജനങ്ങളാൽ ഉപാസിക്കേണ്ടുന്നവളും ശ്രീമന്നാരായണപത്നിയുമായ ശ്രീമഹാലക്ഷ്മിയുടെ സ്വരൂപസ്വഭാവാദികളേയും തദുപാസനകൊണ്ടു ജനങ്ങൾക്കുണ്ടാവുന്ന ഫലവിശേഷങ്ങളേയും ഉപദേശിക്കുന്ന വേദമന്ത്രങ്ങൾക്കു ശ്രീസൂക്തമെന്നു പേർ കല്പിക്കപ്പെട്ടിരിക്കുന്നു. പ്രപഞ്ചസാരമെന്ന മന്ത്രശാസ്ത്രത്തിൽ ശ്രീസൂക്തപാരായണം ചെയ്യുമ്പോൾ അവശ്യമനുഷ്ഠിക്കേണ്ടതായി പറഞ്ഞിരിക്കുന്ന ചില വിശേഷങ്ങളെ താഴെ എഴുതുന്നു.

ശ്രീമഹാലക്ഷ്മിയുടെ പ്രസാദത്തെ പ്രാപിപ്പാനാഗ്രഹിക്കുന്നവൻ ആദ്യം ആചാൎയ്യലക്ഷണം തികഞ്ഞവനും, മന്ത്രശാസ്ത്ര തത്വജ്ഞനും, ദേവതാഭക്തിയുള്ളവനുമായ ഗുരുവിനെ പ്രാപിച്ച് ശ്രീമന്ത്രോപദേശം വാങ്ങേണ്ടതുമാകുന്നു.

ഗുരുണാ സമനുഗൃഹീതം മന്ത്രം സദ്യോ ജപേച്ഛതാവൃത്ത്യാ
ഗുരുദേവതാമന്ത്രനാമൈക്യം സംഭാവയൻ ധിയാ ശിഷ്യഃ.

മന്ത്രേ മന്ത്രഗുരാവപി മന്ത്രീ മന്ത്രസ്യ ദേവതായാഞ്ച
ത്രിഷു വിഹിതസതതഭക്തിഃ പ്രേത്യേഹ നിജേപ്സിതം ഫ
ലം ലഭതേ.

ഗുരു, ദേവത, മന്ത്രം ഈ മൂന്നിനേയും സമമായി വിചാരിക്കുന്ന ശിഷ്യൻ മന്ത്രം, മന്ത്രഗുരു, മന്ത്രദേവത ഈ മൂന്നിലും സവ്വദാ സ്ഥിരഭക്തിയുള്ളവനായിട്ട് ഗുരുവിനാൽ ഉപദേശിക്കപ്പെട്ട മന്ത്രത്തെ ശതാദ്യാവൃത്തി ജപം ചെയ്യുവന്നാൽ ഈ ജന്മാദികൽ സകല ശ്രേയസ്സിനെ പ്രാപിക്കുന്നതോടുകൂടെ ഭാവിയിങ്കലും സവ്വശ്രേയോവാനായി ഭവിക്കും എന്നുള്ള പ്രമാണപ്രകാരം ഗുരുദേവതൈക്യധ്യാനത്തോടുകൂടെ ശ്രീമന്ത്രത്തെ ജപിച്ചുവരേണ്ടതാകുന്നു.

സുവിമലചരിതസ്സ്യാച്ഛുദ്ധമാല്യാനുലേപാ-
ഭരണവസനദേഹോ മുഖ്യഗന്ധോത്തമാംഗഃ
സുവിശദനഖദന്തഃശുദ്ധധിവ്വിഷ്ണുഭക്തോ
വിമലരുചിരശയ്യസ്സ്യാച്ചിരായേന്ദിരാത്ഥി.
ശാന്തശ്ശശ്വൽസ്മിതമധുരപൂവ്വാഭിഭാഷീ ദയാർദ്രോ
ദേവാചാൎയ്യാതിഥിദഹനപൂജാരതഃ പുണ്യശീലഃ
നിത്യസ്നായീ നിയമനിരതഃ പ്രത്യഗാശാമുഖാശീ
മന്ത്രീ വൎണ്ണാശ്രമദൃഢരതിസ്സ്യാച്ചിരായേന്ദിരാത്ഥി.
ശ്രീമന്ത്രഭക്തഃ ശ്രിതവിഷ്ണുദീക്ഷഃ
ശ്രീസൂക്തജാപീ സിതധീസ്സുശീലഃ
സ്വദാരതുഷ്ടോ മിതഭാഷണാശീ
ലോകപ്രിയസ്സ്യാച്ചിരമിന്ദിരാത്ഥി.

സ്ഥിരമായ ലക്ഷ്മീകടാക്ഷത്തെ പ്രാത്ഥിക്കുന്നവൻ സച്ചരിത്രനായും, ശുദ്ധമായ മാല, ചന്ദനം, ആഭരണം, വസ്ത്രം, ദേഹം ഇവകളോടുകൂടിയവനായും, ശുഭ്രമായ നഖദ

ന്തങ്ങളോടുകൂടിയവനായും, ശിരോപാസനയോടുകൂടിയവ
നായും, ശുദ്ധചിത്തനായും, വിഷ്ണുഭക്തിയുള്ളവനായും, ശു
ഭ്രമായും മനോജ്ഞമായുമുള്ള ശയ്യാദിയോടുകൂടിയവനായും,
ശാന്തനായും, സ്മിതഭാഷിയായും, ദയാർദ്രനായും, ദേവൻ,
ആചാര്യൻ, അതിഥി, അഗ്നി ഇവരുടെ പൂജാതല്പരനാ
യും, പുണ്യവാനായും, നിത്യസ്നായിയായും, നിയമമുള്ളവ
നായും, പ്രാങ്മുഖനായിത്തന്നെ ഭുജിക്കുന്നവനായും,
വർണ്ണാശ്രമത്തിൽ ദൃഢവിശ്വാസമുള്ളവനായും, ശ്രീമന്ത്രഭ
ക്തനായും, വിഷ്ണുദീക്ഷയുള്ളവനായും, ശ്രീസൂക്തത്തെ ജപി
ക്കുന്നവനായും, സ്വഭാര്യയിങ്കൽതന്നെ വിഷയഭോഗം
ചെയ്യുന്നവനായും, മിതഭാഷണം, മിതാഹാരം ഇവകളോ
ടുകൂടിയവനായും, ലോകപ്രിയനായുമിരിക്കേണ്ടതാകുന്നു.
മന്ത്രശാസ്ത്രത്തിൽ പറഞ്ഞ അധികാരലക്ഷണത്തോടുകൂടി
യവനായിരിക്കേണ്ടതും ആവശ്യമാകുന്നു.

### ശ്രീസൂക്തന്യാസപൂജാഹോമജപങ്ങളുടെ വിധാനത്തെ പറയുന്നു.

'ഹിരണ്യവർണ്ണാമിതി പഞ്ചദശർച്ചസ്യ സൂക്തസ്യ
ആനന്ദകർദ്ദമചിക്ലീതേന്ദിരാസുതാ ഋഷയഃ, ശ്രീരഗ്നിർദേ
വതാ, ആദ്യാസ്തിസ്രോനുഷ്ടുഭഃ, ചതുർത്ഥീ ബൃഹതീ, പ
ഞ്ചമീഷഷ്ഠ്യൌ ത്രിഷ്ടുഭൌ, തതോഷ്ടാവനുഷ്ടുഭഃ, അ
ന്ത്യാ പ്രസ്താരപങ്ക്തിഃ, ഹിരണ്യവർണ്ണാമിതി ബീജം, താം
മ ആവഹ ജാതവേദ ഇതി ശക്തിഃ, കീർത്തിമൃദ്ധിം ദദാതു
മ ഇതി കീലകം, മമ ശ്രീമഹാലക്ഷ്മീപ്രസാദസിദ്ധ്യർത്ഥേ
ജപേ വിനിയോഗഃ.' (ഓം ശ്രീമിതി ബീജാഭ്യാം ജലേ
ന ത്രിവാരം കരശുദ്ധിം കുര്യാൽ).

## അഥ അംഗന്യാസഃ

'ഹിരണ്യവൎണ്ണാമിതി ശിരസി, താം മ ആവഹ ജാതവേദ ഇതി നേത്രയോഃ, അശ്വപൂൎവ്വാമിതി കൎണ്ണയോഃ, കാംസോസ്മിതാമിതി നാസികായാം, ചന്ദ്രാംപ്രഭാസാമിതി മുഖെ, ആദിത്യവൎണ്ണ ഇതി കണ്ഠെ, ഉപൈതുമാമിതി ബാഹോഃ, ക്ഷുൽപിപാസാമിതി ഹൃദയെ, ഗന്ധദ്വാരാമിതി നാഭൌ, മനസഃകാമമിതി ഗുഹ്യെ, കൎദ്ദമേനേതി പായൌ, ആപഃസൃജന്തുഇത്യൂൎവ്വോഃ, ആൎദ്രാം പുഷ്കരിണീംപുഷ്ടിമിതി ജാനോഃ ആൎദ്രാം യഃ കരിണീമിതി ജംഘയോഃ, താം മ ആവഹ ജാതവേദ ഇതി പാദയോഃ.' (ഇത്യംശേഷു വിന്യസ്യ).

## അഥ കരന്യാസഃ

(ഓം നമോ ഭഗവത്യൈ മഹാലക്ഷ്മ്യൈ ഇതി വിശേഷണം പ്രതിന്യാസം യോജയേൽ.) ഹിരണ്യവൎണ്ണായൈ അംഗുഷ്ഠാഭ്യാം നമഃ, ഹരിണ്യൈ തൎജ്ജനീഭ്യാം നമഃ, സുവൎണ്ണരജതസ്രജായൈ മദ്ധ്യമാഭ്യാം നമഃ, ചന്ദ്രായൈ അനാമികാഭ്യാം നമഃ, ഹിരണ്മയ്യൈ കനിഷ്ഠികാഭ്യാം നമഃ, ലക്ഷ്മ്യൈകരതലകരപൃഷ്ഠാഭ്യാം നമഃ.' ഏവം ഹൃദയാദിന്യാസഃ. ഭൂൎഭുവസ്സുവരോമിതി ദിഗ്ബന്ധഃ, ധ്യാനം:—

"അരുണകമലസംസ്ഥാ തദ്രജഃ പുഞ്ജവൎണ്ണാ
കരകമലധൃതേഷ്ടാഭീതിയുഗ്മാംബുജാതാ
മണിമകുടവിചിത്രാലംകൃതിഃപത്മമാലാ
ഭവതു ഭുവനമാതാ സന്തതം ശ്രീഃശ്രിയൈനഃ."

കമലം കലശം ധേനും ജ്ഞാനമഞ്ജലിമേവച
പഞ്ചമുദ്രാഃപ്രദൎശ്യാഥശ്രീസൂക്തംപ്രജപേൽബുധഃ.

സമ്പത്തിനെ ഇച്ഛിക്കുന്നവൻ പൂർവ്വോക്തപ്രകാരം അംഗന്യാസകരന്യാസധ്യാനങ്ങളെ ചെയ്തു് ശ്രീസൂക്തത്തിൻെറ 15 ഋക്കുകളേയും ദിവസേന ജപിക്കേണ്ടതാകുന്നു. ജപത്തിന്നു മുമ്പു ഈ ഋക്കുകളെക്കൊണ്ടു ശ്രീമഹാലക്ഷ്മിയെ പൂജിക്കേണ്ടതും, അതിൻെറ ക്രമം ഇതിൽ ഹിരണ്യവർണ്ണാമെന്ന 1-ാമത്തെ ഋക്കുകൊണ്ടു ലക്ഷ്മിയെ ആവാഹനംചെയ്തു്, താം മ ആവഹ എന്ന 2-ാമത്തെ ഋക്കുകൊണ്ടു ആസനത്തേയും, അശ്വപൂർവ്വാം എന്ന 3-ാമത്തെ ഋക്കുകൊണ്ടു അർഘ്യത്തേയും, കാംസോസ്മിതാം എന്ന 4-ാമത്തെ ഋക്കുകൊണ്ടു പാദ്യത്തെയും, ചന്ദ്രാം പ്രഭാസാം എന്ന 5-ാമത്തെ ഋക്കുകൊണ്ടു ആചമനത്തെയും, ആദിത്യവർണ്ണേ എന്ന 6-ാമത്തെ ഋക്കുകൊണ്ടു സ്നാനത്തേയും, ഉപൈതുമാം എന്ന 7-ാമത്തെ ഋക്കുകൊണ്ടു വസ്ത്രത്തേയും, ക്ഷുൽപിപാസാം എന്ന 8-ാമത്തെ ഋക്കുകൊണ്ടു ആഭരണങ്ങളേയും, ഗന്ധദ്വാരാം എന്ന 9-ാമത്തെ ഋക്കുകൊണ്ടു ചന്ദനത്തേയും, മനസഃകാമം എന്ന 10-ാമത്തെ ഋക്കുകൊണ്ടു പുഷ്പത്തേയും, കർദ്ദമേന എന്ന 11-ാമത്തെ ഋക്കുകൊണ്ടു ധൂപത്തേയും, ആപഃസൃജന്തു എന്ന 12-ാമത്തെ ഋക്കുകൊണ്ടു ദീപത്തേയും, ആർദ്രാം പുഷ്കരിണീം എന്ന 13-ാമത്തെ ഋക്കുകൊണ്ടു ഘൃതഗുളപായസനിവേദനത്തേയും ചെയ്തു് ആർദ്രാം യഃകരിണീം എന്ന 14-ാമത്തെ ഋക്കുകൊണ്ടു പ്രദക്ഷിണത്തേയും ചെയ്യേണ്ടതാകുന്നു. സ്നാനം, വസ്ത്രം, നൈവേദ്യം ഇതുകൾ സമർപ്പിച്ചതിൽപിന്നെ ആചമനംകൂടി സമർപ്പിക്കേണ്ടതാകുന്നു. പിന്നെ അഗ്നിയെ പ്രതിഷ്ഠചെയ്തു് പരിഷേചനാദിയെ ചെയ്തു്

അനന്തരം ആജ്യംകൊണ്ടു ഓരോരു ഋക്കിന്നും ആദിയിൽ പ്രണവമന്ത്രത്തേയും അവസാനത്തിൽ സ്വാഹാ എന്ന പദത്തേയും ചേൎത്ത് ഹോമം ചെയ്യേണ്ടതാകുന്നു. അന ന്തരം ബില്വസമിത്തുകൊണ്ടും പലാശസമിത്തുകൊണ്ടും മുൻപറഞ്ഞപോലെ ഓരോരു ഋക്കുകൊണ്ടു ഹോമം ചെയ്യു് പിന്നേയും നെയ്യ്കൊണ്ടു ഹോമംചെയ്യു് ഹോമത്തെ സമാപിച്ചതിന്നുശേഷം ശ്രീമഹാലക്ഷ്മിയെ ധ്യാനിച്ചുകൊണ്ടു ഋക്കുകളിൽ ആദ്യം പ്രണവത്തെ ചേൎത്തി 28 പ്രാവശ്യം ശ്രീസൂക്തത്തെ ജപംചെയ്യു് ഒടുവിൽ താം മ ആവഹ എന്ന 15-ാമത്തെ ഋക്കുകൊണ്ടു ഉദ്വാസനം ചെയ്യേണ്ടതാകുന്നു. ഇപ്രകാരം പ്രതിദിവസം ചെയ്യുവന്നാൽ അഖണ്ഡൈശ്വൎയ്യത്തെ പ്രാപിക്കുമെന്നു പറഞ്ഞിരിക്കുന്നു. ഇതിൽ പ്രത്യേകം ഓരോരു ഋക്കിനെ ജപിച്ചാൽ ഓരോരു ഫലത്തെ കൊടുക്കുന്നു. അതിൽ 1-ാമത്തെ ഋക്കു തേജസ്സു ഭോഗം ചന്ദ്രലോകം ഇതുകളേയും, 2-ാമത്തെ ഋക്കു പശു ദാസീദാസൻ ഇതുകളെയും, 3-ാമത്തെ ഋക്കു രാജ്യശത്രുനാശത്തേയും, 4-ാമത്തെ ഋക്കു വിദ്യയേയും, 5-ാമത്തെ ഋക്കു നിധി രാജസമ്മാനം ഇതുകളെയും, 6-ാമത്തെ ഋക്കു ശാശ്വതമായ ധനത്തെയും, 7-ാമത്തെ ഋക്കു കുബേരദൎശനം ചിന്താമണി നവരത്നം ഇതുകളുടെ പ്രാപ്തിയേയും, 8-ാമത്തെ ഋക്കു ദാരിദ്ര്യനാശത്തേയും, 9-ാമത്തെ ഋക്കു കൃഷികൊണ്ടുള്ള ധനവൃദ്ധി പശുധാന്യസമൃദ്ധി ഇതുകളേയും, 10-ാമത്തെ ഋക്കു വാക്സിദ്ധിയേയും, 11-ാമത്തെ ഋക്കു സന്താനത്തേയും, 12-ാമത്തെ ഋക്കു ഉൽകൃഷ്ടമായ അന്നാദിഭോഗ്യവസ്തുക്കളേയും, 13-ാമത്തെ ഋ

ക്കു ഗജാശ്വം മുതലായവകളെയും, 14-ാമത്തെ ഋക്കു രാജ്യൈശ്വൎയ്യത്തെയും, 15-ാമത്തെ ഋക്കു വിദ്യാ ധനം മുതലായ സൎവ്വസമ്പത്തിനെയും കൊടുക്കുന്നു.

## നിരുക്തകാരോക്തഫലസ്തുതിഃ.

"യഃ ശുചിഃ പ്രയതൊ ഭൂത്വാ ജുഹുയാദാജ്യമന്വഹം
ശ്രിയഃ പഞ്ചദശൎച്ചംച ശ്രീകാമഃ സതതം ജപേൽ."

യഃ ശ്രീകാമഃ സഃ ശുചിഃ പ്രയതശ്ച ഭൂത്വാ സതതം സങ്കല്പദിനാദിപഞ്ചദശാബ്ദേഷു പ്രത്യഹം സ്വശാഖോക്തവിധാനേന അഗ്നിം സംസ്കൃത്യ ശ്രീസൂക്തപഞ്ചദശൎഗ്ഭിഃ പഞ്ചദശാജ്യാഹുതീഃ ഹുത്വാ തതഃപരം ശ്രിയഃ ശ്രീസൂക്തസ്ഥ പഞ്ചദശൎച്ചം സാകല്യേനൈകവാരമിതി യഥാശക്ത്യഖണ്ഡപാരായണം കുൎയ്യാൽ, അഥവാ പഞ്ചദശവാരം അഖണ്ഡപാരായണം കൃത്വാ തതഃ ഏകൈകാമൃചം വിധിവദ്യഥാസംഖ്യം ജപേൽ. തദശക്തൌ ലൌകികേഗ്നാവപി പഞ്ചദശൎഗ്ഭിഃ പ്രത്യഹം പഞ്ചദശാജ്യാഹുതീൎഹുത്വാ പഞ്ചദശവാരം ശ്രീസൂക്തം ജപേൽ. തസ്യ ശ്രീകാമസ്യ തസ്മിന്നേവ ജന്മനി മഹതീ ശ്രീപ്രാപ്തിൎഭവിഷ്യതീതി വിജ്ഞായതെ. വിധിവദനുഷ്ഠാനാസമൎത്ഥസ്യ തു ഛായാമാത്രം വാ യഥായോഗ്യം വാ ഫലം ഭവതി. പ്രതിബന്ധകബാഹുല്യേ തു ജന്മാന്തരെ ഫലാനുഭവൊ ഭവിഷ്യതീതി സിദ്ധാന്തഃ. തദുക്തം മന്ത്രരഹസ്യെ.'

"അധികാരീ യഥാദേശെ യഥാകാലെ യഥാമനും
യാദൃഗ്വിധാനസന്ധാനഃ പ്രജപേത്താദൃശം ഫലം.

കാലദേശക്രിയാത്രപാദ്യനുരൂപം ലഭേന്നരഃ
അത്യുൽകടേന പുണ്യേന തസ്മിന്നേവ ഹി ജന്മനി.
തൽഫലം പ്രാപ്നുയാത്സിദ്ധോ നാത്രകാൎയ്യാ വിചാരണാ
പുണ്യസ്യാനുൽകടത്വേചതുചിരാൽകിംചിൽഫലം ലഭേൽ.
പ്രതിബന്ധകബാഹുല്യേ ഫലം ജന്മാന്തരെ ഭവേൽ
ന ദേവതോഷണം വ്യൎത്ഥം ഭവിഷ്യതി കദാചന
തസ്മാന്മന്ത്രം ജപേദ്യോഗീ യതഃ ശുദ്ധേന്ദ്രിയക്രിയഃ."

താല്പൎയ്യം. യാവനൊരുത്തൻ ശ്രീകാമനൊ അവൻ എപ്പോഴും ദേഹശുദ്ധിയോടും മനഃശുദ്ധിയോടും കൂടിയവനായിട്ട് സങ്കല്പദിനം മുതൽ 15 സംവത്സരം ദിവസന്തോറം ഇടവിടാതെ സ്വശാഖോക്തപ്രകാരമായി അഗ്നിയെ സംസ്കരിച്ച് ശ്രീസൂക്തത്തിന്റെ 15 ഋക്കുകളെക്കൊണ്ടു 15 ആജ്യാഹുതികളെ ചെയ്തതിന്നു ശേഷം ശ്രീസൂക്തത്തിലുള്ള 15 ഋക്കിനെ മുഴുവനും ജപിച്ച് ഒരു പ്രാവശ്യം ആഹുതി ചെയ്ത് ശക്ത്യനുസാരം അഖണ്ഡപാരായണം ചെയ്യേണ്ടതാകുന്നു. അല്ലെങ്കിൽ 15 പ്രാവശ്യം അഖണ്ഡപാരായണം ചെയ്തതിൽ പിന്നെ ഓരോരു ഋക്കിനെ വിധിപ്രകാരം യഥാസംഖ്യം ജപിക്കേണ്ടതാകുന്നു. യഥാസംഖ്യം എന്നാൽ—,1-ാമത്തെ ഋക്കു ഒരു പ്രാവശ്യവും, 2-ാമത്തെ ഋക്കു രണ്ടു പ്രാവശ്യവും ഇപ്രകാരം 15-ാമത്തെ ഋക്കു 15 പ്രാവശ്യം ജപിക്കേണ്ടതുമാകുന്നു. അതിന്നു ശക്തിയില്ലാത്തപക്ഷം ലൌകികാഗ്നിയിൽതന്നെയാവട്ടെ 15 ഋക്കുകളേക്കൊണ്ടു ദിവസംതോറം 15 ആജ്യാഹുതികളെ ചെയ്ത് 15 പ്രാവശ്യം ശ്രീസൂക്തത്തെ ജപിക്കേണ്ടതാകുന്നു. എന്നാൽ ശ്രീകാമനായ പുരുഷന്നു ആ

ജന്മാവിൽതന്നെ മഹത്തായ സമ്പൽപ്രാപ്തി ഭവിക്കുമെന്നും കാണുന്നു. വിധിപ്രകാരം അനുഷ്ഠിപ്പാൻ കഴിയാത്തവന്നു തദനുരൂപമായ ഫലം ഭവിക്കുന്നതാകുന്നു. വിഘ്നാധിക്യത്തിങ്കലാവട്ടെ ജന്മാന്തരത്തിൽ ഫലസിദ്ധിയുണ്ടാകുമെന്നും സിദ്ധാന്തിച്ചിരിക്കുന്നു. അപ്രകാരംതന്നെ മന്ത്രരഹസ്യത്തിലും പറയുന്നു.

മന്ത്രാധികാരി യാതൊരു ദേശകാലങ്ങളിൽ യാതൊരു ഫലത്തെ ഉദ്ദേശിച്ച് യാതൊരു വിധമായി മന്ത്രജപം ചെയ്യുന്നുവൊ ആ ദേശകാലക്രിയകൾക്കനുരൂപമായ ഫലത്തെ അവൻ പ്രാപിക്കുമെന്നും അത്യുൽക്കടപുണ്യംഹേതുവായിട്ട് ആ ജന്മാവിൽതന്നെ ആ മന്ത്രഫലത്തെ പ്രാപിക്കുന്നതാണെന്നുള്ളതിന്നു സംശയമില്ല. കർമ്മം പൂർത്തിയാവാതെ വരുമ്പോൾ കാലതാമസംകൊണ്ടെങ്കിലും അനുരൂപഫലത്തെ പ്രാപിക്കും. അധികതടസ്ഥം നേരിട്ടുമ്പോൾ ജന്മാന്തരത്തിൽ ഫലസിദ്ധിയുണ്ടാവുമെന്നും കാണുന്നു. ദേവതോഷണം ഒരിക്കലും വ്യർത്ഥമായി ഭവിക്കുന്നതല്ല. അതിനാൽ മന്ത്രത്തിൽ വിശ്വാസമുള്ള മന്ത്രജ്ഞൻ ചിത്തശുദ്ധിയോടുകൂടെ ദിവസേന മന്ത്രത്തെ അവശ്യം ജപിക്കേണ്ടതാണെന്നു പറഞ്ഞ് വിരമിക്കുന്നു.

ശ്രീഃ



മഹാലക്ഷ്മ്യൈ നമഃ

# ശ്രീസൂക്തമന്ത്രാർത്ഥദീപികാ

"അഗ്നിർവ്വൈ ദേവാനാം ഹോതാ" "ഹോതാരഗ്ം രത്നധാതമം" എന്ന ശ്രുതിപ്രകാരം അഗ്നിഭഗവാൻ എല്ലാ ദേവന്മാരേയും അവരവരുടെ ഹവിർഭാഗങ്ങളെ ഗ്രഹിപ്പാൻവേണ്ടി യാഗഭൂമിക്കു വരുവാൻ ആഹ്വാനം ചെയ്യുന്നതിനാൽ താൻ ചെയ്യുന്ന യാഗത്തിൽ ഹവിസ്സിനെ ഗ്രഹിപ്പാൻവേണ്ടി ശ്രീദേവിയെ ആഹ്വാനം ചെയ്യണെ എന്നു ആദ്യം പ്രാർത്ഥിക്കപ്പെടുന്നു.

## പ്രഥമവർഗ്ഗെ പ്രഥമാ ഋക്

"ഹിരണ്യവർണ്ണാം ഹരിണീം സുവർണ്ണരജതസ്രജാം
ചന്ദ്രാം ഹിരണ്മയീം ലക്ഷ്മീം ജാതവേദൊ മ ആവഹ."

ഹെ ജാതവേദഃ= അല്ലയൊ അഗ്നെ, (ത്വം=അങ്ങുന്ന്), ഹിരണ്യവർണ്ണാം=സ്വർണ്ണത്തിൻെറ കാന്തിപോലെയുള്ള കാന്തിയോടുകൂടിയവളും, ഹരിണീം=മഞ്ഞനിറത്തോടുകൂടിയവളും അല്ലെങ്കിൽ മാനിൻെറ രൂപത്തെ ധരിക്കുന്നവളും, സുവർണ്ണരജതസ്രജാം=സ്വർണ്ണം വെള്ളിഇതുകളേ

കൊണ്ടുണ്ടാക്കപ്പെട്ട മാലകളോടുകൂടിയവളും, ചന്ദ്രാം=ചന്ദ്രനെപ്പോലെ ആനന്ദത്തെ കൊടുക്കുന്നവളും, ഹിരണ്മയീം=സ്വൎണ്ണവൎണ്ണത്തോടുകൂടിയ (സ്വൎണ്ണവിഗ്രഹത്തോടുകൂടിയ), ലക്ഷ്മീം=സകല ലക്ഷണങ്ങളോടുകൂടിയ മഹാലക്ഷ്മിയെ, മെ=എനിക്കായിക്കൊണ്ടു, ആവഹ=ആഹ്വാനം ചെയ്യാലും.

അല്ലയൊ അഗ്നെ! സ്വൎണ്ണകാന്തിയോടുകൂടിയവളും, മഞ്ഞചരായയുള്ളവളും അല്ലെങ്കിൽ 'ശ്രീൎധൃത്വാ ഹരിണീരൂപമരണ്യെ സഞ്ചചാരഹ' എന്ന വചനപ്രകാരം പെണ്മാനിന്റെ രൂപത്തെ ധരിക്കുന്നവളും, സ്വൎണ്ണം വെള്ളി ഇതുകളേക്കൊണ്ടുണ്ടാക്കപ്പെട്ട മാലയോടുകൂടിയവളും, അല്ലെങ്കിൽ സ്വൎണ്ണം വെള്ളി ഇതുകളേക്കൊണ്ടുണ്ടാക്കപ്പെട്ട മേഖലയോടുകൂടിയവളും, ചന്ദ്രനെപ്പോലെ പ്രകാശിക്കുന്നവളും, സ്വൎണ്ണരൂപമായിരിക്കുന്നവളും സകലലക്ഷണങ്ങളോടുകൂടിയവളുമായ മഹാലക്ഷ്മിയെ എനിക്കായിക്കൊണ്ടു ആഹ്വാനംചെയ്യാലും (വരുത്തിയാലും.) അഗ്നിക്കു ദേവഹോതൃത്വമുള്ളതിനാൽ ഇവിടെ അഗ്നിമുഖേന ലക്ഷ്മിയുടെ ആഹ്വാനം യുക്തമാകുന്നു എന്നു താല്പൎയ്യം.

"താം മ ആവഹ ജാതവേദൊ ലക്ഷ്മീമനപഗാമിനീം
യസ്യാം ഹിരണ്യം വിന്ദേയം ഗാമശ്വം പുരുഷാനഹം."

ഹെ ജാതവേദഃ!=അല്ലയൊ അഗ്നെ!, (ത്വം=അങ്ങുന്ന്), അനപഗാമിനീം=എന്നെ വിട്ടുപിരിയാത്തവളായ, താം ലക്ഷ്മീം=ആ ലക്ഷ്മിയെ, മെ=എനിക്കായിക്കൊണ്ടു, ആവഹ=ആഹ്വാനം ചെയ്യാലും, യസ്യാം=യാതൊരു ലക്ഷ്മി

വന്നിരിക്കുമ്പോൾ, ഹിരണ്യം=സ്വർണ്ണത്തേയും, ഗാം=പശുവേയും, അശ്വം=കുതിരയേയും, പുരുഷാൻ=പുത്രമിത്രാദികളേയും, അഹം=ഞാൻ, വിന്ദേയം=പ്രാപിക്കുമൊ.

അല്ലയൊ അഗ്നേ! യാതൊരു മഹാലക്ഷ്മി വന്നിരുന്നാൽ ഞാൻ സകല ഐശ്വര്യത്തോടുകൂടിയവനായി ഭവിക്കുമൊ അപ്രകാരമുള്ള മഹാലക്ഷ്മിയെ എന്നിൽ സാർവ്വകാലം സ്ഥിരമായിരിക്കുംവണ്ണം ചെയ്യാലും.

“അശ്വപൂർവ്വാം രഥമദ്ധ്യാം ഹസ്തിനാദപ്രബോധിനീം
ശ്രിയം ദേവീമുപഹ്വയെ ശ്രീർമ്മാദേവി ജൂഷതാം.”

അശ്വപൂർവ്വാം=യാത്രാകാലത്തിൽ മുമ്പിൽ കുതിരകളോടുകൂടിയവളും, രഥമദ്ധ്യാം=മദ്ധ്യത്തിൽ തേരുകളോടുകൂടിയവളും, ഹസ്തിനാദപ്രബോധിനീം=ആനകളുടെ ശബ്ദത്താൽ തന്റെ ഇരിപ്പിടത്തെ അറിയിക്കുന്നവളും, ദേവീം=പ്രകാശിക്കുന്നവളുമായ, ശ്രിയം=സേനാരൂപയായ ലക്ഷ്മിയെ, ഉപഹ്വയെ=സമീപത്തിൽ ആഹ്വാനം ചെയ്യുന്നു, ദേവീ=പ്രകാശിക്കുന്ന അല്ലെങ്കിൽ ക്രീഡിക്കുന്ന, ശ്രീഃ=ലക്ഷ്മി, മാ=എന്നെ, ജൂഷതാം=അനുഗ്രഹിപ്പാൻ പ്രാപിക്കണെ.

യാത്രാകാലത്തിൽ മുമ്പിൽ കുതിരകളോടുകൂടിയവളായും, മദ്ധ്യത്തിൽ തേരുകളോടുകൂടിയവളായും, ആനകളുടെ ശബ്ദത്താൽ തന്റെ വാസസ്ഥാനത്തെ അറിയിക്കുന്നവളായും, ഏററവും പ്രകാശിച്ചുകൊണ്ടിരിക്കുന്ന സേനാരൂപയായ ലക്ഷ്മിയെ പൂജാസ്വീകാരത്തിന്നായി സമീപത്തിൽ വിളിക്കുന്നു. അല്ലെങ്കിൽ അപ്രകാരമുള്ള മഹാ

ലക്ഷ്മി എന്നെ അനുഗ്രഹിപ്പാൻ പ്രാപിക്കണെ എന്നു താല്പൎയ്യം.

"കാം സോസ്മിതാം ഹിരണ്യപ്രാകാരാമാർദ്രാം ജ്വലന്തീം തൃപ്താം തൎപ്പയന്തീം
പത്മെ സ്ഥിതാം പത്മവൎണ്ണാം താമിഹോപഹ്വയെ ശ്രിയം."

കാം=വാക്കിന്നും മനസ്സിന്നും വിഷയയല്ലാത്തവളും അല്ലെങ്കിൽ ബ്രഹ്മരൂപയായും, സോസ്മിതാം=മന്ദഹാസത്തോടുകൂടിയവളും, ഹിരണ്യപ്രാകാരാം=സ്വൎണ്ണവൎണ്ണത്തോടുകൂടിയവളും അല്ലെങ്കിൽ സ്വൎണ്ണമയമായ മതിലോടുകൂടിയവളും, ആർദ്രാം=ദയാരസംകൊണ്ടു നനഞ്ഞവളും അല്ലെങ്കിൽ ആർദ്രാനക്ഷത്രത്തിൽ അവതരിച്ചവളും, ജ്വലന്തീം=പ്രകാശിക്കുന്നവളും, തൃപ്താം=പൂൎണ്ണകാമയായും (നിത്യതൃപ്തയായും), തൎപ്പയന്തീം=ഭക്തന്മാരെ തൃപ്തിപ്പെടുത്തുന്നവളും, പത്മെ=താമരയിൽ, സ്ഥിതാം=സ്ഥിതിചെയ്യുന്നവളും, പത്മവൎണ്ണാം=താമരപോലെ ശോഭിക്കുന്ന, താം ശ്രിയം=പ്രസിദ്ധയായ ആ മഹാലക്ഷ്മിയെ, ഇഹ=എന്റെ ഈ പൂജാസ്ഥാനത്തിൽ, ഉപഹ്വയെ=ആഹ്വാനം ചെയ്യുന്നു.

വാക്കുകൊണ്ടോ മനസ്സുകൊണ്ടോ പറവാനൊ വിചാരിപ്പാനൊ കഴിയാത്തതായ മാഹാത്മ്യത്തോടുകൂടിയവളും, പുറത്തു പ്രകാശിക്കുന്ന മന്ദഹാസത്തോടുകൂടിയവളും, സ്വൎണ്ണം പോലെ എറാവും ഭംഗിയുള്ള ദേഹത്തോടുകൂടിയവളും, രുദ്രരൂപിണിയായും, പ്രകാശിക്കുന്നവളായും, താനും

സന്തോഷിച്ച് ഇഷ്ടങ്ങളെ കൊടുത്ത ആശ്രിതന്മാരെ സന്തോഷിപ്പിക്കുന്നവളും, താമരയിൽ വസിക്കുന്നവളായും, താമരപുഷ്പത്തിൻെറ വർണ്ണത്തോടുകൂടിയ ആ മഹാലക്ഷ്മിയെ ഞാൻ പൂജാസ്വീകാരത്തിന്നായി വരുത്തുന്നു.

"ചന്ദ്രാം പ്രഭാസാം യശസാ ജ്വലന്തീം
ശ്രിയം ലോകെ ദേവജുഷ്ടാമുദാരാം
താം പദ്മിനീമീം ശരണമഹം പ്രപദ്യെ
അലക്ഷ്മീർമെ നശ്യതാം ത്വാം വൃണെ."

ചന്ദ്രാം=ചന്ദ്രനേപ്പോലെ ആനന്ദത്തെ കൊടുക്കുന്നവളും, പ്രഭാസാം=ശ്രേഷ്ഠമായ കാന്തിയോടുകൂടിയവളും, ലോകെ=ജഗത്തിൽ, യശസാ=ആശ്രിതസംരക്ഷണംകൊണ്ടുണ്ടായ കീൎത്തിയാൽ, ജ്വലന്തീം=പ്രകാശിക്കുന്നവളും, ദേവജുഷ്ടാം=ഇന്ദ്രാദിദേവന്മാരാൽ സേവിക്കപ്പെട്ടവളും, ഉദാരാം=ആശ്രിതന്മാൎക്കിഷ്ടത്തെ കൊടുക്കുന്നവളും, പദ്മിനിം=മഹാപദ്മം മുതലായ നിധികളോടുകൂടിയവളും അല്ലെങ്കിൽ പദ്മരൂപയായും, ഈം=ഈകാരവാച്യയായുമിരിക്കുന്ന, താം=വേദപ്രസിദ്ധയായ ആ ലക്ഷ്മിയെ, അഹം=ഞാൻ, ശരണം പ്രപദ്യെ=ശരണം പ്രാപിക്കുന്നു, അതഃ=അതിനാൽ, (ഹെ ശ്രീഃ=അല്ലയൊ ലക്ഷ്മി), മെ=എന്റെ, അലക്ഷ്മീഃ=ദാരിദ്ര്യമായതു, നശ്യതാം=നാശത്തെ പ്രാപിക്കട്ടെ, ത്വാം=അങ്ങയെ, വൃണെ=പിന്നെയും ഞാൻ ശരണം പ്രാപിക്കുന്നു.

ചന്ദ്രനേപ്പോലെ ആനന്ദിപ്പിക്കുന്നവളായി, ഏററവും ലാവണ്യത്തോടുകൂടിയവളായി, പ്രസിദ്ധയായ കീൎത്തിയോടുകൂടിയവളായി, സ്വൎഗ്ഗലോകവാസികളായ ദേവന്മാ

രാൽ സേവിക്കപ്പെട്ടവളായി, ഗംഭീരസ്വഭാവമുള്ളവളായി, താമരപുഷ്പസ്വരൂപിണിയായുമിരിക്കുന്ന ശ്രീ മഹാലക്ഷ്മിയെ രക്ഷിക്കേണമെന്നു (ഞാൻ) ശരണം പ്രാപിക്കുന്നു. അതിനാൽ എൻെറ ദാരിദ്ര്യത്തെ നശിപ്പിപ്പാൻ ശക്തയായ അങ്ങയെ ഞാൻ പിന്നേയും ശരണം പ്രാപിക്കുന്നുവെന്നു താല്പര്യം

അഥ ദ്വിതീയവൎഗ്ഗഃ

"ആദിത്യവൎണ്ണേ തപസോധിജാതൊ
വനസ്പതിസ്തവ വൃക്ഷോഥ ബില്വഃ
തസ്യ ഫലാനി തപസാ നുദന്തു
മായാന്തരായാശ്ച ബാഹ്യാ അലക്ഷ്മിഃ."

ആദിത്യവൎണ്ണേ=സൂൎയ്യൻെറ കാന്തിപോലേയുള്ള കാന്തിയോടുകൂടിയ ഹെ ലക്ഷ്മി!, തവ=അങ്ങയുടെ, തപസഃ=അനുഗ്രഹത്തിനാൽ, വനസ്പതിഃ=വൃക്ഷരാജനായും, ബില്വഃ=ബില്വം എന്നുപേരായ, വൃക്ഷഃ=മരം, അധിജാതഃ=അങ്ങയുടെ കൎയ്യിൽനിന്നുണ്ടായി, അഥ=അനന്തരം, തസ്യ=ആ തേജസ്സാകുന്ന ബില്വത്തിൻെറ, ഫലാനി=ജ്ഞാനമാകുന്ന ഫലങ്ങൾ, തപസാ=അങ്ങയുടെ അനുഗ്രഹത്താൽ, അന്തരാഃ-അന്തരിന്ദ്രിയസംബന്ധികളായ, മായാഃ=അജ്ഞാനം അജ്ഞാനകാൎയ്യം ഇതുകളേയും, ബാഹ്യാഃ=ബഹിരിന്ദ്രിയസംബന്ധികളായ, യാഃ=യാതൊരു ദുരവസ്ഥകളുണ്ടോ, താഃ അലക്ഷ്മീശ്ച=ആ അശുഭങ്ങളേയും, നുദന്തു=നിവാരണംചെയ്യട്ടെ.

സൂൎയ്യന്റെ പ്രകാശംപോലെയുള്ള പ്രകാശത്തോടു കൂടിയ അല്ലയൊ ലക്ഷ്മി! അങ്ങയുടെ അനുഗ്രഹത്തിനാൽ അപുഷ്പാഃ ഫലവന്തോയെ തെ വനസ്പതയഃ സ്മൃതാഃ' എന്ന മനുവചനപ്രകാരം പുഷ്പമില്ലാതെ ഫലിക്കുന്ന ബില്വം എന്നു പേരായ വൃക്ഷം 'ബില്വൊ ലക്ഷ്മ്യാഃ കരേ ഭവൽ' എന്ന കാത്യായനവചനപ്രകാരം അങ്ങയുടെ കയ്യിൽനിന്നുണ്ടായി. അനന്തരം ആ ബില്വത്തിന്റെ ഫലങ്ങൾ അങ്ങയുടെ അനുഗ്രഹത്താൽ അന്തരിന്ദ്രിയമായ മനസ്സിന്നും ബഹിരിന്ദ്രിയങ്ങളായ നേത്രം മുതലായവകൾക്കും ഉണ്ടാകുന്ന അമംഗളങ്ങളെ പോക്കട്ടെ. എന്നാൽ എനിക്കു ആദ്ധ്യാത്മിക ആധിഭൌതിക ആധിദൈവികങ്ങളായ താപത്രയങ്ങൾ ഒരു കാലത്തിലും ഉണ്ടാവാതെയിരിക്കേണമെന്നു താല്പൎയ്യം.

"ഉപൈതുമാം ദേവസഖഃ കീൎത്തിശ്ച മണിനാസഹ
പ്രാദുൎഭൂതോസ്മി രാഷ്ട്രേസ്മിൻ കീൎത്തിമൃദ്ധിം ദദാതു മെ."

(ഹെ ശ്രീഃ!=അല്ലയൊ ലക്ഷ്മി!), ദേവസഖഃ-മഹാദേവന്റെ സഖാവായ കുബേരനും, കീൎത്തിശ്ച=കീൎത്ത്യഭിമാനിദേവതയും, മണിനാസഹ=ചിന്താമണിയോടുകൂടെ അല്ലെങ്കിൽ കോശാദ്ധ്യക്ഷനോടുകൂടെ, മാം=എന്നെ, ഉപൈതു=പ്രാപിക്കട്ടെ, അസ്മി=ഞാൻ, അസ്മിൻ=ഈ, രാഷ്ട്രേ=രാജ്യത്തിൽ, പ്രാദുൎഭൂതഃ=ജനിച്ചിരിക്കുന്നു, (സഃ=ആ കുബേരൻ), മെ=എനിക്കായ്ക്കൊണ്ടു, കീൎത്തിം=ദിഗന്തവിശ്രാന്തമായ യശസ്സിനേയും, ഋദ്ധിം=അഷ്ടൈശ്വൎയ്യസമൃദ്ധിയേയും, ദദാതു=തരട്ടെ.

അല്ലയൊ ലക്ഷ്മി! മഹാദേവൻെറ സഖാവായ കുബേരനും, യശസ്സിന്നു അധിഷ്ഠാനദേവതയായ യക്ഷകന്യക അല്ലെങ്കിൽ കുബേരൻെറ കോശഗൃഹവും, മനസ്സിൽ വിചാരിക്കുന്ന വസ്തുവെ കൊടുക്കുന്നതായ ചിന്താമണി എന്ന രത്നത്തോടുകൂടെ എന്നെ പ്രാപിക്കട്ടെ. ഈ ലോകത്തിൽ ജനിച്ച എനിക്കു യശസ്സിനേയും സമസ്തവസ്തു സമൃദ്ധിയേയും തരട്ടെ എന്നു താല്പൎയ്യം.

"ക്ഷുൽപിപാസാമലാം ജ്യേഷ്ഠാമലക്ഷ്മീം നാശയാമ്യഹം
അഭൂതിമസമൃദ്ധിംച സൎവ്വാം നിൎണ്ണുദ മെ ഗൃഹാൽ."

ക്ഷുൽപിപാസാമലാം-വിശപ്പു ദാഹം ഇവയാകുന്ന മാലിന്യത്തോടുകൂടിയ അല്ലെങ്കിൽ വിശപ്പു ദാഹം ഇതുകളാൽ മെലിഞ്ഞവളായ, ജ്യേഷ്ഠാം-ശ്രീദേവിക്കുമുമ്പിലുണ്ടായ, അലക്ഷ്മീം-ദാരിദ്ര്യത്തെകൊടുക്കുന്ന അമംഗളദേവതയെ, അഹം-ഞാൻ, നാശയാമി-അങ്ങയുടെ അനുഗ്രഹത്താൽ നശിപ്പിക്കുന്നു (പോക്കുന്നു), (ഹെ ശ്രീഃ-അല്ലയൊ മഹാലക്ഷ്മി!), ത്വം=അങ്ങുന്ന്, അഭൂതിം-ദാരിദ്ര്യത്തെയും, സൎവ്വാം=എല്ലാ, അസമൃദ്ധിംച-ലബ്ധവസ്തുക്കളുടെ വൃദ്ധിശൂന്യതയേയും, മെ-എൻെറ, ഗൃഹാൽ-ഗൃഹത്തിൽനിന്നു, നിൎണ്ണുദ-ആട്ടിക്കളഞ്ഞാലും.

വിശപ്പു ദാഹം മുതലായ അശുദ്ധികളെ ഉണ്ടാക്കുന്നവളും, ലക്ഷ്മിക്കു മുമ്പു ജനിച്ചവളുമായ അലക്ഷ്മിയെ അങ്ങയുടെ അനുഗ്രഹത്താൽ ഞാൻ നശിപ്പിക്കുന്നു. അല്ലയൊ മഹാലക്ഷ്മി! അങ്ങുന്ന് എൻെറ ഗൃഹത്തിൽ സ്ഥിരമായി ഇരുന്ന് ദാരിദ്ര്യം മുതലായ സകലദുരിതങ്ങളേയും എൻെറ ഗൃഹത്തിൽനിന്നു ആട്ടിപായ്ചാലും എന്നു താല്പൎയ്യം.

"ഗന്ധദ്വാരാം ദുരാധർഷാം നിത്യപുഷ്ടാം കരീഷിണീം
ഈശ്വരീഗ്ംസൎവ്വഭൂതാനാം താമിഹോപഹ്വയെശ്രിയം."

ഗന്ധദ്വാരാം-ഗന്ധം ലക്ഷണമായുള്ള പൃഥിവീരൂപയായും, ദുരാധർഷാം-അന്യന്മാരാൽ തിരസ്കരിക്കപ്പെടാത്തവളും, നിത്യപുഷ്ടാം-സൎവ്വകാലം സസ്യാദികളേക്കൊണ്ടു സമൃദ്ധയായും, കരീഷിണീം-ഗവാശ്വാദിസമൃദ്ധിയോടുകൂടിയവളും, സൎവ്വഭൂതാനാം-സൎവ്വപ്രാണികൾക്കു, ഈശ്വരീം-ഈശ്വരിയായ, താം ശ്രിയം-ആ മഹാലക്ഷ്മിയെ, ഇഹ-എന്റെ ഈ ഗൃഹത്തിൽ, ഉപഹ്വയെ-വിളിക്കുന്നു (വരുവാൻ പ്രാൎത്ഥിക്കുന്നു).

ഗന്ധലക്ഷണമായ പൃഥിവീരൂപയായും, ഒരുവനാലും തിരസ്കരിക്കപ്പെടാത്തവളും, സൎവ്വകാലം സസ്യസമൃദ്ധിയോടുകൂടിയവളും, ഗവാശ്വാദിബഹുപശുസമൃദ്ധിയോടുകൂടിയവളും, സകല പ്രാണികൾക്കും ആധാരയായിരിക്കുന്ന ഭൂസ്വരൂപയായ ആ മഹാലക്ഷ്മിയെ ഞാൻ എന്റെ ഈ ഗൃഹത്തിൽ വരുവാൻ പ്രാൎത്ഥിക്കുന്നു.

ശ്രീഭൂൎന്നീളാ രമാ ദുൎഗ്ഗാ സീതാ സത്യാച ഭാമിനീ
രുക്മിണീ തുളസീ രാധാ സൎവ്വാ ലക്ഷ്മ്യംശസംഭവാഃ

എന്നു ശ്രീരഹസ്യത്തിൽ പറഞ്ഞിരിക്കുന്നതിനാൽ ലക്ഷ്മ്യംശസംഭവയായ ഭൂദേവിയെ ഇവിടെ ആഹ്വാനം ചെയ്യുന്നു എന്നു താല്പൎയ്യം.

"മനസഃ കാമമാകൂതിം വാചസ്സത്യമശീമഹി
പശൂനാഗ്ംരൂപമന്നസ്യ മയിശ്രീഃശ്രയതാം യശഃ."

(ഹെശ്രീഃ!- അല്ലയൊ ലക്ഷ്മി!), മനസഃ കാമം-മനോരഥത്തെയും, ആകൂതിം-സന്തോഷത്തെയും, വാചഃ- വാക്കിന്റെ, സത്യം-വാസ്തവത്തേയും, പശൂനാം-പശുക്കളുടെ, രൂപം-ക്ഷീരാദിസമൃദ്ധിയേയും, അന്നസ്യ-വ്രീഹിയവാദിയുടെ, രൂപം-ഭക്ഷ്യഃഭോജ്യാദിയേയും, യശഃ-കീൎത്തിയേയും, യസ്യാഃ-യാതൊരു ലക്ഷ്മിയികൽനിന്നു, (വയം-ഞങ്ങൾ), അശീമഹി പ്രാപിക്കുമൊ, ശ്രീഃ- അപ്രകാരമുള്ള സമ്പത്ത് (ലക്ഷ്മി), മയി=അങ്ങയെ സേവിക്കുന്ന എന്നികൽ, ശ്രയതാം-പ്രാപിക്കട്ടെ.

അനേക മനോരഥത്തേയും, സന്തോഷത്തേയും, വാക്കുകളുടെ വാസ്തവത്തേയും, പശുക്കളുടെ ക്ഷീരാദിസമൃദ്ധിയേയും, വ്രീഹിയവാദിയുടെ ഭക്ഷ്യഃഭോജ്യാദിയേയും, കീൎത്തിയേയും യാതൊരു ലക്ഷ്മിയികൽനിന്നു ഞങ്ങൾ പ്രാപിക്കുമൊ ആ ലക്ഷ്മി എന്നിൽ സന്നിധാനം ചെയ്യട്ടെ എന്നു താല്പൎയ്യം.

അഥ തൃതീയവൎഗ്ഗഃ

"കൎദ്ദമേന പ്രജാഭൂതാ മയി സംഭവ കൎദ്ദമ
ശ്രിയം വാസയ മേകുലെ മാതരം പദ്മമാലിനീം."

ഹെ കൎദ്ദമ!- അല്ലയൊ ലക്ഷ്മിപുത്ര!, മയി-എന്നിൽ, സംഭവ-പ്രസാദത്തെ ചെയ്താലും, (യതഃ- യാതൊരു കാരണത്താൽ, ശ്രീഃ-മഹാലക്ഷ്മി), കൎദ്ദമേന-കൎദ്ദമനെന്നുപേരായ, (ത്വയാ-അങ്ങയാൽ), പ്രജാഭൂതാ-പുത്രവതിയായി ഭവിച്ചുവൊ, (തസ്മാൽ-ആ കാരണത്താൽ), പദ്മമാലിനീം=പദ്മമാലയെ ധരിക്കുന്നവളും, മാതരം-അങ്ങയുടെ

മാതാവായ, ശ്രിയം-മഹാലക്ഷ്മിയെ, മെ കുലെ_എൻെറ വംശത്തിൽ, വാസയ-വസിപ്പിച്ചാലും,

അല്ലയൊ കർദ്ദമ! യാതൊരു കാരണം ഹേതുവായിട്ട് അങ്ങയാൽ മഹാലക്ഷ്മി സൽപുത്രവതിയായി ഭവിച്ചുവൊ അതിനാൽ മഹാലക്ഷ്മീപുത്രനായ അങ്ങുന്ന് എൻെറ ഗൃഹത്തിൽ വാസം ചെയ്യാലും. പദ്മമാലയെ ധരിക്കുന്നവളും, അങ്ങയുടെ അധീനയും, മാതാവുമായ മഹാലക്ഷ്മിയെ, എൻെറ കുലത്തിൽ വസിപ്പിച്ചാലും എന്നുതാല്പര്യം.

"ആപഃസൃജന്തു സ്നിഗ് ധാനി ചിക്ലീത വസ മേഗൃഹെ
നിചദേവീം മാതരഗ്ം ശ്രിയംവാസയ മേകുലെ."

ഹെ ചിക്ലീത!-മഹാലക്ഷ്മീപുത്രനായ അല്ലയൊ ചിക്ലീത!, ആപഃ-ജലാഭിമാനിദേവതകൾ, സ്നിഗ് ധാനി-തയിർ നെയ്യ് മുതലായ സ്നേഹവസ്തുക്കളെ, സൃജന്തു-ഉണ്ടാക്കട്ടെ (സൃഷ്ടിക്കട്ടെ), (ത്വം-അങ്ങുന്ന്), മെ-എൻെറ, ഗൃഹെ-ഗൃഹത്തിങ്കൽ, നിവസ-വാസംചെയ്യാലും, (അപിച-പിന്നേയും), ദേവീം-പ്രകാശിക്കുന്നവളും, മാതരം_അങ്ങയുടെ മാതാവുമായ, ശ്രിയം-മഹാലക്ഷ്മിയെ, മെകുലെ-എൻെറ വംശത്തിൽ, നിവാസയ-നല്ലവണ്ണം വസിപ്പിച്ചാലും.

മഹാലക്ഷ്മീപുത്രനായ അല്ലയൊ ചിക്ലീത! ജലദേവത പാൽ തയിർ മുതലായ സ്നേഹവസ്തുക്കളെ ഉണ്ടാക്കട്ടെ. അങ്ങുന്ന് എൻെറ ഗൃഹത്തിൽ വാസം ചെയ്യാലും. അങ്ങയുടെ മാതാവായ ശ്രീദേവിയെ എൻെറ ഗൃഹത്തിൽ വസിപ്പിച്ചാലും. ഈ പന്ത്രണ്ടാമത്തെ സൂക്തത്തിൽ

സൂക്താൎത്ഥസംഗ്രഹത്തിൽ പറഞ്ഞതായ ചില വിശേഷ
ങ്ങളെ താഴെ എഴുതുന്നു.

"യദഗ്രെ ആപ ഏവാസൻ അദ്ഭ്യസ്സൎവ്വമഭൂജ്ജഗൽ
നാരാസ്താ അയനം യസ്യ സ ഹി നാരായണഃപരഃ
സൂതെ നരാംശ്ച യാ ആപഃ താ യദസ്യായനം ഹരേഃ
തസ്യ സ്വാഭാവികീശക്തിഃ ദേവീ നാരായണീ സ്മൃതാ
അദ്ഭ്യോഹി പൃഥിവീ ജാതാ അഗ്നിരപ്യഭവത്തഥാ
വായുരൎക്കോഹ്യപാം വത്സഃ ചന്ദ്രമാസ്സൎവ്വമപ്യഥ
ജീവം ജീവരസം ദിവ്യം അമൃതം ജലമുച്യതെ
ജായതെ ലീയതെ യത്ര ജഗത്തജ്ജലമീരിതം
തജ്ജലാനി ച ശാന്താത്മാ ചിരം ജലമുപാസതെ
തസ്മാത്സൎവ്വനിദാനാനാമപാം സ്രഷ്ടൃത്വമുച്യതെ
അപ്സു പ്രതിഷ്ഠിതസ്സ്നേഹസ്തേനൈവ പരമാണവഃ
ജഗത്ഭാവായ സംബദ്ധാസ്തദ്ധാനൌ സ്യാജ്ജഗല്ലയഃ
തസ്മാദുപാസകൊ ദേവീം പ്രാൎത്ഥയേദപ്സുതൎപ്പിണീം
ഭോഗ്യദ്രവ്യാണി സൎവ്വാണി മമ സ്നിഗ്ധാനി മാതൃകാ
സൃജതു ശ്രീരപാം ദേവീ ഭോഗഭാവായ ഭാമിനീ
ശ്രീദേവ്യാസ്തനയൊ ജജ്ഞെ ചിക്ലീതൊനാമ മന്മഥഃ
അബന്നവികൃതൌ ചിത്തെ ജാതഃ കാമോഹി ചിത്തജഃ
അയമേവ ഹി സംസാരഹേതുഃ സൎവ്വാൎത്ഥസാധകഃ
ജഗൽകാമഹിതം സൎവ്വം യേന ദ്വൈതഫലോദയഃ
യഥാകാമഹതൊ ദേഹീ ശ്രോത്രിയൊ ബ്രഹ്മണിസ്ഥിതഃ
ബ്രഹ്മസംപത്സ്യതെ തസ്യ കൎത്തവ്യം നഹി വിദ്യതെ
ലക്ഷ്മ്യാസ്ത്രിവൎഗ്ഗരൂപായാഃ പ്രാപ്തിഃ കാമനിബന്ധനാ

തസ്മാച്ചിക്ലീതനാമാനം ലക്ഷ്മീപുത്രം ഹി ദുൎജ്ജയം
കാമദേവം സമാരാദ്ധ്യ യത്നതഃപ്രാപ്നുയാൽശ്രിയം
ലക്ഷ്മീഃപ്രയത്നസാദ്ധ്യാഹി യത്നഃ കാമസമുത്ഭവഃ
തസ്യ ധൎമ്മാവിരുദ്ധസ്യ വിഭൂതിത്വം ഹരേദ്യതഃ
ചിക്ലീത ശ്രീസുതസ്വാമിംശ്ചിരം നിവസ മൽഗൃഹെ
മൽകുലെ സുചിരം തിഷ്ഠ മച്ചിത്തെ സന്നിധിം കുരു
ത്വദാഗമനമാത്രേണ ത്വന്മാതാ ത്വാമനുവ്രജേൽ
ത്വയി പ്രീതിപരാ സാഹി ത്വച്ഛന്ദാനുവൎത്തിനീ
ശ്രീദേവീം താം മമ ഗൃഹെ ചിരം വാസയ മാതരം
നമോസ്തു തുഭ്യം ചിക്ലീത ശ്രീദേവ്യൈച നമോനമഃ
ഏതത്താൽപശ്യകാം സൂക്തെ പ്രജപേദ്ദ്വാദശീമുചം
ചന്ദ്രമാ ഋഷിരേതസ്യ ദേവതാത്വമുതേശ്വരീ
ചിക്ലീതമാതാ ശ്രീഃഛന്ദോനുഷ്ടുബ്വം ബീജമുച്യതെ
ചതുഃഷഷ്ടിസഹസ്രാണി പ്രജപേന്മന്ത്രസിദ്ധയെ
നദ്യാഃ സമുദ്രഗാമിന്യാഃ തീരെ ബില്വതരോസ്സുടെ
ജലകുംഭം സമഭ്യൎച്ച്യ ചേഷ്ടിംചാഭീഷ്ടകാം ചരേൽ
യച്ച യാജുഷശാഖായാം ഉക്തമാരുണകേതുകെ
തേനെ തന്ത്രേണ സഹിതം സ്വശാഖോക്തവിധിം ചരേൽ
പ്രപാദാനം പ്രകുൎവ്വീത ദദ്യാൽ പാനീയമേവച
സുവാസിനിഭ്യോ വിപ്രേഭ്യഃ തദപത്യേഭ്യ ഏവച
ഭൂതാപ്യായനതൊ ദേവീ തുഷ്യതി ശ്രീഹരിപ്രിയാ
തസ്യാന്നം ഭോഗ്യജാതഞ്ച തദിച്ഛാ സമകാലികം
ഹിതം മൃഷ്ടം സമൃദ്ധഞ്ച ശുദ്ധം യാവദപേക്ഷിതം

തൽകുഡുംബസ്യ പശ്ചാല്ത്തം തദാശ്രിതജനസ്യച
തദാവാസെ തൽകുലെ ച മഹാലക്ഷ്മി സ്ഥിരാ ഭവേൽ."

എന്നതിനാൽ ജലരൂപിണിയായ മഹാലക്ഷ്മിയെ തൻെറ ഗൃഹത്തിൽ സ്ഥിരവാസത്തിന്നായി പ്രാൎത്ഥിക്കുന്നു എന്നു താല്പൎയ്യം.

"ആൎദ്രാം പുഷ്കരിണീം പുഷ്ടിം സുവൎണ്ണാം ഹേമമാലിനീം
സൂൎയ്യാം ഹിരണ്മയീം ലക്ഷ്മീം ജാതവേദൊ മ ആവഹ."

ഹെ ജാതവേദഃ!=അല്ലയൊ അഗ്നെ!, ആൎദ്രാം=ശീതളഗുണയായും (ദയാൎദ്രയായും), പുഷ്കരിണീം=അഭിഷേകംചെയ്യുന്ന ദിഗ്ഗജങ്ങളുടെ ശുണ്ഡാഗ്രങ്ങളോടുകൂടിയവളുംഅല്ലെങ്കിൽ പദ്മത്തോടുകൂടിയവളും, പുഷ്ടിം=പുഷ്ട്യഭിമാനിയായും അല്ലെങ്കിൽ പുഷ്ടിരൂപയായും, സുവൎണ്ണാം=നല്ലകാന്തിയോടുകൂടിയവളും, ഹേമമാലിനീം=സ്വൎണ്ണപുഷ്പമാലയോടുകൂടിയവളും, സൂൎയ്യാം=സൂൎയ്യനേപ്പോലെ പ്രകാശിക്കുന്നവളും, ഹിരണ്മയീം=സ്വൎണ്ണരൂപയായ, ലക്ഷ്മീം=മഹാലക്ഷ്മിയെ, മെ=എൻെറ വിഷയത്തിൽ (എനിക്കായ്ക്കൊണ്ടു), ആവഹ=ആഹ്വാനംചെയ്യാലും.

അല്ലയൊ അഗ്നെ! ദിഗ്ഗജങ്ങളുടെ തുമ്പിക്കൈകളാൽ അഭിഷേകം ചെയ്യപ്പെട്ട് അതിനാൽ നനഞ്ഞ ദേഹത്തോടുകൂടിയവളും, പുഷ്ട്യഭിമാനിദേവതയും അല്ലെങ്കിൽ 'പുഷ്ടിരൂപേണ സംസ്ഥിതാ' എന്ന മാൎക്കണ്ഡേയവചനം കൊണ്ടു പുഷ്ടിരൂപയായും, നല്ല ദേഹകാന്തിയോടുകൂടിയവളും, സ്വൎണ്ണത്താമരമാലയെ ധരിക്കുന്നവളും, സ്വൎണ്ണരൂപയുമായ മഹാലക്ഷ്മിയെ എന്നിൽ പ്രാപിപ്പിച്ചാലും.

"ആർദ്രാം യഃകരിണീം യഷ്ടിം പിംഗളാം പത്മമാലിനീം
ചന്ദ്രാം ഹിരണ്മയീം ലക്ഷ്മീം ജാതവേദൊ മ ആവഹ."

ഹെ ജാതവേദഃ!_അല്ലയൊ അഗ്നെ!, ആർദ്രാം-നനഞ്ഞ ദേഹത്തോടുകൂടിയവളും, യഃകരിണീം-കയ്യിൽ ദണ്ഡത്തോടുകൂടിയവളും അല്ലെങ്കിൽ ദുഷ്ടനിഗ്രഹം ചെയ്യുന്നവളും, യഷ്ടിം-ദണ്ഡരൂപയും, പിംഗളാം-പിംഗളവൎണ്ണത്തോടുകൂടിയവളും, പദ്മമാലിനീം-താമരമാലയോടുകൂടിയവളും, ചന്ദ്രാം-ചന്ദ്രനെപ്പോലെ സകലജനങ്ങളേയും സന്തോഷിപ്പിക്കുന്നവരും അല്ലെങ്കിൽ ചന്ദ്രമണ്ഡലത്തിൽ വസിക്കുന്നവരും, അല്ലെങ്കിൽ ചന്ദ്രരൂപത്തെ ധരിക്കുന്നവരും, അല്ലെങ്കിൽ കൎപ്പൂരത്തെ ധരിക്കുന്നവരും, ഹിരണ്മയീം-സ്വൎണ്ണവൎണ്ണയായും (ധനരൂപയായും ഇരിക്കുന്ന), ലക്ഷ്മീം-ശ്രീമഹാലക്ഷ്മിയെ, മെ-എന്റെ പൂജാസ്വീകാരത്തിന്നായി, ആവഹ-ആഹ്വാനംചെയ്യാലും.

അല്ലയൊ അഗ്നെ! ദുഷ്ടനിഗ്രഹത്തിന്നായ്ക്കൊണ്ടു കയ്യിൽ ദണ്ഡത്തെ ധരിക്കുന്നവളും, ദണ്ഡസ്വരൂപിണിയും, അത്ഭുതമായ ശോഭയോടുകൂടിയവളും ചന്ദ്രരൂപിണിയുമായ മഹാലക്ഷ്മിയെ എന്റെ വിഷയത്തിൽ സ്ഥിരപ്പെടുത്തിയാലും.

"താം മ ആവഹ ജാതവേദൊ ലക്ഷ്മീമനപഗാമിനീം
യസ്യാം ഹിരണ്യം പ്രഭൂതം ഗാവോദാസ്യോശ്വാന്വിന്ദേ
യം പുരുഷാനഹം."

ഹെ ജാതവേദഃ!=അല്ലയൊ അഗ്നെ!, യസ്യാം=യാതൊരു ലക്ഷ്മി ആഗതയായിരിക്കുമ്പോൾ, പ്രഭൂതം=അധികമായ, ഹിരണ്യം=ധനത്തേയും, ഗാവഃ=ഗോമഹിഷ്യാദി

കളേയും, ദാസ്യഃ=ദാസീജനങ്ങളേയും, അശ്വാൻ=തുരഗാദികളേയും, പുരുഷാൻ=പുത്രമിത്രകളത്രാദികളേയും, അഹം =ഞാൻ, വിന്ദേയം=പ്രാപിക്കുമൊ, അനപഗാമിനീം=എന്നെ വിട്ട് ഇളകാത്ത, താം=അപ്രകാരമുള്ള, ലക്ഷ്മീം=ശ്രീയിനെ, മെ=എനിക്കായ്ക്കൊണ്ടു, ആവഹ=പ്രാപിപ്പിച്ചാലും.

അല്ലയൊ അഗ്നെ! യാതൊരു മഹാലക്ഷ്മിയുടെ കടാക്ഷം ഹേതുവായിട്ട് ധനം, ഗോവ് മുതലായ സമ്പത്സമൃദ്ധിയുണ്ടാകുമൊ അപ്രകാരമുള്ള മഹാലക്ഷ്മി എന്റെ ഗൃഹത്തിൽ സ്ഥിരമായി വസിക്കുംവണ്ണം ചെയ്യാലും.

"പദ്മപ്രിയെ പദ്മിനി പദ്മഹസ്തെ
പദ്മാലയെ പദ്മദളായതാക്ഷി
വിശ്വപ്രിയെ വിഷ്ണുമനോനുകൂലെ
ത്വൽപാദപദ്മം മയി സന്നിധത്സ്വ."

താമരയിൽ പ്രിയമുള്ളവളും, താമരസ്വരൂപയും, കയ്യിൽ താമരയോടുകൂടിയവളും, താമരയിൽ വസിക്കുന്നവളും, താമരദളങ്ങൾപോലെ നീണ്ട കണ്ണുകളോടുകൂടിയവളും, ലോകപ്രിയയും, വിഷ്ണുവിന്റെ മനസ്സിന്നു അനുകൂലയുമായ അല്ലയൊ മഹാലക്ഷ്മി! അങ്ങയുടെ പാദകമലത്തെ എന്നിൽ സമ്യക്കാകുംവണ്ണം നിധാനം ചെയ്യാലും.

"മഹാദേവ്യൈ ച വിദ്മഹെ വിഷ്ണുപത്നീ ച ധീമഹി
തന്നൊ ലക്ഷ്മീഃ പ്രചോദയാൽ."

# മുഖോപന്യാസഃ

ജഗൽഗുരുശ്രീആദിശങ്കരഭഗവൽപാദാചാൎയ്യസ്വാമി അവർകഠം ബ്രഹ്മചൎയ്യാശ്രമത്തിലിരിക്കുമ്പോഠം ദ്വാദശി ദിവസം ഒരു സാധുബ്രാഹ്മണൻെറ ഗൃഹത്തിൽ ഭിക്ഷക്കാ യി ചെന്നു് സമ്പ്രദായപ്രകാരം 'ഭവതി ഭിക്ഷാം ദേഹി' എന്നു പറഞ്ഞു. അതിനെ കേട്ടു് ആ ഗൃഹത്തിൻെറ യ ജമാനിയും മഹാപതിവ്രതയുമായ ഒരു ബ്രാഹ്മണസ്ത്രീ പുറ ത്തുവന്നു്, ബ്രഹ്മതേജസ്സിനാൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ആചാൎയ്യസ്വാമികളെകണ്ടു്, ഭിക്ഷകൊടുപ്പാൻകൂ ടി ശക്തിയില്ലാത്തതായ തൻെറ അവസ്ഥയെ വിചാരിച്ചു് ഏററവും വ്യസനിച്ചു. ദൈവസങ്കല്പത്താൽ തത്സമയം കയ്യിൽ കിട്ടിയ ഒരു നെല്ലിക്കയെ സ്വാമികളുടെ ഭിക്ഷാ പാത്രത്തിൽ ഭക്തിയോടുകൂടി സമൎപ്പിച്ചു. അതിനെ ആ ലോചിച്ചു് ആചാൎയ്യസ്വാമികഠം ഉടനെ കൃപാവശനായി ട്ടു്, ഏതുപ്രകാരത്തിലും ഈ ഉത്തമസ്ത്രീയുടെ ദാരിദ്ര്യത്തെ നശിപ്പിക്കേണമെന്നു മനസ്സിൽ ദൃഢമായി സങ്കല്പിച്ചു് ശ്രീദേവിയെ സ്തുതിപ്പാനാരംഭിച്ചു. ആ സമയത്തു് നമ്മു ടെ ആചാൎയ്യമുഖകമലത്തിൽനിന്നു പുറത്തു പ്രകാശിച്ച ശ്ലോകങ്ങഠംക്കുതന്നെ കനകധാരാസ്തവമെന്നു പേർ ലോ കത്തിൽ പ്രസിദ്ധമായിത്തീൎന്നു. ഈ 15 ശ്ലോകങ്ങളെ പഠിച്ച ക്ഷണത്തിൽ ശ്രീദേവി സന്തുഷ്ടയായിട്ടു് പ്രത്യക്ഷ മായി വന്നു് എന്തുവേണമെന്നു ചോദിച്ചു. അപ്പോഠം 'അങ്ങുന്നു് എൻെറ വിഷയത്തിൽ സന്തുഷ്ടയാണെന്നുള്ള തു് വാസ്തവമാണെങ്കിൽ എനിക്കു ഇന്നു ഭിക്ഷാദാനംചെ

യു ഈ ഉത്തമബ്രാഹ്മണിയുടെ ദാരിദ്ര്യം നിശ്ശേഷം വില കത്തക്കവിധം അനുഗ്രഹിക്കേണമെന്നു' ആചായ്യർ പ്രാത്ഥിച്ചു ഉടനെ ശ്രീദേവി നെല്ലിക്കപ്രമാണമുള്ള സ്വണ്ണക്കട്ടകളെ ഒരു മുഹൂർത്തകാലം ആ ഉത്തമ ബ്രാഹ്മണിയുടെ ഗൃഹത്തിൽ വർഷിക്കുമാറ് ചെയ്തു എന്നു ശങ്കരദിഗ്വിജയമെന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു.

ഇത്ര മാഹാത്മ്യമുള്ള കനകധാരാസ്തവത്തേയും ശ്രീസൂക്തത്തോട്ടുകൂടെ പാരായണം ചെയ്യുവന്നാൽ പരമലാഭത്തെ പ്രാപിക്കാമെന്നു കരുതി ഈ സ്തോത്രത്തിൻെറ പ്രതിപദാത്ഥങ്ങളെ എഴുതുവാനാരംഭിക്കുന്നു.

ശ്രീഃ

പരമഹംസപരിവ്രാജകാചാര്യവര്യജഗദ്ഗുരുശ്രീമദാദി

ശങ്കരാചാര്യൈർവ്വിരചിതഃ

# കനകധാരാസ്തവഃ

അംഗം ഹരേഃ പുളകഭൂഷണമാശ്രയന്തീ
ഭൃംഗാംഗനേവ മുകുളാഭരണം തമാലം
അംഗീകൃതാഖിലവിഭൂതിരപാംഗലീലാ
മാംഗല്യദാസ്തു മമ മംഗളദേവതായാഃ.

മുകുളാഭരണം=മൊട്ടുകൾ ആഭരണമായിട്ടുള്ള, തമാലം=തമാലം എന്ന വൃക്ഷത്തെ, ഭൃംഗാംഗനേവ=പെൺവണ്ടു എന്നപോലെ, പുളകഭൂഷണം=രോമാഞ്ചം അലങ്കാരമായിട്ടുള്ള, ഹരേഃ=സ്മരണമാത്രത്താൽ സകല പാപങ്ങളേയും അപഹരിക്കുന്ന ശ്രീമന്നാരായണന്റെ, അംഗം=മാർവ്വിടം, തോൾ, കൈ മുതലായ അംഗങ്ങളെ, ആശ്രയന്തീ=ആശ്രയിക്കുന്നതായും, അംഗീകൃതാഖിലവിഭൂതിഃ=സ്വീകരിക്കപ്പെട്ട സകല ഐശ്വര്യങ്ങളോടുകൂടിയിരിക്കുന്ന, മംഗളദേവതായാഃ=കല്യാണം, മംഗളം, ക്ഷേമം എന്നു പറയുന്നതിന്നു അഭിമാനിദേവതയായ ശ്രീലക്ഷ്മീദേവിയുടെ അപാംഗലീലാ=കടാക്ഷവീക്ഷണമാകുന്നു, മമ=എനിക്കു, മാംഗല്യദാ=മംഗളത്തെ തരുന്നതായി, അസ്തു=ഭവിക്കണേ.

മുഗ്ധാ മുഹുർവ്വിദധതി വദനെ മുരാരെഃ
പ്രേമത്രപാപ്രണിഹിതാനി ഗതാഗതാനി
മാലാ ദൃശോർമ്മധുകരീവ മഹോൽപലെ യാ
സാ മെ ശ്രിയം ദിശതു സാഗരസംഭവായാഃ.

മുഗ്ധാ=സൌന്ദൎയ്യമുള്ളതായും, മുരാരേഃ=നാരായണന്റെ, വദനെ=മുഖത്തിൽ, പ്രേമത്രപാപ്രണിഹിതാനി=സ്നേഹം, ലജ്ജ ഇവകളാലുണ്ടായ, ഗതാഗതാനി=ഗതാഗതങ്ങളെ; മഹോൽപലെ=നീലോല്പലപുഷ്പത്തിൽ, മധുകരീവ=പെൺവണ്ടു എന്നപോലെ, വിദധതീ=ചെയ്യുന്നതായും ഇരിക്കുന്ന, സാഗരസംഭവായാഃ=ക്ഷീരസമുദ്രത്തിൽനിന്നു ആവിൎഭവിച്ച ശ്രീദേവിയുടെ, യാ=യാതൊരു, ദൃശോഃ=കണ്ണുകളുടെ, മാലാ=പങ്ക്തിയുണ്ടോ, സാ=ആ പങ്ക്തി, മെ=എനിക്കു, ശ്രിയം=സമ്പത്തെ, ദിശതു=തരണെ.

വിശ്വാമരേന്ദ്രപദവിഭ്രമദാനദക്ഷ-
മാനന്ദഹേതുരധികം മുരവിദ്വിഷോപി
ഈഷന്നിഷീദതു മയി ക്ഷണമിക്ഷണാൎദ്ധ-
മിന്ദീവരോദരസഹോദരമിന്ദിരായാഃ

വിശ്വാമരേന്ദ്രപദവിഭ്രമദാനദക്ഷം_സകലദേവശ്രേഷ്ഠരുടെ സ്ഥാനഭോഗത്തെ കൊടുപ്പാൻ സാമൎത്ഥ്യമുള്ളതായും, മുരവിദ്വിഷോപി (അവാപ്തസൎവ്വകാമനായ) ശ്രീനാരായണനും, അധികം_ഏററവും, ആനന്ദഹേതുഃ_സന്തോഷത്തിന്നു കാരണമായും, ഇന്ദീവരോദരസഹോദരം=നീലോൽപലപുഷ്പത്തിന്റെ മദ്ധ്യത്തിന്നു തുല്യമായുമിരി

ക്കുന്ന, ഇന്ദിരായാഃ=ലക്ഷ്മീദേവിയുടെ, ഈക്ഷണാദ്ധം=കടാക്ഷാദ്ധമായത്തു, മയി=എന്നിൽ, ക്ഷണം-ക്ഷണകാലം, ഈഷൽ-അല്പം, നിഷീദതു=സ്ഥിതിചെയ്യട്ടെ.

ആമീലിതാക്ഷമധിഗമ്യ മുദാമുകുന്ദ-
മാനന്ദകന്ദമനിമേഷമനംഗതന്ത്രം
ആകേകരസ്ഥിതകനീനികപക്ഷ്മനേത്രം
ഭൂത്യൈ ഭവേന്മമ ഭുജംഗശയാംഗനായാഃ

മുദാ-സന്തോഷത്താൽ (സുഖവിശേഷത്തിനാൽ), ആമീലിതാക്ഷം-അല്പം അടക്കപ്പെട്ട കണ്ണുകളോടുകൂടിയ, മുകുന്ദം=ശ്രീനാരായണനെ, അധിഗമ്യ-പ്രാപിച്ച്, (വത്തമാനം-ഇരിക്കുന്നതായും); ആനന്ദകന്ദം=സന്തോഷത്തിൻെറ അങ്കുരമായും, അനിമേഷം-നിമേഷശൂന്യമായും, അനംഗതന്ത്രം-മന്മഥൻ പ്രധാനമായിട്ടുള്ളതും, ആകേകരസ്ഥിതകനീനികപക്ഷ്മ-അല്പം തുറന്നിരിക്കുന്ന കടക്കണ്ണിലുള്ള കൃഷ്ണമിഴി പക്ഷ്മരോമ ഇവകളോടുകൂടിയതായുമിരിക്കുന്ന, ഭുജംഗശയാംഗനായാഃ-ആദിശേഷൻെറ മേൽ ശയിച്ചുകൊണ്ടിരിക്കുന്ന ശ്രീനാരായണൻെറ പത്നിയായ ശ്രീലക്ഷ്മീദേവിയുടെ, നേത്രം-കണ്ണ്, മമ-എനിക്കു, ഭൂത്യൈ-സമ്പത്തിന്നായ്ക്കൊണ്ടു, ഭവേൽ-ഭവിക്കട്ടെ.

ബാഹ്വന്തരെ മധുജിതഃ ശ്രിതകൌസ്തുഭെ യാ
ഹാരാവലീവ ഹരിനീലമയീ വിഭാതി
കാമപ്രദാ ഭഗവതോപി കടാക്ഷമാലാ
കല്യാണമാവഹതു മെ കമലാലയായാഃ

ശ്രിതകൌസ്തുഭെ-കൌസ്തുഭമണിയെ ധരിക്കുന്ന, മധുജിതഃ-ശ്രീനാരായണൻെറ, ബാഹ്വന്തരെ-മാറ്വിടത്തിൽ,

യാ-യാതൊരുകടാക്ഷമാലയായത്, ഹരിനീലമയീ-ഇന്ദ്രനീലരത്നമയമായ, ഹാരാവലീവ-മാലകളുടെ പങ്ക്തിപോലെ, വിഭാതി-ശോഭിക്കുന്നുവൊ, ഭഗവതോപി-സമഗ്രമായ ഐശ്വൎയ്യം, വീൎയ്യം, യശസ്സ് മുതലായ ആറു ഗുണങ്ങളോടുകൂടിയ ശ്രീനാരായണന്നും, കാമപ്രദാ-കാമനെ കൊടുക്കുന്നതായും, (അഭീഷ്ടങ്ങളെ കൊടുക്കുന്നതായും ഇരിക്കുന്നു), കമലാലയായാഃ-ലക്ഷ്മീദേവിയുടെ, സാ-ആ, കടാക്ഷമാലാ-കടാക്ഷങ്ങളുടെ പങ്ക്തിയായത്, മെ-എനിക്കു, കല്യാണം-കല്യാണത്തെ (സ്വൎണ്ണത്തെ), ആവഹതു-തരട്ടെ.

കാളാംബുദാളിലളിതോരസി കൈടഭാരെ-
ൎദ്ധാരാധരെ സ്ഫുരതി യത്തടിദംഗനേവ
മാതുസ്സമസ്തജഗതാം മഹനീയമൂൎത്തി-
ൎഭദ്രാണി മെ ദിശതു ഭാൎഗ്ഗവനന്ദനായാഃ

ഭാൎഗ്ഗവനന്ദനായാഃ-ശ്രീദേവിയുടെ, യൽ-യാതൊരു ശ്രീമൂൎത്തിയായത്, കൈടഭാരേഃ-ശ്രീമന്നാരായണന്റെ, കാളാംബുദാളിലളിതോരസി-നീലമേഘത്തിന്റെ പരമ്പരപോലെ ഭംഗിയായ മാൎവ്വിടത്തിൽ, ധാരാധരെ-കാളമേഘത്തിൽ, തടിദംഗനേവ-മിന്നലാകുന്ന സ്ത്രീപോലെ, സ്ഫുരതി-പ്രകാശിക്കുന്നുവൊ, സമസ്തജഗതാം-എല്ലാലോകങ്ങൾക്കും, മാതുഃ-മാതാവായ ശ്രീദേവിയുടെ, സാ-ആ, മഹനീയമൂൎത്തിഃ-മനോജ്ഞമായ ശ്രീമൂൎത്തിയായത് മെ-എനിക്കു, ഭദ്രാണി-ക്ഷേമങ്ങളെ, ദിശതു-തരട്ടെ.

പ്രാപ്തം പദം പ്രഥമതഃ ഖലു യൽപ്രഭാവാ-
ന്മാംഗല്യഭാജി മധുമാഥിനി മന്മഥേന

മയ്യാപതേത്തദിഹ മന്ഥരമീക്ഷണാൎദ്ധം-
മന്ദാലസം ച മകരാലയകന്യകായാഃ.

യൽപ്രഭാവാൽ-യാതൊരു കടാക്ഷത്തിന്റെ മഹിമ ഹേതുവാൽ, മാംഗല്യഭാജി-കല്യാണത്തെപ്രാപിച്ച, മധുമാഥിനി-മധു എന്ന അസുരനെ വധിച്ച ഭഗവാനിങ്കൽ, യൽപ്രഭാവാൽഖലു-യാതൊരു കടാക്ഷബലംകൊണ്ടുതന്നെ, മന്മഥേന-മന്മഥനാൽ, പദം-സ്ഥാനം, പ്രഥമതഃ-ആദ്യം, പ്രാപ്തം-പ്രാപിക്കപ്പെട്ടുവോ, മന്ഥരം-മൃദുവായി സഞ്ചരിക്കുന്നതും, മന്ദാലസഞ്ച-അന്യവിഷയത്തെ പ്രാപിപ്പാൻ ഇഷ്ടമില്ലാത്തതായും, ലജ്ജകൊണ്ടു ഇഷ്ടവസ്തുവിൽനിന്നു പിൻവലിക്കുന്നതായുമിരിക്കുന്ന, തൽ-ആ, മകരാലയകന്യകായാഃ-സമുദ്രരാജപുത്രിയായ ശ്രീദേവിയുടെ, ഈക്ഷണാൎദ്ധം-നേത്രാൎദ്ധമായത് (കടാക്ഷമായത്), ഇഹ-ഈ, മയി-എന്നിൽ, ആപതേൽ-അല്പം പതിക്കണെ.

ദദ്യാദ്ദയാനുപവനൊ ദ്രവിണാംബുധാരാ-
മസ്മിന്നകിഞ്ചനവിഹംഗശിശൌ വിഷണ്ണെ
ദുഷ്കൎമ്മഘൎമ്മമപനീയ ചിരായ ദൂരം-
നാരായണപ്രണയിനീനയനാംബുവാഹഃ.

ദയാനുപവനഃ=ദയയാകുന്ന അനുകൂലവായുവോടുകൂടിയിരിക്കുന്ന, നാരായണപ്രണയിനീനയനാംബുവാഹഃ-നാരായണന്റെ പത്നിയായ ലക്ഷ്മീദേവിയുടെ കണ്ണുകളാകുന്ന കാളമേഘമായത്, വിഷണ്ണെ=ദുഃഖിക്കുന്ന, അസ്മിൻ-ഈ, അകിഞ്ചനവിഹംഗശിശൌ-ദരിദ്രനായ ചാതകശിശുവിങ്കൽ, ചിരായ-വളരേക്കാലമായിരിക്കുന്ന, ദുഷ്കൎമ്മ

ഘർമ്മം-ദുഷ്കർമ്മങ്ങളാകുന്ന ഉഷ്ണത്തെ, ദൂരം-വളരെദ്ദൂരത്തിൽ, അപനീയ-വിലക്കി, ദ്രവിണാംബുധാരാം-സമ്പത്താകുന്ന ജലധാരയെ, ദദ്യാൽ-കൊടുക്കട്ടെ

ഇഷ്ടാവിശിഷ്ടമതയോപി യയാ ദയാർദ്ര-
ദൃഷ്ട്യാ ത്രിവിഷ്ടപപദം സുലഭം ലഭന്തേ
ദൃഷ്ടിഃ പ്രഹൃഷ്ടകമലോദരദീപ്തിരിഷ്ടാം-
പുഷ്ടിം കൃഷീഷ്ട മമ പുഷ്കരവിഷ്ടരായാഃ

ഇഷ്ടാവിശിഷ്ടമതയോപി=ശാസ്ത്രോക്തപൂജാക്രമത്തെ അറിയാത്തവരും, യയാ=യാതൊരു, ദയാർദ്രദൃഷ്ട്യാ=ദയാരസംകൊണ്ടു നനഞ്ഞ കടാക്ഷംഹേതുവാൽ, ത്രിവിഷ്ടപപദം=സ്വർഗ്ഗസ്ഥാനത്തെ (പരമപദത്തെ), സുലഭം=ശ്രമമില്ലാതെതന്നെ, ലഭന്തേ=പ്രാപിക്കുന്നുവൊ, പ്രഹൃഷ്ടകമലോദരദീപ്തിഃ=നല്ലവണ്ണം വികസിച്ച താമരപുഷ്പത്തിൻെറ മദ്ധ്യത്തിലുള്ള ശോഭയോടുകൂടിയ, സാ=ആ, പുഷ്കരവിഷ്ടരായാഃ=താമരപുഷ്പം ആസനമായിട്ടുള്ള ശ്രീദേവിയുടെ, ദൃഷ്ടിഃ=കടാക്ഷമായത്, മമ=എനിക്കു, പുഷ്ടിം=ധനധാന്യാദിസമൃദ്ധിയെ, കൃഷീഷ്ട=ചെയ്യട്ടെ.

ഗീർദേവതേതി ഗരുഡധ്വജസുന്ദരീതി
ശാകംഭരേതി ശശിശേഖരവല്ലഭേതി
സൃഷ്ടിസ്ഥിതിപ്രളയകേളിഷു സംസ്ഥിതായാ
തസ്യൈനമഃ ത്രിഭുവനൈകഗുരോസ്തരുണ്യൈ

യാ=യാതൊരു പരാശക്തിയായ ലക്ഷ്മീദേവി, സൃഷ്ടിസ്ഥിതിപ്രളയകേളിഷു=സൃഷ്ടിസ്ഥിതിസംഹാരങ്ങളായ ലീലയെ ചെയ്യുന്ന കാലത്തിൽ, ഗിർദേവതേതി=സരസ്വതീ

ദേവീത്യെന്നും, ഗരുഡധ്വജസുന്ദരീതി=നാരായണൻെറ ഭാൎയ്യയെന്നും, ശാകംഭരേതി=ശാകംഭരാ എന്നു പേരോടുകൂടിയ, ശശിശേഖരവല്ലഭേതി=പരമേശ്വരൻെറ ഭാൎയ്യയെന്നും, സംസ്ഥിതാ=സ്ഥിതിചെയ്യുന്നവൊ, തസ്യൈ=ആ, ത്രിഭുവനൈകഗുരോഃ=മൂന്നുലോകത്തിന്നും ഈശ്വരനായ ഭഗവാൻെറ, തരുണ്യൈ=പത്നിയായ ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ=നമസ്കാരം.

ശ്രുത്യൈ നമോസ്തു ശുഭകൎമ്മഫലപ്രസൂത്യൈ
രത്യൈ നമോസ്തു രമണീയഗുണാൎണ്ണവായൈ
ശക്ത്യൈ നമോസ്തു ശതപത്രനികേതനായൈ
പുഷ്ട്യൈ നമോസ്തു പുരുഷോത്തമവല്ലഭായൈ.

ശുഭകൎമ്മഫലപ്രസൂത്യൈ=ശുഭകൎമ്മങ്ങളെ അനുഷ്ഠിപ്പാൻ ഉപദേശിച്ച് തന്മൂലം നല്ല ഫലത്തെ ജനിപ്പിക്കുന്ന, ശ്രുത്യൈ=വേദമാതാവായ ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ=നമസ്കാരം, അസ്തു=ഭവിക്കട്ടെ, രമണീയഗുണാൎണ്ണവായൈ-രൂപം, ലാവണ്യം, മാധുൎയ്യം മുതലായ നല്ലഗുണങ്ങൾക്കു സമുദ്രമായിരിക്കുന്ന (ഇരിപ്പിടമായ), രത്യൈ-രതിദേവിയുടെ രൂപമായിരിക്കുന്ന ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ-നമസ്കാരം, അസ്തു-ഭവിക്കട്ടെ, ശതപത്രനികേതനായൈ=താമരപുഷ്പം വാസസ്ഥാനമായിട്ടുള്ള, ശക്ത്യൈ=ശക്തിരൂപയായിരിക്കുന്ന ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ=നമസ്കാരം, അസ്തു=ഭവിക്കട്ടെ, പുരുഷോത്തമവല്ലഭായൈ=ശ്രീനാരായണൻെറ പത്നിയായ, പുഷ്ട്യൈ=പുഷ്ടിരൂപയായ ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ=നമസ്കാരം, അസ്തു=ഭവിക്കട്ടെ.

നമോസ്തു നാളീകനിഭാനനായൈ
നമോസ്തു ദുഗ്ദ്ധോദധിജന്മഭൂമ്യൈ
നമോസ്തു സോമാമൃതസോദരായൈ
നമോസ്തു നാരായണവല്ലഭായൈ.

നാളീകനിഭാനനായൈ=താമരപുഷ്പത്തിന്നു തുല്യമായ മുഖത്തോടുകൂടിയ ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ=നമസ്കാരം, അസ്തു=ഭവിക്കട്ടെ, ദുഗ്ദ്ധോദധിജന്മഭൂമ്യൈ=ക്ഷീരസമുദ്രം ജന്മസ്ഥാനമായിട്ടുള്ള ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ=നമസ്കാരം, അസ്തു=ഭവിക്കട്ടെ, സോമാമൃതസോദരായൈ=ചന്ദ്രൻ, അമൃതം ഇവകൾ സഹോദരങ്ങളായിട്ടുള്ള ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ=നമസ്കാരം, അസ്തു=ഭവിക്കട്ടെ, നാരായണവല്ലഭായൈ=നാരായണന്റെ പത്നിയായ ശ്രീദേവിക്കായ്ക്കൊണ്ടു, നമഃ=നമസ്കാരം, അസ്തു=ഭവിക്കട്ടെ.

സമ്പൽകരാണി സകലേന്ദ്രിയനന്ദനാനി
സാമ്രാജ്യദാനവിഭവാനി സരോരുഹാക്ഷി
ത്വദ്വന്ദനാനി ദുരിതാഹരണോദ്യതാനി
മാമേവ മാതരനിശം കലയന്തു മാന്യേ.

മാന്യേ-എല്ലാവർക്കും പൂജാർഹയായും, സരോരുഹാക്ഷി-താമരപുഷ്പംപോലെയുള്ള കണ്ണുകളോടുകൂടിയ, ഹെ മാതഃ-ജഗന്മാതാവായ അല്ലയൊ ശ്രീദേവി!, സമ്പൽകരാണി-സമ്പത്തെ കൊടുക്കുന്നതുകളും, സകലേന്ദ്രിയനന്ദനാനി-എല്ലാ ഇന്ദ്രിയങ്ങളേയും സന്തോഷപ്പെടുത്തുന്നതുകളും, സാമ്രാജ്യദാനവിഭവാനി-ചക്രവർത്തിസ്ഥാനത്തെ കൊടുപ്പാൻ സാമർത്ഥ്യമുള്ളതുകളും, ദുരിതാഹരണോദ്യതാ

ന്തി-പാപങ്ങളെ നശിപ്പിക്കുന്നതിൽ സന്നദ്ധങ്ങളായിരിക്കുന്ന, തപദപദ്മാനി-അങ്ങയേക്കുറിച്ചുള്ള പൂജാവന്ദനാദികൾ, മാം-എന്നെ, അനിശമേവ-സാർവ്വകാലവും (എപ്പോഴും), കലയന്തു-പ്രാപിക്കട്ടെ.

സരസിജനിലയെ സരോജഹസ്തേ
ധവളതരാംശുകഗന്ധമാല്യശോഭെ
ഭഗവതി ഹരിവല്ലഭെ മനോജ്ഞെ
ത്രിഭുവനഭൂതികാരി പ്രസീദമഹ്യം.

സരസിജനിലയെ-താമരപുഷ്പം വാസസ്ഥാനമായിട്ടുള്ളവളും, സരോജഹസ്തേ-കയ്യിൽ താമരപുഷ്പത്തോടുകൂടിയവളും, ധവളതരാംശുകഗന്ധമാല്യശോഭെ-ഏററവും വെളുത്ത വസ്ത്രം, ചന്ദനം, മാല ഇവകളാൽ പ്രകാശിക്കുന്ന ശോഭയോടുകൂടിയവളും, ഭഗവതി-സമ്പൂർണ്ണമായ ഐശ്വര്യം മുതലായ 6 ഗുണങ്ങളോടുകൂടിയവളും, ഹരിവല്ലഭെ-വിഷ്ണുപ്രിയയായും (വിഷ്ണുപത്നിയായിരിക്കുന്നവളും), മനോജ്ഞെ-സൌന്ദര്യമുള്ളവളും, ത്രിഭുവനഭൂതികാരി-മൂന്നു ലോകത്തിന്നും സമ്പത്തെ കൊടുക്കുന്നവളുമായ അല്ലയോ ലക്ഷ്മി!, മഹ്യം-എനിക്കായ്ക്കൊണ്ടു, പ്രസീദ-പ്രസന്നയാവണെ.

ദിഗ്ഘസ്തിഭിഃ കനകകുംഭമുഖാവസൃഷ്ട-
സ്വർവ്വാഹിനീവിമലചാരുജലാപ്ലുതാംഗീം
പ്രാതർന്നമാമി ജഗതാം ജനനീമശേഷ-
ലോകാധിനാഥഗൃഹിണീമമൃതാബ്ധിപുത്രീം.

ദിഗ്ഘസ്തിഭിഃ-ദിഗ്ഗജങ്ങളാൽ, കനകകുംഭമുഖാവസൃഷ്ടസ്വർവ്വാഹിനീവിമലചാരുജലാപ്ലുതാംഗീം-സ്വർണ്ണഘട

ത്തിൻെറ മുഖത്തിനാൽ അഭിഷേകം ചെയ്യപ്പെട്ടതും, ആകാശഗംഗയുടെ ശുദ്ധമായും മനോഹരമായുമുള്ള തീൎത്ഥത്താൽ നനക്കപ്പെട്ട സൎവ്വാംഗങ്ങളോടുകൂടിയവളും, ജഗതാം–ലോകങ്ങൾക്കു, ജനനീം–മാതാവായിരിക്കുന്നവളും, അമൃതാബ്ധിപുത്രീം–ക്ഷീരസമുദ്രത്തിൻെറ പുത്രിയായി അവതരിച്ചവളും, അശേഷലോകാധിനാഥഗൃഹിണീം–എല്ലാലോകങ്ങൾക്കു ഈശ്വരനായ ശ്രീനാരായണൻെറ പത്നിയായ ശ്രീദേവിയെ, പ്രാതഃ–പ്രാതഃകാലത്തിൽ, നമാമി–നമസ്കരിക്കുന്നു.

"കമലെ കമലാക്ഷവല്ലഭെ ത്വം
കരുണാപൂരതരംഗിതൈരപാംഗൈഃ
അവലോകയ മാമകിഞ്ചനാനാം
പ്രഥമം പാത്രമകൃത്രിമം ദയായാഃ."

കമലാക്ഷവല്ലഭെ–താമരക്കണ്ണോടുകൂടിയ നാരായണൻെറ ഭാൎയ്യയായ, ഹെ കമലെ!–അല്ലയോ ശ്രീദേവി!, ത്വം–അങ്ങുന്ന്, കരുണാപൂരതരംഗിതൈഃ–ദയാരസപ്രവാഹത്താൽ അലയോടുകൂടിയ (പൂൎണ്ണമായ), അപാംഗൈഃ–കടാക്ഷങ്ങളാൽ, അകിഞ്ചനാനാം–ദരിദ്രന്മാരിൽ വെച്ച്, പ്രഥമം–ഒന്നാമത്തവനായും, ദയായാഃ–ദയക്കു, അകൃത്രിമം–കപടമല്ലാത്ത, പാത്രം–പാത്രമായിരിക്കുന്ന, മാം–എന്നെ, അവലോകയ–ദൎശിച്ചാലും.

"സ്തുവന്തി യെ സ്തുതിഭിരമീഭിരന്വഹം
ത്രയീമയീം ത്രിഭുവനമാതരം രമാം
ഗുണാധികാ ഗുരുതരഭാഗ്യഭാജിനൊ
ഭവന്തി തെ ഭുവി ബുധഭാവിതാശയാഃ.

യെ-യാവചിലർ, അമീഭിഃ-ഈ, സ്തുതിഭിഃ-സ്തോത്രങ്ങളാൽ, ത്രയീമയീം-മൂന്നുവേദസ്വരൂപിയായും, ത്രിഭുവനമാതരം-മൂന്നുലോകങ്ങൾക്കു മാതാവായുമിരിക്കുന്ന, രമാം-ശ്രീദേവിയെ, അന്വഹം-ദിവസന്തോറും, സ്തുവന്തി-സ്തുതിക്കുന്നുവൊ, (തെ-അവർ), ഭുവി-ഭൂലോകത്തിൽ, ഗുണാധികാഃ-നല്ല ഗുണങ്ങളേക്കൊണ്ടു ശ്രേഷ്ഠരായും, ഗുരുതരഭാഗ്യഭാജിനഃ-അധികഭാഗ്യത്തെ പ്രാപിച്ചവരായും, ബുധഭാവിതാശയാഃ-വിദ്വാന്മാരാൽ ബഹുമാനിക്കത്തക്ക അഭിപ്രായത്തോടുകൂടിയവരായും, ഭവന്തി-ഭവിക്കുന്നു.

ഇതി കനകധാരാസ്തവഃ സമാപ്തഃ.



# ശ്രീമഹാലക്ഷ്മ്യഷ്ടോത്തരശതനാമാവലിഃ.

ശ്രീമഹാലക്ഷ്മിയെ ആരാധിക്കുന്നവരുടെ സൌകൎയ്യത്തിന്നായി ലക്ഷ്മ്യഷ്ടോത്തരശതനാമാവലിയേയും താഴെ ചേൎക്കുന്നു.

1 ഓം പ്രകൃത്യൈനമഃ
2 ഓം വികൃത്യൈനമഃ
3 ഓം വിദ്യായൈനമഃ
4 ഓം സൎവ്വഭൂതഹിതപ്രദായൈനമഃ
5 ഓം ശ്രദ്ധായൈനമഃ
6 ഓം വിഭൂത്യൈനമഃ
7 ഓം സുരഭ്യൈനമഃ
8 ഓം പരമാത്മികായൈനമഃ
9 ഓം വാചൈനമഃ
10 ഓം പദ്മാലയായൈനമഃ
11 ഓം പദ്മായൈനമഃ
12 ഓം ശുചയെനമഃ
13 ഓം സ്വാഹായൈനമഃ
14 ഓം സ്വധായൈനമഃ
15 ഓം സുധായൈനമഃ
16 ഓം ധന്യായൈനമഃ
17 ഓം ഹിരണ്മയ്യൈനമഃ
18 ഓം ലക്ഷ്മ്യൈനമഃ
19 ഓം നിത്യപുഷ്ടായൈനമഃ
20 ഓം വിഭാവൎയ്യൈനമഃ
21 ഓം അദിത്യൈനമഃ
22 ഓം ദിത്യൈനമഃ
23 ഓം ദീപ്തായൈനമഃ
24 ഓം വസുധായൈനമഃ

25 ഓം വസുധാരിണ്യൈനമഃ
26 ഓം കമലായൈനമഃ
27 ഓം കാന്തായൈനമഃ
28 ഓം കാമാക്ഷ്യൈനമഃ
29 ഓം ക്രോധസംഭവായൈനമഃ
30 ഓം അനുഗ്രഹപ്രദായൈനമഃ
31 ഓം ബുദ്ധയെനമഃ
32 ഓം അനഘായൈനമഃ
33 ഓം ഹരിവല്ലഭായൈനമഃ
34 ഓം അശോകായൈനമഃ
35 ഓം അമൃതായൈനമഃ
36 ഓം ദീപ്തായൈനമഃ
37 ഓം ലോകശോകവിനാശിന്യൈനമഃ
38 ഓം ധർമ്മനിലയായൈനമഃ
39 ഓം കരുണായൈനമഃ
40 ഓം ലോകമാത്രേനമഃ
41 ഓം പത്മപ്രിയായൈനമഃ
42 ഓം പത്മഹസ്തായൈനമഃ
43 ഓം പത്മാക്ഷ്യൈനമഃ
44 ഓം പത്മസുന്ദര്യൈനമഃ
45 ഓം പത്മോത്ഭവായൈനമഃ
46 ഓം പത്മമുഖ്യൈനമഃ
47 ഓം പത്മനാഭപ്രിയായൈനമഃ
48 ഓം രമായൈനമഃ
49 ഓം പത്മമാലാധരായൈനമഃ
50 ഓം ദേവ്യൈനമഃ
51 ഓം പദ്മിന്യൈനമഃ
52 ഓം പത്മഗന്ധിന്യൈനമഃ
53 ഓം പുണ്യഗന്ധായൈനമഃ
54 ഓം സുപ്രസന്നായൈനമഃ

55 ഓം പ്രസാദാഭിമുഖ്യൈനമഃ
56 ഓം പ്രഭായൈനമഃ
57 ഓം ചന്ദ്രവദനായൈനമഃ
58 ഓം ചന്ദ്രായൈനമഃ
59 ഓം ചന്ദ്രസഹോദര്യൈനമഃ
60 ഓം ചതുർഭുജായൈനമഃ
61 ഓം ചന്ദ്രരൂപായൈനമഃ
62 ഓം ഇന്ദിരായൈനമഃ
63 ഓം ഇന്ദുശിതളായൈനമഃ
64 ഓം ആഹ്ലാദജനന്യൈനമഃ
65 ഓം പുഷ്ട്യൈനമഃ
66 ഓം ശിവായൈനമഃ
67 ഓം ശിവകര്യൈനമഃ
68 ഓം സത്യൈനമഃ
69 ഓം വിമലായൈനമഃ
70 ഓം വിശ്വജനന്യൈനമഃ
71 ഓം പുഷ്ട്യൈനമഃ
72 ഓം ദാരിദ്ര്യനാശിന്യൈനമഃ
73 ഓം പ്രീതിപുഷ്കരിണ്യൈനമഃ
74 ഓം ശാന്തായൈനമഃ
75 ഓം ശുക്ലമാല്യാംബരായൈനമഃ
76 ഓം ശ്രിയൈനമഃ
77 ഓം ഭാസ്കര്യൈനമഃ
78 ഓം ബില്വനിലയായൈനമഃ
79 ഓം വരാരോഹായൈനമഃ
80 ഓം യശസ്വിന്യൈനമഃ
81 ഓം വസുന്ധരായൈനമഃ
82 ഓം ഉദാരാംഗായൈനമഃ
83 ഓം മഹാകാള്യൈനമഃ
84 ഓം ഹരിണ്യൈനമഃ

85 ഓം ഹേമമാലിന്യൈനമഃ
86 ഓം ധനധാന്യകര്യൈനമഃ
87 ഓം സിദ്ധായൈനമഃ
88 ഓം സ്ത്രൈണസൌമ്യായൈനമഃ
89 ഓം ശുഭപ്രദായൈനമഃ
90 ഓം നൃപവേശ്മഗതാനന്ദായൈനമഃ
91 ഓം വരലക്ഷ്മ്യൈനമഃ
92 ഓം വസുപ്രദായൈനമഃ
93 ഓം ശുഭായൈനമഃ
94 ഓം ഹിരണ്യപ്രാകാരായൈനമഃ
95 ഓം സമുദ്രതനയായൈനമഃ
96 ഓം ജയായൈനമഃ
97 ഓം മംഗളായൈനമഃ
98 ഓം ദേവ്യൈനമഃ
99 ഓം വിഷ്ണുവക്ഷസ്ഥലസ്ഥിതായൈ [നമഃ
100 ഓം വിഷ്ണുപത്ന്യൈനമഃ
101 ഓം പ്രസന്നാക്ഷ്യൈനമഃ
102 ഓം നാരായണസമാശ്രിതായൈ [നമഃ
103 ഓം ദാരിദ്ര്യധ്വംസിന്യൈനമഃ
104 ഓം ദേവ്യൈനമഃ
105 ഓം സർവ്വോപദ്രവനാശിന്യൈനമഃ
106 ഓം ത്രികാലജ്ഞാനസമ്പന്നായൈ [നമഃ
107 ഓം ഭുവനേശ്വര്യൈനമഃ
108 ഓം നവദുർഗ്ഗായൈനമഃ

# ഔപാസനവിധിഃ

വ്യാസഃ.

"കൃതദാരൊ ന വൈ തിഷ്ഠേൽ ക്ഷണമപ്യഗ്നിനാ വിനാ
തിഷ്ഠേത ചേദ്ദ്വിജൊ വ്രാത്യഃ തഥാച പതിതൊ ഭവേൽ.
യഥാസ്നാനം യഥാഭാൎയ്യാ വേദസ്യാദ്ധ്യയനം യഥാ
തഥൈവൌപാസനം ദൃഷ്ടം ന തിഷ്ഠേത്തദ്വിയോഗതഃ."

ശൌനകഃ.

"വേദോദിതം സ്വകം കൎമ്മ നിത്യം കുൎയ്യാദതന്ദ്രിതഃ
തദ്ധി കുൎവ്വൻ യഥാശക്തി പ്രാപ്നോതിപരമാം ഗതിം.
ആദ്യാ വ്യാഹൃതയസ്തിസ്രഃ സ്വധാ സ്വാഹാനമൊ വഷട്
യസ്യൈതെ വേശ്മനി സദാ ബ്രഹ്മലോകസ്ഥ ഏവ സഃ

മനുഃ

"യൊ ദദ്യാൽകാഞ്ചനം മേരും പൃഥിവീംച സസാഗരാം
തത്സായംപ്രാതൎഹോമസ്യ തുല്യം ഭവതി വാ നവാ."

ചന്ദ്രികായാം

"അഗ്നൌ പ്രാസ്താഹുതിസ്സമ്യഗാദിത്യമുപതിഷ്ഠതെ
ആദിത്യാജ്ജായതെ വൃഷ്ടിഃ വൃഷ്ടേരന്നം തതഃ പ്രജാഃ
ദൈവെ കൎമ്മണി യുക്തോഹി ബിഭൎത്തീദം ചരാചരം
ബ്രഹ്മണ്യാധായ കൎമ്മാണി നിസ്സംഗഃ കാമവൎജ്ജിതഃ.
പ്രസന്നേനൈവ മനസാ കുൎവ്വാണൊ യാതി തൽപദം
നാഹം കൎത്താ സൎവ്വമേതൽ ബ്രഹ്മൈവ കുരുതെ തഥാ.

ഏതൽ ബ്രഹ്മാപ്പ്ണം പ്രോക്തം ഋഷിഭിസ്തത്വദശ്ശിഭിഃ
യദ്വാ ഫലാനാം സന്ന്യാസം പ്രകുയ്യാൽപരമേശ്വരെ
കമ്മണാമേതദപ്യാഹുഃ ബ്രഹ്മാപ്പ്ണമനുത്തമം."

ഹോമകാലഃ (ദക്ഷഃ)

"യാവത്സമ്യങ് ന ഭാവ്യന്തെ നഭസ്യൃക്ഷാണി സവ്വതഃ
ലോഹിതത്വം ച നാപൈതി താവത്സായന്തു ഹൂയതെ.
ഹസ്താദൂദ്ധ്വം രവിയ്യാവൽ ഭുവം ഹിത്വാ ന ഗച്ഛതി
താവദ്ധോമവിധിഃ പൂജ്യോ നാന്യോഹ്യുദിതഹോമിനാം."

ഹാരിതഃ

"സന്ധ്യാകമ്മാവസാനേതു സ്വയം ഹോമൊ വിധീയതെ
സ്വയം ഹോമെ ഫലം യത്സ്യാൽ തദന്യേന ന ലഭ്യതെ.
ഉപാസ്യ വിധിവത്സന്ധ്യാം ഉപസ്ഥായ ദിവാകരം
സായംപ്രാതരുപാസീത വിവാഹാഗ്നിം ദ്വിജോത്തമഃ."

ബോധായനഃ

'യസ്മിന്നഗ്നൌ ഉപനയനം തസ്മിൻ ബ്രഹ്മചയ്യം, തസ്മിൻ വ്രതചയ്യാ, തസ്മിൻ സമാവത്തനം, തസ്മിൻ പാണിഗ്രഹണം, തസ്മിൻ ഗാഹ്യാണി കമ്മാണി ക്രിയന്തെ, തസ്മിൻ കാമ്യാനി, തസ്മിൻ പ്രജാസംസ്കാരാഃ ഇത്യേകെ.'

ശൌനകഃ.

"വിച്ഛിന്നവഹ്നിമാധായ കമ്മാംഗം വിധിവദ്ദ്വിജഃ
സായമാരഭ്യ ജുഹുയാൽ ആഹുതീനാം ചതുഷ്ടയം.
യദാ സന്ധീയതെ വഹ്നിഃ പ്രായശ്ചിത്തപുരസ്സരം
തദാ സായം വിജാനീയാൽ പ്രാതഹോമം തതഃപരം."

വ്യാസഃ.

"സ്നാസ്യതോ വരുണശ്ശോഭാം ജുഹ്വതോഗ്നിഃ ശ്രിയം ഹ
രേൽ
ഭോജനെ മൃത്യുമാപ്നോതി തസ്മാന്മൌനം ത്രിഷു സ്മൃതം.
ഹോമെ പര്യ്യക്ഷണെ ശ്രാദ്ധെ സന്ധ്യാകൎമ്മസു മാൎജ്ജനെ
ആചാമെ ഭോജനെ പാത്രം തോയം വാമേന സംസ്പൃ
ശേൽ."

ഹോമയോഗ്യസമിധഃ സ്മൃത്യൎത്ഥസാരെ.

"പലാശഖദിരാശ്വത്ഥശമ്യുദുംബരജാസമിൽ
അപാമാൎഗ്ഗാൎക്കദൂൎവ്വാശ്ച കുശാശ്ചേത്യപരെ വിദുഃ.
സത്വചസ്സമിധഃകാൎയ്യാ ഋജ്വ്യഃ ശ്ലക്ഷ്ണാസ്സമാസ്തഥാ
ശസ്താ ദശാംഗുലാസ്ഥൂലാ ദ്വാദശാംഗുലികാസ്തഥാ."

അയോഗ്യസമിധഃ ഹോമെ ദോഷമാഹ വ്യാസഃ.

"വിശീൎണ്ണായുഃ ക്ഷയം കുൎയ്യാൽ ദ്വിദളാ വ്യാധിസംഭവം
ഹ്രസ്വയാ മൃത്യുമാപ്നോതി വക്രാ വിഘ്നകരീ തഥാ.
സ്ഥൂലാച ഹരതെ ലക്ഷ്മീം കൃശാ വൈ ബാന്ധവക്ഷയം
ദ്വേഷ്യം പ്രകുരുതെ ദീൎഘാ പ്രാണഘ്നാവിത്വചാസ്മൃതാഃ."

ഹാരീതഃ

"ദേവാനാം തൎപ്പണം ഹോമം ബലികൎമ്മച ഭോജനം
അൎച്ചനം മാൎജ്ജനം കുൎയ്യാൽ ദേവതീൎത്ഥേന സൎവ്വദാ.
ദിവോദിതാനി കൎമ്മാണി പ്രമാദാദകൃതാനിതു
ശൎവ്വൎയ്യാഃ പ്രഥമെ യാമെ താനി കുൎയ്യാദതന്ദ്രിതഃ.
രാത്രാവുക്താനി കൎമ്മാണി പ്രമാദാദകൃതാനി വൈ
ദിനസ്യ പ്രഥമെ യാമെ താനി കുൎയ്യാദതന്ദ്രിതഃ.

കാലാതീതേഷു ഹോമേഷു ഹൃത്തരേഷ്വാഗതേഷുച
കാലാതീതാനി ഹുത്വൈവ ഉത്തരാണി സമാപയേൽ."

വിഷ്ണുഃ

"ബഹുശുഷ്കേന്ധനെ ചാഗ്നൌ സുസമിദ്ധെ ഹുതാശനെ
വിധൂമെ ലേലിഹാനെച ഹോതവ്യം കമ്മസിദ്ധയെ.
അഗ്നികണ്ണെ ഹുതം രോഗം നാസികായാം ധനക്ഷയം
ചക്ഷുഷോന്നിന്ദനം കുയ്യാൽ കേശെ ദാരിദ്ര്യകൃത്തവേൽ.
ഹുതം ശിരസി പാപം സ്യാൽ തസ്മാജ്ജിഹ്വാസു ഹോമയേൽ
യത്ര കാഷ്ഠം തു തച്ഛ്രോത്രം യത്ര ധൂമസ്തു നാസികാ.
യത്രാല്പജ്വലനം നേത്രം യത്ര ഭസ്മാനി തച്ഛിരഃ
യത്രൈവ ജ്വലിതൊ വഹ്നിഃ ജിഹ്വാതത്രൈവകീത്തിതാ."

സ്മൃതിരത്നെ

"സുവണ്ണാ കനകാ രക്താ കൃഷ്ണാ ചൈവതു സുപ്രഭാ
അതിരക്താ ബഹുരൂപാ സപ്തജിഹ്വാഃ പ്രകീത്തിതാഃ.
സുവണ്ണാ വാരുണീ ജിഹ്വാ മദ്ധ്യമാ കനകാ സ്മൃതാ
രക്താ ചൈവോത്തരാ ജിഹ്വാ കൃഷ്ണാ യാമ്യദിശി സ്മൃതാ.
സുപ്രഭാ പൂവ്വദിഗ്ജിഹ്വാ അതിരക്താഗ്നിഗോചരാ
ഐശാന്യേ ബഹുരൂപാചജിഹ്വാസ്ഥാനാന്യനുക്രമാൽ.
വിവാഹെ വാരുണീജിഹ്വാ മദ്ധ്യമാ യജ്ഞകമ്മസു
ഉത്തരാചോപനയനെ ദക്ഷിണാ പിതൃകമ്മസു.
പൂവ്വദിക്പൂവ്വകാമേഷു ആഗ്നേയീ ശാന്തികമ്മസു
ഐശാനീ ചോഗ്രകാമേഷു ഹ്യേതദ്ധോമസ്യലക്ഷണം.

അജ്ഞാത്വാ സപ്തജിഹ്വാസ്തു ഹോമം യഃ കുരുതെ ദ്വിജഃ
ഹോമൊ നിഷ്ഫലതാം യാതി ഹോമീ ച നരകം വ്രജേൽ.
സ്വാഭിപ്രായകൃതംകൎമ്മ യൽകിഞ്ചിജ്ഞാനവൎജ്ജിതം
ക്രീഡാകൎമ്മേവ ബാലാനാം തത്സൎവ്വം നിഷ്പ്രയോജനം."

വ്യാസഃ

"യദി മാസമഹോമീ സ്യാൽ വിപ്രായ ഗുണശാലിനെ
പഞ്ചപ്രസ്ഥം പ്രദദ്യാത്തു യാവത്തണ്ഡുലമേവച.
ദ്വാദശാഹമനഗ്നിസ്തു സന്ധ്യാഹീനസ്തഥൈവച
ശൂദ്ര ഏവ ഭവേദ്വിപ്രഃ ചതുൎവ്വേദേഷു പാരഗഃ."

താല്പൎയ്യം. ദാരപരിഗ്രഹം ചെയ്ത് ഗൃഹസ്ഥാശ്രമിയായ ബ്രാഹ്മണൻ ഒരു ക്ഷണകാലംപോലും അഗ്നിയോടു കൂടാതെ ഇരിക്കരുതു. അപ്രകാരം അഗ്നിയോടുകൂടാതേയിരിക്കുന്ന ബ്രാഹ്മണൻ വ്രാത്യനായും പതിതനായും ഭവിക്കും. സ്നാനം, ഭാൎയ്യാഗ്രഹണം, വേദാദ്ധ്യയനം ഇതുകളേപ്പോലെതന്നെയാകുന്നു ഔപാസനകൎമ്മാവും. അതിനെ ഒരിക്കലും ഉപേക്ഷിക്കരുതു. വേദോക്തമായ തൻെറ നിത്യകൎമ്മാവിനെ ഉപേക്ഷകൂടാതെ ചെയ്യേണ്ടതാകുന്നു. അതിനെ ശക്ത്യനുസാരം ചെയ്യുന്ന ബ്രാഹ്മണൻ പരമഗതിയെ പ്രാപിക്കുന്നു. ആദ്യകളായ മൂന്നു വ്യാഹൃതികളും, സ്വധാ, സ്വാഹാ, നമഃ, വഷട് എന്നീ അഞ്ചുകളുടെ ഉച്ചാരണം യാതൊരുവൻെറ ഗൃഹത്തിൽ എപ്പോഴും ഇരിക്കുന്നുവൊ അവൻ ബ്രഹ്മലോകത്തിലിരിക്കുന്നവൻതന്നെ. യാതൊരുത്തൻ സ്വൎണ്ണപൎവ്വതത്തേയും സമുദ്രപൎയ്യന്തമുള്ള

ഭൂമിയേയും ദാനം ചെയ്യുന്നുവൊ അവന്റെ ആ ദാനഫലം സായംപ്രാതൎഹോമഫലത്തിന്നു തുല്യമാവുന്നതു സംശയമാണെന്നു മനു പറഞ്ഞിരിക്കുന്നു.

അഗ്നിയിൽ നല്ലവണ്ണം ഹോമിക്കപ്പെട്ട ഹവിസ്സ് ആദിത്യനെ പ്രാപിക്കുന്നു. ആദിത്യനിങ്കൽനിന്നു വർഷമുണ്ടാകുന്നു. വർഷത്തിൽനിന്നു അന്നമുണ്ടാകുന്നു. അന്നത്തിൽനിന്നു പ്രജകളുണ്ടാകുന്നു. അതിനാൽ ദൈവകൎമ്മാവിൽ നിഷ്ഠയോടുകൂടിയവൻ ഈ കാണുന്ന ജഗത്തിനെ ഭരിക്കുന്നു. ഫലേച്ഛകൂടാതെ കൎമ്മങ്ങളെ ബ്രഹ്മത്തിങ്കൽ സമൎപ്പിച്ച് മനസ്സുഷ്ടിയോടുകൂടി കൎമ്മം ചെയ്യുന്നവൻ ആ ബ്രഹ്മപദത്തെ പ്രാപിക്കുന്നു. 'ഞാൻ കൎത്താവല്ല.' ഇതെല്ലാററിനേയും പരമാത്മാവുതന്നേയാണു ചെയ്യുന്നതു എന്നുള്ള ബുദ്ധിയെതന്നെ തത്വജ്ഞാനികളായ ഋഷികൾ ബ്രഹ്മാൎപ്പണമെന്നു പറയുന്നു. പരമാത്മാവിങ്കൽ കൎമ്മങ്ങളുടേയും കൎമ്മഫലങ്ങളുടേയും സമൎപ്പണത്തേതന്നെ ഉത്തമോത്തമമായ ബ്രഹ്മാൎപ്പണമെന്നു ചന്ദ്രികാകാരൻ പറഞ്ഞിരിക്കുന്നു.

ആകാശത്തിൽ നാലുഭാഗത്തിലും നക്ഷത്രങ്ങൾ എപ്പോൾ നല്ലവണ്ണം കാണപ്പെടുന്നില്ലയൊ, ആദിത്യന്റെ രക്തവൎണ്ണവും പോകുന്നില്ലയൊ ആ കാലമാകുന്നു സായംഹോമത്തിന്നു വിധിച്ചിട്ടുള്ളതു. എപ്പോൾ സൂൎയ്യൻ ഒരു മുഴത്തിലധികം ഭൂമിക്കുമേൽ പൊങ്ങിക്കാണുന്നില്ലയൊ ആ കാലമാകുന്നു ഉദിതഹോമികൾക്കു മുഖ്യമായ ഹോമകാലം. സന്ധ്യാകൎമ്മാനുഷ്ഠാനം കഴിഞ്ഞു ഉടനെ താൻതന്നെ ഹോമം ചെയ്യേണ്ടതാകുന്നു. താൻ ചെയ്യുന്ന

ഹോമഫലം അന്യനെക്കൊണ്ടു ചെയ്യിപ്പിക്കുന്നതിന്നു ണ്ടാവുന്നതല്ലെന്നും, ബ്രാഹ്മണൻ വിധിപ്രകാരം സന്ധ്യാകൎമ്മാവിനെ അനുഷ്ഠിച്ച സായംകാലത്തിലും പ്രാതഃകാലത്തിലും വിവാഹാഗ്നിയെ നിത്യം ഉപാസിക്കേണമെന്നും ഹാരീതൻ പറഞ്ഞിരിക്കുന്നു.

യാതൊരു അഗ്നിയിൽ ഉപനയനം നടത്തുന്നുവൊ ആ അഗ്നിയിൽതന്നെ ബ്രഹ്മചൎയ്യം, അതിൽതന്നെ വ്രതചൎയ്യാ, അതിൽതന്നെ സമാവൎത്തനം, അതിൽതന്നെ പാണിഗ്രഹണം, അതിൽതന്നെ യാഗാദികൎമ്മങ്ങളും, അതിൽതന്നെ പ്രജാസംസ്കാരാദികളും ചെയ്യേണ്ടതാണെന്നു ചിലരുടെ അഭിപ്രായവും കാണുന്നു. 'സ ഏഷ ഉപനയനപ്രഭൃതി വ്യാഹൃതീഭിഃ സമിദ്ഭിർഹ്രയതെ ആസമാവൎത്തനാൽ, സമാവൎത്തന പ്രഭൃതി ആജ്യേന വ്യാഹൃതീഭിരേവ ഹ്രയതെ ആപാണിഗ്രഹണാൽ, പാണിഗ്രഹണപ്രഭൃതി വ്രീഹിഭിഃ യവൈൎവ്വാ ഹസ്തേനൈതെ ആഹുതീ ജുഹോതി' ഇതി. ആ ഈ ഉപനീതൻ ഉപനയനം മുതൽ സമാവൎത്തനംവരെ വ്യാഹൃതിമന്ത്രങ്ങളോടുകൂടെ സമിത്തുകളാൽ ഹോമിക്കേണ്ടതാണെന്നും, സമാവൎത്തനം മുതൽ പാണിഗ്രഹണംവരെ വ്യാഹൃതിമന്ത്രങ്ങളോടുകൂടെതന്നെ ആജ്യംകൊണ്ടു ഹോമിക്കേണ്ടതാണെന്നും, പാണിഗ്രഹണം മുതൽ വ്രീഹികളേക്കൊണ്ടൊ യവങ്ങളെക്കൊണ്ടൊ കൈകൊണ്ടു ഈ രണ്ടു ആഹുതികളെ ഹോമിക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. ബ്രാഹ്മണൻ വിധിപ്രകാരം കൎമ്മാംഗമായിട്ട് വിച്ഛിന്നമായ അഗ്നിയെ സന്ധാനം ചെയ്യ് സായമാരംഭിച്ച് നാലു ആഹുതികളെ ചെയ്യേ

ണ്ടതാണെന്നും, എപ്പോൾ പ്രായശ്ചിത്തഃത്തോടുകൂടി അ ഗ്നിസന്ധാനം ചെയ്യപ്പെടുന്നുവോ അപ്പോൾ സായമെ ന്നു വിചാരിഃക്കണ്ടതാണെന്നും, അതിന്നുശേഷം പ്രാത ഹോമം ചെയ്യേണ്ടതാണെന്നും ശൌനകൻ വിധിച്ചിരി ക്കുന്നു.

സ്നാനം, ഹോമം, ഭോജനം ഈ മൂന്നുകാലങ്ങളിൽ മൌനമായിരിഃക്കണ്ടതാകുന്നു. മൌനവ്രതംകൂടാതെ സ്നാ നംചെയ്യുന്നവൻെറ ശോഭയെ വരുണനും, ഹോമംചെയ്യു ന്നവൻെറ ശ്രീയിനെ അഗ്നിയും അപഹരിക്കുന്നു. മൌ നവ്രതത്തെ വിട്ട് ഭുജിക്കുന്നവൻ അല്പായുസ്സായി ഭവിക്കു ന്നു. ഹോമത്തിങ്കലും, പ്രോക്ഷണത്തിങ്കലും, ശ്രാദ്ധത്തി ങ്കലും, ഭോജനത്തിങ്കലും പാത്രത്തെ ഇടതുകൈകൊണ്ടു സ്പൎശിക്കേണ്ടതാണെന്നും, സന്ധ്യാകൎമ്മാദിലും, മാൎജ്ജന ത്തിലും, ആചമനത്തിലും ജലത്തെ ഇടതുകൈകൊണ്ടു സ്പൎശിക്കേണ്ടതുമാകുന്നു.

സ്മൃത്യൎത്ഥസാരത്തിൽ പറഞ്ഞതായ ഹോമയോഗ്യ സമിത്തുകളെ പറയുന്നു. പ്ലാശ്, കരിങ്ങാലി, അശ്വ ത്ഥം, വഹ്നി, അത്തി, അപാമാൎഗ്ഗം, അൎക്കം, ദൂൎവ്വാ, ദ ൎഭം എന്നീ സമിത്തുകൾ ഹോമയോഗ്യങ്ങളാകുന്നു. ഇതു കൾ പത്തോ പന്ത്രണ്ടോ വിരൽ നീളമുള്ളതുകളും, തോ ലോടുകൂടിയതുകളും, വളവില്ലാത്തതുകളും, പുതിയതുകളും, തൎജ്ജനീവിരൽ വണ്ണമുള്ളതുകളുമായിരിക്കണം. ഹോമ ത്തിന്നു കൊള്ളാത്തതുകളായ സമിത്തുകളേക്കൊണ്ടു ഹോ മം ചെയ്യാലുണ്ടാവുന്ന ദോഷത്തെ വ്യാസൻ പറയുന്നു. പഴക്കംകൊണ്ടു ദ്രവിച്ച സമിത്ത് ആയുഃക്ഷയത്തെ ചെ

യ്യുന്നു. രണ്ടായി പൊളിച്ച സമിത്ത് വ്യാധിയെ ഉണ്ടാക്കുന്നു. നീളംകുറഞ്ഞ സമിത്ത് മരണത്തെ കൊടുക്കുന്നു. വളഞ്ഞതു വിഘ്നത്തെ കൊടുക്കുന്നു. അധികം വണ്ണമുള്ളതു ലക്ഷ്മിയെ ഹരിക്കുന്നു. നന്നെ വണ്ണംകുറഞ്ഞതു ബന്ധുക്ഷയത്തെ ചെയ്യുന്നു. രണ്ടുകവരുള്ളതു നേത്രരോഗത്തെ കൊടുക്കുന്നു. കൃമികളെക്കൊണ്ടു ദൂഷിച്ചതു അൎത്ഥനാശത്തെ ചെയ്യുന്നു. അധികനീളമുള്ളതു ദ്വേഷ്യത്തെ കൊടുക്കുന്നു. തോലില്ലാത്തതു പ്രാണങ്ങളേയും ഹരിക്കുന്നു.

ദേവതൎപ്പണം, ഹോമം, ബലികൎമ്മാവ്, ഭോജനം, അൎച്ചനം, മാൎജ്ജനം ഇതുകൾ എല്ലായ്പോഴും ദേവതീൎത്ഥത്താൽ ചെയ്യേണ്ടതാകുന്നു. (ദേവതീൎത്ഥങ്ങൾ എന്നാൽ വിരലുകളുടെ അഗ്രങ്ങളാകുന്നു. "അംഗുല്യഗ്രെ ദൈവം തീൎത്ഥം സ്വല്പാംഗുല്യോൎമ്മൂലെ കായം—മദ്ധ്യേംഗുഷ്ഠാംഗുല്യോഃ പൈത്രം മൂലേഹ്യംഗുഷ്ഠസ്യ ബ്രാഹ്മം." എന്ന പ്രമാണപ്രകാരം വിരലുകളുടെ അഗ്രം, ചെറുവിരലുകളുടെ മൂലം, വിരലുകളുടേയും അംഗുഷ്ഠത്തിന്റേയും മദ്ധ്യം, അംഗുഷ്ഠത്തിന്റെ മൂലം ഈ നാലു സ്ഥാനങ്ങളെ ദൈവം, ആൎഷം, പൈത്രം, ബ്രാഹ്മം എന്ന നാലുതീൎത്ഥമായി പറഞ്ഞിരിക്കുന്നു.) പകൽ ചെയ്യേണ്ടതായ കൎമ്മങ്ങൾ സംഗതിവശാൽ പകലിൽ ചെയ്വാൻ സാധിച്ചില്ലെങ്കിൽ രാത്രിയുടെ പ്രഥമയാമത്തിൽ ഉപേക്ഷകൂടാതെ ചെയ്യേണ്ടതാകുന്നു. ആപ്രകാരംതന്നെ രാത്രി ചെയ്യേണ്ടതായ കൎമ്മങ്ങൾ സംഗതിവശാൽ രാത്രിയിൽ ചെയ്വാൻ സാധിച്ചില്ലെങ്കിൽ പകലിൽ ആദ്യയാമത്തിൽ ഉപേക്ഷകൂടാതെ ചെയ്യേണ്ടതാകുന്നു. പൂൎവ്വഹോമകാലം അതിക്രമിക്കുക

യും ഉത്തരഹോമകാലം പ്രാപ്തമായും വരുന്ന ദിക്കിൽ കാലാതിതഹോമത്തിനെ ചെയ്തതിൽപിന്നെ ഉത്തരഹോമകൎമ്മാവിനെ ചെയ്യേണ്ടതാകുന്നു.

ഉണങ്ങിയ ഇന്ധനങ്ങളേക്കൊണ്ടു നല്ലവൎണ്ണം കത്തിജ്വലിക്കുന്നതും പുകയോടുകൂടാത്തതുമായ അഗ്നിജ്വാലയിൽ കൎമ്മസിദ്ധി വരുവാൻവേണ്ടി ഹോമം ചെയ്യേണ്ടതാകുന്നു. അഗ്നിയുടെ കൎണ്ണസ്ഥാനത്തിൽ ഹോമംചെയ്താൽ രോഗവും, നാസികാസ്ഥാനത്തിൽ ധനക്ഷയവും, നേത്രസ്ഥാനത്തിൽ ലോകനിന്ദയും, കേശസ്ഥാനത്തിൽ ദാരിദ്ര്യവും, ശിരസ്ഥാനത്തിൽ പാപവും ഫലമാകുന്നു. അതിനാൽ ജിഹ്വകളിൽതന്നെ ഹോമിക്കേണ്ടതാകുന്നു. ഇന്ധനം അഗ്നിയുടെ ശ്രോത്രസ്ഥാനവും, ധൂമം നാസികാസ്ഥാനവും, അല്പജ്വലനം നേത്രസ്ഥാനവും, ഭസ്മാവ് ശിരസ്ഥാനവും ആകുന്നു. അഗ്നിജ്വാലയാകുന്നു ജിഹ്വാസ്ഥാനം. ആ ജിഹ്വാസ്ഥാനത്തിൽതന്നെ ഹോമംചെയ്യുന്നതു മുഖ്യമെന്നു വിഷ്ണു പറഞ്ഞിരിക്കുന്നു.

സുവൎണ്ണാ, കനകാ, രക്താ, കൃഷ്ണാ, സുപ്രഭാ, അതിരക്താ ബഹുരൂപാ എന്നിങ്ങിനെ അഗ്നിയുടെ 7 ജിഹ്വകളെ പറഞ്ഞതിൽപിന്നെ അവകളുടെ സ്ഥാനങ്ങളെ പറയുന്നു. പടിഞ്ഞാറഭാഗത്തിലുള്ള ജിഹ്വയെ സുവൎണ്ണയെന്നും, മദ്ധ്യത്തിലുള്ള ജിഹ്വയെ കനകയെന്നും, വടക്കഭാഗത്തിലുള്ള ജിഹ്വയെ രക്തയെന്നും, തെക്കഭാഗത്തിലുള്ള ജിഹ്വയെ കൃഷ്ണയെന്നും, കിഴക്കഭാഗത്തിലുള്ള ജിഹ്വയെ സുപ്രഭയെന്നും, അഗ്നിവിഷയമായ ജിഹ്വയെ അ

തിരക്തയെന്നും, ഈശാനഭാഗത്തിലുള്ള ജിഹ്വയെ ബഹുരൂപയെന്നും സ്മൃതിരത്നകാരൻ പറഞ്ഞിരിക്കുന്നു.

ഇപ്രകാരം ജിഹ്വാസ്ഥാനങ്ങളെ ക്രമമായി പറഞ്ഞതിൽപിന്നെ ഏതേതു ഹോമം ഏതേതു ജിഹ്വകളിൽ ഹോമിക്കേണ്ടതോ അതിനെ വിവരിക്കുന്നു. വിവാഹത്തിൽ വാരുണിജിഹ്വയും, യജ്ഞകർമ്മങ്ങളിൽ മദ്ധ്യമയും, ഉപനയനത്തിൽ ഉത്തരയും, പിതൃകർമ്മങ്ങളിൽ ദക്ഷിണയും, സർവ്വകാമ്യകർമ്മങ്ങളിൽ പൂർവ്വയും, ശാന്തികർമ്മങ്ങളിൽ ആഗ്നേയിയും, ഉഗ്രകർമ്മങ്ങളിൽ ഐശാനിയും മുഖ്യങ്ങളാകുന്നു. ഇപ്രകാരം അഗ്നിയുടെ സപ്തജിഹ്വകളെ അറിയാതെ യാതൊരു ബ്രാഹ്മണൻ ഹോമം ചെയ്യുന്നുവൊ ആ ഹോമം നിഷ്ഫലമായിത്തീരുന്നതു മാത്രമല്ല ഹോമകർത്താവു നരകത്തേയും പ്രാപിക്കുന്നു. കർമ്മസ്വരൂപജ്ഞാനമില്ലാതെ തൻെറ ഇഷ്ടപ്രകാരം കർമ്മാവിനെ ചെയ്തുപോയാൽ അതെല്ലാം ബാലന്മാരുടെ ക്രീഡാകർമ്മംപോലെ നിഷ്ഫലമായിത്തീരുന്നു. ഒരു ബ്രാഹ്മണൻ ഒരു മാസപര്യന്തം ഔപാസനം ചെയ്യാതേയിരുന്നാൽ തദ്ദോഷനിവൃത്തിക്കായി പഞ്ചപ്രസ്ഥമിതമായ തണ്ഡുലത്തെ ഗുണശാലിയായിരിക്കുന്ന ബ്രാഹ്മണന്നായ്ക്കൊണ്ടു ദാനം ചെയ്യേണ്ടതാകുന്നു എന്നു വ്യാസൻ പറഞ്ഞിരിക്കുന്നു. പന്ത്രണ്ടു ദിവസം ഔപാസനം ചെയ്യാത്തവനും പന്ത്രണ്ടുദിവസം സന്ധ്യാവന്ദനം ചെയ്യാത്തവനുമായ ബ്രാഹ്മണൻ ചതുർവ്വേദപാരംഗതനായാലും ശൂദ്രനായിത്തന്നെ ഭവിക്കും എന്നും പറഞ്ഞു കാണുന്നു.

യജ്ഞേശായനമഃ

## ഔപാസനാനുഷ്ഠാനക്രമഃ

"ശുക്ലാംബരധരം വിഷ്ണും ശശിവർണ്ണം ചതുർഭുജം
പ്രസന്നവദനം ധ്യായേത്സർവ്വവിഘ്നോപശാന്തയെ"

ഓം ഭൂഃ.........സുവരോം. മമോപാത്ത സമസ്ത ദുരിതക്ഷയദ്വാരാ ശ്രീപരമേശ്വരപ്രീത്യർത്ഥം പ്രാതരൌപാസനം ഹോഷ്യാമി. അദിതേനുമന്യസ്വ, അനുമതേനുമന്യസ്വ, സരസ്വതേനുമന്യസ്വ, ദേവസവിതഃപ്രസുവ.

'ചത്വാരിശൃംഗേത്യസ്യ മന്ത്രസ്യ വാമദേവ ഋഷിഃ, ത്രിഷ്ടുപ് ഛന്ദഃ, ജാതവേദാഗ്നിർദേവതാ, അഗ്നിമൂർത്തി ധ്യാനെ വിനിയോഗഃ.' ചത്വാരിശൃംഗാ ത്രയൊ അസ്യ പാദാ ദ്വെ ശീർഷെ സപ്തഹസ്താസൊ അസ്യ, ത്രിധാ ബദ്ധൊ വൃഷഭൊ രോരവീതി മഹോദേവൊ മർത്ത്യാഗ് ം ആവിവേശ.

### ഋഗ്വേദിനാം അഗ്നിധ്യാനമന്ത്രഃ

"സപ്തഹസ്തശ്ചതുഃശൃംഗസ്സപ്തജിഹ്വോദ്വിശീർഷകഃ
ത്രിപാൽ പ്രസന്നവദനഃ ഷണ്ണേത്രശ്ച ശുചിഃസ്മിതഃ.
സ്വാഹാന്തു ദക്ഷിണെപാർശ്വേദേവീം വാമെസ്വധാംതഥാ
ബിഭ്രദ്ദക്ഷിണഹസ്തൈശ്ച ശക്തിമന്നം സ്രുചം സ്രുവം.
തോമരം വ്യജനം വാമെ ഘൃതപാത്രന്തു ധാരയൻ
മേഷാരൂഢൊ ജഢാബദ്ധൊ ഗൌരവർണ്ണോമഹൌജസഃ.
ധൂമദ്ധ്വജൊ ലോഹിതാക്ഷഃ സപ്താർച്ചിസ്സർവ്വതോമുഖഃ
ആത്മാഭിമുഖമാസീനമേവം ധ്യായേദ്ധുതാശനം."

ഏഷ ഹിദേവഃ പ്രദിശോനുസർവ്വാഃ, പൂർവ്വോഹി ജാതഃ സ ഉ ഗർഭേ അന്തഃ, സ വിജായമാനഃ സ ജനിഷ്യമാണഃ, പ്രത്യങ്മുഖാസ്തിഷ്ഠതി വിശ്വതോമുഖഃ. പ്രാങ്മുഖോദേവ!, അഗ്നേ! മമ അഭിമുഖൊ ഭവ. ഇന്ദ്രായനമഃ, അഗ്നയെ നമഃ, യമായനമഃ, നിഋൃതയെ നമഃ, വരുണായനമഃ, വായവെ നമഃ, സോമായ നമഃ, ഈശാനായനമഃ, അഗ്നയെ നമഃ, ആത്മനെ നമഃ. സർവ്വേഭ്യോ ബ്രാഹ്മണേഭ്യോനമഃ. ഹോഷ്യാമി. (പ്രാതഃ) സൂര്യ്യായ സ്വാഹാ, സൂര്യ്യായേദം നമമ. അഗ്നയെ സ്വിഷ്ടകൃതെ സ്വാഹാ, അഗ്നയെ സ്വിഷ്ടകൃത ഇദം നമമ. (സായം) അഗ്നയെ സ്വാഹാ, അഗ്നയ ഇദം നമമ. അഗ്നയെ സ്വിഷ്ടകൃതെ സ്വാഹാ, അഗ്നയെ സ്വിഷ്ടകൃത ഇദം നമമ. ഓം ഭൂസ്സ്വാഹാ അഗ്നയ ഇദം നമമ, ഭുവസ്സ്വാഹാ വായവ ഇദം നമമ, സുവസ്സ്വാഹാ സൂര്യ്യായേദം നമമ, ഓംഭൂർഭുവസ്സുവസ്സ്വാഹാ പ്രജാപതയ ഇദം നമമ.

അദിതേനന്വമഗ്ംസ്ഥാഃ, അനുമതേനന്വമഗ്ംസ്ഥാഃ, സരസ്വതേനന്വമഗ്ംസ്ഥാഃ, ദേവ സവിതഃ പ്രാസാവീഃ. പ്രാതരൌപാസന സാദ്ഗുണ്യാർത്ഥം അനാജ്ഞാതത്രയ മഹാമന്ത്രജപം കരിഷ്യേ. അനാജ്ഞാതം യദാജ്ഞാതം യജ്ഞസ്യ ക്രിയതെ മിഥു അഗ്നേ തദസ്യ കല്പയ ത്വഗ്ംഹി വേത്ഥ യഥാതഥം. പുരുഷസംമിതൊ യജ്ഞഃ, യജ്ഞഃ പുരുഷസംമിതഃ, അഗ്നേ തദസ്യ കല്പയ, ത്വഗ്ംഹി വേത്ഥ യഥാതഥം. യൽപാകത്രാ മനസാ ദീനദക്ഷാന യജ്ഞസ്യ മന്വതേ മർത്താസഃ; അഗ്നിഷ്ടദ്ധോതാ ക്രതുവിദ്വിജാനൻ, യജിഷ്ഠൊ ദേവാഗ്ം ഋതുശൊ യജാതി, ഇദം വിഷ്ണുർവ്വിച

ക്രമെ, ത്രേധാ നിദധെ പദം, സമൂഢമസ്യ പാംസുരെ. സ്വാഹാ, അഗ്നേരുപസ്ഥാനം കരിഷ്യെ. അഗ്നേനയ സുപഥാരായെ അസ്മാൻ, വിശ്വാനി ദേവ വയുനാനി വിദ്വാൻ, യുയോദ്ധ്യസ്മജ്ജുഹുരാണമേനഃ, ഭൂയിഷ്ഠാന്തെ നമ ഉക്തിം വിധേമ.

## ഋഗ്വേദിനാം പ്രാത്ഥനാ മന്ത്രഃ

"സവ്വദേവാത്മകം വഹ്നിം ഹോമാന്തെ പ്രാത്ഥയേദ്ദ്വിജഃ
ഓംനമൊഭഗവതെ തുഭ്യം സ്വാഹാദേവീ പ്രിയങ്കര
ദയാനിധെ മമ സ്വാമിൻ ഘോരം പാപം വിനാശയ
ത്വം ഹി രക്ഷാകരൊ നിത്യം ദേവാനാം ഹവ്യവാഹനഃ
അതൊ നമസ്കരോമി ത്വാം ത്വദാധാരമിദം ജഗൽ
ഏവംതു പ്രാത്ഥനാംകൃത്വാസവ്വാഭീഷ്ടമവാപ്നുയാൽ."

അഗ്നയെ നമഃ.

"മന്ത്രഹീനം ക്രിയാഹീനം ഭക്തിഹീനം ഹുതാശന
യദ്ധുതന്തു മയാദേവ പരിപൂണ്ണം തദസ്തുതെ
പ്രായശ്ചിത്താന്യശേഷാണി തപഃകമ്മാത്മകാനിവൈ
യാനിതേഷാമശേഷാണാം കൃഷ്ണാനുസ്മരണംപരം.
നമസ്തെ ഗാഹപത്യായ നമസ്തെ ദക്ഷിണാഗ്നയെ
നമ ആഹവനീയായ മഹാവേദ്യൈ നമോനമഃ.
കാണ്ഡദ്വയോപപാദ്യായ കമ്മ ബ്രഹ്മസ്വരൂപിണെ
സ്വൎഗ്ഗാപവൎഗ്ഗരൂപായ യജ്ഞേശായ നമോനമഃ."

അഭിവാദയെ..................... നമസ്കാരഃ.

രക്ഷാധാരണമന്ത്രഃ

ബൃഹത്സാമ ക്ഷത്രഭൃദ്വൃദ്ധവൃഷ്ണിയം, ത്രിഷ്ടുഭൌജഃ ശുഭിതമുഗ്രവീരം, ഇന്ദ്രസ്തോമേന പഞ്ചദശേന മദ്ധ്യമിദം വാതേന സഗരേണ രക്ഷ.'

"കായേന വാചാ മനസേന്ദ്രിയൈർവാ
ബുദ്ധ്യാത്മനാ വാ പ്രകൃതേഃസ്വഭാവാൽ
കരോമി യദ്യത്സകലം പരസ്മൈ
നാരായണായേതി സമർപ്പയാമി."

ഓം തത്സൽ ബ്രഹ്മാർപ്പണമസ്തു.

## ഔപാസനമന്ത്രാർത്ഥദീപികാ

സങ്കല്പ്യ:—

"അദിതേഽനുമന്യസ്വേത്യാദി മന്ത്രൈസ്തു ചതുർഭിഃ പരിഷേചയേൽ." എന്നവചനപ്രകാരം ഈ നാലു മന്ത്രങ്ങളേക്കൊണ്ടു അഗ്നിപരിഷേചനം വിധിച്ചിരിക്കുന്നു.

(അദിതേനുമന്യസ്വ....................പ്രസുവ.)

ഹെ അദിതെ!=അല്ലയൊ ദേവമാതാവെ!, (ത്വം=അങ്ങുന്ന്), അനുമന്യസ്വ=എന്നാൽ ചെയ്യപ്പെടുന്ന ഈ ഔപാസനകർമ്മാവെ അനുജ്ഞചെയ്യാലും (അനുവദിച്ചാലും), ഹെ അനുമതെ!=അല്ലയൊ പൌർണ്ണമാസി!, (ത്വം=അങ്ങുന്ന്), അനുമന്യസ്വ=എന്നാൽ ചെയ്യപ്പെടുന്ന ഈ ഔപാസനകർമ്മാവെ അനുവദിച്ചാലും, ഹെ സ

വസ്വാതെ!=അല്ലയൊ വാഗ്ദേവി!, (ത്വം=അങ്ങുന്ന്), അനു മന്യസ്വ=എന്നാൽ ചെയ്യപ്പെടുന്ന ഈ ഔപാസനക ൎമ്മാവെ അനുവദിച്ചാലും, ഹെ ദേവ-സവിതഃ!=സൎവ്വസാ ക്ഷിയായി പ്രകാശിക്കുന്നവനും, സൎവ്വപ്രേരകനുമായ അ ല്ലയൊ സൂൎയ്യഭഗവാനെ!, ത്വം=അങ്ങുന്ന്, പ്രസുവ=എ ന്നേയും അനുവദിച്ചാലും.

അല്ലയൊ ദേവമാതാവെ!, അല്ലയൊ പൌൎണ്ണമാ സി!, അല്ലയൊ വാഗ്ദേവി!, അല്ലയൊ സൂൎയ്യഭഗവൻ! നി ങ്ങൾ എല്ലാവരും എന്നാൽ ചെയ്യപ്പെടുന്ന ഈ ഔപാ സനകൎമ്മാവിനെ അനുവദിച്ചാലും.

ചത്വാരിശൃംഗാ എന്ന മന്ത്രത്തിന്നു വാമദേവൻ ഋഷിയും, ത്രിഷ്ടുപ് ഛന്ദസ്സും, ജാതവേദാഗ്നി ദേവതയു മാകുന്നു. ഈ മന്ത്രത്തിന്നു അഗ്നിമൂൎത്തിധ്യാനത്തിങ്കൽ വിനിയോഗവും ആകുന്നു.

(ചത്വാരിശൃംഗാ..............ആ വിവേശ)

രംഗരാമാനുജഭാഷ്യം.

അസ്യ=പരമാത്മനഃ, ചത്വാരി=ചത്വാരഃവേദാഃ, ശൃംഗാ=ശൃംഗാണി, ത്രയഃ=നിത്യബദ്ധമുക്തരൂപാഃത്ര യോപി, പാദാഃ=പാദസ്ഥാനീയാഃ, ദ്വെ=ശുദ്ധസത്വം ത്രിഗുണസത്വഞ്ച, ശീർഷെ=ശിരസീ, സപ്ത=മഹദാദയഃ പ്രകൃതിവികൃതയഃ സപ്താപി, ഹസ്താഃ=ഹസ്തസ്ഥാനീയാഃ, വൃഷഭഃ സഃ=ശ്രേഷ്ഠഃ വാസുദേവഃ, ത്രിധാ ബദ്ധഃ=സം കർഷണപ്രദ്യുമ്ന്‌നാനിരുദ്ധതയാ ത്രിധാ ഭൂതഃസൻ സൎവ്വം വസ്തു, രോരവീതി=വ്യവഹരതി നാമരൂപവൽ കരോതീ

ത്യത്ഥഃ, മഹോദേവഃ=താദൃശഃ മഹാദേവഃ, മത്ത്യാൻ= ചേതനാചേതനപദാത്ഥാൻ, ആവിവേശ=അന്തരാത്മതയാ പ്രവിവേശ ഇത്യത്ഥഃ.

പദാത്ഥദീപികാ.

അസ്യ=ഈ പരമാത്മാവിന്നു, ചത്വാരി=നാലുവേദങ്ങൾ, ശൃംഗാ=ശൃംഗങ്ങൾ, ത്രയഃ=നിത്യബദ്ധമുക്തരൂപികളായ ത്രിവിധജീവരാശികളും, പാദാഃ=പാദസ്ഥാനങ്ങൾ, ദ്വെ=ശുദ്ധസത്വവും ത്രിഗുണസത്വവുമായ രണ്ടുകൾ, ശീർഷെ=ശിരസ്സുകൾ, സപ്ത=പ്രകൃതിവികൃതികളായ മഹദാദികൾ ഏഴുകളും, ഹസ്താഃ=ഹസ്തസ്ഥാനങ്ങൾ, വൃഷഭഃ സഃ=ശ്രേഷ്ഠനായ ആ വാസുദേവൻ, ത്രിധാ= സംകർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നിങ്ങിനെ മൂന്നുപ്രകാരമായി, ബദ്ധഃസൻ=ഭവിച്ചുകൊണ്ടു, (സർവ്വം=എല്ലാവസ്തുവെയും), രോരവീതി=വ്യവഹരിക്കുന്നു (നാമരൂപങ്ങളോടുകൂടിയതാക്കിച്ചെയ്യുന്നു എന്നത്ഥം), മഹോദേവഃ=അപ്രകാരമുള്ള മഹാദേവൻ, മത്ത്യാൻ=ചേതനാചേതനങ്ങളായ പദാത്ഥങ്ങളെ, ആവിവേശ=അന്തര്യാമിയായി പ്രവേശിച്ചു.

ഈ പരമാത്മാവിന്നു നാലുവേദങ്ങൾ ശൃംഗങ്ങളും, നിത്യബദ്ധമുക്തരൂപങ്ങളായ മൂന്നു ജീവരാശികൾ പാദസ്ഥാനങ്ങളും, ശുദ്ധസത്വം ത്രിഗുണസത്വം എന്നീ രണ്ടുകൾ ശിരസ്സുകളും, പ്രകൃതിവികൃതികളായ മഹദാദികൾ (മഹത്തത്വം, അഹങ്കാരതത്വം, പഞ്ചതന്മാത്രകൾ) ഇവ ഏഴുകൾ ഹസ്തസ്ഥാനീയങ്ങളായും ഭവിക്കുന്നു. ശ്രേഷ്ഠനായ ആ വാസുദേവൻ സംകർഷണൻ, പ്രദ്യുമ്നൻ,

അനിരുദ്ധൻ എന്നിങ്ങിനെ മൂന്നുവിധമായി ഭവിച്ചുകൊണ്ടു എല്ലാ വസ്തുവിനേയും നാമരൂപങ്ങളോടുകൂടിയതാക്കി ചെയ്യുന്നു. അപ്രകാരമുള്ള മഹാദേവൻ ചേതനാചേതനപദാത്ഥങ്ങളെ അന്തൎയ്യാമിയായി പ്രവേശിച്ചു എന്നു താല്പൎയ്യം.

(സായണാചാൎയ്യഭാഷ്യം. സപ്തദശീ ഋക്)

ശൃംഗാ-പ്രണവസ്യ യാനി അകാരാദീനി ശൃംഗാണി, (താനി), ചത്വാരി-ചത്വാരി, അസ്യ-പ്രണവപ്രതിപാദ്യത്വേന പ്രണവരൂപസ്യ ബ്രഹ്മണഃ, ത്രയഃ പാദാഃ-പദ്യന്തെ ഗമ്യന്തെ ബ്രഹ്മതത്വം ഏഭിരിതി പാദാഃ അദ്ധ്യാത്മം വിശ്വതൈജസപ്രാജ്ഞാഃ അധിദൈവം വിരാഢിരണ്യഗൎഭാവ്യാകൃതാനി, ദ്വെ ശീൎഷേ-ഉത്തമാംഗസ്ഥാനീയെ ചിദചിദ്രൂപെ ദ്വെ ശക്തീ, (തഥൈവ), അസ്യ-ബ്രഹ്മണഃ. സപ്ത-ഭൂരാദയസ്സപ്തലോകാഃ, ഹസ്താസഃ-ഹസ്തസ്ഥാനീയാഃ, ത്രിധാ ബദ്ധഃ-അകാരോകാരമകാരേഷു വിശ്വതൈജസപ്രാജ്ഞൈഃ വിരഢിരണ്യഗൎഭാവ്യാകൃതൈശ്ച ത്രിപ്രകാരേണാസംബദ്ധഃ, വൃഷഭഃ-പ്രണവഃ, മഹഃ-തേജോരൂപം ബ്രഹ്മതത്വം, രോരവീതി-അതിശയേനപ്രതിപാദയതി, (തദേവ പ്രതിപാദ്യം സ്പഷ്ടീക്രിയതെ), ദേവഃ= പരമേശ്വരഃ, മൎത്ത്യാൻ-മനുഷ്യദേഹാൻ, ആവിവേശ-സൎവ്വതഃപ്രവിഷ്ടഃ (സ ഏഷ ഇഹ പ്രവിഷ്ട ആനഖാഗ്രേഭ്യഃ ഇതി ശ്രുത്യന്തരാൽ.)

പ്രതിപദാത്ഥഃ

ശൃംഗാചത്വാരി-പ്രണവത്തിൻെറ അകാരഉകാരമകാരബിന്ദുക്കൾ നാലുകൊമ്പുകളാകുന്നു, അസ്യ-പ്രണ

വപ്രതിപാദ്യത്വം ഹേതുവാൽ പ്രണവരൂപമായ ഈ ബ്ര ഹ്മത്തിന്നു, ത്രയഃപാദാഃ-അദ്ധ്യാത്മപക്ഷത്തിൽ വിശ്വ തൈജസപ്രാജ്ഞൻ, അധിദൈവപക്ഷത്തിൽ വിരാഡ്ഢിര ണ്യഗർഭാവ്യാകൃതൻ ഇവകളാകുന്ന മൂന്നുപാദങ്ങൾ, ദ്വെ ശീർഷെ-ചിത്ത് അചിത്ത് എന്ന രണ്ടുശക്തികൾ ശിര സ്സുകൾ (തഥൈവ-അപ്രകാരംതന്നെ), അസ്യ-ഈ ബ്ര ഹ്മത്തിന്നു, സപ്ത-ഭൂരാദികളായ ഏഴുലോകങ്ങൾ, ഹസ്താ സഃ-ഹസ്തസ്ഥാനീയങ്ങളാകുന്നു, ത്രിധാ ബദ്ധഃ-അകാ രോകാരമകാരങ്ങളിൽ വിശ്വതൈജസപ്രാജ്ഞന്മാരെക്കൊ ണ്ടും വിരാഡ്ഢിരണ്യഗർഭാവ്യാകൃതന്മാരേക്കൊണ്ടും മൂന്നുപ്ര കാരം ബന്ധിക്കപ്പെട്ട, വൃഷഭഃ=പ്രണവമായത്, മഹഃ= തേജോരൂപമായ ബ്രഹ്മതത്വത്തെ, രോരവീതി=അതിശയ മാകുംവണ്ണം പ്രതിപാദനം ചെയ്യുന്നു (ആ പ്രണവപ്രതി പാദ്യവസ്തുവിനെത്തന്നെ ദേവഃ എന്നതുകൊണ്ടു സ്പഷ്ടീ കരിക്കുന്നു), ദേവഃ=പരമേശ്വരൻ, മർത്ത്യാൻ=മനുഷ്യദേഹ ങ്ങളെ, ആവിവേശ=കട്ടൊഴിയാതെ അനുപ്രവേശിച്ചു.

പ്രണവത്തിൻെറ അകാരാദികളായ നാലുകൾ ശൃം ഗങ്ങളും, പ്രണവരൂപമായ ബ്രഹ്മത്തിന്നു അദ്ധ്യാത്മങ്ങ ളായ വിശ്വാദികളും, അധിദൈവങ്ങളായ വിരാഡാദി കൾ മൂന്നു പാദങ്ങളും, ചിത്ത് അചിത്ത് എന്നരണ്ടു ശക്തികൾ ശിരസ്സുകളും, അപ്രകാരംതന്നെ ഈ ബ്രഹ്മ ത്തിന്നു ഭൂരാദികളായ ഏഴുലോകങ്ങൾ ഹസ്തങ്ങളും ആകു ന്നു. അകാരോകാരമകാരങ്ങളിൽ വിശ്വതൈജസപ്രാജ്ഞ ന്മാരെക്കൊണ്ടും വിരാഡ്ഢിരണ്യഗർഭാവ്യാകൃതന്മാരേക്കൊ ണ്ടും മൂന്നുപ്രകാരം ബന്ധിക്കപ്പെട്ട പ്രണവമായതു തേ ജോരൂപമായ ബ്രഹ്മതത്വത്തെ അതിശയമാകുംവണ്ണം

പ്രതിപാദനം ചെയ്യുന്നു. ആ പ്രണവപ്രതിപാദ്യനായ പരമേശ്വരൻ മനുഷ്യദേഹങ്ങളെ ഒട്ടൊഴിയാതെ അനുപ്രവേശിച്ചു എന്നു താല്പര്യം.

(സപ്തഹസ്തശ്ചതുഃശൃംഗഃ...........ഹുതാശനം)

ഏഴു കൈകളോടുകൂടിയവനും, നാലുശൃംഗങ്ങളോടുകൂടിയവനും, ഏഴു ജിഹ്വകളോടുകൂടിയവനും, രണ്ടുശിരസ്സുകളോടുകൂടിയവനും, മൂന്നു കാലുകളോടുകൂടിയവനും, ത്രിനേത്രങ്ങളോടുകൂടിയവനും, മന്ദഹാസത്തോടുകൂടിയവനും, വലതുഭാഗത്തിൽ സ്വാഹാദേവിയോടുകൂടിയവനും, ഇടതുഭാഗത്തിൽ സ്വധാദേവിയോടുകൂടിയവനും, വലതുഭാഗത്തിലുള്ള കൈകളാൽ ശക്തി, അന്നം, സ്രുചം, സ്രുവം, തോമരം, വ്യജനം ഇതുകളെ ധരിക്കുന്നവനും, ഇടതുഭാഗത്തിലുള്ള കയ്യിൽ ആജ്യപാത്രത്തെ ധരിക്കുന്നവനും, മേഷാരൂഢനായും, ജഡാബദ്ധനായും, ഗൌരവർണ്ണനായും, അധികതേജസ്സോടുകൂടിയവനായും, ധൂമധ്വജനായും, ചുവന്നകണ്ണുകളോടുകൂടിയവനായും, ഏഴു ജ്വാലയോടുകൂടിയവനായും, സർവ്വതോമുഖനായും, പ്രസന്നവദനനായുമിരിക്കുന്ന അഗ്നിഭഗവാനെ ആത്മാഭിമുഖമായി ധ്യാനിക്കേണ്ടതാകുന്നു.

(ഏഷ ഹി ദേവഃ...........വിശ്വതോമുഖഃ)

ദേവഃ ഏഷഃ-സ്വപ്രകാശനായി വിദ്വാന്മാരാൽ അനുഭവിക്കപ്പെടുന്ന (അറിയപ്പെടുന്ന) ഈ പരമാത്മാവു, പ്രദിശഃ-പ്രാച്യാദികളും ആഗ്നേയാദികളുമായ, സർവ്വാഃ-എല്ലാ ദിക്കുവിദിക്കുകളേയും, അനുപ്രവിശ്യഹി-അനുപ്ര

വേശം ചെയ്യല്ലെ സ്ഥിതിചെയ്യുന്നതു, (തഥാ-അപ്രകാരംതന്നെ), പൂൎവ്വഃ ജാതഃഹി-ഹിരണ്യഗൎഭസ്വരൂപമായി ഈ പരമാത്മാവുതന്നെ ആദ്യം ഉണ്ടായില്ലെ, സ ഉ-ആ പരമേശ്വരൻതന്നെ, ഗൎഭെ അന്തഃ-ബ്രഹ്മാണ്ഡരൂപമായ ഗൎഭത്തിന്റെ മദ്ധ്യത്തിൽ വൎത്തിക്കുന്നു, സ ഏവ-ആ പരമാത്മാവുതന്നെ, വിജായമാനഃ-ദേവതിൎയ്യഗാദിരൂപമായി ഇപ്പോഠം ജനിക്കുന്നതും, ജനിഷ്യമാണഃ-മേൽ ജനിക്കുവാൻ പോകുന്നതും, സ ഏവ-ആ പരമാത്മാവുതന്നെ, പ്രത്യങ്മുഖാഃ-അന്നമയാദിപഞ്ചകോശങ്ങളേക്കാഠം ആന്തരനും, ദേഹേന്ദ്രിയാദ്ധ്യക്ഷം ഹേതുവാൽ മുഖ്യനും, വിശ്വതോമുഖഃ-സൎവ്വത്രരൂപാദികളുടെ ജ്ഞാനത്തിന്നു സാധനങ്ങളായ ചക്ഷുരാദീന്ദ്രിയങ്ങളോടുകൂടിയവനുമായ ആ പരമാത്മാവു ജഗത്തിന്നു അധിഷ്ഠാതാവായി, തിഷ്ഠതി-സ്ഥിതിചെയ്യുന്നു.

യാതൊരുപ്രകാരം ഹിരണ്യഗൎഭാദികളായ ശബ്ദങ്ങഠം പരമാത്മാവിനെ ലക്ഷിപ്പിക്കുന്നുവൊ അപ്രകാരംതന്നെ പരമാത്മാവിനാൽ സൃഷ്ടിക്കപ്പെട്ട ദിക്കു മുതലായ ജഗത്തും പരമാത്മാവെ ലക്ഷിപ്പിക്കുന്നുവെന്നു രണ്ടു മന്ത്രങ്ങളേക്കൊണ്ടു കാണിക്കുന്നു. വിദ്വാന്മാരാൽ അനുഭവിക്കപ്പെടുന്ന സ്വപ്രകാശനായ ഈ പരമാത്മാവു എല്ലാ ദിക്കുവിദിക്കുകളെയും അനുപ്രവേശംചെയ്തു സ്ഥിതിചെയ്യുന്നു. അപ്രകാരംതന്നെ ഹിരണ്യഗൎഭസ്വരൂപനായി ഈ പരമാത്മാവു ആദ്യം ഉണ്ടായി എന്നുള്ള പ്രസിദ്ധിയെ പറയുന്ന ഹി ശബ്ദംകൊണ്ടു 'ഹിരണ്യഗൎഭഃ സമവൎത്തതാഗ്രെ ഭൂതസ്യ ജാതഃ പതിരേക ആസീൽ' എന്ന മന്ത്രപ്ര

സിദ്ധനായ ആ പരമേശ്വരൻതന്നെ ബ്രഹ്മാണ്ഡരൂപമായ ഗർഭത്തിന്റെ മദ്ധ്യത്തിൽ വത്തിക്കുന്നു. ദേവതിര്യ്യഗാദിരൂപമായി ഇപ്പോഠം ഉണ്ടാകുന്നതും മേൽ ജനിക്കുവാൻ പോകുന്നതും ആ പരമാത്മാവുതന്നെ. അന്നമയാദികോശങ്ങളേക്കാഠം ആന്തരനും, ദേഹേന്ദ്രിയാദ്ധ്യക്ഷം ഹേതുവാൽ മുഖ്യനും, സർവ്വരൂപാദികളുടെ ഉപലബ്ധിക്കു സാധനങ്ങളായ ചക്ഷുരാദീന്ദ്രിയങ്ങളോടുകൂടിയവനുമായ ആ പരമാത്മാവു ജഗത്തിന്നു അധിഷ്ഠാതാവായി സ്ഥിതിചെയ്യുന്നു എന്നു താല്പര്യം.

(പ്രാങ്മുഖൊ..........പ്രജാപതയ ഇദം നമമ)

അല്ലയോ ദേവനായ അഗ്നിഭഗവാനെ! ഞാൻ പ്രാങ്മുഖനായിരിക്കുന്നു. അങ്ങുന്ന് എനിക്കു അഭിമുഖനായി ഭവിച്ചാലും. ഇന്ദ്രന്നായ്ക്കൊണ്ടു നമസ്കാരം. അഗ്നിക്കായ്ക്കൊണ്ടു നമസ്കാരം. യമന്നായ്ക്കൊണ്ടു നമസ്കാരം. നിരൃതിക്കായ്ക്കൊണ്ടു നമസ്കാരം. വരുണന്നായ്ക്കൊണ്ടു നമസ്കാരം. വായുവിന്നായ്ക്കൊണ്ടു നമസ്കാരം. സോമന്നായ്ക്കൊണ്ടു നമസ്കാരം. ഈശാനന്നായ്ക്കൊണ്ടു നമസ്കാരം. അഗ്നിക്കായ്ക്കൊണ്ടു നമസ്കാരം. ആത്മാവിന്നായ്ക്കൊണ്ടു നമസ്കാരം. എല്ലാ ബ്രാഹ്മണക്കായ്ക്കൊണ്ടും നമസ്കാരം. ഞാൻ ഹോമിക്കാൻ പോകുന്നു. ജുഹുധി ഇതി പ്രതിവചനം. സൂര്യ്യന്നായ്ക്കൊണ്ടു ഹവിർദാനം ചെയ്യുന്നു. ഇതു സൂര്യ്യന്നായ്ക്കൊണ്ടുള്ളതു, എന്റെതല്ല. നല്ല ഹോമത്തെ (ഇഷ്ടത്തെ) ചെയ്യുന്ന രുദ്രരൂപിയായ അഗ്നിക്കായ്ക്കൊണ്ടു ഹവിർദാനം ചെയ്യുന്നു. ഇതു നല്ല ഹോമത്തെ (ഇഷ്ടത്തെ) ചെയ്യുന്ന രുദ്രരൂപിയായ അഗ്നിക്കായ്ക്കൊണ്ടുള്ളതു, എ

ൻെറതല്ല. ‘രുദ്രോഗ്നിഃ സ്വിഷ്ടകൃൽ’ ഇതി ശ്രുതേഃ. സായംകാലഹോമദേവതയെ പറയുന്നു. അഗ്നിക്കായ്ക്കൊണ്ടു ഹവിർദാനം ചെയ്യുന്നു. ഇതു അഗ്നിക്കായ്ക്കൊണ്ടുള്ളതു, എൻെറതല്ല. ഇതു നല്ല മംഗളത്തെ ചെയ്യുന്ന അഗ്നിക്കായ്ക്കൊണ്ടുള്ളത്, എൻെറതല്ല. ‘ഭൂഃസ്വാഹാ അഗ്നയ ഇദം നമമ, ഭുവഃസ്വാഹാ വായവ ഇദം നമമ, സുവഃ സ്വാഹാ സൂൎയ്യായ ഇദം നമമ, ഓം ഭൂർഭുവസ്സുവഃ സ്വാഹാ പ്രജാപതയ ഇദം നമമ’. ഇതു ഭൂരാദിവ്യാഹൃതിത്രയങ്ങളുടെ വ്യസ്തദേവതകളായ അഗ്നി, വായു, സൂൎയ്യൻ ഇവൎക്കായ്ക്കൊണ്ടുള്ളതു, എൻെറതല്ല. ഇതു ഭൂരാദി വ്യാഹൃതിത്രയങ്ങളുടെ സമസ്തദേവതയായ പ്രജാപതിക്കായ്ക്കൊണ്ടുള്ളതു, എൻെറതല്ല എന്നൎത്ഥം.

(അദിതേന്വമഗ്ംസ്ഥാഃ............പ്രാസാവീഃ)

ഹെ അദിതെ!=അല്ലയൊ ദേവമാതാവെ!, (ത്വം=അങ്ങുന്ന്), അന്വമഗ്ംസ്ഥാഃ=എന്നാൽചെയ്യപ്പെടുന്ന ഈ ഔപാസനകൎമ്മാവിനെ അനുജ്ഞചെയ്യു, ഹെ അനുമതെ!=അല്ലയൊ പൌൎണ്ണമാസി!, (ത്വം=അങ്ങുന്ന്), അന്വമഗ്ംസ്ഥാഃ=എന്നാൽ ചെയ്യപ്പെടുന്ന ഈ ഔപാസനകൎമ്മാവിനെ അനുജ്ഞചെയ്യു, ഹെ സരസ്വതെ!=അല്ലയൊ വാഗ്ദേവി!, (ത്വം=അങ്ങുന്ന്), അന്വമഗ്ംസ്ഥാഃ=എന്നാൽ ചെയ്യപ്പെടുന്ന ഈ ഔപാസനകൎമ്മാവിനെ അനുജ്ഞചെയ്യു, ഹെ ദേവ-സവിതഃ!=സൎവ്വസാക്ഷിയായി പ്രകാശിക്കുന്നവനും എല്ലാവരേയും പ്രേരിപ്പിക്കുന്നവനുമായ അല്ലയൊ സൂൎയ്യഭഗവാനെ!, (ത്വം=അങ്ങുന്ന്), പ്രാസാവീഃ=എന്നെയും അനുജ്ഞചെയ്യു.

അല്ലയൊ ദേവമാതാവെ!, അല്ലയൊ പൌൎണ്ണമാസി!, അല്ലയൊ സരസ്വതി!, അല്ലയൊ സൂൎയ്യഭഗവാനെ! നിങ്ങൾ എല്ലാവരാലും ഔപാസനം ചെയ്യുന്ന ഈ ഞാൻ അനുജ്ഞചെയ്യപ്പെട്ടു എന്നു താല്പൎയ്യം.

പ്രാതരൌപാസനസാദ്ഗുണ്യത്തിന്നായ്ക്കൊണ്ടു അനാജ്ഞാതത്രയമഹാമന്ത്രജപത്തെ ഞാൻ ചെയ്വാൻപോകുന്നു.

(അനാജ്ഞാതം..............യഥാതഥം)

യജ്ഞസ്യ=യജ്ഞസംബന്ധിയായ, യൽ=യാവചില അംഗം, അനാജ്ഞാതം=ശാസ്ത്രക്രമമായി അറിയപ്പെടാതെ കണ്ടും, യൽ=യാവചില അംഗം, ആജ്ഞാതം=ശാസ്ത്രക്രമമായി നല്ലവണ്ണം അറിയപ്പെട്ടുകൊണ്ടും, മിഥു=ജ്ഞാനാജ്ഞാനം ഹേതുവായിട്ട് തെററായി, ക്രിയതെ=ചെയ്യപ്പെട്ടുന്നുവൊ, ഹെ അഗ്നെ!=അല്ലയൊ അഗ്നിഭഗവൻ!, അസ്യ=ഈ കൎമ്മസംബന്ധിയായ, തൽ=ആ എല്ലാ യജ്ഞാംഗത്തേയും, കല്പയ=ഫലപ്രദാനസമൎത്ഥമാക്കിച്ചെയ്യാലും, ഹി=യാതൊരുകാരണം ഹേതുവാൽ, ത്വം=അങ്ങുന്ന്, യഥാതഥം=കൎമ്മത്തിൻെറ വസ്തുതത്വത്തെ, വേത്ഥ=അറിയുന്നുവൊ.

യജ്ഞസംബന്ധിയായ യാവചില അംഗം ശാസ്ത്രക്രമമായി ഞങ്ങളാൽ അറിയപ്പെടാതെകണ്ടും, യാവചില അംഗം ശാസ്ത്രക്രമമായി അറിയപ്പെട്ടുകൊണ്ടും ജ്ഞാനാജ്ഞാനം ഹേതുവായിട്ട് തെററായി ചെയ്യപ്പെട്ടുന്നുവൊ ആ കൎമ്മത്തിൻെറ എല്ലാ ന്യൂനാതിരേകത്തെ അറിയുന്നവനായ അല്ലയൊ അഗ്നിഭഗവൻ! അങ്ങുന്നു ഞങ്ങളുടെ

ന്യൂനാതിരേകരൂപമായ എല്ലാ കൎമ്മാവിനേയും ഫലപ്രദാനസമൎത്ഥമാക്കിച്ചെയ്യാലും എന്നു താല്പൎയ്യം.

(പുരുഷസംമിതഃ..............യഥാതഥം)

യഃ=യാതൊന്നു, യജ്ഞഃ=യജ്ഞമാകുന്നുവൊ, സോയം=ആ ഈ യജ്ഞം, പുരുഷസംമിതഃ=പുരുഷസദൃശമാകുന്നു, കിഞ്ച=പിന്നേയും, അയംയജ്ഞഃ=ഈ യാഗമായത്, പുരുഷസംമിതഃ=പുരുഷനാൽ സമ്യക്കാകുംവണ്ണം നിൎമ്മിക്കപ്പെട്ടു, ഹെ അഗ്നേ!=അല്ലയൊ അഗ്നിഭഗവൻ!, അസ്യ=ഈ കൎമ്മസംബന്ധിയായ, തൽ=ആ എല്ലാ അംഗത്തെ, കല്പയ=ഫലപ്രദാനസമൎത്ഥമാക്കിച്ചെയ്യുക, ഹി=യാതൊരു കാരണം ഹേതുവായിട്ട്, ത്വം=അങ്ങുന്ന്, യഥാതഥം=കൎമ്മത്തിൻെറ വസ്തുതത്വത്തെ, വേത്ഥ=അറിയുന്നുവൊ.

യജ്ഞം യാതൊന്നൊ ആ ഈ യജ്ഞം പുരുഷതുല്യമാകുന്നു. എന്നാൽ യാതൊരുപ്രകാരം പുരുഷൻ ന്യൂനാതിരേകമില്ലാത്ത വിശിഷ്ടാവയവങ്ങളോടുകൂടിയവനൊ അപ്രകാരമാകുന്നു യജ്ഞവും. പിന്നേയും ഈ യാഗമായതു സാക്ഷാൽ പുരുഷനാൽ സമ്യക്കാകുംവണ്ണം നിൎമ്മിക്കപ്പെട്ടു. അതുഹേതുവായിട്ട് അല്ലയൊ അഗ്നിഭഗവൻ! അങ്ങുന്ന് കൎമ്മത്തിൻെറ വസ്തുതത്വത്തെ അറിയുന്നതിനാൽ കൎമ്മസംബന്ധിയായ ആ എല്ലാ അംഗത്തേയും ഫലപ്രദാനസമൎത്ഥമാക്കിച്ചെയ്യാലും എന്നു താല്പൎയ്യം.

(യൽപാകത്രാ..............യജാതി.)

പാകത്രാ-ബാലന്മാരപ്പോലെ അപ്രബുദ്ധമതികളും, ദീനദക്ഷാഃ-ഉത്സാഹശക്തിയില്ലാത്തവരുമായ, മൎത്താസഃ-

മനുഷ്യന്മാർ അല്ലെങ്കിൽ യജമാനന്മാർ, യജ്ഞസ്യ-യാഗത്തിന്റെ, യൽ-യാതൊരു അംഗത്തെ, മനസാ-മനസ്സുകൊണ്ടു, ന മന്വതെ-അറിയുന്നില്ലയൊ, തൽ-ആ അംഗത്തെ, വിജാനൻ-വിശേഷമായി അറിയുന്നവനും, ക്രതുവിൽ-സകലയാഗത്തെ അറിയുന്നവനും, യജിഷ്ഠഃ-ഏറ്റവും യജിപ്പാൻ ശക്തനും, ഹോതാ-ദേവന്മാരെ ആഹ്വാനംചെയ്യുന്നവനുമായ, അഗ്നിഃ-അഗ്നിഭഗവാൻ, ദേവാൻ-ദേവന്മാരെ, ഋതുശഃ-അതാതു ഋതുക്രമമമായി, യജാതി-പൂജിക്കട്ടെ.

ബാലന്മേപ്പോലെ ഗ്രഹണധാരണാസമൎത്ഥന്മാരായും ക്ഷീണോത്സാഹന്മാരുമായ യജമാനന്മാർ യാഗത്തിന്റെ യാതൊരു അംഗത്തെ മനസ്സുകൊണ്ടറിയുന്നില്ലയൊ ആ അംഗത്തെ നല്ലവണ്ണം അറിയുന്നവനും, എല്ലാ യാഗകൎമ്മാദികളെ അറിയുന്നവനും, യാഗംചെയ്വാൻ അതിശക്തനും, ദേവന്മാരെ ആഹ്വാനം ചെയ്യുന്നവനുമായ അഗ്നിഭഗവാൻ യജ്ഞദേവതകളായ ദേവന്മാരെ അതാതു ഋതുക്രമമായി പൂജിക്കട്ടെ എന്നു താല്പൎയ്യം.

'ഇദം വിഷ്ണുർവ്വിചക്രമെ' എന്ന മന്ത്രത്തിന്റെ അൎത്ഥം വൈഷ്ണവമന്ത്രവ്യാഖ്യാനത്തിൽ പറഞ്ഞുപോയതിനാൽ ഇവിടെ എഴുതുന്നില്ല.

'അഥാഗ്നിമുപതിഷ്ഠേത മന്ത്രേണാഗ്നേനയാദിനാ'

അനന്തരം അഗ്നേനയ എന്ന മന്ത്രംകൊണ്ടു അഗ്ന്യുപസ്ഥാനം ചെയ്യേണ്ടതാകുന്നു.

(അഗ്നേനയ..............വിധേമ.)

ഹെ അഗ്നെ!- അല്ലയൊ അഗ്നിഭഗവൻ!, ത്വം-അ ങ്ങുന്ന്, രായെ-ദശ്പൂൎണ്ണമാസേഷ്ടിഫലരൂപമായ ധന ത്തിന്നുവേണ്ടി, അസ്മാൻ-ഞങ്ങളെ, സുപഥാ-നല്ലമാൎഗ്ഗ ത്തോടെ, നയ-പ്രാപിപ്പിച്ചാലും, ഹേ ദേവ!-അല്ലയൊ ദേവനായ അഗ്നിഭഗവൻ!, ത്വം-അങ്ങുന്ന്, വിശ്വാനി- സമസ്തങ്ങളായ, വയുനാനി-മാൎഗ്ഗങ്ങളെ, വിദ്വാൻ- അറിയുന്നവനാകുന്നു, ജുഹുരാണം-കുടിലസ്വഭാവമായ, ഏനഃ-പാപത്തിനെ, അസ്മൽ-ഞങ്ങളിൽനിന്നു, യുയോ ധി-വേൎവ്വിടുത്തിയാലും, തെ-അങ്ങയ്ക്കു, വയം-ഞങ്ങൾ, ഭൂയിഷ്ഠാം-ബഹുപ്രകാരയായ, നമ ഉക്തിം-നമസ്കാരോ ക്തിയെ, വിധേമ-ചെയ്യുന്നു.

അല്ലയൊ അഗ്നെ! അങ്ങുന്ന് ദശ്പൂൎണ്ണമാസേഷ്ടി ഫലരൂപമായ ധനനിമിത്തം ഞങ്ങളെ അതിപാദദോഷ രഹിതമായ നല്ല മാൎഗ്ഗത്തോടു യോജിപ്പിച്ചാലും. അല്ല യൊ ദേവ! അങ്ങുന്ന് എല്ലാ മാൎഗ്ഗങ്ങളേയും അറിയുന്നതി നാൽ നരകപ്രദമായ പാപത്തെ ഞങ്ങളിൽനിന്നു വേ ൎവ്വിടുത്തുവാൻവേണ്ടി ഞങ്ങൾ അനേകം പ്രാവശ്യം അങ്ങ യ്ക്കു നമസ്കാരത്തെ ചെയ്യുന്നു.

(സൎവ്വദേവാത്മകം..............അവാപ്നുയാൽ.)

ബ്രാഹ്മണൻ ഹോമാവസാനത്തിൽ സൎവ്വദേവാത്മ കനായ അഗ്നിയെ പ്രാൎത്ഥിക്കണം. സ്വാഹാദേവിക്കു പ്രിയത്തെ ചെയ്യുന്നവനായ അല്ലയൊ അഗ്നെ! ഭഗവാ നായ അങ്ങേക്കായ്ക്കൊണ്ടു നമസ്കാരം. കൃപാനിധിയായ

അല്ലയൊ സ്വാമിൻ! എൻെറ കഠിനമായ പാപത്തെ നശിപ്പിച്ചാലും യാതൊരുകാരണത്താൽ അങ്ങുന്ന് നിത്യം രക്ഷയെ ചെയ്യുന്നവനും, ദേവന്മാരുടെ ഹവ്യത്തെ വഹിക്കുന്നവനുമാകുന്നുവൊ അതുഹേതുവായിട്ട് അങ്ങയെ ഞാൻ നമസ്കരിക്കുന്നു. ഈ ജഗത്തെല്ലാം അങ്ങയ്ക്കധീനമായിട്ടുള്ളതും അങ്ങയാൽ നിലനിത്തപ്പെടുന്നതുമാകുന്നു. ഇപ്രകാരം പ്രാത്ഥനയെ ചെയ്യുന്നവൻ സവ്വാഭീഷ്ടത്തെ പ്രാപിക്കുമെന്നു താല്പര്യം.

(മന്ത്രഹീനം..........യജ്ഞേശായ നമോനമഃ)

അല്ലയൊ അഗ്നേ! എന്നാൽ മന്ത്രഹീനമായും, ക്രിയാഹീനമായും, ഭക്തിഹീനമായും അങ്ങക്കായ്ക്കൊണ്ടു യാതൊന്നു ഹോമിക്കപ്പെട്ടുവൊ അതു അങ്ങയുടെ അനുഗ്രഹത്താൽ പരിപൂണ്ണമായി ഭവിക്കട്ടെ. തപസ്സ്, കമ്മം മുതലായ ഏതേതു പ്രായശ്ചിത്തങ്ങൾ വിധിക്കപ്പെട്ടിട്ടുണ്ടൊ അവകളിൽവെച്ച് കൃഷ്ണാനുസ്മരണം ഏററവും മുഖ്യമായ പ്രായശ്ചിത്തമാകുന്നു. ഗാഹപത്യം, ദക്ഷിണം, ആഹവനീയം എന്നുപേരോടുകൂടിയ ത്രേതാഗ്നികൾക്കായ്ക്കൊണ്ടും മഹാവേദിക്കായ്ക്കൊണ്ടും നമസ്കാരം. കമ്മകാണ്ഡം, ജ്ഞാനകാണ്ഡം ഇതുകളേക്കൊണ്ടു പ്രതിപാദ്യനായും, കമ്മസ്വരൂപിയായും, ബ്രഹ്മസ്വരൂപിയായും, സവ്വസ്വരൂപനായും, മോക്ഷരൂപനായുമിരിക്കുന്ന യജ്ഞേശനായ്ക്കൊണ്ടു പിന്നേയും പിന്നേയും നമസ്കാരം.

അഭിവാദയെ.................നമസ്കാരഃ.

ബൃഹത്സാമ..............രക്ഷ. (രക്ഷാധാരണമന്ത്രഃ)

ക്ഷത്രഭൃൽ=ബലത്തെ ധരിക്കുന്നതും, വൃദ്ധവൃഷ്ണിയം=ഉണ്ടായ പുംലക്ഷണത്തോടുകൂടിയതും, ഓജഃ=ബലത്തെകൊടുക്കുന്നതും, ശുഭിതം=ശോഭിക്കുന്നതും, ഉഗ്രവീരം=ശൂരപുത്രനെ കൊടുക്കുന്നതുമായ, ബൃഹൽ സാമ=ബൃഹത്ത എന്നുഃപേരായ യാതൊരു സാമമുണ്ടോ, തൽ=ആ സാമം, ത്രുഷ്ടുഭാസഹ=ത്രിഷ്ടുപ് എന്നു പേരായ ഛന്ദസ്സോടുകൂടെ, പിപത്തു=ഞങ്ങളെ രക്ഷിക്കട്ടെ, ഹെ ഇന്ദ്ര!=അല്ലയൊ ഇന്ദ്ര!, പഞ്ചദശേന സ്തോമേന=പഞ്ചദശം എന്നു പേരായ സ്തോമത്തോടും, സഗരേണ വാതേന=സഗരം എന്നു പേരായ വായുവോടു, സഹിതഃസൻ=കൂടികൊണ്ടു, ഇദം മദ്ധ്യം=അതീതാനാഗതങ്ങളായ രക്ഷകളുടെ മദ്ധ്യത്തിലിരിക്കുന്ന ഈ ഞങ്ങളുടെ ശരീരത്തെ, രക്ഷ=രക്ഷിക്കണെ.

ബലത്തെ ധരിക്കുന്നതും, പുംലക്ഷണത്തോടുകൂടിയതും, ബലത്തെ കൊടുക്കുന്നതും, ഏററവും ശോഭിക്കുന്നതും, ശക്തിമൽപുത്രന്മാരെ കൊടുക്കുന്നതുമായ ബൃഹത്ത് എന്നു പേരായ സാമം ത്രിഷ്ടുപ് ഛന്ദസ്സോടുകൂടെ ഞങ്ങളെ രക്ഷിക്കട്ടെ. അല്ലയൊ ഇന്ദ്ര! പഞ്ചദശം എന്ന സ്തോമത്തോടും സഗരം എന്ന വാതത്തോടുംകൂടികൊണ്ടു അങ്ങുന്ന് അതീതയായും അനാഗതയായുമിരിക്കുന്ന രക്ഷകളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഈ ഞങ്ങളുടെ ശരീരത്തെ രക്ഷിക്കണെ.

(കായേനവാചാ................ബ്രഹ്മാപ്പണമസ്തു.)

ദേഹംകൊണ്ടോ, വാക്കുകൊണ്ടോ, മനസ്സുകൊണ്ടോ, ഇന്ദ്രിയങ്ങൾകൊണ്ടോ, ബുദ്ധികൊണ്ടോ, ആത്മാവുകൊണ്ടോ, സ്വഭാവംകൊണ്ടോ ഏതേതിനെ ഞാൻ ചെയ്യുന്നുവോ അതെല്ലാററിനേയും പരമാത്മാവായ നാരായണന്നായ്ക്കൊണ്ടു സമപ്പണം ചെയ്യുന്നു.

സ്മൃത്യത്ഥസാരെ ഹോമസാധനാന്യാഹ.

"ശാലിശ്യാമാകനിവാരാഃ വ്രീഹിഗോധൂമയാവകാഃ
ഏതേഷാം തണ്ഡുലാ ഹോമ്യാഃ യാവനാളാഃ പ്രിയംഗവഃ
നീവാരാശ്ശാലയശ്ചൈവ ഗോധൂമാവ്രീഹയൊ യവാഃ
സ്വരൂപേണൈവ ഹോമ്യാസ്യുഃ സ്വരൂപേണൈവ വൈ തിലാഃ."

ഇതി ഔപാസനമന്ത്രാത്ഥദീപികാ സമാപ്താ.

അഗ്നയെ നമഃ.

## സമിദാധാനമന്ത്രാത്ഥദീപികാ

"ശുക്ലാംബരധരം വിഷ്ണും ശശിവൎണ്ണം ചതുൎഭുജം
പ്രസന്നവദനം ധ്യായേത്സൎവ്വവിഘ്നോപശാന്തയെ."

'ഓംഭൂഃ............സുവരോം. മമോപാത്ത സമസ്ത ദുരിതക്ഷയദ്വാരാ ശ്രീപരമേശ്വരപ്രീത്യത്ഥം പ്രാതഃസമിധ ആധാസ്യെ.'

## സമിദാധാനെ പരിമാജ്ജനമന്ത്രഃ.

'പരിത്വാഗ്നേ പരിമൃജാമ്യായുഷാ ച ധനേന ച സുപ്രജാഃ പ്രജയാ ഭൂയാസഗ്ം സുവീരൊ വീരൈസ്സുവ ച്ച്വാ വച്ച്സാ സുപോഷഃ പോഷൈഃ സുഗൃഹൊ ഗൃഹൈഃ സുപതിഃ പത്യാ സുമേധാ മേധയാ സുബ്രഹ്മാ ബ്രഹ്മചാരിഭിഃ.'

ഹെ അഗ്നേ!=അല്ലയൊ അഗ്നേ!, ത്വാ= അങ്ങയെ, അഹം=ഞാൻ, പരിമൃജാമി-പരിമൃജാമി=പരിമാജ്ജനം ചെയ്യുന്നു (എങ്ങും ശോധിക്കുന്നു) ആദരാത്ഥം പുനവ്വചനം ആയുഷാ ച=പ്രാത്ഥിക്കപ്പെട്ട ആയുസ്സോടും, ധനേന ച=ധനത്തോടും, ഭൂയാസം=ഭവിക്കണെ. പ്രജയാ=സന്താനത്തിനാൽ, സുപ്രജാഃ=നല്ല സന്താനത്തോടുകൂടിയവനായും, വീരൈഃ=പൌത്രന്മാരാൽ, സുവീരഃ=നല്ല പൌത്രന്മാരോടുകൂടിയവനായും, വച്ച്സാ=ബ്രഹ്മവച്ച്സ്സിനാൽ, സുവച്ച്വാഃ=നല്ല ബ്രഹ്മതേജസ്സോടുകൂടിയവനായും, പോഷൈഃ=പുഷ്ടികളാൽ, സുപോഷഃ=നല്ല പുഷ്ടിയുള്ളവനായും, ഗൃഹൈഃ=ഗൃഹങ്ങളാൽ, സുഗൃഹഃ=നല്ല ഗൃഹങ്ങളോടുകൂടിയവനായും, പത്യാ=ആചായ്യനാൽ, സുപതിഃ=നല്ല ആചായ്യനോടുകൂടിയവനായും, മേധയാ=ധാരണയോടുകൂടിയ ബുദ്ധിയിനാൽ, സുമേധാഃ= നല്ല ബുദ്ധിയോടുകൂടിയവനായും, ബ്രഹ്മചാരിഭിഃ=സഹാദ്ധ്യായികളാൽ, സുബ്രഹ്മാ=നല്ല വേദജ്ഞനായും, ഭൂയാസം=ഭവിക്കണെ.

അല്ലയൊ അഗ്നേ! അങ്ങയെ ഞാൻ ആദരവോടുകൂടി പരിമാജ്ജനം ചെയ്യുന്നു. എന്നാൽ പ്രാത്ഥിക്കപ്പെട്ട

ആയുസ്സോട്ടും, ധനത്തോട്ടും, നല്ല സന്താനത്തോട്ടും, പൌത്രന്മാരോട്ടും, ബ്രഹ്മതേജസ്സോട്ടും, അന്ന സമൃദ്ധിയോട്ടും, ഗൃഹങ്ങളോട്ടും, ആചാൎയ്യവോട്ടും, ബുദ്ധിയോട്ടുകൂടിയവനായും, വേദജ്ഞനായും ഭവിക്കണെ എന്നു താല്പൎയ്യം.

അഗ്നിപരിഷേചനമന്ത്രഃ.

"അദിതേനപാദിമന്ത്രൈസ്തു ചതുഭിഃ പരിഷേചയേൽ."

'അദിതേനുമന്യസ്വ, അനുമതേനുമന്യസ്വ, സരസ്വതേനുമന്യസ്വ, ദേവസവിതഃ പ്രസുവ.'

ഹെ അദിതെ!=അല്ലയൊ ദേവമാതാവെ! ത്വം-അങ്ങുന്ന്, അനുമന്യസ്വ= എന്നാൽ ചെയ്യപ്പെടുന്ന ഈ സമിദാധാനകൎമ്മാവെ അനുജ്ഞചെയ്യാലും (അനുവദിച്ചാലും). ഹെ അനുമതെ!-അല്ലയൊ പൌൎണ്ണമാസി!, ത്വം-അങ്ങുന്ന്, അനുമന്യസ്വ-എന്നാൽ ചെയ്യപ്പെടുന്ന ഈ സമിദാധാനകൎമ്മാവെ അനുവദിച്ചാലും. ഹെ സരസ്വതെ!- അല്ലയൊ വാഗ്ദേവി!, ത്വം-അങ്ങുന്ന്, അനുമന്യസ്വ-എന്നാൽ ചെയ്യപ്പെടുന്ന ഈ സമിദാധാനകൎമ്മാവെ അനുവദിച്ചാലും. ഹെ ദേവ-സവിതഃ!=സൎവ്വസാക്ഷിയായിപ്രകാശിക്കുന്നവനും സൎവ്വ പ്രേരകനുമായ അല്ലയൊ സൂൎയ്യഭഗവാനെ!, ത്വം-അങ്ങുന്ന്, പ്രസുവ-എന്നേയും അനുവദിച്ചാലും.

അല്ലയൊ ദേവമാതാവെ!, അല്ലയൊ പൌൎണ്ണമാസി!, അല്ലയൊ വാഗ്ദേവി!, അല്ലയൊ സൂൎയ്യഭഗവാനെ! നിങ്ങൾ എല്ലാവരും എന്നാൽ ചെയ്യപ്പെടുന്ന ഈ സമിദാധാനാത്മകകൎമ്മാവിനെ അനുവദിക്കണെ.

സമിദാധാനമന്ത്രാഃ.

'അഗ്നയെ സമിധമാഹാർഷം ബൃഹതെ ജാതവേദസെ യഥാത്വമഗ്നെ സമിധാ സമിദ്ധ്യസ ഏവം മാമായുഷാ വച്ച്സാ സന്യാ മേധയാ പ്രജയാ പശുഭിർബ്ബ്രഹ്മവച്ച്സേനാന്നാദ്യേന സമേധയ സ്വാഹാ'

ബൃഹതെ പ്രഭയോടുകൂടിയവനും (മഹാനും), ജാതവേദസെ- ജാതധനനായ (ജാതപ്രജ്ഞനായ), അഗ്നയെ തുഭ്യം- അഗ്നിയായ അങ്ങക്കായ്ക്കൊണ്ടു, സമിധം- ഈ സമിത്തിനെ, ആഹാർഷം- ഞാൻ കൊണ്ടുവന്നു ഹോമിക്കുന്നു, ഹെ അഗ്നെ!- അല്ലയൊ അഗ്നെ!, ത്വം- അങ്ങുന്ന്, യഥാ=യാതൊരുപ്രകാരം, സമിധാ- ഈസമിത്തിനാൽ, സമിദ്ധ്യസെ- പ്രകാശിക്കപ്പെടുന്നുവൊ, ഏവം- ഇപ്രകാരം, മാം- സമിത്തിനെ ഹോമിക്കുന്ന എന്നെ, ആയുഷാ- ആയുസ്സോടും, വച്ച്സാ- വച്ച്സ്സോടും, സന്യാ- ലാഭത്തോടും, മേധയാ- ബുദ്ധിയോടും, പ്രജയാ- സന്താനത്തോടും, പശുഭിഃ- പശുക്കളോടും, ബ്രഹ്മവച്ച്സേന- ബ്രഹ്മതേജസ്സോടും, അന്നാദ്യേന- അന്നാദനത്തോടുകൂടിയവനായും, സമേധയ- വദ്ധിപ്പിക്കണെ. സ്വാഹാ- ഹോമിക്കുന്നു.

അതിപ്രഭയോടുകൂടിയവനും, മഹാനും, ജാതപ്രജ്ഞനും, അഗ്നിയുമായ അങ്ങക്കായ്ക്കൊണ്ടു ഈ സമിത്തിനെ ഞാൻ കൊണ്ടുവന്നു ഹോമിക്കുന്നു. അല്ലയൊ അഗ്നെ! അങ്ങുന്ന് യാതൊരുപ്രകാരം ഈ സമിത്തിനാൽ പ്രകാശിക്കപ്പെടുന്നുവൊ, ഇപ്രകാരം സമിദാധാനം ചെയ്യുന്ന എന്നെ ആയുസ്സ്, വച്ച്സ്സ്, ലാഭം, ബുദ്ധി, സന്താനം

പശുക്കൾ, ബ്രഹ്മവൎച്ചസ്സ്, അന്നാദനം ഇതുകളോടുകൂടി നല്ലവണ്ണം വൎദ്ധിപ്പിക്കേണമെ എന്നുതാല്പൎയ്യം.

'ഏധോസ്യേധിഷീമഹി സ്വാഹാ' (സമിധം പ്രതിവചനം)

.. ഹെ സമിൽ!-അല്ലയൊ സമിത്തെ!, ത്വം-അങ്ങുന്ന്, ഏധഃ-അഗ്നിയുടെ ദീപ്തിസാധനമായി, അസി-ഭവിക്കുന്നു, വയമപി-അങ്ങയെ ആധാനംചെയ്യുന്ന ഞങ്ങളും, ഏധിഷീമഹി-പുഷ്ടന്മാരായി ഭവിക്കേണമെ.

അല്ലയൊ സമിത്തെ! അങ്ങുന്ന് അഗ്നിയുടെ പ്രകാശസാധനമായി ഭവിക്കുന്നു. അങ്ങയെ ആധാനംചെയ്യുന്ന ഞങ്ങളും പുഷ്ടന്മാരായി ഭവിക്കേണമെ.

'സമിദസി സമേധിഷീമഹി സ്വാഹാ'

ഹെ ഏധഃ!-അല്ലയൊ ഇധ്മ!, ത്വം-അങ്ങുന്ന്, സമിൽ-അഗ്നിയുടെ ദീപ്തിസാധനമായി അസി-ഭവിക്കുന്നു, വയമപി-അങ്ങയെ ആധാനംചെയ്യുന്ന ഞങ്ങളും, സമേധിഷീമഹി-ദീപ്തന്മാരായി ഭവിക്കേണമെ.

അല്ലയൊ സമിത്തെ! അങ്ങുന്ന് അഗ്നിയുടെ ദീപ്തിസാധനമായി ഭവിക്കുന്നു. അങ്ങയെ ആധാനം ചെയ്യുന്ന ഞങ്ങളും പുഷ്ടന്മാരായി ഭവിക്കേണമെ.

'തേജോസി തേജോമയിധേഹി സ്വാഹാ.'

ഹെ സമിൽ!-അല്ലയൊ സമിത്തെ!, ത്വം-അങ്ങുന്ന്, തേജഃ-ദീപ്തിസാധനമായി, അസി-ഭവിക്കുന്നു, മയി അപി-എന്നിലും, തേജഃ-തേജസ്സിനെ, ധേഹി-സ്ഥാപിച്ചാലും.

അല്ലയൊ സമിത്തെ! അങ്ങുന്ന് ദീപ്തിസാധനമായി ഭവിക്കുന്നു. അതിനാൽ എന്നേയും തേജസ്വിയാക്കി ചെയ്യണെ.

'അപൊ അദ്യാന്വചാരിഷഗ്ം രസേന സമസൃക്ഷ്മഹി പയസ്വാഗ്ം അഗ്ന ആഗമം തം മാ സഗ്ംസൃജ വർച്ച്സാ സ്വാഹാ.'

അപഃ=സമിദാധാനരൂപമായ കർമ്മാവിനെ, അദ്യ=ഇപ്പോൾ, അഹം=ഞാൻ, അന്വചാരിഷം=അനുക്രമമായി ചെയ്യുന്നു. രസേന=കർമ്മവിഷയശ്രദ്ധയോടെ, സമസൃക്ഷ്മഹി=സംയുക്തനായി ഭവിക്കണെ. പയസ്വാൻ=ഹവിഷ്മാനായ, (അഹം=ഞാൻ), ഹെ അഗ്നെ!=അല്ലയൊ അഗ്നെ!, ത്വാം=അങ്ങയെ, ആഗമം=ദിവസന്തോറം പ്രാപിക്കുന്നു. തം=ഇപ്രകാരമുള്ള, മാം=എന്നെ, വർച്ച്സാ=തേജസ്സോടുകൂടി, സംസൃജ=സംയോഗിപ്പിക്കണെ.

സമിദാധാനരൂപമായ കർമ്മാവിനെ ഇപ്പൊൾ ഞാൻ യഥോക്തമായി ചെയ്യുന്നു. അതിനാൽ കർമ്മശ്രദ്ധയോടുകൂടിയവനായി ഭവിക്കണെ. (സമിദാധാനം കൊണ്ടു കർമ്മശ്രദ്ധ എനിക്കു വർദ്ധിക്കട്ടെ. അല്ലെങ്കിൽ 'സ ഏഷ രസാനാം രസതമഃ' ഇത്യാദി ശ്രുതികൊണ്ടു രസം എന്നതിനെ ബ്രഹ്മനാമാവായി പറഞ്ഞിരിക്കുന്നതിനാൽ അങ്ങയുടെ അനുഗ്രഹം ഹേതുവാൽ എനിക്കു ബ്രഹ്മസായുജ്യം ഭവിക്കണെ.) അല്ലയൊ അഗ്നെ! ഹവിസ്സോടുകൂടി ദിവസന്തോറം അങ്ങയെ സേവിക്കുന്ന എന്നെ വർച്ച്സ്വിയാക്കി ചെയ്യണെ.

'സംമാഗ്നേ വൎച്ചസാസൃജ പ്രജയാ ച ധനേന ച സ്വാഹാ.'

ഹെ അഗ്നേ!=അല്ലയൊ അഗ്നേ!, മാ=എന്നെ, വൎച്ചസാ=വൎച്ചസ്സോടും, പ്രജയാ=സന്താനത്തോടും, ധനേന ച=ധനത്തോടും, സംസൃജ=സമ്യക്കാകുംവണ്ണം യോജിപ്പിക്കണെ.

അല്ലയൊ അഗ്നേ! എന്നെ തേജസ്സ്, സന്താനം, ധനം ഇതുകളോടുകൂടിയവനാക്കി ചെയ്യണെ.

'വിദ്യുന്മേ അസ്യ ദേവാ ഇന്ദ്രോ വിദ്യാത്സഹൎഷിഭിഃസ്വാഹാ.'

ഹെ അഗ്നേ!=അല്ലയൊ അഗ്നേ!, അസ്യ മെ=ഈ എന്നെ (ദ്വിതീയാൎത്ഥേ ഷഷ്ഠീ), ദേവാഃ=ദേവന്മാരും, വിദ്യുൽ=വിദ്യുത്തും, മാം=ഈ സമിദാധാനം ചെയ്യുന്ന എന്നെ അറിയട്ടെ, ഇന്ദ്രശ്ച=ഇന്ദ്രനും, ഋഷിഭിഃസഹ=ഋഷികളോടുകൂടെ, മാം=ഇപ്രകാരം കൎമ്മം ചെയ്യുന്ന എന്നെ, വിദ്യാൽ=അറിയട്ടെ.

അല്ലയൊ അഗ്നേ! ഇപ്രകാരം കൎമ്മംചെയ്യുന്ന എന്നെ വിദ്യുത്തും, ദേവന്മാരും അറിയട്ടെ. ഋഷികളോടുകൂടെ ഇന്ദ്രനും അറിയട്ടെ.

'അഗ്നയെ ബൃഹതെ നാകായ സ്വാഹാ'

ബൃഹതെ=പ്രഭയോടുകൂടിയവനും (മഹാനുമായ), നാകായ=നാകൻ എന്നു പേരായ, അഗ്നയെ=അഗ്നിക്കായ്ക്കൊണ്ടു, സ്വാഹാ=ഹോമിക്കുന്നു.

പ്രഭയോടുകൂടിയവനും, മഹാനുമായ 'ദിവി നാകൊ അഗ്നിഃ' എന്ന ശ്രുതിഹേതുവാൽ നാകൻ എന്നു പേരായ അഗ്നിക്കായ്ക്കൊണ്ടു ഞാൻ ഹോമിക്കുന്നു.

ദ്യാവാപൃഥിവീഭ്യാഗ്ംസ്വാഹാ' ദ്യാവാപൃഥിവികാക്കാ യ്യൊണ്ടു ഹോമം ചെയ്യപ്പെടുന്നു.

'ഏഷാ തെ അഗ്നെ സമിത്തയാ വദ്ധസ്വചാപ്യായ സ്വ ച തയാഹം വദ്ധമാനൊ ഭൂയാസമാപ്യായമാനശ്ച സ്വാഹാ.'

ഹെ അഗ്നെ!=അല്ലയോ അഗ്നെ!, തെ=അങ്ങക്കാ യ്യൊണ്ടു, ഏഷാ=ഈ, സമിൽ=സമിത്ത്, ദീയതെ=ദാനം ചെയ്യപ്പെടുന്നു (ഹോമിക്കപ്പെടുന്നു), തയാ=ആ സമിത്തി നാൽ, ത്വം=അങ്ങുന്ന്, വദ്ധസ്വച=വദ്ധിച്ചാലും, ആ പ്യായസ്വച=പൂൎണ്ണനായി ഭവിച്ചാലും, അഹമപി=ഞാ നും, തയാ=ആ സമിത്തിനാൽ, വദ്ധമാനഃ=വദ്ധിക്കുന്ന വനായും, ആപ്യായമാനശ്ച=പരിപൂൎണ്ണനായും, ഭൂയാസം= ഭവിക്കണെ.

അല്ലയൊ അഗ്നെ! അങ്ങക്കായ്യൊണ്ടു ഈ സമിത്ത് ദാനം ചെയ്യപ്പെടുന്നു. ആ സമിത്തിനാൽ അങ്ങുന്നു വ ദ്ധിച്ചു തൃപ്തനായി ഭവിച്ചാലും. ഞാനും ആ സമിത്തി നാൽ വദ്ധിച്ചു തൃപ്തനായി ഭവിക്കണെ.

'യോമാഗ്നെ ഭാഗിനഗ്ം സന്തം അഥാഭാഗം ചികീ ൎഷതി അഭാഗമഗ്നെ തം കുരു മാമഗ്നെ ഭാഗിനം കുരു സ്വാഹാ.'

ഹെ അഗ്നെ!=അല്ലയൊ അഗ്നെ!, യഃ=യാതൊരുത്ത ൻ, ഭാഗിനം=ഭാഗപ്രാപ്തിക്കു യോഗ്യനായിരിക്കുന്ന, മാം= എന്നെ, അഭാഗം=ഭാഗപ്രാപ്തിക്കയോഗ്യനായി, ചികീൎ ഷതി=ചെയ്യാനിച്ഛിക്കുന്നുവൊ, തം=അവനെ, അഭാഗം=

ഭാഗപ്രാപ്തിക്കയോഗ്യനായി, കുരു=ചെയ്യണെ, മാം തു=എ ന്നേയൊ എന്നാൽ, ഭാഗിനം=ഭാഗപ്രാപ്തിക്കു യോഗ്യനാ യി, കുരു=ചെയ്യണെ.

അല്ലയൊ അഗ്നെ! യാതൊരുത്തൻ ഭാഗപ്രാപ്തിക്കു യോഗ്യനായിരിക്കുന്ന എന്നെ ഭാഗപ്രാപ്തിക്കയോഗ്യനാ യി ചെയ്യാനിച്ഛിക്കുന്നുവൊ അവനെ ഭാഗത്തിന്നയോ ഗ്യനാക്കിച്ചെയ്തു എന്നെ ഭാഗയോഗ്യനാക്കി ചെയ്യണെ എന്നു താല്പൎയ്യം.

'സമിധമാധായാഗ്നെ സൎവ്വവ്രതൊ ഭൂയാസഗ്ംസ്വാഹാ.'

ഹെ അഗ്നെ!=അല്ലയൊ അഗ്നെ!, അഹം=ഞാൻ, സമിധം=ഈസമിത്തിനെ, ആധായ=ആധാനംചെയ്തു, സൎവ്വവ്രതഃ=പരിപൂൎണ്ണവ്രതനായി, ഭൂയാസം=ഭവിക്കണെ.

അല്ലയൊ അഗ്നെ! ഞാൻ ഈസമിത്തിനെ ആധാ നം ചെയ്തു പരിപൂൎണ്ണവ്രതനായി ഭവിക്കണെ എന്നു താ ല്പൎയ്യം.

'ഭൂസ്സ്വാഹാ, ഭുവസ്സ്വാഹാ, സുവസ്സ്വാഹാ, ഓഗ്ംസ്വാ ഹാ.'

ഇപ്രകാരം വ്യാഹൃതിഹോമങ്ങളെ ചെയ്തതിൽപിന്നെ 'അദിതേനുമഗ്ംസ്ഥാഃ, അനുമതേനുമഗ്ംസ്ഥാഃ, സര സ്വതേനുമഗ്ംസ്ഥാഃ, ദേവസവിതഃപ്രാസാവീഃ.'

ഹെ അദിതെ!-അല്ലയൊ ദേവമാതാവെ!, ത്വം-അ ങ്ങുന്ന്, അന്വമംസ്ഥാഃ-എന്നാൽ ചെയ്യപ്പെടുന്ന ഈ ആധാന കൎമ്മാവിനെ അനുജ്ഞചെയ്യൂ, ഹെ അനുമതെ!- അല്ലയൊ പൌൎണ്ണമാസി!, ത്വം-അങ്ങുന്ന്, അന്വമം

സ്ഥാഃ-എന്നാൽ ചെയ്യപ്പെടുന്ന ഈ ആധാനകൎമ്മാവി
നെ അനുജ്ഞചെയ്യൂ, ഹെ സരസ്വതെ!-അല്ലയൊ വാഗ്ദേ
വി!, ത്വം-അങ്ങുന്ന്, അന്വമംസ്ഥാഃ-എന്നാൽ ചെയ്യ
പ്പെടുന്ന ഈ ആധാനകൎമ്മാവിനെ അനുജ്ഞചെയ്യൂ, ഹെ
ദേവ-സവിതഃ!-സൎവ്വസാക്ഷിയായി പ്രകാശിക്കുന്നവനും
എല്ലാവരേയും പ്രേരിപ്പിക്കുന്നവനുമായ അല്ലയൊ സൂൎയ്യ
ഭഗവാനെ!, ത്വം-അങ്ങുന്ന്, പ്രാസാവീഃ-എന്നേയും അ
നുജ്ഞചെയ്യൂ.

അല്ലയൊ ദേവമാതാവെ!, അല്ലയൊ പൌൎണ്ണമാ
സി!, അല്ലയൊ സരസ്വതി!, അല്ലയൊ സൂൎയ്യഭഗവാ
നെ! നിങ്ങൾ എല്ലാവരാലും സമിദാധാനം ചെയ്യുന്ന
ഈ ഞാൻ അനുജ്ഞചെയ്യപ്പെട്ടു.

'സ്വാഹാ അഗ്നേരുപസ്ഥാനം കരിഷ്യേ'—സ്വാഹാ
എന്നു സമിത്തിനെ ഹോമിച്ചു അഗ്നിയുടെ ഉപസ്ഥാന
ത്തെ ചെയ്വാൻ പോകുന്നു.

'യത്തെ അഗ്നെ തേജസ്തേനാഹം തേജസ്വീ ഭൂയാ
സം, യത്തേ അഗ്നെ വൎച്ചസ്തേനാഹം വൎച്ചസ്വീ ഭൂയാസം,
യത്തെ അഗ്നെ ഹരസ്തേനാഹഗ്ം ഹരസ്വീഭൂയാസം.'

അല്ലയൊ അഗ്നെ! അങ്ങയുടെ യാതൊരു തേജസ്സു
ണ്ടൊ ആ തേജസ്സിനാൽ ഈ സമിദാധാനം ചെയ്യുന്ന
ഞാൻ തേജസ്വിയായി ഭവിക്കണെ. അല്ലെയൊ അഗ്നെ!
അങ്ങയുടെ യാതൊരു ബ്രഹ്മതേജസ്സുണ്ടൊ അതിനാൽ
ഈ സമിദാധാനം ചെയ്യുന്ന ഞാൻ ബ്രഹ്മവൎച്ചസ്സോടുകൂ
ടിയവനായും ഭവിക്കണെ. അല്ലയൊ അഗ്നെ! അങ്ങയ

ടെ യാതൊരു ശക്തിയുണ്ടോ ആ ശക്തിയാൽ ഈ സമി ദാധാനം ചെയ്യുന്ന ഞാൻ ശക്തിമാനായി ഭവിക്കണെ.
'മെയി മേധാം മയി പ്രജാം മയ്യഗ്നിസ്തേജൊ ദധാതു, മയി മേധാം മയി പ്രജാം മയീന്ദ്ര ഇന്ദ്രിയം ദധാതു, മയി മേധാം മയി പ്രജാം മയി സൂൎയ്യോ ഭ്രാജൊ ദധാതു.'

എന്നിൽ ബുദ്ധി, സന്താനം, തേജസ്സ് ഇതുകളെ അഗ്നി വൎദ്ധിപ്പിക്കട്ടെ. എന്നിൽ ധാരണാശക്തി, സന്താനം, ഇന്ദ്രിയപുഷ്ടി ഇതുകളെ ഇന്ദ്രൻ വൎദ്ധിപ്പിക്കട്ടെ. എന്നിൽ ജ്ഞാനശക്തി, വംശസമൃദ്ധി, ബ്രഹ്മതേജസ്സ് ഇതുകളെ സൂൎയ്യൻ വൎദ്ധിപ്പിക്കട്ടെ.

അഗ്നയെ നമഃ.

"മന്ത്രഹീനം ക്രിയാഹീനം ഭക്തിഹീനം ഹുതാശന!
യദ്ധുതന്തു മയാദേവ പരിപൂൎണ്ണം തദസ്തുതെ."

അല്ലയൊ അഗ്നെ! എന്നാൽ മന്ത്രഹീനമായും, ക്രിയാഹീനമായും, ഭക്തിഹീനമായും അങ്ങെക്കായ്ക്കൊണ്ടു യാതൊന്നു ഹോമിക്കപ്പെട്ടുവൊ അതു അങ്ങയുടെ അനുഗ്രഹത്താൽ പരിപൂൎണ്ണമായി ഭവിക്കണെ.

"പ്രായശ്ചിത്താന്യശേഷാണി തപഃ കൎമ്മാത്മകാനിവൈ
യാനി തേഷാമശേഷാണാം കൃഷ്ണാനുസ്മരണം പരം."

സമസ്തങ്ങളായ തപസ്സ്, കൎമ്മം എതദ്രൂപങ്ങളായ ഏതെതു പ്രായശ്ചിത്തങ്ങൾ വിധിക്കപ്പെട്ടിട്ടുണ്ടൊ അവകളിൽ വെച്ചു കൃഷ്ണാനുസ്മരണം ഏററവും മുഖ്യമായ പ്രായശ്ചിത്തമാകുന്നു.

'അഭിവാദയെ............നമസ്കാരഃ.'

രക്ഷാധാരണമന്ത്രഃ.

'മാനസ്തോകെ തനയെ മാന ആയുഷി മാനോഗോഷു മാനൊ അശ്വേഷു രീരിഷഃ വീരാന്മാനൊ രുദ്രഭാമിതൊ വധീഹ്വിഷ്മന്തോ നമസാ വിധേമതെ. മേധാവീ ഭൂയാസം, തേജസ്വീ ഭൂയാസം, വച്ച്വസ്വീ ഭൂയാസം, ബ്രഹ്മവച്ച്വസീ ഭൂയാ സം, ആയുഷ്മാൻ ഭൂയാസം, അന്നാദൊ ഭൂയാസം, സ്വസ്തി ഭൂയാസം.'

ഹെ രുദ്ര!=അല്ലയൊ പശുപതെ!, നഃ=ഞങ്ങളുടെ, തോകെ=പുത്രവിഷയത്തിലും, തനയെ-തൽപുത്രവിഷയത്തിലും, മാരിരിഷഃ-ഹിംസകനായി ഭവിക്കരുതെ. നഃ-ഞങ്ങളുടെ, ആയുഷി-ആയുസ്സിങ്കലും, മാരിരിഷഃ-ഹിംസയെ ചെയ്യരുതെ. നഃ-ഞങ്ങളുടെ, ഗോഷു-പശ്വാദികളിലും, മാരിരിഷഃ-ഹിംസയെ ചെയ്യരുതെ. നഃ-ഞങ്ങളുടെ, അശ്വേഷു-അശ്വങ്ങളിലും, മാരിരിഷഃ-ഹിംസയെ ചെയ്യരുതെ. ഭാവിതഃ-ക്രുദ്ധനായിഭവിച്ച്, നഃ-ഞങ്ങളുടെ, വീരാൻ-ഭൃത്യന്മാരെ, മാ വധീഃ-വധിക്കരുതെ. ഹവിഷ്മന്തഃ-ഹവിസ്സോടുകൂടിയ, വയം-ഞങ്ങൾ, തെ-അങ്ങയെ, നമസാ-നമസ്കാരത്താൽ, വിധേമ-പരിചരിക്കുന്നു.

അല്ലയൊ പശുപതെ! ഞങ്ങളുടെ പുത്രവിഷയത്തിലും, പുത്ര-പുത്രവിഷയത്തിലും, ആയുസ്സിങ്കലും, പശുക്കളിലും, അശ്വങ്ങളിലും ഹിംസയെ ചെയ്യരുതെ. അല്ലെങ്കിൽ 'ദ്വിതീയാത്ഥേ വാ വ്യത്യയേന സപ്തമീ' എന്നു വെച്ച് ഞങ്ങളുടെ പുത്രൻ, തൽപുത്രൻ, ആയുസ്സ്, പശു, അശ്വം ഇത്യാദികളെ ഹിംസിക്കരുതെ എന്നും അത്ഥം വരാം. ഞങ്ങളുടെ അപചാരനിമിത്തം അങ്ങുന്ന് ക്രുദ്ധ

നായി ഭവിച്ച് ഭൃത്യന്മാരെ വധിക്കരുതെ. അതിന്നായ്ക്കൊണ്ടു ഹവിസ്സോടുകൂടിയ ഞങ്ങൾ നമസ്കാരംകൊണ്ടു അങ്ങയെ പരിചരിക്കുന്നു. 'തെ' എന്നുള്ളത് ദ്വിതീയാൎത്ഥത്തിൽ ഷഷ്ഠിയാകുന്നു.

"ശ്രദ്ധാം മേധാം യശഃ പ്രജ്ഞാം
വിദ്യാം ബുദ്ധിം ശ്രിയം ബലം
ആയുഷ്യം തേജ ആരോഗ്യം
ദേഹി മെ ഹവ്യവാഹന!."

ശ്രദ്ധാ, മേധാ, യശസ്സ്, പ്രജ്ഞാ, വിദ്യാ, ബുദ്ധി, ശ്രീ, ബലം, ആയുസ്സ്, തേജസ്സ്, ആരോഗ്യം ഇതുകളെ അല്ലയൊ ഹവ്യവാഹന! ഞങ്ങൾക്കു തരണെ.

ഇതി സമിദാധാനമന്ത്രാൎത്ഥദീപികാ സമാപ്താ.

## ശ്രൗതസ്മാൎത്തബ്രഹ്മയജ്ഞവിധിഃ

'പഞ്ചമഹായജ്ഞേഷ്വന്യതമൊ ബ്രഹ്മയജ്ഞഃ.'
'ബ്രഹ്മ വേദഃ തത്സാധനഃ യജ്ഞഃ ബ്രഹ്മയജ്ഞഃ.'

പഞ്ചമഹായജ്ഞസ്വരൂപമാഹ ശ്രുതിഃ.

'ദേവയജ്ഞഃ പിതൃയജ്ഞോ ഭൂതയജ്ഞോ മനുഷ്യയജ്ഞോ ബ്രഹ്മയജ്ഞ ഇതി.' 'യദഗ്നൗ ജുഹോത്യപിസമിധം തദ്ദേവയജ്ഞസ്സന്തിഷ്ഠതെ. യൽപിതൃഭ്യസ്സ്വധാകരോത്യപ്യപസ്തൽപിതൃയജ്ഞസ്സന്തിഷ്ഠതെ. യൽഭൂതേഭ്യോ ബലിം ഹരതി തൽഭൂതയജ്ഞസ്സന്തിഷ്ഠതെ. യൽബ്രാഹ്മണേഭ്യോന്നം ദദാതി തന്മനുഷ്യയജ്ഞസ്സന്തിഷ്ഠതെ. യ

സ്വാദ്ധ്യായമധീയീതൈകാമപ്യൃചം യജുസ്സാമവാ തൽ ബ്രഹ്മയജ്ഞസ്സന്തിഷ്ഠതെ ഇതി.'

വ്യാസോപി.

"ദേവയജ്ഞം പിതൃയജ്ഞം ഭൂതയജ്ഞം തഥൈവച
മാനുഷ്യം ബ്രഹ്മയജ്ഞഞ്ച പഞ്ചയജ്ഞാൻ പ്രചക്ഷതെ."

അഥ ബ്രഹ്മയജ്ഞകാലമാഹ.

"യദിസ്യാത്തർപ്പണാദർവ്വാക് ബ്രഹ്മയജ്ഞഃ കൃതൊ നഹി
കൃത്വാ മനുഷ്യയജ്ഞന്തു തതസ്സ്വാദ്ധ്യായമാരഭേൽ."

ബൃഹസ്പതിഃ.

"സചാർവ്വാക്തർപ്പണാൽകാര്യ്യഃ പശ്ചാദ്വാപ്രാതരാഹുതെഃ
വൈശ്വദേവാവസാനെവാ നാന്യദത്തെ നിമിത്തതഃ."

കാലാദർശേപി

"പ്രാതർമ്മദ്ധ്യം ദിനെ വാപി ബ്രഹ്മയജ്ഞോ വിധീയതെ
പ്രാതർയ്യദി തദാപ്രാതരാഹുത്യാഃ പരതൊ ഭവേൽ
മദ്ധ്യാഹ്നെ ചേത്തർപ്പണാൽ പ്രാക് വൈശ്വദേവാൽപര
ത്രവാ."

'തർപ്പണഞ്ച മാദ്ധ്യാഹ്നികസാവിത്രിജപാനന്തരം വിഹിതം സ്മൃതിചന്ദ്രികാമാധവീയസ്മൃത്യർത്ഥസാരാദൌ തഥാ ച ബോധായനഃ. അഥാദിത്യമുപതിഷ്ഠത ഉദ്വയം തമസസ്പര്യ്യദിത്യം ചിത്രം തച്ചക്ഷുർദ്ദേവഹിതം യ ഉദഗാദിത്യഥോത്തരം ദേവതാസ്തർപ്പയത്യഥ നിവീതിഭൂത്വാ ഋഷീംസ്തർപ്പയത്യഥ പ്രാചീനാവീതീ പിതൄൻ ഇതി.'

വ്യാസോപി

"മദ്ധ്യാഹ്നസമയെ സ്നാത്വാ സാവിത്രീം വൈ ജപേൽ ബുധഃ.
ആചമ്യച യഥാശാസ്ത്രം ശക്ത്യാ സ്വാദ്ധ്യായമാചരേൽ.
തതസ്സന്തർപ്പയേദ്ദേവാനൃഷീൻ പിതൃഗണാംസ്തഥാ."

'ഏവം ച പ്രാതരാഹുത്യനന്തരം വാ മാദ്ധ്യാഹ്നിക സാവിത്രീജപാനന്തരം തർപ്പണാൽ പൂർവ്വം വാ മനുഷ്യയജ്ഞാനന്തരം വാ ബ്രഹ്മയജ്ഞഃ കർത്തവ്യഃ' ഇതി സ്ഥിതെ 'കർത്തവ്യം ശ്രുതിരാഹ ദക്ഷിണതഃ ഉപവീയ ഇത്യാരഭ്യ ആലഭ്യേത്യന്തേന.'

'യജ്ഞോപവീത്യുപവിശ്യ ബ്രഹ്മയജ്ഞേനയക്ഷ്യ ഇതി സങ്കല്പ്യ വിദ്യുദസീത്യുദകമുപസ്പൃശേൽ. തതഃ ഹസ്താവവനിജ്യ ആമണിബന്ധനാൽ പ്രക്ഷാല്യ. പാദയോരപ്യുപലക്ഷണമേതൽ. കർമ്മാംഗം ക്ഷാളനാന്തരം ഹസ്തപാദസ്യ. തതസ്ത്രിരപഃ പിബേൽ. ദ്വിരോഷ്ഠൗ പരിമൃജ്യ സകൃദുപസ്പൃശ്യ സവ്യം പാണിം പാദൗ ച പ്രോക്ഷ്യ ശിരശ്ചക്ഷുഷീ നാസികെ ശ്രോത്രെ ഹൃദയഞ്ചാലഭ്യ. പ്രത്യേകം സജലം സ്പൃഷ്ട്വേത്യർത്ഥഃ. ത്രിരാചാമേദിത്യാദി യദുക്തം തസ്യ ഫലമാഹ ശ്രുതിഃ. യൽത്രിരാചാമതി ഇത്യാരഭ്യ നാരാശംസീഃ പ്രീണാതീത്യന്തേന. കർത്തവ്യാന്തരമാഹ ശ്രുതിഃ. ദർഭാണാം മഹദുപസ്തീര്യോപസ്ഥം കൃത്വാ പ്രാങ്ങാസീനസ്സ്വാദ്ധ്യായമധീയീതേതി. മഹൽ=പ്രഭൂതം യഥാതഥാ ആസനത്വേന ദർഭാനുപസ്തീര്യ (ദ്വിതീയാർത്ഥേ ഷഷ്ഠീ). ഉപസ്ഥമിതി ദക്ഷിണോത്തരിണമാസനവിശേഷം കൃത്വാ പ്രാങ്മുഖ ആസീനഃ ത്വാ

പി ദ്യാവാപൃഥിവ്യോസ്സന്ധിമീക്ഷമാണസ്സമാഹിതഃ സ്വാ ദ്ധ്യായമധീയീത. ആത്മീയം വേദം പഠേദിത്യർത്ഥഃ. ദർഭാ സനസ്യാവശ്യകർത്തവ്യതാർത്ഥം ദർഭാസ്തൂയന്തെ ശ്രുത്യാ അപാംവാ ഇതി. ദർഭെ ആസിത്വാ അധിയാനഃ വീര്യ്യ വദ്വേദം കുരുത ഇത്യർത്ഥഃ. പ്രാങ്ങാസീന ഇത്യത്ര വി ശേഷമാഹ ശ്രുതിഃ. ദക്ഷിണോത്തരൌ പാണീ കൃത്വാ സപവിത്രാവിതി. ഏവം ഭൂതൌ സപവിത്രൌ പാണീ ഉത്സംഗവർത്തിനൌ കൃത്വാ. അഥ ഓമിത്യാരഭതെ. ത ദനന്തരകർത്തവ്യമാഹ ശ്രുതിഃ. ത്രീനേവ പ്രായുങ്ക്ത ഇ ത്യാരഭ്യ.........പ്രതിപദ്യത ഇത്യന്തേന. ഭൂർഭുവസ്സ്വരിത്യാ ഹ. വ്യാഹൃതിത്രയം പഠതി. കിം കൃതം ഭവതി? ത്രീനേ വ വേദാൻ പ്രയുക്തവാൻ ഭവതി. ഏതദ്വൈ വ്യാഹൃ തിത്രയം വാചസ്സത്യം. വേദാത്മികായാ വാചസ്സംബ ന്ധിസത്യം സാരഭൂതം. ത്രിഭ്യസ്സാരത്വേന പ്രഭൂതത്വാൽ ദധ്നോനവനീതമിവ. തസ്മാത്തദേവ പഠൻ ത്രയീസാ രമേവ പൃഥഗവസ്ഥിതം പ്രയുക്തവാൻ ഭവതി. അഥ വ്യാഹൃത്യനന്തരം സാവിത്രീം സവിതൃദൈവത്യാം ഗായ ത്രീം. തത്സവിതുരിത്യൃചം ത്രിരന്വാഹ. അനുക്രമേണ പഠതി. പച്ഛഃ പാദംപാദം. അഥ അർദ്ധർച്ചശഃ അർദ്ധ ർച്ചം അർദ്ധർച്ചം. അഥ അനവാനം. അനുച്ഛ്വാസം. അ ർദ്ധർച്ചേഷ്വനുപരമൻ. ഏവം ബ്രഹ്മോപദേശക്രമേണ കു ര്യ്യാൽ. സവിതാഖലു സർവ്വസ്യാഃ ശ്രിയഃ പ്രസവിതാ ഉൽപാദയിതാ. അതസ്തദ്ദൈവത്യാം ഗായത്രീമധീയാനഃ ശ്രിയം പ്രാപ്നോതി. അഥസാവിത്ര്യന്തെ സ്വാദ്ധ്യായ മധീയീതേതി വിധിഃ.'

## അഥ സ്മൃത്യുക്തബ്രഹ്മയജ്ഞവിധിഃ

"സ്വശാഖാദ്ധ്യയനം യത്തൽ ബ്രഹ്മയജ്ഞം പ്രചക്ഷതെ"
ഇതി പൈഠീനസിഃ.

"യശ്ച ശ്രുതിജപഃ പ്രോക്തോ ബ്രഹ്മയജ്ഞഃ സഉച്യതെ."
ഇതി ശൌനകഃ.

"വേദമാദൌ സമാരഭ്യ തഥോപര്യ്യുപരിക്രമാൽ
യദധീതേന്വഹം ശക്ത്യാ തത്സ്വാദ്ധ്യായം പ്രചക്ഷതെ."
ഇതി ആശ്വമേധികെ.

"ദർഭാസനൊ ദർഭപാണിഃ ബ്രഹ്മയജ്ഞവിധാനതഃ
ബ്രാഹ്മണൊ ബ്രഹ്മയജ്ഞന്തു കുര്യ്യാൽ ശ്രദ്ധാസമന്വിതഃ.
സവ്യസ്യ പാണേരംഗുഷ്ഠപ്രദേശിന്യോസ്തു മദ്ധ്യതഃ
ദക്ഷിണസ്യാംഗുലിർന്യസ്യ ചതസ്രോംഗുഷ്ഠവർജ്ജിതാഃ.
തഥാ സവ്യകരാംഗുഷ്ഠം ദക്ഷിണാംഗുഷ്ഠവേഷ്ടിതം
നിധായ ചൈവം സംബദ്ധൌ പാണി ദക്ഷിണസക്ഥിനി.
പ്രണവം വ്യാഹൃതിശ്ചൈവ ഗായത്രീംച ജപേൽക്രമാൽ
പശ്ചോദ്ധ്വ്ശ ഉച്ഛ്വാസാൽ വേദാദിംശ്ചതുരൊ ജപേൽ.
നിത്യം പ്രശ്നമധീയീത യഥാശക്ത്യഥവാ പഠേൽ
ന കുര്യ്യാദാസനസ്ഥസ്തു ബ്രഹ്മയജ്ഞം കദാചന."
ഇതി ഹാരീതഃ.

നിത്യകർമ്മണാമനുഷ്ഠാനെ ന അനദ്ധ്യായഃ ഇത്യാഹ മനുഃ.

"ദേവതാച്ച്ന മന്ത്രാണാം നാനദ്ധ്യായഃ സദാ സ്മൃതഃ
സങ്കല്പിതാനാം മന്ത്രാണാം വൈദികാനാം തഥൈവച.
നാനദ്ധ്യായനിരോധോസ്തി ജപകമ്മണി സവ്വദാ
ന്നിത്യെ ജപെ ച കാമ്യെച ക്രതൌ പാരായണെ തഥാ.
നാനദ്ധ്യായോസ്തി വേദാനാം അംഗാഭ്യാസെ തഥൈ
വച."

'ആത്മദേശയോരശൂചിത്വെ ബ്രഹ്മയജ്ഞോ വജ്ജനീയഃ. തഥാച ശ്രുതിഃ. തസ്യ വാ ഏതസ്യ യജ്ഞസ്യഇതി.'

ബ്രഹ്മയജ്ഞെ ആപൽകല്പമാഹ ആപസ്തംബഃ.

തത്ര ശ്രൂയതെ. തപഃ സ്വാദ്ധ്യായഃ ഇതി ബ്രാഹ്മണം. സ യദി തിഷ്ഠന്നാസീനഃ ശയാനൊ വാ സ്വാദ്ധ്യായമധീതെ തപ ഏവ തത്തപ്യതെ തപോഹി സ്വാദ്ധ്യായ ഇതി.'

അനധീതവേദസ്യ ബ്രഹ്മയജ്ഞെ ഗായത്രീജപമാഹ മനുഃ.

"അപാം സമീപെ നിയതൊ നൈത്യകം വിധിമാസ്ഥിതഃ
ഗായത്രീമപ്യധീയീത ഗത്വാരണ്യം സമാഹിതഃ."

പഞ്ചമഹായജ്ഞാന്തഃപാതിനഃ ബ്രഹ്മയജ്ഞസ്യഗ്രഹസ്ഥാധികാരിത്വാവഗഃമപി ബ്രഹ്മചാരിഭിരപികത്തവ്യഃ.'

"സായം പ്രാതശ്ചാഗ്നികായ്യം യഥാശക്തി ജിതേന്ദ്രിയഃ
കുയ്യാൽ പ്രതിദിനം വണ്ണീ ബ്രഹ്മയജ്ഞം ച തപ്പണം.
ഇതി വിശേഷസ്മരണാൽ.

സംഗ്രഹെ.

"ബ്രഹ്മയജ്ഞെ ജപേത്സൂക്തം പൌരുഷംചിന്തയൻഹരിം
സസവ്വാൻ ജപതെ വേദാൻ സാംഗോപാംഗാൻ വിധാ
നതഃ."

ബ്രഹ്മയജ്ഞാകരണെ പ്രത്യവായമാഹ സ്മൃതിരത്നാവല്യാം.
"അഗ്നികാൎയ്യപരിഭ്രഷ്ടഃ പതിതഃ പരികീൎത്തിതഃ
ബ്രഹ്മയജ്ഞവിഹീനശ്ച ബ്രഹ്മഹാ കീൎത്തിതൊ ബുധൈഃ."

തൽപ്രായശ്ചിത്തമാഹ

"വേദോദിതാനാം നിത്യാനാം കൎമ്മണാം സമതിക്രമെ
സ്നാതകവ്രതലോപേച പ്രായശ്ചിത്തമഭോജനം."
ബ്രഹ്മയജ്ഞഃ അഹന്യേവ കൎത്തവ്യഃ ഇതി ശ്രൂയതെ.

'സവാ ഏഷ യജ്ഞഃ സദ്യഃ പ്രതായതെ സദ്യഃ സന്തിഷ്ഠതെ തസ്യ പ്രാക്സായമവഭൃഥ ഇതി.'

സ്മൎയ്യതെച

"രാത്രൌ പ്രഹരപൎയ്യന്തം ദിവാകൃത്യാനി കാരയേൽ
ബ്രഹ്മയജ്ഞഞ്ച സൌരഞ്ച വൎജ്ജയിത്വാ വിശേഷതഃ
ബ്രഹ്മയജ്ഞപരൊ വിപ്രൊ ബ്രഹ്മലോകെ മഹീയതെ."

താല്പൎയ്യം. പഞ്ചമഹായജ്ഞങ്ങളിൽ ഒന്നാകുന്നു ബ്രഹ്മയജ്ഞം. ദേവയജ്ഞം, പിതൃയജ്ഞം, ഭൂതയജ്ഞം, മനുഷ്യയജ്ഞം, ബ്രഹ്മയജ്ഞം എന്നിങ്ങിനെ യജ്ഞം 5 പ്രകാരമാകുന്നു. അഗ്നിയിൽ സമിത്തിനെ ഹോമിക്കുന്നതു ദേവയജ്ഞമെന്നും, പിതൃക്കൾക്കായ്ക്കൊണ്ടു ഉദകദാനം ചെയ്യുന്നതു പിതൃയജ്ഞമെന്നും, ഭൂതങ്ങൾക്കായ്ക്കൊണ്ടു ബലിഹരണം ചെയ്യുന്നതു ഭൂതയജ്ഞമെന്നും, ബ്രാഹ്മണൎക്കായ്ക്കൊണ്ടു അന്നം കൊടുക്കുന്നതു മനുഷ്യയജ്ഞമെന്നും, സ്വാദ്ധ്യായാദ്ധ്യയനം ചെയ്യുന്നതു ബ്രഹ്മയജ്ഞമെന്നും ശ്രുതിയിൽ വിധിക്കപ്പെട്ടിരിക്കുന്നു. ബ്രഹ്മയജ്ഞം നിത്യതൎപ്പണത്തിനുമുമ്പ് ചെയ്യേണ്ടതാണെന്നും, നിത്യതൎപ്പ

ണം മാദ്ധ്യാഹ്നികഗായത്രീജപത്തിന്നു ശേഷം ചെയ്യേണ്ടതാണെന്നും വിധിയുള്ളതുകൊണ്ടു ബ്രഹ്മയജ്ഞം പ്രാതരൌപാസനത്തിന്നനന്തരമായിട്ടോ, മാദ്ധ്യാഹ്നികസാവിത്രീജപത്തിന്നു ശേഷം തർപ്പണത്തിന്നു മുമ്പായിട്ടോ, വൈശ്വദേവത്തിൽ മനുഷ്യയജ്ഞത്തിന്നനന്തരമായിട്ടോ ചെയ്യേണ്ടതാണെന്നും സ്പഷ്ടമാകുന്നു.

ശ്രുതിയിൽ വിധിക്കപ്പെട്ട ബ്രഹ്മയജ്ഞക്രമത്തെ താഴെ പറയുന്നു. ബ്രാഹ്മണൻ യജ്ഞോപവീതിയായിട്ട് കിഴക്കൊ വടക്കൊ മുഖമായി ഇരുന്നുകൊണ്ടു 'ഞാൻ ബ്രഹ്മയജ്ഞത്താൽ യജിപ്പാൻ പോകുന്നു' എന്നു സങ്കല്പിച്ച് 'വിദ്യുദസി' എന്ന മന്ത്രം ജപിച്ച് ജലത്തെ സ്പർശിക്കേണ്ടതാകുന്നു. അനന്തരം കർമ്മാംഗമായിട്ട് കൈകാലുകളെ ക്ഷാളനം ചെയ്തു, മൂന്നുപ്രാവശ്യം ജലപ്രാശനം ചെയ്തു, രണ്ടുപ്രാവശ്യം ചുണ്ടുകളെമാർജ്ജനം ചെയ്തു, പിന്നേയും ജലത്തെ സ്പർശിച്ച് ഇടത്തുകൈ കാലുകൾ ഇതുകളെ പ്രോക്ഷിച്ച്, ശിരസ്സ്, ചക്ഷുസ്സ്, നാസിക, ശ്രോത്രം, ഹൃദയം ഇവകളെ പ്രത്യേകം ജലത്തോടുകൂടെ സ്പർശിക്കേണ്ടതുമാകുന്നു. അപ്രകാരം ചെയ്തതിൽപിന്നെ ദർഭാസനത്തിൽ വലത്തുകാലിനെ ഇടത്തുഭാഗത്തും, ഇടത്തുകാലിനെ വലത്തുഭാഗത്തും മടക്കി വെച്ചിരുന്നുകൊണ്ടു ഭൂമ്യാകാശങ്ങളുടെ മദ്ധ്യത്തെ നോക്കി ബ്രാഹ്മണൻ വിധിപ്രകാരം ദർഭപാണിയായിട്ട് ബ്രഹ്മയജ്ഞത്തെ ശ്രദ്ധയോടുകൂടെ ചെയ്യേണ്ടതാണ്. ഇടത്തുകൈ പെരുവിരലിൻെറയും ആൾകാട്ടിവിരലിൻെറയും മദ്ധ്യത്തിൽ വലത്തുകൈ പെരുവിരലൊഴിച്ചു ബാക്കി നാലുവിരലുകളെ വെച്ചു അപ്രകാരംത

ന്നെ രണ്ടു പെരുവിരലുകളേക്കൊണ്ടു ചുററിപ്പിടിച്ച് കൈകളെ വലത്തെ തുടമേൽ വെച്ചു പ്രണവമന്ത്രത്തേയും വ്യാഹൃതിത്രയത്തിൽ ഓരോന്നിനെ ഗായത്രിയുടെ ഓരോരുപാദത്തോടുകൂട്ടിച്ചേൎത്ത് ആദ്യം ജപിക്കേണ്ടതും, പിന്നെ പ്രണാവത്തേയും പ്രഥമവ്യാഹൃതിയേയും ചേൎത്തു ഗായത്രിയുടെ രണ്ടു പാദത്തെ ജപിക്കേണ്ടതും, അനന്തരം പ്രണവത്തേയും ദ്വിതീയ വ്യാഹൃതിയേയും ചേൎത്തു ഗായത്രിയുടെ മൂന്നാംപാദത്തെ ജപിച്ചതിൽ പിന്നെ പ്രണവത്തേയും തൃതീയവ്യാഹൃതിയേയും ചേൎത്തു ഗായത്രീമന്ത്രത്തെ മുഴുവനും ബ്രഹ്മോപദേശപ്രകാരം ജപിച്ച്, നാലു വേദാദികളേയും, യഥാശക്തി നിത്യപ്രശ്നത്തേയും ജപിക്കേണ്ടതാകുന്നു. പ്രണവം, വ്യാഹൃതിത്രയം, ഗായത്രി ഈ മൂന്നുകൾ ദധിയിൽ നവനീതമെന്നപോലെ വേദത്രയസാരങ്ങളാകുന്നു. അതിനാൽ ബ്രഹ്മയജ്ഞത്തിൽ അവകളെ പാരായണം ചെയ്യുന്ന ബ്രാഹ്മണൻ വേദത്രയപാരായണം ചെയ്യുവനായി ഭവിക്കുന്നുവെന്നും, ദൎഭമൊഴിച്ച് കംബളം മുതലായ ആസനത്തിലിരുന്നുകൊണ്ടു ബ്രഹ്മയജ്ഞം ഒരിക്കലും ചെയ്യരുതെന്നും ശ്രുതിയിൽ പറഞ്ഞിരിക്കുന്നു. സവിതാവാണല്ലോ സൎവ്വസമ്പത്തിൻെറയും ജനകൻ. അതിനാൽ ആ സവിതൃദൈവത്യയായ ഗായത്രിയെ ബ്രഹ്മയജ്ഞത്തിൽ അദ്ധ്യയനം ചെയ്യുന്നവൻ (ജപിക്കുന്നവൻ) സൎവ്വസമൃദ്ധിയെ പ്രാപിക്കുന്നു എന്നും, സാവിത്രീജപാവസാനത്തിൽ ഋഗാദിവേദാദികളേയും, പുരുഷസൂക്താദിമഹാമന്ത്രങ്ങളേയും യഥാശക്തി ജപം ചെയ്ത് 'ഓം നമൊ ബ്രഹ്മണെ' എന്ന ഋക്കിനെ മൂന്നുപ്രാവ

ശ്യം ജപിച്ച് 'വൃഷ്ടിരസി' എന്നമന്ത്രംകൊണ്ടു ബ്രഹ്മയജ്ഞത്തെ സമാപിക്കേണ്ടതാകുന്നു.

ഗ്രഹണാധാരണാദ്ധ്യയനത്തിന്നു വിധിച്ചതായ അനദ്ധ്യായനിരോധം നിത്യകമ്മമന്ത്രജപങ്ങൾക്കില്ലെന്നുള്ള മന്വാദിവചനപ്രകാരം ദേവതാച്ചനമന്ത്രങ്ങൾക്കും, സങ്കല്പിതങ്ങളായ വൈദികമന്ത്രങ്ങൾക്കും അനദ്ധ്യായനിരോധമില്ല. അപ്രകാരംതന്നെ അംഗാദ്ധ്യയനം, ജപകമ്മ, നിത്യകമ്മ, കാമ്യകമ്മ, പാരായണം ഇവകൾക്കും അനദ്ധ്യായനിരോധമില്ലെന്നും, ആത്മാവിന്നും ദേശത്തിന്നും അശുചിത്വം സംഭവിച്ചാൽ മാത്രമെ ബ്രഹ്മയജ്ഞത്തിന്നു അനദ്ധ്യായം വരികയുള്ളു എന്നുമാണു വിധി. യഥോക്തബ്രഹ്മയജ്ഞാനുഷ്ഠാനത്തിൽ അശക്തനായ ബ്രാഹ്മണൻ നിന്നുകൊണ്ടോ, കിടന്നുകൊണ്ടോ, ഇരുന്നുകൊണ്ടോ, സ്വാദ്ധ്യായം അവശ്യം ചെയ്യേണ്ടതാകുന്നു. അതുതന്നേയാകുന്നു തപസ്സ്. ആ തപസ്സിനേത്തന്നേയാണ് സ്വാദ്ധ്യായമെന്നും പറഞ്ഞിരിക്കുന്നതു. വേദാദ്ധ്യയനം ചെയ്യാത്ത ബ്രാഹ്മണൻ ബ്രഹ്മയജ്ഞത്തിൽ വേദത്തിന്നു പകരമായി ഗായത്രിമന്ത്രം ജപിച്ചിട്ടെങ്കിലും ബ്രഹ്മയജ്ഞത്തെ അവശ്യം ചെയ്യേണ്ടതാകുന്നു. ബ്രഹ്മയജ്ഞത്തിന്നു ഗ്രഹസ്ഥാശ്രമികളാണ് അധികാരികളെന്നുണ്ടെങ്കിലും രാവിലെയും വൈകുന്നേരവും ശക്തിക്കനുസരിച്ച് അഗ്നികാര്യം, ബ്രഹ്മയജ്ഞം, തപ്പണം ഇവകളെ ബ്രഹ്മചാരിയും ചെയ്യേണ്ടതാണെന്നു വിധിച്ചുകാണുന്നതിനാൽ ബ്രഹ്മചാരിയുംകൂടി ദിവസേന ബ്രഹ്മയജ്ഞം ചെയ്യേണ്ടതാണു. ബ്രഹ്മയജ്ഞത്തിൽ വിഷ്ണുവെ ധ്യാനിച്ചുകൊണ്ടു പുരുഷസൂ

ക്തത്തെ ജപിക്കുന്ന ബ്രാഹ്മണൻ വിധിപ്രകാരം സാംഗോപാംഗങ്ങളായ എല്ലാ വേദങ്ങളേയും പാരായണം ചെയ്യുന്നവനായിത്തീരുന്നു എന്നും പറഞ്ഞിരിക്കുന്നു.

സ്മൃതിരത്നാവലിയിൽ അഗ്നികാൎയ്യം ചെയ്യാത്തവൻ പതിതനെന്നും, ബ്രഹ്മയജ്ഞം ചെയ്യാത്തവനെ ബ്രഹ്മഘ്നനെന്നും പറഞ്ഞുകാണുന്നതിനാൽ ബ്രഹ്മയജ്ഞം നിത്യം ചെയ്യേണ്ടതാണ്. വേദോക്തങ്ങളായ നിത്യകൎമ്മങ്ങളുടെ ലോപത്തിലും, സ്നാതകവ്രതലോപത്തിലും ഉപവാസം പ്രായശ്ചിത്തമായി വിധിച്ചിരിക്കുന്നു. അപ്രകാരമുള്ള ബ്രഹ്മയജ്ഞം പകൽതന്നെ ആരംഭിക്കേണ്ടതും, പകൽതന്നെ സമാപിക്കേണ്ടതും, സായംകാലത്തിന്നു മുമ്പായി അതു അവസാനിപ്പിക്കേണ്ടതാണെന്നും പറഞ്ഞുകാണുന്നു. രാത്രി ഒരു യാമംവരെ ബ്രഹ്മയജ്ഞം, സൌരമന്ത്രം ഇതുകളെ ഒഴിച്ച് പകൽ ചെയ്യേണ്ടതായ എല്ലാ കൎമ്മങ്ങളേയും ചെയ്യാവുന്നതാണെന്നും, ബ്രഹ്മയജ്ഞത്തിൽ നിഷ്ഠയുള്ള ബ്രാഹ്മണൻ ബ്രഹ്മലോകത്തിൽ സ്ഥിതിചെയ്യപ്പെടുന്നു എന്നും മററും പറഞ്ഞുകാണുന്നു. അതിനാൽ എല്ലാ നിത്യകൎമ്മാനുഷ്ഠാനങ്ങളിലും വെച്ച് പ്രധാനമായ ബ്രഹ്മയജ്ഞം ബ്രാഹ്മണന്നു ബ്രഹ്മസായൂജ്യത്തെ കൊടുക്കുന്നതാണെന്നു സിദ്ധമാകുന്നു.

ഓം നമൊ ബ്രഹ്മണെ

**ബ്രഹ്മയജ്ഞക്രമഃ**

(പാദൌ പ്രക്ഷ്യാള്യ ആചമ്യ)

ശുക്ലാംബരധരം............ശാന്തയെ. ഓം ഭൂഃ............ സുവരോം. മമോപാത്ത സമസ്ത ദുരിതക്ഷയദ്വാരാ ശ്രീപ

രമേശ്വര പ്രീത്യത്ഥം ബ്രഹ്മയജ്ഞം കരിഷ്യെ ബ്രഹ്മയജ്ഞേന യക്ഷ്യെ. വിദ്യുദസി വിദ്യ മെ പാപ്മാനമൃതാത്സത്യമുപൈമി. (ഇതി അപ ഉപസ്പൃശ്യ). ഓം ഭൂഃ, തത്സവിതുവ്വരേണ്യം; ഓം ഭുവഃ, ഭഗ്ഗോദേവസ്യ ധീമഹി; ഓം സുവഃ, ധിയോ യോനഃ പ്രചോദയാൽ. ഓം ഭൂഃ, തത്സവിതുവ്വരേണ്യം ഭഗ്ഗോദേവസ്യ ധീമഹി; ഓം ഭുവഃ, ധിയോ യോനഃ പ്രചോദയാൽ; ഓം സുവഃ, തത്സവിതുവ്വരേണ്യം ഭഗ്ഗോദേവസ്യ ധീമഹി ധിയോയോനഃ പ്രചോദയാൽ. ഓം-ഓം.

അഗ്നിമീളെ പുരോഹിതം യജ്ഞസ്യ ദേവമൃത്വിജം, ഹോതാരം രത്നധാതമം. ഓം-ഓം. ഇഷേത്വോജ്ജേത്വാ വായവസ്ഥോപായവസ്ഥ ദേവൊവഃ സവിതാ പ്രാപ്പയതു ശ്രേഷ്ഠതമായ കമ്മണെ. ഓം-ഓം. അഗ്ന ആയാഹി വീതയെ ഗൃണാനൊ ഹവ്യദാതയെ നിഹോതാ സത്സി ബഹിഷി. ഓം-ഓം. ശന്നോദേവീരഭിഷ്ടയ ആപൊ ഭവന്തു പീതയെ, ശംയോരഭിസ്രവന്തുനഃ. ഓം-ഓം. സത്യം തപഃ ശ്രദ്ധായാം ജുഹോമി. ഓം നമൊ ബ്രഹ്മണെ നമൊ അഗ്നയെ, നമഃ പൃഥിവ്യൈ, നമ ഓഷധീഭ്യഃ, നമൊ വാചെ, നമൊ വാചസ്പതയെ, നമൊ വിഷ്ണവെ ബൃഹതെ കരോമി. (ഏവം ത്രിഃ ജപ്ത്വാ പുരുഷസൂക്താദി ജപം കൃത്വാ) വൃഷ്ടിരസി വൃശ്ച മെ പാപ്മാനമൃതാത്സത്യമുപാഗാം. ദേവഋഷി പിതൃതപ്പണം കരിഷ്യെ.

## ദേവതപ്പണം.

ബ്രഹ്മാദയൊ യെ ദേവാഃ താൻ ദേവാഗ്സ്തപ്പയാമി. സവ്വാൻ ദേവാഗ്സ്തപ്പയാമി. സവ്വദേവഗണാഗ്സ്ത

ർപ്പയാമി. സർവ്വദേവപത്നീസ്തർപ്പയാമി. സർവ്വദേവഗണപ ത്നീസ്തർപ്പയാമി.

ഋഷിതർപ്പണം (നിവീതി ഭൂത്വാ)

കൃഷ്ണദ്വൈപായനാദയൊ യെ ഋഷയഃ താൻ ഋഷീ ഗ് സ്തർപ്പയാമി. സർവ്വാൻ ഋഷീഗ് സ്തർപ്പയാമി. സർവ്വഋഷി ഗണാഗ് സ്തർപ്പയാമി. സർവ്വഋഷിപത്നീസ്തർപ്പയാമി. സർവ്വ ഋഷിഗണപത്നീസ്തർപ്പയാമി.

കാണ്ഡഋഷിതർപ്പണം.

പ്രജാപതിം കാണ്ഡഋഷിം തർപ്പയാമി. സോമം കാ ണ്ഡഋഷിം തർപ്പയാമി. അഗ്നിം കാണ്ഡഋഷിം തർപ്പയാമി. വിശ്വാൻ ദേവാൻ കാണ്ഡഋഷീഗ് സ്തർപ്പയാമി. സാംഹി തീർദ്ദേവതാ ഉപനിഷദസ്തർപ്പയാമി. യാജ്ഞികീർദേവതാ ഉ പനിഷദസ്തർപ്പയാമി. വാരുണീർദേവതാ ഉപനിഷദസ്തർപ്പ യാമി. ഹവ്യവാഹം തർപ്പയാമി. വിശ്വാൻ ദേവാൻ കാ ണ്ഡഋഷീഗ് സ്തർപ്പയാമി. ബ്രഹ്മാണഗ് സ്വയംഭുവം തർപ്പ യാമി. വിശ്വാൻ ദേവാൻ കാണ്ഡഋഷീഗ് സ്തർപ്പയാമി. അരുണാൻ കാണ്ഡഋഷീഗ് സ്തർപ്പയാമി.

സദസസ്പതിം തർപ്പയാമി. ഋഗ്വേദം തർപ്പയാമി. യ ജുർവ്വേദം തർപ്പയാമി. സാമവേദം തർപ്പയാമി. അഥർവ്വണ വേദം തർപ്പയാമി. ഇതിഹാസപുരാണം തർപ്പയാമി. കല്പം തർപ്പയാമി.

പിതൃതർപ്പണം (പ്രാചീനാവീതി ഭൂത്വാ)

സോമഃ പിതൃമാൻ യമൊ അംഗിരസ്വാനഗ്നികവ്യ വാഹനാദയൊ യെ പിതരഃ താൻ പിതൄഗ് സ്തർപ്പയാമി.

സൎവ്വാൻ പിതൄഗ്ഗ്സ്തൎപ്പയാമി. സൎവ്വപിതൃഗണാഗ്ഗ്സ്തൎപ്പയാമി. സൎവ്വപിതൃപത്നീസ്തൎപ്പയാമി. സൎവ്വപിതൃഗണപത്നീസ്തൎപ്പയാമി. ഊൎജ്ജം വഹന്തീരമൃതം ഘൃതം പയഃ കീലാലംപരിസ്രുതം സ്വധാസ്തൎപ്പയത മെ പിതൄൻ.

## ബ്രഹ്മയജ്ഞമന്ത്രാൎത്ഥഃ

വിദ്യുദസി............ഉപൈമി.

(ഹെ ദേവതെ, ത്വം=അങ്ങുന്ന്) വിദ്യുൽ=വിയോഗത്തിന്നു ഹേതുവായി, അസി=ഭവിക്കുന്നു, മെ=എന്റെ, പാപ്മാനം=പാപത്തിന്നെ, വിദ്യ=വേൎവ്വിടുത്തിയാലും, ഋതാൽ=ശബ്ദസത്യംഹേതുവാൽ, സത്യം=അൎത്ഥസത്യത്തെ, ഉപൈമി=ഞാൻ പ്രാപിക്കുന്നു.

അല്ലയൊ ദേവതെ! അങ്ങുന്നു വിയോഗഹേതുവായി ഭവിക്കുന്നു. അതിനാൽ എന്റെ പാപത്തിന്നെ വേൎവ്വിടുത്തിയാലും. ഞാൻ അപഭ്രംശരഹിതമായ ശബ്ദസത്യംഹേതുവാൽ യഥാവസ്ഥിതാൎത്ഥകഥനരൂപമായ അൎത്ഥസത്യത്വത്തെ പ്രാപിക്കുന്നു എന്നു താല്പൎയ്യം.

(പ്രണവം, വ്യാഹൃതി, ഗായത്രി ഇവകളുടെ അൎത്ഥത്തെ സന്ധ്യാവന്ദനപ്രകരണത്തിൽ വിവരിച്ചിരിക്കുന്നതിനാൽ ഇവിടെ എഴുതുന്നില്ല.)

ഓം-ഓം എന്നു രണ്ടുപ്രാവശ്യം പ്രണവമന്ത്രത്തെ ഉച്ചരിക്കുന്നതിന്റെ സാരം മന്ത്രങ്ങളുടെ ഉപക്രമോപസംഹാരങ്ങളാകുന്നു. (ഉപക്രമം=ആരംഭം; ഉപസംഹാരം=അവസാനം).

അഗ്നിമീളെ............രത്നധാതമം. (ഋക്)

(ഇമം=ഈ), അഗ്നിം=അഗ്നിഭഗവാനെ, അഹം=ഞാൻ, ഈളെ=സ്തുതിക്കുന്നു, (കീദൃശം?=എങ്ങിനെയിരിക്കുന്ന?), പുരോഹിതം=പുരോഭാഗത്തിൽ സ്ഥാപിക്കപ്പെട്ടവനും, യജ്ഞസ്യ=അനുഷ്ഠിക്കപ്പെടുന്ന യാഗത്തിന്നു, ഋത്വിജം=ഋത്വിക്‌സ്ഥാനത്തെ ചെയ്യുന്നവനും, ദേവം=പ്രകാശിക്കുന്നവനും, ഹോതാരം=ദേവന്മാരെ ആഹ്വാനം ചെയ്യുന്നവനും, രത്നധാതമം=രത്നങ്ങളെ സമ്പാദിക്കുന്നവനും.

പുരോഭാഗത്തിലുള്ള ആഹവനീയത്തിൽ സ്ഥാപിക്കപ്പെട്ടവനും, അനുഷ്ഠിക്കപ്പെടുന്ന യാഗകൎമ്മത്തിന്നു ഋത്വിക്കുകളെ സ്ഥാപിക്കുന്നവനും, പ്രകാശിക്കുന്നവനും, ദേവന്മാരെ ആഹ്വാനം ചെയ്യുന്നവനും, അതിശയമായ മണി, മുത്ത് മുതലായ രത്നങ്ങളെ സമ്പാദിക്കുന്നവനുമായ ഈ അഗ്നിഭഗവാനെ ഞാൻ സ്തുതിക്കുന്നു.

ഇഷേത്വാ............കൎമ്മണെ (യജുഃ)

(ഹെ പലാശശാഖെ!=), ഇഷെ=അന്നത്തിന്നായ്ക്കൊണ്ടും, ത്വാ=നിന്നെ, (ഛിനദ്മി=ഛേദിക്കുന്നു), ഊൎജ്ജെ=ബലത്തിന്നായ്ക്കൊണ്ടും, ത്വാ=നിന്നെ, ഛിനദ്മി=ഛേദിക്കുന്നു, (ഹെ വത്സാഃ=അല്ലയൊ പശുക്കുട്ടികളെ, യൂയം=നിങ്ങൾ), വായവഃ=പോകുന്നവരായി, സ്ഥ=ഭവിക്കണെ, ഉപായവഃ=മടങ്ങിവരുന്നവരായും, സ്ഥ=ഭവിക്കണെ, (ഹെ ഗാവഃ=അല്ലയൊ പശുക്കളെ), സവിതാ=സൎവ്വപ്രേരകനായ, ദേവഃ=പരമേശ്വരൻ, ശ്രേഷ്ഠതമായ=ഇന്ദ്രദധിത്ര

പമായ, കൎമ്മണെ=യാഗത്തിന്നുവേണ്ടി, വഃ=നിങ്ങളെ, പ്രാപ്പയതു=പ്രേരണം ചെയ്യട്ടെ.

ദൎശയാഗത്തെ ചെയ്വാനിച്ഛിക്കുന്നവൻ അമാവാസ്യാദിനത്തിൽ രാവിലെ അഗ്നിഹോത്രം ചെയ്തു് ദൎശയാഗത്തിന്നുവേണ്ടി 'മമാഗ്നെ വൎച്ചഃ' ഇത്യാദി മന്ത്രങ്ങളേക്കൊണ്ടു അഗ്നികളിൽ സമിദാധാനരൂപമായ അന്വാധാനത്തെ ചെയ്തു് വത്സാപാകരണാൎത്ഥമന്ത്രംകൊണ്ടു പലാശശാഖയെ ഛേദിക്കേണമെന്നു വിധിച്ചിരിക്കുന്നതിനാൽ 'ഇഷേത്വോൎജ്ജത്വാ' എന്നമന്ത്രം ജപിച്ചു് ശാഖയെ ഛേദനംചെയ്തു് ആ ശാഖയാൽ പശുക്കുട്ടികളെ 'വായവസ്ഥോപായവസ്ഥ' എന്ന മന്ത്രം ജപിച്ചു പശുക്കളിൽനിന്നു വേൎവ്വിടുത്തി അനന്തരം അതുകളുടെ മാതാക്കളായ പശുക്കളെ 'ദേവോവഃ സവിതാ പ്രാപ്പയതു ശ്രേഷ്ഠതമായ കൎമ്മണെ' എന്ന മന്ത്രം ജപിച്ചു പ്രേരണം ചെയ്യുന്നു. അല്ലയൊ പലാശശാഖെ! ദേവന്മാരുടെ അന്നത്തിന്നായ്ക്കൊണ്ടും ബലത്തിന്നായ്ക്കൊണ്ടും നിന്നെ ഞാൻ ഛേദിക്കുന്നു. അല്ലയൊ വത്സങ്ങളെ! തൃണഭക്ഷണത്തിന്നായ്ക്കൊണ്ടു നിങ്ങൾ ആദ്യം മാതാക്കന്മാരിൽ നിന്നു വിട്ടുപിരിഞ്ഞു ഇഷ്ടപ്രകാരം വനത്തിൽ സഞ്ചരിച്ചു വൈകുന്നേരം യജമാനഗൃഹത്തിൽതന്നെ തിരിഞ്ഞുവരണം. അല്ലയൊ പശുക്കളെ! സൎവ്വപ്രേരകനായും അന്തൎയ്യാമിയായുമിരിക്കുന്ന പരമേശ്വരൻ ഇന്ദ്രാദിരൂപമായ ശ്രേഷ്ഠകൎമ്മാവിന്നുവേണ്ടി നിങ്ങളെ അരണ്യത്തിൽ തൃണഭക്ഷണത്തിന്നായി പ്രേരണംചെയ്യട്ടെ എന്നു താല്പൎയ്യം.

അഗ്ന ആയാഹി...........ബഹ്റിഷി. (സാമ)

ഹെ അഗ്നേ!=അല്ലയൊ അഗ്നിഭഗവാൻ!, ഹവ്യദാതയെ=യജമാനന്നു ഹവിർദാനത്തിന്നായ്ക്കൊണ്ടും, വീതയെ=ദേവന്മാരുടെ ഹവിർഭക്ഷണത്തിന്നായ്ക്കൊണ്ടും, ഗൃണാനഃ=പറഞ്ഞുകൊണ്ടു, ആയാഹി=വന്നാലും. (ആഗത്യ=വന്നിട്ട്), ഹോതാ=ആഹ്വാതാവായി ഭവിച്ചു, ബഹ്റിഷി-യജ്ഞത്തിൽ, നിഷത്സി-സ്ഥിതിചെയ്യണെ.

അല്ലയൊ അഗ്നേ! യജമാനന്നു ഹവിർദാനത്തിന്നായ്ക്കൊണ്ടും, ദേവന്മാക്കു ഹവിർഭക്ഷണത്തിന്നായ്ക്കൊണ്ടും, യജമാനൻ ദേവന്മാക്കു ഹവിർദാനം ചെയ്വാൻ പോകുന്നു എന്നും നിങ്ങളെല്ലാവരും ഭക്ഷിക്കേണ്ടതാണെന്നും പറഞ്ഞുവന്ന് ആഹ്വാതാവായി യാഗത്തിൽ സ്ഥിതിചെയ്യണെ.

ശന്നോദേവീഃ............അഭിസ്രവന്തുനഃ. (അഥവ്വ)

ആപഃ ദേവീഃ-ഈ ജലദേവതകൾ, നഃ-നമ്മളുടെ അഭിഷ്ടയെ-അഭീഷ്ടപ്രാപ്തിക്കായും, പീതയെ=പാനത്തിന്നായും, ശം-സുഖപ്രദകളായി, ഭവന്തു-ഭവിക്കട്ടെ. (കിംച-പിന്നേയും), നഃ-നമ്മളുടെ, ശം-സുഖത്തെ സമ്പാദിപ്പാൻ വേണ്ടിയും, യോഃ-ദുഃഖത്തെ ദൂരീകരിപ്പാൻ വേണ്ടിയും, അഭിസ്രവന്തു-എങ്ങും സ്രവിക്കട്ടെ (പ്രവൃത്തിക്കട്ടെ).

ഈ ജലദേവതകൾ നമ്മളുടെ ഇഷ്ടപ്രാപ്തിക്കായ്ക്കൊണ്ടും, പാനത്തിന്നായ്ക്കൊണ്ടും സുഖപ്രദകളായി ഭവിക്കട്ടെ. പിന്നേയും നമ്മളുടെ സുഖപ്രാപ്തിക്കും ദുഃഖനിവൃത്തിക്കും വേണ്ടി എങ്ങും പ്രവൃത്തിക്കട്ടെ.

'ഓം നമൊ ബ്രഹ്മണെ' എന്ന മന്ത്രത്തിൻെറ അൎത്ഥം സുഗമമായതിനാൽ എഴുതാത്തതാകുന്നു.

വൃഷ്ടിരസി...........ഉപാഗാം.

(ഹേ ദേവതെ!, ത്വം-അങ്ങുന്ന്), വൃഷ്ടിഃ-ഛേദനഹേതുവായി, അസി-ഭവിക്കുന്നു, മെ-എൻെറ, പാപ്മാനം-പാപത്തിനെ, വൃശ്ച-ഛേദിച്ചാലും. ഋതാൽ-ശബ്ദസത്യം ഹേതുവാൽ, സത്യം-അൎത്ഥസത്യത്തെ, ഉപാഗാം-പ്രാപിക്കണെ.

അല്ലയൊ ദേവതെ! അങ്ങുന്ന് ഛേദനഹേതുവായതിനാൽ എൻെറ പാപത്തിനെ ഛേദിച്ചാലും. ഞാൻ അപഭ്രംശരഹിതമായ ശബ്ദസത്യം ഹേതുവാൽ യഥാവസ്ഥിതാൎത്ഥകഥനരൂപമായ അൎത്ഥസത്യത്വത്തെ പ്രാപിക്കണെ എന്നു താല്പൎയ്യം.

ഇതി ബ്രഹ്മയജ്ഞമന്ത്രരത്നാൎത്ഥഃ സമാപ്തഃ.

## യജ്ഞോപവീതധാരണമന്ത്രഃ.

(പാദൌ പ്രക്ഷാള്യാചമ്യ) ശുക്ലാംബരധരം.........ശാന്തയെ. ഓം ഭൂഃ...........സുവരോം. മമോപാത്ത...........പ്രീത്യൎത്ഥം ശ്രൌതസ്മാൎത്ത വിഹിത നിത്യകൎമ്മാനുഷ്ഠാനയോഗ്യതാസിദ്ധ്യൎത്ഥം, ബ്രഹ്മതേജോഭിവൃദ്ധ്യൎത്ഥം യജ്ഞോപവീതധാരണം കരിഷ്യേ. (യജ്ഞോപവീതധാരണമഹാമന്ത്രസ്യ ബ്രഹ്മാ ഋഷിഃ, അനുഷ്ടുപ് ഛന്ദഃ, പരമാത്മാ ദേവതാ, യജ്ഞോപവീതധാരണെ വിനിയോഗഃ.)

യജ്ഞോപവീതം പരമം പവിത്രം പ്രജാപതേൎയ്യത്സഹജം പുരസ്താദായുഷ്യമഗ്ര്യം പ്രതിമുഞ്ച ശുഭ്രം യജ്ഞോപവീതം ബലമസ്തു തേജഃ. (ആചമ്യ) ഉപവീതം ഭിന്നതന്തും ജീൎണ്ണം കശ്മലദൂഷിതം. വിസൃജാമി നതു ബ്രഹ്മ വൎച്ചോ·ദീൎഘായുരസ്തു മെ.

ഇതി യജ്ഞോപവീതധാരണമന്ത്രഃ സമാപ്തഃ.

അന്നദോഷനിവാരണാൎത്ഥം ഭോജനാനന്തരം
ജപ്യോയം മന്ത്രഃ.

'അംഗുഷ്ഠമാത്രഃ പുരുഷോംഗുഷ്ഠം ച സമാശ്രിതഃ'
'ഈശസ്സൎവ്വസ്യ ജഗതഃ പ്രഭുഃ പ്രീണാതി വിശ്വഭുക്.'

'സൎവ്വസ്യചാഹം ഹൃദിസന്നിവിഷ്ടഃ' എന്നുള്ള ഗീതാവചനപ്രകാരം അവരവരുടെ അംഗുഷ്ഠപരിമാണമായ ഹൃദയത്തെ സമാശ്രയിച്ച് സ്ഥിതിചെയ്യുന്നവനും, അതു ഹേതുവായിത്തന്നെ അംഗുഷ്ഠപരിമാണനും, സൎവ്വജഗന്നിയന്താവും, ശിഷ്ടനും, പുരുഷപദവാച്യനുമായ നാരായണൻ ഈ പ്രാണാദിഹോമംകൊണ്ടു പ്രീതനാവണെ. യാതൊരുകാരണം ഹേതുവായിട്ട് നാരായണൻ 'ഭുംക്തെ വിശ്വഭുഗവ്യയഃ' എന്ന വചനപ്രകാരം താൻതന്നെ വിശ്വ

ത്തെ ഭുജിക്കുന്നുവൊ അതുഹേതുവാൽ നാരായണൻതന്നെ പ്രാണാദ്യാഹുതിഭോക്താവായും, അതിനാലുണ്ടാവുന്ന പ്രീതിക്കാശ്രയനായും ഭവിക്കുന്നു എന്നു മന്ത്രതാല്പൎയ്യം.

സൂക്താദിമന്ത്രരത്നാൎത്ഥഃ
സംക്ഷേപേണ പ്രദൎശിതഃ
അനേന പ്രീയതാം ദേവൊ
ഭഗവാൻ ഭൂതഭാവനഃ.

മനസി വചസി കൎമ്മ-
ണ്യപി സാക്ഷീ മഹേശ്വരഃ
യതസ്തസ്മിന്നതദീയ
ഗുണദോഷാൻ സമൎപ്പയെ.

ഓം തത്സൽ.

# TWO NEW BOOKS

BY

**S. V. Seshu Sastrigal**

1. **Sandhyavandanadi Manthrarathnarthaprakasika.**

**Price**

| | |
|---|---|
| *Glazed Edition (Stiff binding)* | Rs. 1—8—0 |
| *Ordinary Edition (Stiff binding)* | Rs. 1—4—0 |

2 **Purushasuktadi Manthrarathnarthaprakasika.**

| | |
|---|---|
| *Glazed Edition only* | 0-12—0 |

**Opinion on the above two books by Dewan Bahadur T. R. Ramachandra Iyer, Advocate.**

"I am sure the books will be very useful for all Brahmins. Being a great Pandit, Mr. Sastriar has understood and explained very clearly the inner meaning of the various Mantras so that even a lay man can understand them very well. I wish him success."

*For Copies apply to:—*

S. V. Seshu Sastrigal,
Sekharipuram Village,
*Kalpathy-Palghat*

OR

R. Subrahmania Vadhyar,
Bookseller & Publisher,
*Kalpathy-Palghat*

ശ്രീ

# പുരുഷസൂക്താദി

# മന്ത്രരത്നാൎത്ഥപ്രകാശികാ

ബ്രഹ്മവിദ്വരിഷ്ഠ ശ്രീമദ്രാമചന്ദ്രയതീന്ദ്രാ-
ന്തേവാസിനാന്യായവ്യാകരണ
ശാസ്ത്രാഭിജ്ഞേന ശേഖരി-
പുരഗ്രാമിണേന ബ്രഹ്മശ്രീ
ശേഷശാസ്ത്രിണാ
പ്രചാരിതാ.

THE SCHOLAR PRESS,
PALGHAT

1931

OB23

Indic Digital Archive Foundation
gpura.org